**ധനകാര്യം**

## 2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2024-2025 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2024-2025 | | | | |
|---|---|---|---|---|---|---|
| | | 15-02-2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 206,59,68,000 | -- | 413,19,38,000 | -- | 413,19,38,000 |
| III | നീതിന്യായ നിർവ്വഹണം | 359,56,99,000 | -- | 719,13,98,000 | -- | 719,13,98,000 |

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപം അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,13,19,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളിൽ അഴിമതിയും ക്രമക്കേടും ഇല്ലാതാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,13,19,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പി.എസ്.സി. ചെയർമാനും അംഗങ്ങൾക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച് നൽകാൻ നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,13,19,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,13,19,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആശ്രിത നിയമനം നൽകുന്നതിൽ നിയന്ത്രണം

ഏർപ്പെടുത്താൻ നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,13,19,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുഖജനാവിൽനിന്നും തുക ചെലവഴിച്ച് മുഖ്യമന്ത്രിയും മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ഈ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലത്ത് നടത്തിയ വിദേശയാത്രകൾകൊണ്ട് സംസ്ഥാനത്ത് യാതൊരുവിധ നേട്ടങ്ങളും കൈവരിക്കാൻ കഴിയാതെ പോയതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,13,19,38,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. പി. അബ്ദുൽ ഹമീദ്
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. മഞ്ഞളാംകുഴി അലി

## ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,19,13,98,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യ, ലഹരി, ഗുണ്ടാ മാഫിയകളുമായി ബന്ധപ്പെട്ട കേസ്സുകളിൽ പ്രതികൾക്ക് ശിക്ഷ നേടിക്കൊടുക്കാൻ സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,19,13,98,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീധന പീഡന കേസ്സുകൾ വർദ്ധിച്ചുവരുന്നതിനാൽ അവയുടെ വിചാരണയ്ക്കായി ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കണമെന്നുള്ള ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,19,13,98,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,19,13,98,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതി ഭാഷ മലയാളമാക്കുന്നതിന്

നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,19,13,98,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതികളിലെ കേസ് നടത്തിപ്പിൽ പബ്ലിക് പ്രോസിക്യൂട്ടർമാർ തുടർച്ചയായി വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,19,13,98,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എല്ലാ വിചാരണ തടവുകാരെയും വീഡിയോ കോൺഫറൻസിംഗ് വഴി കോടതിയിൽ ഹാജരാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,19,13,98,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോക്സോ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,19,13,98,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതക കേസ്സുകളിൽ സംസ്ഥാന സർക്കാർ പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം ഉപയോഗിച്ചതുവഴി ഖജനാവിൽനിന്നും വൻ തുക ചെലവഴിക്കേണ്ടി വന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,19,13,98,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. യു. എ. ലത്തീഫ്
3. ശ്രീ. എ. കെ. എം. അഷ്റഫ്
4. ശ്രീ. പി. അബ്ദുൽ ഹമീദ്
5. ശ്രീ. കെ. പി. എ. മജീദ്
6. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
7. ശ്രീ. എൻ. ഷംസുദ്ദീൻ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. ടി. ജെ. വിനോദ്
10. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

11. ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി അംഗീകരിക്കുകയാണ്. കേരളം ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയാകുന്നരീതിയിൽ അതിന്റെ പൊതുഭരണസംവിധാനമുൾപ്പെടെ വളരെവേഗം മാറ്റി രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങളും അവരുടെ ജീവിത നിലവാരവും മെച്ചപ്പെടുത്താൻവേണ്ടിയുള്ള ജാഗ്രതയോടെയുള്ള പ്രവർത്തനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. 'നീതി ആയോഗ്'-ന്റെ ഔദ്യോഗിക കണക്കനുസരിച്ച് 28-30 ശതമാനമാണ് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലെ ദാരിദ്ര്യം. അതിൽ ഏറ്റവും കുറഞ്ഞ പട്ടിണിയുള്ള നാട് കേരളമാണെന്ന്, കേരളത്തോട് എല്ലാതരത്തിലുള്ള വിരോധമുള്ളപ്പോഴും 'നീതി ആയോഗ് '-ന് പ്രഖ്യാപിക്കേണ്ടതായി വന്നിട്ടുണ്ട്. കേരളത്തിന്റെ ദാരിദ്ര്യം 0.5 ശതമാനം എന്നതാണ് 'നീതി ആയോഗ്' ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിന്റെ കണക്കിൽ അതിദരിദ്രരുടെ പട്ടികയിലുള്ളത് ഏതാണ്ട്

അറുപത്തിനാലായിരത്തി ആറോളം കുടുംബങ്ങളായിരുന്നു. കഴിഞ്ഞ നവംബറിൽ അറുപത്തിനാലായിരത്തി ആറ് കുടുംബങ്ങളിൽനിന്ന് മുപ്പതിനായിരത്തോളം കുടുംബങ്ങൾ അതിദരിദ്രരുടെ പട്ടികയിൽനിന്ന് മാറിയതായി നവംബർ ഒന്നിന് കേരളപ്പിറവിയുമായി ബന്ധപ്പെട്ട പരിപാടി നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. മുപ്പതിനായിരത്തിനുശേഷമുള്ള ഏതാണ്ട് മുപ്പത്തിനാലായിരത്തി ആറ് കുടുംബങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുവേണ്ടി തുടർന്നുള്ള ദിവസങ്ങളിലും മാസങ്ങളിലും ജാഗ്രതയോടെ പ്രവർത്തിച്ച് 2025 മാർച്ച് മാസമാകുന്നതിനുമുൻപ് ഇന്ത്യാരാജ്യത്തെ പട്ടിണി അവസാനിപ്പിച്ച ആദ്യത്തെ സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. ഒരു സംസ്ഥാനത്തെയും ഇനി പതിറ്റാണ്ടുകൾ കഴിഞ്ഞാലും ഈ ദിശയിലേയ്ക്ക് എത്തിക്കാനാവില്ലെന്നുള്ളതാണ് മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോഴുണ്ടാകുന്ന നമ്മുടെ മുന്നിലെ ചിത്രം. ഇത് ഏതെങ്കിലുമൊരു മേഖലയിൽ മാത്രമല്ല, മനുഷ്യന്റെ അടിസ്ഥാനപരമായിട്ടുള്ള ജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും

കേരളം മുൻപന്തിയിൽ നിൽക്കുകയാണ്. നിരവധി കാര്യങ്ങളിൽ ഒന്നാം സ്ഥാനത്ത് കേരളമാണെന്ന് 'നീതി ആയോഗ്' സൂചിപ്പിച്ചിരിക്കുകയാണ്. ഇന്നത്തെ പത്രങ്ങളിലെ വാർത്തയിൽ ചൂണ്ടിക്കാണിച്ചത് ഗ്രാമീണ മേഖലയിൽ ജീവിക്കുന്ന സാധാരണ മനുഷ്യരുടെ സുസ്ഥിരജീവിതത്തിൽ ഒന്നാം സ്ഥാനം കേരളമാണെന്നുള്ളതാണ്. അത് പാർപ്പിട പ്രശ്നത്തിന്റെ കാര്യത്തിലെടുത്ത് പരിശോധിച്ചുനോക്കിയാൽ വ്യക്തമാണ്. സർക്കാർ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി അഞ്ച് ലക്ഷത്തിലധികം ആളുകൾക്ക് വീട് നിർമ്മിച്ചുകഴിഞ്ഞു. ഇനി ബാക്കിയുള്ളവർക്കുകൂടി വീട് നിർമ്മിച്ചുകൊടുക്കുമെന്നാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. കേറി കിടക്കാനിടമില്ലാത്ത പാവപ്പെട്ട മനുഷ്യർക്ക് സ്വന്തമായി വീട് എന്നുള്ളത് മുതലാളിത്ത സമൂഹത്തിൽ, ഈ ലോകത്തുതന്നെ അത്യപൂർവ്വ സംഭവമാണ്. അതാണ് കേരളം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിന്റെ നല്ലൊരു പങ്ക് ഇപ്പോൾ നിർവ്വഹിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി ബാക്കിയുള്ളത് അടിയന്തരമായി പൂർത്തിയാക്കാൻ ഉദ്ദേശിക്കുകയാണ്. ലോകനിലവാരത്തോടൊപ്പം നിൽക്കാൻ സാധിക്കത്തക്ക രീതിയിലുള്ള

വിദ്യാഭ്യാസ സംവിധാനങ്ങളാണ് കേരളത്തിൽ ഇപ്പോൾ ഒരുക്കിയിട്ടുള്ളത്. കർഷകതൊഴിലാളി, കൃഷിക്കാരൻ, ചെത്തുതൊഴിലാളി, നെയ്ത്തുതൊഴിലാളി എന്നിങ്ങനെ പാവപ്പെട്ട എല്ലാവിഭാഗത്തിൽപ്പെട്ട അസംഘടിതരും സംഘടിതരുമായ മുഴുവൻ മനുഷ്യരും ഉന്നതവിദ്യാഭ്യാസം നേടുന്നവരും ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ളവരുമാണ്. ആ രീതിയിൽ വിദ്യാഭ്യാസമേഖലയിൽ ലോകത്തിനുതന്നെ മാതൃകയാണ് കേരളം. ഏറ്റവും പിന്നണിയിൽ നിൽക്കുന്നവർക്കുപോലും ഉന്നതവിദ്യാഭ്യാസം നേടാൻ സാധിക്കുന്ന സൗകര്യം നാം നേടിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തികശക്തി, ആയുധശക്തി എന്നുപറയുന്ന അമേരിക്ക ഉൾപ്പെടെയുള്ള വികസിത രാജ്യങ്ങൾ പോലും കോവിഡ് പ്രശ്നങ്ങൾ വന്നപ്പോൾ വിസ്മയത്തോടെയാണ് കേരളത്തിലെ ആരോഗ്യരംഗത്തെ നോക്കിക്കണ്ടത്. 'ഇന്ത്യ' എന്ന രാജ്യത്തിന്റെ ഭാഗമായിട്ടല്ല, ഇന്ത്യ എന്ന രാജ്യത്തെ ഒരു പ്രത്യേക സംസ്ഥാനം പോലെ അവർ കേരളത്തെ വിശകലനം ചെയ്തു. അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട മാസികകളിലുൾപ്പെടെ സൂചിപ്പിച്ചിട്ടുള്ളത് അങ്ങനെയാണ്. ആരോഗ്യമേഖലയിൽ വളരെ ഫലപ്രദമായ രീതിയിലുള്ള

പ്രവർത്തനമാണ് ജനകീയ ആരോഗ്യ പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെയാണ് തൊഴിലില്ലായ്മയുടെ പ്രശ്നം. ഇന്ത്യയിലാകെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ഏറ്റവും കൂടുതൽ ജോലി നൽകിയത് കേരളത്തിലാണ്. മുപ്പതിനായിരത്തിലധികം ആളുകൾക്ക് ജോലി നൽകാൻ സാധിച്ചകാര്യം നേരത്തെ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ ഇടപെടലിനെ സാർവ്വദേശീയതലത്തിലും ദേശീയതലത്തിലുമെല്ലാം പരിശോധിച്ചാൽ അത് സർവ്വകാല റെക്കോഡാണ്. ഇന്ത്യാ ഗവൺമെന്റ് അത് അംഗീകരിച്ചു. സ്വയംതൊഴിൽ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള സംരംഭകരുടെ രജിസ്ട്രേഷന് ഇവിടെ ഫലപ്രദമായ ഇടപെടലായിരുന്നു. ആ രജിസ്ട്രേഷന്റെ ഭാഗമായി രണ്ടുലക്ഷത്തിനാൽപ്പതിനായിരത്തോളം ആളുകൾ രജിസ്റ്റർ ചെയ്ത് ആയിരക്കണക്കിന് കോടി രൂപയുടെ നിക്ഷേപമുണ്ടായി. അഞ്ച് ലക്ഷത്തോളം ആളുകൾക്ക് ജോലി ലഭിക്കാനുള്ള സൗകര്യമുണ്ടായി. ഇതെല്ലാം ഈ കേരളത്തിന്റെ പ്രത്യേകതയാണ്. ഏറ്റവും പിന്നണിയിൽ കിടക്കുന്ന പാവപ്പെട്ട

മനുഷ്യന് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ഗുണമേന്മയുള്ള ജീവിതം നയിക്കാനുള്ള പ്രാപ്തി നൽകുന്നതാണ് കേരളത്തിന്റെ പ്രത്യേകത. നേരത്തെ ദാരിദ്ര്യത്തെക്കുറിച്ച് സൂചിപ്പിച്ചതുപോലെ എത്ര വർഷം കഴിഞ്ഞാലും നിരവധി സംസ്ഥാനങ്ങൾക്ക് ഈ തലത്തിലേയ്ക്ക് എത്താനാവില്ലെന്നതാണ് യാഥാർത്ഥ്യം. ഒരു ദിവസം 1600 കോടി രൂപ അദാനിയുടെ ആസ്തിയിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെട്ട് വരുന്ന രാജ്യമാണ് ഇന്ത്യ. ശ്രീ. നരേന്ദ്രമോദി അധികാരത്തിൽ വരുമ്പോൾ അദാനിയുടെ ആസ്തി 0.5 ലക്ഷം കോടി രൂപയായിരുന്നു. ഇന്നത് 11.44 ലക്ഷം കോടിയായി മാറിയിരിക്കുകയാണ്. കണക്ക് കൂട്ടിയാൽ ഒരു ദിവസത്തെ ആസ്തി വർദ്ധന 1600 കോടി രൂപയാണെന്ന് മനസ്സിലാകും. ഇന്ത്യയിലെ കുത്തകമുതലാളികൾക്കും വലിയ കോർപ്പറേറ്റുകൾക്കും ഭൂപ്രമുഖന്മാർക്കും സാമ്രാജ്യത്വ ഏജൻസികൾക്കുംവേണ്ടി നിലകൊള്ളുന്ന ഒരു ഗവൺമെന്റ് ഇന്ത്യയിൽ ഭരണം നടത്തികൊണ്ടിരിക്കുമ്പോൾ ആ നിലപാടിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ബദൽ നയം മുന്നോട്ടുവച്ചുകൊണ്ട് പാവപ്പെട്ട മനുഷ്യരുടെ അത്താണിയായി ഈ കേരളത്തെ മാറ്റിയെടുക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി

സർക്കാരിന് സാധിച്ചിട്ടുണ്ട്. 62 ലക്ഷം ആളുകൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളെല്ലാം ചേർത്തുകൊണ്ടുവേണം നാം കേരളത്തിന്റെ ഭരണസംവിധാനത്തെ മനസ്സിലാക്കാൻ. എല്ലാ അർത്ഥത്തിലും രാജ്യത്തിന് മാതൃകയായി പ്രവർത്തിക്കുന്ന കേരളത്തിന്റെ ഈ അവസ്ഥ ഇനിയും മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. അതിനാവശ്യമായ രീതിയിലാണ് ഈ ബജറ്റ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്.

ഈ രാജ്യത്തിന്റെ ജനാധിപത്യവും മതനിരപേക്ഷതയും ഫെഡറൽ സംവിധാനവും ഭരണഘടനാപരമായ ഉള്ളടക്കവും ആകെ തകർക്കുന്നതിനുവേണ്ടി അജൻഡ വച്ചുകൊണ്ട്, കാലം നിശ്ചയിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. 2025-ൽ ആർ.എസ്.എസ്.-ന്റെ നൂറാം വാർഷികത്തിന്റെ ഭാഗമായി ഈ രാജ്യം ഹിന്ദുത്വ രാജ്യമാക്കി മാറ്റുക എന്ന നിലപാട് ഈ രാജ്യത്ത് അടിച്ചേൽപ്പിക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ അജൻഡ വച്ചുകൊണ്ടാണ് കഴിഞ്ഞ 18-ാം ലോക്സഭാ തെരഞ്ഞെടുപ്പ് നടന്നത്.

അതിനൊരു മറയുമുണ്ടായിരുന്നില്ല. ഞങ്ങൾ 370 മുതൽ 430 വരെ സീറ്റ് നേടിക്കൊണ്ട് ഈ ഭരണഘടനയെതന്നെ മാറ്റി മനുസിദ്ധാന്തം, ചാതുർവർണ്യവ്യവസ്ഥ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു പുതിയ ഭരണഘടനയുണ്ടാക്കുമെന്ന് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടാണ് ഇത്തരത്തിലുള്ള പ്രവർത്തനത്തിലേയ്ക്ക് അവർ വന്നത്. അതിനെ തൽക്കാലം പിടിച്ചുകെട്ടുന്നതിനുവേണ്ടി ഇന്ത്യൻ സമൂഹത്തിനായി എന്നുള്ളത് കഴിഞ്ഞ 18-ാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയായി കാണേണ്ടതാണ്. ഇവിടെയിരിക്കുന്ന ആർക്കുംതന്നെ അതിൽ അഭിപ്രായ വ്യത്യാസമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഇന്ത്യയിൽ ചാതുർവർണ്യവ്യവസ്ഥ വച്ചുകൊണ്ടുള്ള ഭരണഘടനാനിർമ്മിതിക്ക് തൽക്കാലം തടയിടാൻ സാധിച്ചിരിക്കുന്നു എന്നുള്ളതും മതനിരപേക്ഷതയും ജനാധിപത്യസംവിധാനവും അതുപോലെ ഫെഡറൽ സംവിധാനവും തുടരുന്നതിനുവേണ്ടി ഇനിയും നമുക്ക് ശക്തമായ രീതിയിൽ മുന്നോട്ടുപോകാൻ ഒരവസരം നിലനിൽക്കുന്നുവെന്നുള്ളതും വളരെ പ്രധാനപ്പെട്ട കാര്യമായി തന്നെയാണ് കാണേണ്ടത്. കോൺഗ്രസ് അതിന്റെ സംഘടനയെയും രാഷ്ട്രീയ

ദാർശനിക നിലപാടുകളെയും ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്തിരുന്നുവെങ്കിൽ ഈ ചിത്രംതന്നെ മാറുമായിരുന്നുവെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. നിരവധി സംസ്ഥാനങ്ങളിൽ കോൺഗ്രസ് സ്വീകരിച്ച സമീപനമുൾപ്പെടെ പരിശോധിച്ചുനോക്കിയാൽ എതിരില്ലാതെ ബി.ജെ.പി.യിൽപ്പെട്ടവർ ജയിക്കുന്ന അവസ്ഥവരെ നാം കണ്ടതാണ്. പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട കാര്യത്തിൽ അത് റദ്ദുചെയ്യുമെന്ന് പ്രകടനപത്രികയിൽപോലും പറയാൻ കോൺഗ്രസിന് സാധിക്കുന്നില്ല. മഹാത്മാഗാന്ധി രക്തസാക്ഷിയായത് മതരാഷ്ട്രം രൂപീകരിക്കാൻ സമ്മതിക്കാത്തതിന്റെ ഭാഗമായിട്ടാണെന്ന് അവരുടെ പ്രസംഗങ്ങളിൽനിന്നുതന്നെ വ്യക്തമാണ്. ഒരു മതരാഷ്ട്രം രൂപീകരിക്കാൻ അനുവദിക്കാത്തതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രതി മഹാത്മാഗാന്ധിയായതിനാൽ അദ്ദേഹത്തെ നിശബ്ദനാക്കേണ്ടതാണെന്ന് പ്രത്യേക സമ്മേളനം വിളിച്ച് ആർ.എസ്.എസ്.-കാരൻ പ്രസംഗം നടത്തി മാസം കഴിയുന്നതിനുമുമ്പാണ് മഹാത്മാഗാന്ധിയെ കൊന്നത്. ഒരാശയം എങ്ങനെയാണ് ജനങ്ങളെ സ്വാധീനിക്കുകയെന്നുള്ളതിന്റെ ഏറ്റവും

പ്രധാനപ്പെട്ട ഒരു തെളിവാണത്. അങ്ങനെ മഹാത്മാഗാന്ധിയുടെ ജീവിതംതന്നെ നഷ്ടപ്പെടുത്തേണ്ടിവന്ന മതരാഷ്ട്രത്തിലേയ്ക്കാണ് ഞങ്ങൾ നീങ്ങുന്നതെന്ന് പൗരത്വ ഭേദഗതി നിയമത്തെ അടിസ്ഥാനപ്പെടുത്തി ബി.ജെ.പി. നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെ ഫലപ്രദമായി എതിർക്കാൻ അഖിലേന്ത്യാടിസ്ഥാനത്തിൽ കോൺഗ്രസ് പാർട്ടിക്കായില്ലെന്നുള്ളതും അതവരുടെ പ്രകടനപ്പത്രികയിൽപോലും പറയാൻ സാധിച്ചില്ലെന്നുള്ളതും ഗൗരവകരമാണ്. കേരളത്തിൽ പൗരത്വ ഭേദഗതി സംബന്ധിച്ച് പറഞ്ഞുവെന്നുള്ളത് ശരിയാണ്. അത് കേരളത്തിൽ പറയാതെ പോകാൻ സാധിക്കില്ലെന്നുള്ളതുകൊണ്ടാണ്. സംഘടനാപരവും ആശയപരവുമായ വ്യക്തത ഉണ്ടായിരുന്നുവെങ്കിൽ ചിത്രം മാറുമായിരുന്നുവെന്ന് ഞാൻ നേരത്തെ വെറുതെ പറഞ്ഞതല്ല. കൃത്യമായ കണക്ക് പരിശോധിച്ചാൽതന്നെ മനസ്സിലാകും. ബി.ജെ.പി.-ക്ക് 240 സീറ്റ് മാത്രമേ ലഭിച്ചിട്ടുള്ളൂ; ബി.ജെ.പി.-ക്ക് കേവല ഭൂരിപക്ഷമില്ല. എന്നാൽ ആരും പ്രതീക്ഷിക്കാത്ത രീതിയിൽ 234 സീറ്റ് നേടാൻ 'INDIA' സഖ്യത്തിനായി. കേവല ഭൂരിക്ഷത്തിന് 38 സീറ്റിന്റെ കുറവാണുള്ളത്. ആ 38 സീറ്റും

യഥാർത്ഥത്തിൽ ലഭിക്കാവുന്ന സാഹചര്യമായിരുന്നു ഇന്ത്യയിലുണ്ടായിരുന്നത്. അത് ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചില്ല. എൻ.ഡി.എ. മുന്നണിക്ക് കിട്ടിയ വോട്ടിംഗ് ശതമാനം 43.31 ആണ്. 'INDIA' മുന്നണിക്ക് 41.69 ശതമാനം കിട്ടി. സൂക്ഷ്മമായി പരിശോധിച്ചാൽ 2 ശതമാനത്തിന്റെ കുറവായിരുന്നു ഈ 2 മുന്നണികൾ തമ്മിലുള്ള വോട്ടിംഗ് വ്യത്യാസം. അത് ഫലപ്രദമായി കൈകാര്യം ചെയ്തിരുന്നുവെങ്കിൽ ഞാൻ പറഞ്ഞതുപോലെ ചിത്രം തന്നെ മാറ്റാൻ സാധിക്കുന്ന ഒരു സാഹചര്യം വരുമായിരുന്നു. ചെറിയരീതിയിലുള്ള പിന്നാക്കം മാത്രമേ നമുക്ക് പോകേണ്ടി വന്നിട്ടുള്ളൂ. നല്ലരീതിയിൽ ഇനിയും മുന്നോട്ടുപോകാനുള്ള സാഹചര്യമുണ്ട്. മതനിരപേക്ഷതയ്ക്കുവേണ്ടി, ഭരണഘടനാ സംവിധാനത്തിനുവേണ്ടി, ഫെഡറൽ സംവിധാനത്തിനുവേണ്ടി ഇനിയും നമുക്ക് മുന്നോട്ടുപോകേണ്ടതുണ്ടെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കേരളത്തിലേയ്ക്ക് തിരിച്ചുവരുമ്പോൾ, യാതൊരു സംശയവുമില്ല ഞങ്ങൾ തോറ്റിരിക്കുകയാണ്. ഇവിടെ നേരത്തെ ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യും പ്രതിപക്ഷ നേതാവും പറഞ്ഞതുപോലെ നിങ്ങൾ വലിയ ആവേശത്തിലാണ്. ഞങ്ങൾ തോറ്റ്

തുന്നംപാടി എന്നുപറഞ്ഞു. അത്ര വലിയ ആവേശത്തിലേയ്ക്ക് പോകേണ്ടതില്ല. കാരണം കോൺഗ്രസിന് ഇതിനുമുമ്പ് പാർലമെന്റിൽ എത്ര തവണ തോൽവിയുണ്ടായിട്ടുണ്ട്? 2004-ൽ കേരളത്തിൽനിന്ന് ആരും കോൺഗ്രസിന്റെ എം.പി.-യായിട്ടുണ്ടായിരുന്നില്ല. കേരളത്തിന്റെ ചിത്രം നിങ്ങൾക്ക് എല്ലാവർക്കും അറിയാവുന്നതല്ലേ; 1977-ൽ ഞങ്ങളുടെ പാർട്ടിയിലെ ഒരാളും ജയിച്ചിരുന്നില്ല. പാർലമെന്റ് തെരഞ്ഞെടുപ്പ് എന്നുപറയുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകരീതി തന്നെയാണ്. അതിൽ ഞങ്ങളും നിങ്ങളും പൂർണ്ണമായി തോറ്റിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ഒരു സീറ്റുമാത്രമാണ് ഞങ്ങൾക്ക് കിട്ടിയത്, ഇത്തവണയും ഒരു സീറ്റുമാത്രമാണ് കിട്ടിയത്. ഒരു കാര്യം ഞാൻ ഉറപ്പായും പറയാം, ഞങ്ങളുടെ പരാജയം ഞങ്ങൾ പ്രതീക്ഷിച്ചതല്ല. പ്രതീക്ഷിക്കാത്ത പരാജയം തന്നെയാണുണ്ടായത്. ഞങ്ങൾ അതുസംബന്ധിച്ച് വളരെ വിശദമായ പരിശോധനകൾ നടത്തി ആവശ്യമായ തിരുത്തലുകൾ വരുത്തും. അത് ഗവൺമെന്റ് സംവിധാനമുൾപ്പെടെയുള്ള കാര്യങ്ങൾ, കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക ഉപരോധം പോലെയുള്ള നിലപാടുകൾ വന്നപ്പോൾ സാമ്പത്തിക പ്രശ്നങ്ങൾ കാരണം ഒരുപാട്

കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. അതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കും. അതുപോലെതന്നെ ഞങ്ങളുടെ സംഘടനാപരമായിട്ടുള്ള കാര്യങ്ങളെല്ലാം പരിശോധിച്ച് ശക്തമായ ഒരു തിരിച്ചുവരവിന് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കഴിയുമെന്ന കാര്യത്തിൽ നിങ്ങൾക്കാർക്കും സംശയം വേണ്ട. തിരിച്ചുവരവിനെ സംബന്ധിച്ച് പറയുമ്പോൾ മുമ്പും ഇതുപോലെയാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ പ്രാവശ്യം യു.ഡി.എഫ്.-ന് 123 സീറ്റാണ് 2019-ലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായിരുന്നത്. ഇതിപ്പോൾ പുതുതായി വന്നിട്ടുള്ള ചിത്രമൊന്നുമല്ലല്ലോ; അന്ന് നിങ്ങൾക്ക് 123 സീറ്റുകളിൽ ഭൂരിപക്ഷമുണ്ടായിരുന്നു. ഒരു സീറ്റുമാത്രമാണ് ബി.ജെ.പി.-ക്ക് ലഭിച്ചത്. ഇപ്പോൾ നിങ്ങൾക്ക് 111 സീറ്റുകളിലാണ് ഭൂരിപക്ഷം. മുമ്പുണ്ടായിരുന്നതിന്റെ അത്രയും സീറ്റ് ഇപ്പോൾ ഇല്ല. ബി.ജെ.പി.-ക്ക് 11 സീറ്റുകളിൽ ഭൂരിപക്ഷമുണ്ട്. ഇവിടെ നിങ്ങളെല്ലാംകൂടി ചേർന്ന് സൃഷ്ടിച്ച ഒരു സ്ഥിതിയെന്താണ്? കേന്ദ്ര ഗവൺമെന്റ് കേരളത്തിനെതിരായി അതിശക്തമായുള്ള സാമ്പത്തിക ഉപരോധം തീർക്കുമ്പോൾ, നിങ്ങൾ ഈ ഗവൺമെന്റിനും ജനങ്ങളുടെ

ആനുകൂല്യങ്ങൾക്കുംവേണ്ടി പ്രവർത്തിക്കുന്നതിനുപകരം അതിനെതിരായുള്ള നിലപാടാണ് സ്വീകരിക്കുന്നത്. ഇവിടത്തെ ഗവർണർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാടെന്താണ്? ഉന്നത വിദ്യാഭ്യാസം പൂർണ്ണമായും കാവിവൽക്കരിക്കുകയെന്നുള്ളതാണ്. അതാണ് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ചെയ്തുകൊണ്ടിരിക്കുന്നതും. അതിനുവേണ്ടി നിങ്ങൾ കൂട്ടുനിൽക്കുകയായിരുന്നു. ഇവിടെ കോൺഗ്രസ്സിന്റെതന്നെ ഉന്നത നേതാവ് ഇവിടെ വന്ന് കണ്ണൂർ പ്രസംഗത്തിന്റെ ഭാഗമായി ഇന്ത്യയിൽ അങ്ങോളമിങ്ങോളം പ്രതിപക്ഷത്തിനെതിരായിട്ടുള്ള കടന്നാക്രമണം നടന്നുകൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞതിന്റെ തുടർച്ചയായി 'എന്തേ പിണറായി വിജയനെ അറസ്റ്റ് ചെയ്യുന്നില്ല' എന്ന ചോദ്യം ചോദിക്കുകയുണ്ടായി. ശ്രീ. പിണറായി വിജയനെ അറസ്റ്റ് ചെയ്യാൻ ഏത് കേസ്സാണുണ്ടായിരുന്നത്; ഏത് എഫ്.ഐ.ആർ. ആണുണ്ടായിരുന്നത്? അഖിലേന്ത്യാ നേതാവായ രാഹുൽ ഗാന്ധി ഇവിടെവന്ന് ഇത്തരം ചോദ്യങ്ങൾ ചോദിക്കുമ്പോൾ മാന്യമായ ഒരു രീതി വേണമായിരുന്നു. ഇവിടെ നിങ്ങളെല്ലാംകൂടി ചേർന്നുണ്ടാക്കി കൊടുത്തിട്ടുള്ള ഒരാശയമാണ് അദ്ദേഹം ആ രീതിയിൽ പ്രസംഗിച്ചത്. അത്

തികച്ചും തെറ്റായിരുന്നുവെന്ന് പിന്നീട് മനസ്സിലായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് പ്രതിപക്ഷത്തിരിക്കുന്ന പാർട്ടി നേതാക്കൾക്കും ഗവൺമെന്റിനും മുഖ്യമന്ത്രിക്കുമെതിരെ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ വിശകലനം ചെയ്തുകൊണ്ടുതന്നെ തികച്ചും ഒരു തരത്തിലും യോജിക്കാത്ത നിലപാട് സ്വീകരിച്ചുവെന്നുള്ളതാണ് കേരളത്തിൽ വന്നപ്പോൾ കണ്ടിട്ടുള്ളത്. ശ്രീ. വി. ഡി. സതീശൻ ഉൾപ്പെടെയുള്ളവർ പരസ്യമായി പറഞ്ഞത് ഞങ്ങളുടെ നമ്പർ വൺ ശത്രു സി.പി.ഐ.(എം) ആണെന്നാണ്. ബി.ജെ.പി.-യും വ്യക്തമാക്കിയത് ഞങ്ങളുടെ നമ്പർ വൺ ശത്രു സി.പി.ഐ.(എം) ആണെന്നാണ്. നിങ്ങൾ തമ്മിൽ ആശയ ഐക്യമുണ്ടായെന്നാണ് അതിന്റെ അർത്ഥം. ഈ ആശയ ഐക്യത്തിന്റെ ഫലമായി എന്താണുണ്ടായത്? ഞങ്ങൾ തോറ്റുവെന്നത് ശരിയാണ്. തൃശ്ശൂരിൽ എന്താണ് സംഭവിച്ചതെന്ന് നിങ്ങൾ മനസ്സിലാക്കണം. നമുക്കെല്ലാം അറിയാവുന്നതുപോലെ 2019-ലും ഇപ്പോഴും ഉണ്ടായിട്ടുള്ള വ്യത്യാസമെത്രയാണ്? നിങ്ങൾക്ക് 9.81 ശതമാനം വോട്ടിന്റെ കുറവാണ് ഉണ്ടായിട്ടുള്ളത്. 86965 വോട്ട് നിങ്ങളുടെ പാർട്ടിക്ക് കുറഞ്ഞു. ഈ വോട്ടുകളെല്ലാം എവിടെയാണ് പോയത്? ഞാൻ ആ വോട്ടിന്റെ എണ്ണം

കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. അവിടെ ഞങ്ങൾക്ക് 16,226 വോട്ടുകളുടെ വർദ്ധനയുണ്ടായിട്ടുണ്ട്. ബി.ജെ.പി.-ക്ക് 118546 വോട്ടുകൾ കിട്ടി. നിങ്ങൾക്ക് 86000 വോട്ട് കുറയുന്ന സാഹചര്യത്തിൽ 74000 വോട്ടിന് ബി.ജെ.പി. ജയിച്ചു. അവിടെ അവർ ജയിച്ചതിന് ഉത്തരവാദി ആരാണ്. നേമത്തും ഇതുതന്നെയായിരുന്നു സംഭവിച്ചത്. ശ്രീ. ഒ. രാജഗോപാൽ കോൺഗ്രസ്സിന്റെ വോട്ട് വാങ്ങിത്തന്നെയാണ് ജയിച്ചത്. അതാണ് ഞാൻ നേരത്തെ പറഞ്ഞത്, കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും നമ്പർ വൺ ശത്രു സി.പി.ഐ.(എം.) ആണ്. രണ്ടുംകൂടി ഐക്യധാര രൂപപ്പെടുകയാണ്. അത് താഴേത്തട്ടിലേയ്ക്ക് രാഷ്ട്രീയപരമായി രൂപപ്പെട്ട് വരുന്നതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന ചിത്രം. ഇത്തരത്തിൽ വോട്ട് ചോർച്ച ഉണ്ടായിട്ടുണ്ട്, ഞങ്ങളുടെ വോട്ടും കുറച്ച് ചോർന്നിട്ടുണ്ടെന്നത് ഞാൻ സമ്മതിക്കാതിരിക്കുന്നില്ല. പക്ഷേ, ഞങ്ങൾക്ക് കഴിഞ്ഞ പ്രാവശ്യം ലഭിച്ചതിനേക്കാൾ കൂടുതൽ വോട്ട് ലഭിച്ചിട്ടുണ്ട്. അത് നിങ്ങൾ മനസ്സിലാക്കണം.

ഞാൻ പറയുന്നത് സൂക്ഷ്മമായി കേൾക്കൂ. തൃശ്ശൂരിലെ കോൺഗ്രസിൽ മണ്ഡലാടിസ്ഥാനത്തിൽ തല്ല്, ജില്ലാടിസ്ഥാനത്തിൽ അടി, രാജി വയ്പ്പ്,

സസ്പെൻഷൻ, അന്വേഷണ കമ്മീഷൻ, ഇതെല്ലാം കൂടിച്ചേർന്ന് പോകുകയാണല്ലോ; ഓരോ ദിവസം കഴിയുന്തോറും ബി.ജെ.പി.-ക്ക് വോട്ട് മാറ്റിയതിനെ സംബന്ധിച്ച് ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ മത്സരിച്ച ശ്രീ. കെ. മുരളീധരൻ താൻ രാഷ്ട്രീയം മതിയാക്കുന്നുവെന്ന് പരസ്യമായി പറയുന്ന അവസ്ഥയിലേയ്ക്കെത്തി. അത്തരം സങ്കീർണ്ണതയിലാണ് നിങ്ങൾ നിൽക്കുന്നത്. 11 നിയോജക മണ്ഡലങ്ങളിൽ ബി.ജെ.പി.-ക്ക് മുൻകയ്യുണ്ട്. പ്രസ്തുത 11 നിയോജക മണ്ഡലങ്ങളും ഞാൻ പറയാം. ഒന്ന്, ഗുരുവായൂർ ആണ്. അവിടെ കോൺഗ്രസിന്റെ 7235 വോട്ട് പോയി. 11082 വോട്ട് ബി.ജെ.പി.-ക്ക് അധികം ലഭിച്ചു. ആ വോട്ട് എവിടെപ്പോയി എന്നാണ് ഞാൻ ചോദിക്കുന്നത്; ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മുൻപ്രതിപക്ഷ നേതാവും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ഇനി ഇവിടെ പ്രസംഗിക്കാനുണ്ട്. അപ്പോൾ നിങ്ങൾക്ക് പറയാം. മണലൂർ, കോൺഗ്രസിന്റെ 12523 വോട്ട് പോയി. 2019-ഉം ആയി താരതമ്യം ചെയ്തുകൊണ്ടാണ് ഞാൻ പറയുന്നത്. ഒല്ലൂരിൽ 15726, തൃശ്ശൂരിൽ 14728, നാട്ടികയിൽ 14363, ഇരിങ്ങാലക്കുടയിൽ 10982 എന്നിങ്ങനെ യു.ഡി.എഫ്

വോട്ടുകൾ കുറഞ്ഞു. ആറ്റിങ്ങലിൽ 8039 വോട്ടുകളും കാട്ടാക്കട 8907 വോട്ടുകളും കുറഞ്ഞു. കഴക്കൂട്ടം മണ്ഡലത്തിൽ 7362 വോട്ടുകളും വട്ടിയൂർക്കാവിൽ 8682 വോട്ടുകളും നേമത്ത് 7371 വോട്ടുകളും കോൺഗ്രസിന് കുറഞ്ഞു.

നിങ്ങൾ ഒരുകാര്യം ശ്രദ്ധിക്കു. നിങ്ങൾക്ക് കഴിഞ്ഞ തവണ ലഭിച്ച പ്രസ്തുത വോട്ടെല്ലാം ബി.ജെ.പി.-ക്ക് ലഭിച്ചപ്പോഴാണ് ബി.ജെ.പി. ഒന്നാം സ്ഥാനത്തേയ്ക്ക് വരുന്നത്. ഇതാണ് പ്രശ്നം. ഇതാണ് നിങ്ങളുടെ നിലപാട്. നേരത്തെ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞപ്പോഴും പ്രതിപക്ഷനേതാവ് പറഞ്ഞപ്പോഴും മറ്റെല്ലാവരും പറഞ്ഞപ്പോഴും നിങ്ങൾ വലിയ ആഹ്ലാദത്തിലാണല്ലോ; സത്യം പറഞ്ഞാൽ അങ്ങനെ ആഹ്ലാദിക്കേണ്ട ഒരു കാര്യവും നിങ്ങൾക്കിപ്പോഴില്ല. ബി.ജെ.പി.-യുമായി ബന്ധപ്പെട്ടുകൊണ്ട് ബി.ജെ.പി.-ക്ക് അനുകൂലമായ വലിയ രീതിയിലുള്ള കുത്തൊഴുക്കാണ് കോൺഗ്രസിന്റെ ഈ 11 മണ്ഡലങ്ങളിൽ മാത്രമല്ല, നിരവധി മണ്ഡലങ്ങളിൽ ഉണ്ടായിട്ടുള്ളത് എന്നുള്ള കാര്യം ഗൗരവപൂർവ്വം കാണണം. ഒരുകാര്യം ഞാൻ ഉറപ്പായിട്ടും പറയാം. ജനാധിപത്യത്തിനും മതനിരപേക്ഷതയ്ക്കും ഫെഡറൽ സംവിധാനത്തിനും ഭരണഘടനാ സംവിധാനത്തിനുമാകെ എതിരായി

നിൽക്കുന്ന ബി.ജെ.പി.-യുടെ ഈ മുന്നേറ്റം അതിശക്തമായി രീതിയിൽ എതിർക്കപ്പെടേണ്ടതായ രാഷ്ട്രീയം തന്നെയാണ്. നിങ്ങൾക്ക് ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെല്ലാം ഇല്ലാതായിരിക്കുന്നു എന്നുള്ള യാതൊരു തെറ്റിദ്ധാരണയും വേണ്ട. നേരത്തെ 123-ൽ പിന്നോട്ട് പോയിട്ട് ഞങ്ങൾ 99-ൽ തിരിച്ചുവന്നിട്ടുണ്ട്. വരാൻ പോകുന്ന തെരഞ്ഞെടുപ്പുകളിലും ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടുതന്നെ അടുത്ത രണ്ട് കൊല്ലം കഴിയുമ്പോഴേയ്ക്കും മുഖ്യമന്ത്രിയാകാൻ വേണ്ടിയുള്ള സജീവമായ ഇടപെടലുകളാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇതെല്ലാം തിരുത്തി വളരെ ഫലപ്രദമായി മുന്നോട്ടുപോകും. കഴിഞ്ഞ പ്രാവശ്യത്തേക്കാൾ മുന്നോട്ടുപോകാനുള്ള സാധ്യതയാണുള്ളത്. അതിനാവശ്യമായ രീതിയിലുള്ളൊരു ബഡ്ജറ്റ് സംവിധാനം തന്നെയാണ് കേരളത്തിൽ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. അതിന് പരിപൂർണ്ണമായ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞതൊന്നും ജനങ്ങൾക്ക് മനസ്സിലായില്ലെന്നാണ് ഈ തെരഞ്ഞെടുപ്പുഫലം തെളിയിക്കുന്നത്. ചരിത്രം കുറിച്ച ഒരു പൊതുതെരഞ്ഞെടുപ്പിന് ശേഷമാണ് നമ്മൾ ഈ നിയമസഭ ചേരുന്നത്. ഇരുളിൽനിന്നും വെളിച്ചത്തിലേയ്ക്കുള്ള പാതയാണ് ഈ തെരഞ്ഞെടുപ്പിൽ ഇന്ത്യയിലെ ജനങ്ങൾ തുറന്നിട്ടത്. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും അഹങ്കാരത്തിന്റെയും ഫാസിസത്തിന്റെയും പാതയിലൂടെ മുന്നോട്ടുപോയ ഒരു ഗവൺമെന്റിനെ ജനങ്ങൾ എങ്ങനെ ശിക്ഷിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഈ തെരഞ്ഞെടുപ്പിൽ നമ്മൾ കണ്ടത്. നമ്മുടെ ഭരണഘടനയെ ഇല്ലാതാക്കാൻ, ഭരണഘടനാ മൂല്യങ്ങളെ തകർക്കാൻ, ജനാധിപത്യ സംവിധാനങ്ങളെ ഇല്ലായ്മ ചെയ്യാൻ ഒരു ഭരണകൂടം എങ്ങനെ ശ്രമിച്ചുവെന്നും പച്ചയായ വർഗ്ഗീയത ആളിക്കത്തിക്കാൻ പ്രധാനമന്ത്രിതന്നെ രംഗത്തിറങ്ങിയതും ഈ നാട്ടിലെ ജനങ്ങൾ കണ്ടതാണ്. ഇതിന്റെ മറവിൽ മുഴുവൻ സമ്പത്തും ഇന്ത്യയിലെ കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കാൻ വേണ്ടിയായിരുന്നു ഗവൺമെന്റും

പ്രധാനമന്ത്രിയും ശ്രമിച്ചതെന്ന് നമ്മൾ കണ്ടതാണ്. ഈ തെരഞ്ഞെടുപ്പിൽ അവർ പറഞ്ഞതെന്താണ്; ‘ ab ki baar 400 paar (अबकी बार 400 पार)’ . ഇത്തവണ 400 സീറ്റിലേറെ നേടുമെന്നാണ് പറഞ്ഞത്. 400 സീറ്റിലേറെ നേടി ഭരണഘടന മാറ്റും. വേണമെങ്കിൽ പാർലമെന്ററി ജനാധിപത്യം ഇല്ലാതാക്കുമെന്ന് പറഞ്ഞ് മുന്നോട്ടുപോയ ഇവരുടെ ഇന്നത്തെ സ്ഥിതിയെന്താണ്; ലോകസഭയിൽ NDA-യും ‘ INDIA’ സഖ്യവും ഏതാണ്ട് തുല്യ ശക്തികളാണ്. ബി.ജെ.പി.-ക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷമില്ലാത്തതിനാൽ തോന്നിയതുപോലെ ഭരണഘടന വലിച്ചുകീറാൻ കഴിയില്ല. വർഗ്ഗീയ അജണ്ട നടപ്പിലാക്കാൻ കഴിയില്ല. ഇവരെ തുത്തെറിയുകയാണ് നമ്മുടെ അടുത്ത ദൗത്യം. അടുത്ത ദൗത്യത്തിലേയ്ക്ക് ഇന്ത്യയും ഇന്ത്യയിലെ ജനങ്ങളും എത്തുമെന്ന കാര്യത്തിൽ സംശയമില്ല. ‘ INDIA’ മുന്നണിക്ക് അതിശക്തമായ നേതൃത്വം കൊടുത്ത് ഈ മുന്നണിക്ക് കരുത്ത് പകർന്ന് മുന്നോട്ടുപോയ ശ്രീ. രാഹുൽ ഗാന്ധിയെ അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്.

എതിർത്തവരെ അന്വേഷണ ഏജൻസികളെ ഉപയോഗിച്ചുകൊണ്ട് ജയിലിൽ അടയ്ക്കുക, കോൺഗ്രസിന്റെ അക്കൗണ്ടുകൾപോലും മരവിപ്പിക്കുക, സ്വതന്ത്രമായ തെരഞ്ഞെടുപ്പ് പ്രവർത്തനംപോലും നടത്താൻ അനുവദിക്കാതിരിക്കുക. ഭയാനകമായ ഒരു ഫാസിസത്തിന്റെ അന്തരീക്ഷത്തിലാണ് ഈ തെരഞ്ഞെടുപ്പ് നടന്നത്. പക്ഷേ, ഇന്ത്യയിലെ ജനങ്ങൾ ആഴത്തിൽ വേരോടിയ ജനാധിപത്യത്തിന്റെ ശക്തി തിരിച്ചറിഞ്ഞുകൊണ്ട് ബി.ജെ.പി.-യെ പരാജയപ്പെടുത്തുകയാണുണ്ടായത്. ഈ നിർണ്ണായക പോരാട്ടത്തിൽ നമുക്ക് പൂർണ്ണമായി വിജയം നേടാനായില്ല. ഭരണം കയ്യടക്കിവച്ചിരിക്കുന്ന ശക്തികൾക്ക് മൂക്കുകയറിടാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ഈ പോരാട്ടം ഇനിയും മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. നമ്മുടെ രാഷ്ട്രത്തെ രക്ഷിക്കുന്നതിനുള്ള ചരിത്രപരമായ പോരാട്ടത്തിൽ കേരളത്തിലെ ജനങ്ങളും ഒറ്റക്കെട്ടായി എന്നുള്ളത് അഭിമാനം നൽകുന്നൊരു കാര്യമാണ്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത്, ഞങ്ങൾ ഈ 18 സീറ്റ് ജയിച്ചത് എന്തോ മഹാ അപരാധമായിപ്പോയി എന്നാണ്. മാഷേ, ജനങ്ങൾ വോട്ട് ചെയ്തിട്ടല്ലേ ഞങ്ങൾ

ജയിച്ചത്; കഴിഞ്ഞ തവണയും ഞങ്ങൾ പാർലമെന്റിൽ വമ്പിച്ച ഭൂരിപക്ഷം നേടിയവരല്ലേ; ഇത്തവണയും ഞങ്ങൾ വമ്പിച്ച ഭൂരിപക്ഷം നേടിയില്ലേ; മാഷിന്റെ കണക്കുകൂട്ടൽ എന്തെല്ലാമായിരുന്നു; 12 സീറ്റുവരെ മാഷ് പറഞ്ഞിരുന്നു. അങ്ങയുടെ കണക്കുകൂട്ടൽ മുഴുവൻ തെറ്റിയതിന് അങ്ങിപ്പോൾ ഞങ്ങളെ കുറ്റപ്പെടുത്തിയിട്ട് എന്താണ് കാര്യം; ബി.ജെ.പി.-യെയും അവരുടെ സഖ്യകക്ഷികളെപ്പോലെ പ്രവർത്തിച്ച ഇടതുപക്ഷ കക്ഷികളുടെ വൻ പ്രചാരണവേലയും അസത്യ പ്രചരണങ്ങളും തള്ളിക്കളഞ്ഞുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾ കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും പിന്നിൽ അണിനിരന്നത്. യു.ഡി.എഫ്.-ന് വോട്ട് ചെയ്ത ജനങ്ങളെ മുഴുവൻ അഭിനന്ദിക്കാനും അഭിവാദ്യം ചെയ്യാനും ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിനെതിരെ എന്നപോലെ സംസ്ഥാനത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായിട്ടാണ് ജനങ്ങൾ വോട്ട് ചെയ്തത്. അധികാര ഹുങ്കിനും ധാർഷ്ട്യത്തിനും അഴിമതിക്കും കൊള്ളകൾക്കും എതിരായി കേരള ജനത ഒറ്റക്കെട്ടായി നിന്നുവെന്നത് ഒരു വസ്തുതയല്ലേ; നിങ്ങളുടെ അഴിമതികളും

കൊള്ളകളും ഈ സർക്കാരിന്റെ ധാർഷ്ട്യവും ധിക്കാരവും കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് യു.ഡി.എഫ്.-ന് വമ്പിച്ച വിജയം നേടിത്തന്നതിനെ നിങ്ങൾ കുറച്ച് കാണുന്നത് ശരിയല്ല. ഇത് എന്റെ അഭിപ്രായം മാത്രമല്ല, തിരുവനന്തപുരത്തെ സി.പി.ഐ. ജില്ലാ കമ്മിറ്റിയുടെ അഭിപ്രായം ഇതാണ്. തെരഞ്ഞെടുപ്പ് തോൽവിക്ക് പ്രധാനം മുഖ്യമന്ത്രിയുടെ ധാർഷ്ട്യം എന്നാണ് സി.പി.ഐ. തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവിൽ ഉയർന്ന വിമർശനം. സംസ്ഥാനത്ത് അലയടിച്ചത് മുഖ്യമന്ത്രിക്കെതിരായ വികാരമാണെന്നാണ് സി.പി.ഐ. ആലപ്പുഴ ജില്ലാ കൗൺസിൽ പറയുന്നത്. മുഖ്യമന്ത്രി രാജി വയ്ക്കണമെന്ന് ആലപ്പുഴ ജില്ലാ കൗൺസിൽ ആവശ്യപ്പെട്ടതെന്നാണ് വാർത്തകളിലൂടെ പുറത്തുവരുന്നത്. മുഖ്യമന്ത്രിയെ തിരുത്താൻ സി.പി.ഐ.(എം.)-ൽ ആരുമില്ലെന്ന് സി.പി.ഐ.-യുടെ യോഗത്തിൽ വിലയിരുത്തലുണ്ടായി. സി.പി.ഐ.(എം.)-ന് കഴിയാത്തതുകൊണ്ട് മുഖ്യമന്ത്രിയെ തിരുത്താൻ സി.പി.ഐ. രംഗത്തിറങ്ങുകയാണ്. നടക്കുന്ന കാര്യമാണോ; നമുക്ക് ചിരിക്കാനല്ലാതെ എന്തിന് കഴിയും; 'കാഞ്ഞിരത്തിൻ കുരു ആയിരം വർഷം പാലിൽ ഇട്ടാലും

അതിന്റെ കയ്പ്പ് മാറുമോ' ; ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ പറയുന്നത് കേട്ടപ്പോൾ ഞാൻ ചിരിക്കുകയായിരുന്നു. ഞങ്ങൾ തെറ്റ് തിരുത്തും. പോരായ്മകൾ കണ്ടെത്തി തിരുത്തുമെന്നാണ് അദ്ദേഹം പറഞ്ഞത്. കയ്യോടെ അദ്ദേഹം തിരുത്തുകയും ചെയ്തു. അറിയപ്പെടുന്ന ഇടതുപക്ഷ വിശ്വാസിയായ യാക്കോബായ നിരണം ഭദ്രാസനാധിപനായ ഡോ. ഗീവർഗീസ് മാർ കൂറിലോസിനെ വിവരദോഷി എന്നാണ് നമ്മുടെ മുഖ്യമന്ത്രി വിശേഷിപ്പിച്ചത്. എന്താണ് ഡോ. ഗീവർഗീസ് മാർ കൂറിലോസ് പറഞ്ഞത്? 'ധാർഷ്ട്യവും ധൂർത്തും തുടർന്നാൽ ഇതിലും വലിയ തിരിച്ചടിയുണ്ടാകും. പ്രളയവും മഹാമാരികളും എപ്പോഴും രക്ഷയ്ക്ക് എത്തണമെന്നില്ല. കിറ്റ് രാഷ്ട്രീയത്തിൽ ഒന്നിലധികം തവണ ജനങ്ങൾ വീഴില്ല'. ഡോ. ഗീവർഗീസ് മാർ കൂറിലോസ് പറഞ്ഞത് അക്ഷരംപ്രതി സത്യമല്ലേ? അദ്ദേഹത്തിന്റെ വസ്ത്രംതന്നെ ചുവപ്പാണ്. എല്ലാ മനുഷ്യച്ചങ്ങലകളിലും പങ്കെടുക്കുന്നയാളാണ് അദ്ദേഹം. സത്യം വിളിച്ചുപറഞ്ഞപ്പോൾ അദ്ദേഹത്തെ 'വിവരദോഷി' എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചത്. മുഖ്യമന്ത്രി തിരുത്തൽ വരുത്തുന്നില്ലായെന്ന് പറയുന്നത് ശരിയല്ല, 'നികൃഷ്ടജീവി' എന്നാണ് നേരത്തെ ഒരു ക്രിസ്തീയ ബിഷപ്പിനെ

വിളിച്ചത്. 'പരനാറി' എന്നാണ് ഒരു ജനപ്രിയ നേതാവിനെ വിളിച്ചത്. അതുമായി തട്ടിച്ചുനോക്കുമ്പോൾ വിവരദോഷി അല്പം മയപ്പെട്ട പദമാണ്. നല്ല പുരോഗമനവും മാറ്റവും വന്നിട്ടുണ്ട്. ഇന്ത്യയെ വർഗ്ഗീയ കക്ഷികളിൽനിന്നും മോചിപ്പിക്കാൻ രാജ്യത്തെ പുരോഗമന ജനാധിപത്യ കക്ഷികൾ ഒന്നിച്ച് പോരാടിയതാണ് 'ഇന്ത്യാ മുന്നണി'. 'ഇന്ത്യാ മുന്നണി'ക്കുവേണ്ടി വലിയ വിട്ടുവീഴ്ചകൾ ചെയ്ത പാർട്ടിയാണ് കോൺഗ്രസ്. ഞങ്ങൾ എല്ലാ സീറ്റിലും മത്സരിക്കാതെ ഇന്ത്യാ മുന്നണിയിലെ ഘടകകക്ഷികൾക്ക് സീറ്റ് കൊടുത്ത പാർട്ടിയാണ്. രാജസ്ഥാനിൽ ഞങ്ങൾ നൽകിയ സീറ്റിനെക്കുറിച്ചുകൂടി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഒന്ന് പറയണമായിരുന്നു, ഞങ്ങൾ നിങ്ങളെ വിജയിപ്പിക്കാൻവേണ്ടി പ്രവർത്തിച്ചതിനെക്കുറിച്ചുകൂടി പറയണമായിരുന്നു. പക്ഷേ, കേരളത്തിൽ ഇടതുപക്ഷത്തിന്റെ നിലപാട് എന്താണ്; ബി.ജെ.പി.-ക്കെതിരെ നട്ടെല്ലുറപ്പോടെ പോരാടുകയായിരുന്ന കോൺഗ്രസിനെയും ശ്രീ. നരേന്ദ്ര മോദിക്കെതിരെ മുഖാമുഖം പോരാടുകയായിരുന്ന ശ്രീ. രാഹുൽ ഗാന്ധിയെയും പിന്നിൽനിന്ന് കുത്തുകയാണ് കേരളത്തിലെ സി.പി.ഐ.(എം.) ചെയ്തത്. തിരഞ്ഞെടുപ്പുകാലത്ത് സി.പി.ഐ.(എം.) നേതാക്കന്മാരും അവരുടെ

സൈബർ സേനയും ബി.ജെ.പി.-യെ അല്ല ആക്രമിച്ചത്, അവർ ആക്രമിച്ചത് കോൺഗ്രസിനെയും ശ്രീ. രാഹുൽ ഗാന്ധിയെയുമായിരുന്നു. ശ്രീ. രാഹുൽ ഗാന്ധിയുടെ ഡി.എൻ.എ. വരെ പരിശോധിക്കണമെന്ന് ഒരാൾ പറഞ്ഞപ്പോൾ അതിനെ കേരളത്തിലെ മുഖ്യമന്ത്രി പിന്തുണയ്ക്കുകയാണ് ചെയ്തത്. എത്ര നിലവാരം കുറഞ്ഞ നിലയിലാണ് കാര്യങ്ങൾ പോയത്! ശ്രീ. നരേന്ദ്ര മോദി വന്ന് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ നിരന്തരമായി വിമർശിച്ചു, വ്യക്തിപരമായി ആക്ഷേപിച്ചു. പക്ഷെ ഒരു വാക്ക് അദ്ദേഹം തിരിച്ചുപറഞ്ഞില്ല. സ്വർണ്ണക്കള്ളക്കടത്തിന്റെയും മാസപ്പടിയുടെയും കാര്യം പറഞ്ഞിട്ടും കേരളത്തിലെ മുഖ്യമന്ത്രി പഞ്ചപുച്ഛമടക്കി കേട്ടിരുന്നത് നമ്മൾ കണ്ടതാണ്. അതേസമയം ശ്രീ. രാഹുൽ ഗാന്ധിയെ കടന്നാക്രമിക്കാൻ അദ്ദേഹത്തിന് യാതൊരു മടിയുമില്ലായിരുന്നു. കോൺഗ്രസ് ഇത്തവണ ജയിക്കാൻ പോകുന്നില്ലെന്നും അതിനാൽ ആലോചിച്ച് വോട്ട് ചെയ്യണമെന്നും സി.പി.ഐ.(എം.) പ്രവർത്തകർ എല്ലായിടത്തും പ്രസംഗിച്ചുനടന്നു. ബി.ജെ.പി.-യുടെ സഖ്യകക്ഷിയെപ്പോലെയാണ് സി.പി.ഐ.(എം.) പ്രവർത്തിച്ചത്. ബി.ജെ.പി.-ക്ക് വോട്ട് മറിച്ചുകൊടുക്കുകയാണ്

എൽ.ഡി.എഫ്. ചെയ്തത്. സി.പി.ഐ.(എം.)-ഉം ശ്രീ. പിണറായി വിജയനും ചെയ്തതും അതുതന്നെയാണ്. ബി.ജെ.പി.-ക്ക് എതിരെ പോരാടാൻ കോൺഗ്രസിന് കഴിയില്ലെന്ന് പറഞ്ഞുനടന്നു. ബി.ജെ.പി.-യുടെ സ്ഥാനാർത്ഥികൾ 'ഉശിരൻമാരാണ്' എന്നാണ് ഇടതുമുന്നണി കൺവീനർ ശ്രീ. ഇ. പി. ജയരാജൻ എല്ലായിടത്തും പറഞ്ഞത്. ഇന്ത്യാ സഖ്യത്തിന്റെ ഭാഗമായി ദേശീയതലത്തിൽ നിൽക്കുകയും ഇന്ത്യാ സഖ്യത്തിന്റെ മുഖമായ ശ്രീ. രാഹുൽ ഗാന്ധിയെ ആക്ഷേപിക്കുകയും ചെയ്തത് കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ ചില കണക്കുകൾ പറഞ്ഞു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏറ്റവും വലിയ ശക്തികേന്ദ്രമാണ് ആലപ്പുഴ. ശ്രീ. എ. എം. ആരിഫിന് കഴിഞ്ഞതവണ 443803 വോട്ടുകൾ ലഭിച്ചു. 2024 ആയപ്പോൾ 341047 വോട്ടാണ് ലഭിച്ചത്. ഈ ഒരുലക്ഷത്തിലേറെ വോട്ടുകൾ എവിടേയ്ക്കാണ് പോയത്? വോട്ടുകൾ ബി.ജെ.പി.-ക്കാണ് പോയത്. നിങ്ങളുടെ വോട്ടുകൾ കുത്തനെ ബി.ജെ.പി.-യിലേയ്ക്ക് മറിഞ്ഞു.

ശ്രീമതി യു. പ്രതിഭ: സർ, ഹരിപ്പാട്ടും വോട്ടുകൾ പോയി.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഹരിപ്പാട് പോയി, പക്ഷേ കായംകുളത്ത് നിങ്ങൾ മൂന്നാം സ്ഥാനത്താണ്. ഹരിപ്പാട് യു.ഡി.എഫ്. ഒന്നാം സ്ഥാനത്ത് തന്നെയാണ്. 2019-ൽ 186278 വോട്ടുകൾ ബി.ജെ.പി. പിടിച്ചു. 2024-ൽ 296648 വോട്ടുകൾ നേടി, വർദ്ധിച്ചത് 195068 വോട്ടുകൾ. ബി.ജെ.പി.-യും സി.പി.ഐ.(എം.)-ഉം തമ്മിലുള്ള അന്തരം കേവലം അമ്പതിനായിരം വോട്ട് മാത്രമാണ്. നിങ്ങൾക്ക് എന്താണ് സംഭവിച്ചത്; നിങ്ങളുടെ ഒരുലക്ഷം വോട്ട് ബി.ജെ.പി.-ലേയ്ക്ക് മറിഞ്ഞത് എങ്ങനെയാണ്? അത് നിങ്ങൾ ആലോചിക്കേണ്ട കാര്യമാണ്, നിങ്ങൾ ജനങ്ങളോട് പറയേണ്ട കാര്യമാണ്. ഇന്ന് കോൺഗ്രസ്; നാളെ ബി.ജെ.പി. എന്ന് അങ്ങും ഇവിടെയിരുന്ന് പറഞ്ഞിട്ടുണ്ട്. കോൺഗ്രസിൽനിന്ന് ബി.ജെ.പി.-ലേയ്ക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്നു, ശ്രീ. അനിൽ ആന്റണിയും ശ്രീമതി പത്മജ വേണുഗോപാലും പോയി എന്നെല്ലാം ആക്ഷേപിച്ചു. ഇവിടെനിന്നും രണ്ട് വ്യക്തികളെ പോയിട്ടുള്ളൂ, എന്നാൽ നിങ്ങൾക്ക് ആലപ്പുഴയിൽ പോയത് ഒരുലക്ഷം വോട്ടാണ്, അത് നിങ്ങൾ മറക്കരുത്. ആറ്റിങ്ങലിനെക്കുറിച്ച് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ സൂചിപ്പിച്ചു, ബി.ജെ.പി.-ക്ക് ആറ്റിങ്ങലിൽ 2019-ൽ 2,48,000 വോട്ടും 2024-

ൽ 300779 വോട്ടും ലഭിച്ചു. അതായത് ഇപ്പോൾ 63698 വോട്ടുകൾ കൂടുതൽ ലഭിച്ചു. ആറ്റിങ്ങൾ മണ്ഡലത്തിൽ മാത്രം നിങ്ങൾക്ക് 31636 വോട്ടിന്റെ ഭൂരിപക്ഷം ഉണ്ടായിരുന്നിടത്ത് ബി.ജെ.പി.-ക്ക് 6286 വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചു. നിങ്ങളുടെ വോട്ടുകൾ എവിടെപ്പോയി; അവിടെയും നിങ്ങൾ മൂന്നാം സ്ഥാനത്താണ്. കാട്ടാക്കട നിയമസഭാ മണ്ഡലത്തിൽ 2021-ൽ എൽ.ഡി.എഫ്.-ന് 232301 വോട്ടുണ്ടായിരുന്നു, നിങ്ങൾ ഭൂരിപക്ഷമായിരുന്നു. 2024 ആയപ്പോൾ ബി.ജെ.പി.-ക്ക് 4479 വോട്ടിന്റെ ഭൂരിപക്ഷമുണ്ടായി. ആരുടെ കുറ്റമാണ്? തിരുവനന്തപുരത്ത് കഴക്കൂട്ടത്ത് എൽ.ഡി.എഫ്.-ന് 2021-ൽ 23497 വോട്ടിന്റെ ഭൂരിപക്ഷം ഉണ്ടായിരുന്നിടത്ത് 2024-ൽ ബി.ജെ.പി.-ക്ക് 10842 വോട്ടിന്റെ മുൻതൂക്കം ലഭിച്ചു. നേമത്ത് 2021-ൽ എൽ.ഡി.എഫ്.-ന് 3949 വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചപ്പോൾ 2024-ൽ ബി.ജെ.പി.-ക്ക് 26146 വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചു. ഇതിനെല്ലാം ആരാണ് ഉത്തരവാദി? തൃശ്ശൂരിനെക്കുറിച്ച് പറഞ്ഞല്ലോ, ഇരിങ്ങാലക്കുടയിലും ഒല്ലൂരിലും മണലൂരിലും ബി.ജെ.പി. ഒന്നാം സ്ഥാനത്ത് വന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് സി.പി.ഐ.(എം.)-ന് മാറിനിൽക്കാൻ കഴിയുമോ; കരുവന്നൂർ ബാങ്ക്

തട്ടിപ്പുകേസുമായി ബന്ധപ്പെട്ട് നിങ്ങൾ അകത്തുപോകാതിരിക്കാനായി ബി.ജെ.പി.-യും സി.പി.ഐ.(എം.)-ഉം തമ്മിൽ നടത്തിയ നാടകമാണ് തൃശ്ശൂരിൽ ശ്രീ. സുരേഷ് ഗോപിയുടെ വിജയം എന്നുള്ള കാര്യത്തിൽ ഒരു തർക്കവും വേണ്ട. കേസുകളിൽനിന്ന് രക്ഷപ്പെടാൻ, ജയിലുകളിൽ പോകാതിരിക്കാൻ, മാസപ്പടി വിവാദത്തിൽ അന്വേഷണം നടത്താതിരിക്കാൻ കേരളത്തിലെ ബി.ജെ.പി. നേതൃത്വവുമായി നിങ്ങളുണ്ടാക്കിയ കൂട്ടുകെട്ടും അന്തർധാരയുമാണ് കേരളത്തിൽ ബി.ജെ.പി.-ക്ക് ഇത്രയും വോട്ട് കൂടാനിടയാക്കിയത്. മണലൂരിലെ കാര്യം മാഷ് പറഞ്ഞു, ആരാണ് ഒന്നാം സ്ഥാനത്ത്? മണലൂരിലും ഒല്ലൂരിലും തൃശ്ശൂരിലും വോട്ട് കൂടിയതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് നിങ്ങൾക്ക് മാറാൻ കഴിയുമോ? പതിനൊന്ന് മണ്ഡലങ്ങളിൽ ബി.ജെ.പി. ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നു. അതിൽ മൂന്ന് എണ്ണം മന്ത്രിമാരുടെ മണ്ഡലങ്ങളാണ്. ബി.ജെ.പി.-യും സി.പി.ഐ.(എം.)-ഉം തമ്മിലുള്ള അന്തർധാരയാണ് ഇവിടെ ബി.ജെ.പി.-യെ വളർത്തുന്നത്. നിങ്ങൾ അത് തിരിച്ചറിഞ്ഞില്ല. ഈ തിരഞ്ഞെടുപ്പിൽ നിങ്ങൾ കോൺഗ്രസിനെയാണ്, ശ്രീ. രാഹുൽ ഗാന്ധിയെയാണ് എതിർത്തത്.

നിങ്ങളാരും ബി.ജെ.പി.-ക്ക് എതിരെ ഒരക്ഷരം മിണ്ടിയില്ല. കേരളത്തിലെ മുഖ്യമന്ത്രി സഭയ്ക്കകത്തോ പുറത്തോ എവിടെയെങ്കിലും നരേന്ദ്ര മോദിയുടേയോ അമിത് ഷായുടേയോ പേര് പറയുമോ, പറഞ്ഞിട്ടുണ്ടോ? നരേന്ദ്ര മോദിക്ക് എതിരായി ഒരക്ഷരം സംസാരിച്ചിട്ടുണ്ടോ; അങ്ങനെ സംസാരിക്കാത്ത നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ? ബി.ജെ.പി.-ക്ക് എതിരെ രാജ്യത്ത് പോരാട്ടം നടത്തുന്ന പാർട്ടി കോൺഗ്രസാണ്. അതിന് ശ്രീ. പിണറായി വിജയന്റെയോ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെയോ സർട്ടിഫിക്കറ്റ് ഞങ്ങൾക്ക് ആവശ്യമില്ല. സി.പി.ഐ.(എം.)-ൽനിന്ന് ബി.ജെ.പി.-യിലേയ്ക്ക് വോട്ട് മറിച്ച ദല്ലാളന്മാരായി ചരിത്രം നാളെ നിങ്ങളുടെ നേതൃത്വത്തെ വിലയിരുത്തുമെന്ന കാര്യത്തിൽ സംശയം വേണ്ട. സ്വയം രക്ഷപ്പെടാൻ വേണ്ടിയാണ് നിങ്ങൾ ഇതെല്ലാം ചെയ്യുന്നത്. ബംഗാളിലെ നിങ്ങളുടെ സ്ഥിതി എന്താണ്? ബംഗാളിന്റെ സ്ഥിതിയിലേയ്ക്കാണ് കേരളം പോകുന്നത്. ബംഗാളിലെ സി.പി.ഐ.(എം.)-ന്റെ പാർട്ടി ഓഫീസുകൾ ബി.ജെ.പി.-യുടെ ഓഫീസുകളായി മാറിക്കഴിഞ്ഞു. സി.പി.ഐ.(എം.)-ന്റെ അണികൾ കൂട്ടമായി ബി.ജെ.പി.-ലേയ്ക്ക് പോയി. നിങ്ങൾ നേരിടുന്ന

ഡീജനറേഷൻ, ജീർണ്ണതയാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെ കോൺഗ്രസിനെയും യു.ഡി.എഫ്.-നെയും തകർക്കാൻ ബോധപൂർവ്വമായി ബി.ജെ.പി.-യെ സഹായിക്കുന്ന നിങ്ങളുടെ രാഷ്ട്രീയം അവസാനിപ്പിക്കണം. ബി.ജെ.പി.-ക്ക് പുറം ചൊറിഞ്ഞുകൊടുക്കുന്ന നിങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കണം. നിങ്ങൾക്ക് ഞങ്ങൾ ശത്രുക്കളാണെന്നത് ശരിയാണ്. പക്ഷെ ഞങ്ങളാരും ഒരിക്കലും സി.പി.ഐ.(എം.) അവസാനിച്ചു കാണണമെന്നോ ഇല്ലാതാകണമെന്നോ ആഗ്രഹിച്ചവരല്ല. ഞങ്ങൾ ഇന്നും നാളെയും അതാഗ്രഹിക്കുകയുമില്ല. രാജ്യത്തെ വർഗീയ ഫാസിസ്റ്റ് ശക്തികൾക്കെതിരായി ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തുന്ന വലിയ പോരാട്ടമാണ് ജനങ്ങൾ ഇപ്പോൾ അംഗീകരിച്ചതെന്ന് നാം കാണേണ്ടിയിരിക്കുന്നു. തിരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ഗവൺമെന്റ് ഉണ്ടാക്കാനുള്ള ഭൂരിപക്ഷം ലഭിച്ചില്ലെങ്കിലും ഇന്ത്യയുടെ മതേതരത്വവും ജനാധിപത്യവും ഉയർത്തിപ്പിടിക്കാൻ ഇന്ത്യയിലെ ജനങ്ങൾ ഞങ്ങൾക്ക് ഒരവസരം നൽകിയിരിക്കുന്നു. ശക്തമായ പ്രതിപക്ഷമായി നിന്നുകൊണ്ട് ശ്രീ. നരേന്ദ്ര മോദിക്ക് എതിരായ പോരാട്ടവുമായി ഞങ്ങൾ മുന്നോട്ടുപോകും. ഇത്

വിവരദോഷിയുടെയോ വിവരദോഷത്തിന്റെയോ ഒരു കമൻഡ് അല്ല. കേരളത്തിലെ ജനങ്ങൾ ഇന്ന് ശ്രീ. പിണറായി വിജയനെതിരാണ്. കേരളത്തിലെ ജനങ്ങൾ ശ്രീ. പിണറായി വിജയന്റെ രാഷ്ട്രീയത്തിനും ഭരണനടപടികൾക്കും എതിരാണ്. രാജ്യത്തെ ജനങ്ങളെ കഷ്ടപ്പെടുത്തുന്ന, സംസ്ഥാനത്തെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഈ ഗവൺമെന്റിനെതിരാണ്. നിങ്ങൾ എത്ര നവകേരള സദസ്സ് നടത്തിയാലും എത്ര ജനസമ്പർക്ക പരിപാടി നടത്തിയാലും ജനങ്ങൾക്ക് നിങ്ങളോടുള്ള എതിർപ്പ് എത്ര വലുതാണെന്ന് ഈ തിരഞ്ഞെടുപ്പിലൂടെ തെളിഞ്ഞില്ലേ? സംസ്ഥാനത്തെ എല്ലാ മന്ത്രിമാരും ഒരുമിച്ചുപോയി ജനങ്ങളെ കണ്ട് വാഗ്ദാനങ്ങൾ കൊടുത്തില്ലേ? അതിനുശേഷം ജനങ്ങളെ കാണാനും എല്ലാവരെയും വിളിച്ചുകൂട്ടാനും വീണ്ടും മുഖ്യമന്ത്രി പോയില്ലേ? സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള ആളുകളുമായി ആശയസംവാദം നടത്തിയില്ലേ; എന്നിട്ട് എന്താണ് സംഭവിച്ചത്? നിങ്ങൾ മനസ്സിലാക്കണം, ശ്രീ. നരേന്ദ്ര മോദിയെപ്പോലെ ശ്രീ. പിണറായി വിജയനെയും ജനങ്ങൾ വെറുക്കുന്നു. നിങ്ങളുടെ രാഷ്ട്രീയത്തെ എതിർക്കുന്നു. അതിനെതിരായ ശക്തമായ പോരാട്ടങ്ങളുമായി ഞങ്ങൾ മുന്നോട്ടുപോകും. ശ്രീ.

എം. വി. ഗോവിന്ദൻ മാസ്റ്ററുടെ പ്രസംഗം കേട്ടപ്പോൾ അങ്ങ് അവിടെയിരുന്ന് ചിരിക്കുന്നത് ഞാൻ കണ്ടു. കേരളം ഇതുവരെ നേടിയ നേട്ടങ്ങൾ മുഴുവൻ അദ്ദേഹം സി.പി.ഐ.(എം.)-ന്റെ അക്കൗണ്ടിൽ എഴുതിയത് വളരെ ദൗർഭാഗ്യകരമാണ്. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ കേരളം നേടിയ നേട്ടം 1957 മുതൽ കേരളത്തിലുണ്ടായ എല്ലാ ഗവൺമെന്റുകൾക്കും അവകാശപ്പെടാൻ കഴിയുന്ന ഒന്നാണ്. അതെല്ലാം സ്വന്തം അക്കൗണ്ടിൽ എഴുതിയാൽ ജനങ്ങളാരും അത് അംഗീകരിക്കാൻ പോകുന്നില്ല. വസ്തുതകളെ വസ്തുതകളായി  കണ്ടുകൊണ്ട് നിങ്ങൾ തെറ്റുകൾ തിരുത്തിയാൽ നല്ലതാണ്. ബി.ജെ.പി. വളരണമെന്ന് ഞങ്ങളാരും പറയുന്നില്ല.  ബി.ജെ.പി.-യെ നേരിടുന്ന ഇന്ത്യയിലെ ഏക രാഷ്ട്രീയപ്രസ്ഥാനം കോൺഗ്രസാണ്. കേരളത്തിൽ ഞങ്ങൾ അതിനായി പോരാടുന്നു.  ആ പോരാട്ടത്തിൽ തീർച്ചയായും കേരളത്തിലെ ജനങ്ങൾ ഞങ്ങളോടൊപ്പമുണ്ടാകുമെന്ന് ഞങ്ങൾക്കറിയാം. അതിന് കേരള ജനത ഞങ്ങൾക്ക് നൽകിയിരിക്കുന്ന ഒരു mandate ഉണ്ട്.  കഴിഞ്ഞതവണ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ 19 സീറ്റ് ലഭിച്ചു. പിന്നീട് നിങ്ങൾ അധികാരത്തിൽ വന്നുവെന്ന് പറഞ്ഞു, ഒരിക്കൽ ചക്ക

വീണ് മുയൽ ചത്താൽ എപ്പോഴും ചക്ക വീഴുമെന്നും മുയൽ ചാകുമെന്നും നിങ്ങൾ വിചാരിക്കേണ്ട. കേരളത്തിലെ യു.ഡി.എഫ്. അതിശക്തമായിത്തന്നെ തിരിച്ചുവരുമെന്ന് വീണ്ടും ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, പതിനഞ്ചാം കേരള നിയമസഭയിൽ പതിനൊന്നാം സമ്മേളനത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ കണക്കുകൊണ്ട് പട വെട്ടണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. മൊത്തത്തിൽ പരിശോധിച്ചാൽ ഇടതുപക്ഷത്തിനും യു.ഡി.എഫ്.-നും അത്രയൊന്നും സന്തോഷിക്കത്തക്ക ഒരു റിസൾട്ടല്ല ഉണ്ടായിട്ടുള്ളത്. അതിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളുകയും സംഭവിച്ച വീഴ്ചകൾ എന്താണെന്ന് പരിശോധിക്കുകയും ചെയ്യുകയെന്നുള്ളതാണ് രണ്ടുകൂട്ടർക്കും ഉചിതമായ മാർഗ്ഗമെന്നാണ് ഞാൻ വിചാരിക്കുന്നത്. ജനാധിപത്യവും മതേതരത്വവും ഇന്ത്യൻ ഫെഡറലിസവും തകർത്ത് അധികാരത്തിൽ വീണ്ടും വരാൻ ആഗ്രഹിച്ച ഒരു ഭരണകൂടത്തിന് അവിടേയ്ക്കുള്ള

വഴി കുറച്ചുകൂടി ദുർബലപ്പെടുത്താൻ അഖിലേന്ത്യാ രാഷ്ട്രീയ സംവിധാനത്തിൽ ഇന്ത്യാ സഖ്യത്തിന് സാധിച്ചുവെന്നുള്ള സന്തോഷത്തിന്റെ ഒരു സന്ദർഭം ഈ തിരഞ്ഞെടുപ്പ് മുന്നോട്ടുവയ്ക്കുന്നുണ്ട്. എന്നാൽ ദൗർഭാഗ്യകരമെന്നുപറയട്ടെ, ഞാൻ ഉൾപ്പെടുന്ന തൃശ്ശൂർ മണ്ഡലത്തിലെ ഡി.സി.സി. ഓഫീസിന് മുന്നിലെ വാട്ടർ ടാങ്കിലെ ചെളിക്കുണ്ടിൽ നിന്നാണ് താമര വിരിഞ്ഞത്. അതിനുശേഷം രണ്ട് ദിവസങ്ങളിലായി അവിടെ നടന്ന അരങ്ങേറ്റം, കൂട്ടത്തല്ല് ഇതെല്ലാം തൃശ്ശൂരിൽ ഉയർത്തി കാണിക്കുന്ന രാഷ്ട്രീയ കോലാഹലങ്ങൾ ചെറുതല്ല. മറ്റ് പല മണ്ഡലങ്ങളുടെയും കണക്ക് പറയുന്ന നേതാക്കൾ രണ്ട് പേരുടെ രാജിക്കത്ത് പോക്കറ്റിലിട്ടുനിന്നാണ് വർത്തമാനം പറയുന്നത്. കേരളത്തിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും ഡി.സി.സി. പ്രസിഡന്റിന്റെയും യു.ഡി.എഫ്. കൺവീനറുടെയും രാജിക്കത്ത് പോക്കറ്റിലിട്ടുകൊണ്ടാണ് നിൽക്കുന്നത്. എന്തിനാണ് അവർ രാജിവച്ചത്? 86000 വോട്ട് യു.ഡി.എഫ്.-ൽനിന്ന് നഷ്ടപ്പെട്ടതുകൊണ്ട് മാത്രമാണോ? ശ്രീമതി പത്മജ വേണുഗോപാൽ ബി.ജെ.പി.-യിലേയ്ക്ക് പോയതുകൊണ്ടാണോ? രാഷ്ട്രീയത്തിൽനിന്നും ഞാനിനി വിടുതൽ പ്രഖ്യാപിക്കുന്നുവെന്ന് കെ. കരുണാകരന്റെ മകൻ ശ്രീ. കെ.

മുരളീധരൻ പ്രഖ്യാപിച്ചതുകൊണ്ടാണോ? കെ.പി.സി.സി. നേതൃത്വം മുഴുവൻ ശ്രീ. കെ. മുരളീധരന്റെ പുറകേയാണ്. വയനാട് വേണോ, കെ.പി.സി.സി. പ്രസിഡന്റ് പദവി വേണോ? ഏത് പദവി വേണമെങ്കിലും നൽകാമെന്നാണ് പറയുന്നത്. കേരളത്തിൽ ബി.ജെ.പി.-യുടെ വോട്ട് വർദ്ധനവിൽ ചില മണ്ഡലങ്ങളിലുണ്ടായ മാറ്റങ്ങൾക്ക് കാരണമെന്താണ്? കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയ കേരളത്തിനുവേണ്ടിയുള്ള എല്ലാ നീക്കങ്ങളെയും പിന്നിൽനിന്ന് കുത്താനും ജനങ്ങളുടെ പക്ഷത്തുനിന്ന് വളരെ കരുതലോടെ പ്രവർത്തിക്കുന്നതിന് പകരം ഏകപക്ഷീയമായി എതിർക്കുന്നതിനുമാണ് യു.ഡി.എഫ്. ശ്രമിച്ചിട്ടുള്ളത്. ഇവർ ഇപ്പോൾ നവകേരള സദസ്സിനെക്കുറിച്ച് പറയുന്നു. അതുപോലെ കേരളത്തിൽ നടന്ന മുഖാമുഖം പരിപാടിയെ വിമർശിക്കുന്നു. ആ പരിപാടിയെല്ലാം പാളിയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നുപറയുന്നു. അഖിലേന്ത്യാ തിരഞ്ഞെടുപ്പുകളെ സംബന്ധിച്ചിടത്തോളം കേരളത്തിലെ പൊതുജന സമൂഹത്തിന് ചില കാഴ്ചപ്പാടുകളുണ്ട്. ആ കാഴ്ചപ്പാടുകൾ ഓരോ തിരഞ്ഞെടുപ്പുകളിലും മാറി

വരുന്നത് കേരളത്തിന്റെ തിരഞ്ഞെടുപ്പ് ചിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഡൽഹിയിലെ മാറ്റത്തെക്കുറിച്ച് കേരളത്തിന് ചില അഭിപ്രായങ്ങളുണ്ടാകുന്നത് സ്വാഭാവികമാണ്. എങ്ങനെയാണ് ബി.ജെ.പി.-യുടെ വളർച്ചയെന്നുള്ളതാണ് പരിശോധിക്കേണ്ടത്. ബി.ജെ.പി.-യുടെ വളർച്ചയ്ക്ക് പിന്നിൽ ബി.ജെ.പി.-യെ നിരന്തരമായി എതിർത്തുകൊണ്ടിരിക്കുന്ന, ആർ.എസ്.എസ്.-മായി നിരന്തരം ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്ന ഇടതുപക്ഷമാണ് അതിന് ഉത്തരവാദിയെന്ന് പറയാൻ ഇവർക്ക് എങ്ങനെ കഴിയുന്നു? ഇവർ പറയുന്നത് കേരളത്തിന്റെ മുഖ്യമന്ത്രി ചില പുരോഹിതന്മാരെ അവഹേളിക്കുന്ന രീതിയിൽ സംസാരിച്ചുവെന്നാണ്. പുരോഹിതന്മാരുടെയും മതസാമുദായിക നേതാക്കന്മാരുടെയും പരിലാളനം ഏറ്റുവളർന്ന ഒരു പ്രസ്ഥാനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്നൊന്നും ഞങ്ങൾ വിചാരിക്കുന്നില്ല. ഈ രാജ്യത്തിലെ പാവപ്പെട്ടവന്റെ കയ്യിൽ കൊടി കൊടുത്ത് അവനെ നിവർന്നുനിൽക്കാൻ പഠിപ്പിച്ച് സമുദായ രാവണകോട്ടകളിലെ വർഗ്ഗീയവാദികളെ എന്നും എതിർത്തിട്ടുള്ള പ്രസ്ഥാനമാണ് കേരളത്തിലെ

ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനം. അതുകൊണ്ട് അതിന്റെ നേതാക്കൾക്ക് കേരളത്തിൽ വളർന്നുവരുന്ന വർഗ്ഗീയതയെ താലോലിച്ചുകൊണ്ട് വർത്തമാനം പറയുന്ന ആരാണെങ്കിലും വിമർശിക്കേണ്ടിവരും. അത് മതപൗരോഹിത്യ മതസാമുദായിക വിമർശനമായി പരിഗണിക്കേണ്ടതില്ല. എല്ലാ ഘട്ടങ്ങളിലും ഇത്തരം പാളിച്ചകളെ ചൂണ്ടിക്കാണിച്ചുകൊണ്ടുതന്നെയാണ് ഇടതുപക്ഷം മുന്നോട്ടുവന്നിട്ടുള്ളത്. നിങ്ങൾക്ക് അതിന് സാധിക്കുമോ? കേരളത്തിലെ ന്യൂനപക്ഷ സമുദായത്തിനകത്തുള്ള തീവ്രവാദ പ്രസ്ഥാനങ്ങളെ വിരൽചൂണ്ടി എതിർക്കാൻ കോൺഗ്രസിന് സാധിച്ചിട്ടുണ്ടോ? അങ്ങനെ എതിർക്കാൻ സാധിച്ചിട്ടില്ലെന്ന് കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പ് കാലത്ത് കേരളത്തിലെ പല രാഷ്ട്രീയ പാർട്ടികളും ന്യൂനപക്ഷ മതങ്ങളെ കേന്ദ്രീകരിച്ച് രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന പല പ്രസ്ഥാനങ്ങളും തെളിയിച്ചിട്ടുള്ളതല്ലേ? അതുകൊണ്ട് ഇടതുപക്ഷത്തെ വല്ലാതെ കടന്നാക്രമിക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കണം. മലയാളികളുടെ മാതൃഭൂമി പെട്ടെന്ന് എല്ലാ അർത്ഥത്തിലും വലുതായി വന്നതല്ല. ഞങ്ങൾക്കും പങ്കുണ്ടെന്ന് അവകാശപ്പെടുന്നതൊക്കെ

കൊള്ളാം, പക്ഷേ ഒരു 'കേരള മോഡൽ' കേരളത്തിന്റെ മുന്നിൽവച്ചുകൊണ്ട് കേരളത്തിലെ സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന പോരാട്ടത്തിന് തയ്യാറെടുത്ത രാഷ്ട്രീയപ്രസ്ഥാനം ഏതാണ്? 1957 മുതലുള്ള ചരിത്രം പരിശോധിച്ചാൽ കേരളത്തിലെ അംഗുലീപരിമിതമായ മാറ്റങ്ങൾക്കെങ്കിലും നെടുനിർണ്ണായകത്വം വഹിച്ചിട്ടുള്ളത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേതൃത്വം കൊടുത്തിട്ടുള്ള മുഖ്യമന്ത്രിമാരാണ്. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ കേരളത്തിൽ ഇടതുപക്ഷം തകർന്നു, അതിൽ പരിപൂർണ്ണമായി ഞങ്ങൾ ആഹ്ലാദിക്കുന്നുവെന്ന് നിങ്ങൾക്ക് വിചാരിക്കാറായിട്ടില്ല. കേന്ദ്ര ഗവൺമെന്റ് തുടരുന്ന എല്ലാ നയങ്ങളെയും എതിർക്കുന്നതിൽ കേരളത്തിൽനിന്ന് ഏതെങ്കിലും ഘട്ടത്തിൽ നിങ്ങൾ കൂട്ടുനിന്നിട്ടുണ്ടോ? കേരളത്തെ സാമ്പത്തികമായി അവഗണിക്കുന്ന കാര്യത്തിൽ എം.എൽ.എ.-മാരെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിലേയ്ക്ക് പോയപ്പോഴും കേരളത്തിന്റെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് തയ്യാറായപ്പോഴും ഒരു ഘട്ടത്തിലും നിങ്ങളെ കേരളത്തിലെ ഈ മുന്നണി സംവിധാനത്തിനൊപ്പം കണ്ടില്ലല്ലോ. ഇടതുപക്ഷ മുന്നണിക്ക് ഇതുകൊണ്ട് രാഷ്ട്രീയ മുതലെടുപ്പ്

ഉണ്ടാകുമെന്നാണ് നിങ്ങൾ പറഞ്ഞത്. കേന്ദ്ര ഗവൺമെന്റ് കേരളത്തെ ഒറ്റപ്പെടുത്തുന്നു, അതുകൊണ്ട് ആ കേന്ദ്ര ഗവൺമെന്റിനെ കേരളത്തിന് അനുകൂലമായ ദിശയിലേയ്ക്ക് കൊണ്ടുവരണം, അതിനായി പ്രതിപക്ഷം കൂടെ നിൽക്കണമെന്നാണ് ഞങ്ങൾ പറഞ്ഞത്. ഒരു ഘട്ടത്തിലും കൂടെ നിൽക്കുകയോ കേന്ദ്ര ഗവൺമെന്റിനെ തള്ളിപ്പറയുകയോ നിങ്ങൾ ചെയ്തില്ലല്ലോ? അവർ കൊണ്ടുവന്ന ഹിന്ദുത്വ ലൈനിൽ മൃദുഹിന്ദുത്വമെന്ന മറ്റൊരു പേരെഴുതി ചേർത്തുകൊണ്ട് കൂടെ ചേരുകയാണ് യഥാർത്ഥത്തിൽ കോൺഗ്രസ് ചെയ്തത്. സാമ്പത്തികമായും എല്ലാ അർത്ഥത്തിലും ഇന്ത്യയെ സവർണ്ണ ഫാസിസത്തിന് കീഴിലേയ്ക്ക് കൊണ്ടുവരുന്ന ഒരു ഗവൺമെന്റിനെതിരെ നടന്ന രാഷ്ട്രീയ പടയൊരുക്കത്തിൽ, അഖിലേന്ത്യാടിസ്ഥാനത്തിൽ 'ഇന്ത്യാ മുന്നണി' മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയത്തിന്റെ നിലപാടുതറയിലാണ് ഇവിടെ എൽ.ഡി.എഫ്. ഉറച്ചുനിന്നത്. യു.ഡി.എഫ്.-ന് അങ്ങനെ പറയാൻ കഴിയുമോ? നിർണ്ണായകമായ നമ്മുടെ ഫെഡറൽ സംവിധാനത്തെയും ഇന്ത്യൻ ജനാധിപത്യത്തെയും അട്ടിമറിക്കുന്ന, ഇന്ത്യൻ ഭരണഘടനയെ ചോദ്യം ചെയ്യുന്ന പൗരത്വ ഭേദഗതി ബിൽ നിലവിൽ വന്ന സന്ദർഭത്തിൽ നിങ്ങളുടെ

നിലപാട് എന്തായിരുന്നു; ആ ബില്ലിനെതിരെ നിങ്ങളുടെ തിരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞതെന്താണ്? സത്യത്തിൽ നിങ്ങളുടെ തിരഞ്ഞെടുപ്പ് പ്രകടന പത്രിക ലേയ്സിന്റെ പാക്കറ്റ് പോലെയാണ്. കവർ കണ്ടാൽ തോന്നും വയർ നിറച്ച് കഴിക്കാനുണ്ടെന്ന്, എന്നാൽ പൊട്ടിച്ചാൽ നാലഞ്ച് കഷ്ണമേ ഉണ്ടാകുകയുള്ളൂ. ആ പ്രകടന പത്രിക നിങ്ങളൊന്ന് വായിച്ച് നോക്കണം.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.....

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഇന്ത്യയിലെ ഏതെങ്കിലും പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? നിങ്ങളത് ജനകീയ മുന്നണിയുടെ മുന്നിൽ, ജനപക്ഷത്ത് വിശദീകരിക്കാൻ തയ്യാറായിട്ടുണ്ടോ? കേരളത്തിൽ നിലനിൽക്കുന്ന ഈ മന്ത്രിസഭ മുന്നോട്ടുകൊണ്ടുവരുന്ന, ജനസമൂഹത്തിന്റെ പദ്ധതികളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ധനം അഭ്യർത്ഥിച്ചാലും ബഹുമാനപ്പെട്ട മന്ത്രിമാർക്ക് ഒന്നും ലഭിക്കില്ല. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചിട്ട് കാര്യമില്ല. അഭ്യർത്ഥിക്കുകയെന്നതല്ലാതെ, ഒന്നും ലഭിക്കില്ലെന്നുള്ള കാര്യം എല്ലാവർക്കും അറിയാമല്ലോ. ഒരു പൊതുതിരഞ്ഞെടുപ്പിനുശേഷം ചേരുന്ന നിയമസഭയാണിത്. "ഇടതില്ലെങ്കിൽ ഇന്ത്യയില്ല" എന്ന് കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലത്ത് എൽ.ഡി.എഫ്.-ന്റെ ഒരു പരസ്യമുണ്ടായിരുന്നു. അത് അറംപറ്റി എന്ന് പറയാതിരിക്കാൻ കഴിയില്ല. ഇന്ത്യ, അതായത് 'ഇന്ത്യാ മുന്നണി' അവിടെയുണ്ട്, പക്ഷേ ഇടതില്ല എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. ഇന്ത്യാ മുന്നണി അവിടെയുണ്ട് എന്നുമാത്രമല്ല, കോൺഗ്രസ് വന്നു. പൊന്നാനിയെ ഉദ്ദേശിച്ച് തയ്യാറാക്കിയ പരസ്യത്തിലെ അടുത്ത വാചകം "ഇടതില്ല എങ്കിൽ ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ രണ്ടാം ക്ലാസ് പൗരന്മാരായി മാറു"മെന്നാണ്. ഇടതില്ല, പക്ഷേ കോൺഗ്രസ് നൂറ് സീറ്റുകൾ തികച്ചപ്പോൾ ആർക്കും ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെയോ പിന്നാക്ക വിഭാഗത്തിലെ ജനങ്ങളെയോ മറ്റോ ഇനി രണ്ടാം ക്ലാസാക്കാൻ കഴിയില്ലെന്ന്

ഉറപ്പുവരുത്തിയതാണ് ഈ തിരഞ്ഞെടുപ്പിന്റെ ഏറ്റവും വലിയ പ്രത്യേകത. ഞാനിക്കാര്യം രാഷ്ട്രീയപരമായോ തമാശയായോ പറയുന്നതല്ല. ഇത്തവണ ഞാൻ ഇന്ത്യാ മുന്നണിയുടെ യോഗത്തിൽ പങ്കെടുത്തിരുന്നു. സത്യത്തിൽ ബി.ജെ.പി.-യല്ല, കോൺഗ്രസാണ് ജയിച്ചിരിക്കുന്നതെന്നാണ് അവിടത്തെ മൂഡ് കണ്ടാൽ മനസ്സിലാകുന്നത്. എൻ.ഡി.എ.-യുടെ യോഗങ്ങൾ നാം ടി.വി.-യിലും മറ്റും കാണുന്നുണ്ടല്ലോ, അവിടത്തെ ബോഡി ലാംഗ്വേജും മറ്റുമൊക്കെ വീക്ഷിച്ചാൽ, അവർ തോറ്റതുപോലെയാണ് തോന്നുന്നത്. ഇന്ത്യാ മുന്നണിയുടെ യോഗത്തിൽ എല്ലാവരും വിജയാഘോഷത്തിന്റെ മൂഡിലായിരുന്നു. ഞാനത് നോക്കിയിരുന്ന് ആസ്വദിച്ചു. ഒരു കാര്യം സമ്മതിക്കണം, അവിടത്തെ മുഖ്യ കാർമ്മികത്വം ബഹുമാന്യരായ സീതാറാം യെച്ചൂരിക്കും ഡി. രാജയ്ക്കുമാണ്. അവർ വളരെ ഹാപ്പിയാണ്. ശ്രീ. രാഹുൽ ഗാന്ധി വിശാലമനസ്കതയോടുകൂടി എല്ലാ കാര്യത്തിലും, പ്രമേയം ഡ്രാഫ്റ്റ് ചെയ്യുന്ന കാര്യത്തിൽപ്പോലും അവരെയാണ് ചുമതലകൾ ഏൽപ്പിച്ചുകണ്ടത്. ഇവിടെ ശ്രീ. രാഹുൽ ഗാന്ധിക്കെതിരായി എന്തെങ്കിലും പറഞ്ഞെന്നോ അദ്ദേഹത്തിനെതിരായി മത്സരിച്ചെന്നോയുള്ള ഒരു കാര്യങ്ങളിലും ശ്രീമതി സോണിയ ഗാന്ധിയോ ശ്രീ.

രാഹുൽ ഗാന്ധിയോ അനിഷ്ടം കാണിക്കുന്നുണ്ടായിരുന്നില്ല. വളരെ വിശാലമനസ്കതയോടുകൂടിയാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ഞാൻ പറഞ്ഞ ഈ രാഷ്ട്രീയത്തിന്റെ ഏറ്റവും വലിയ പ്രാധാന്യം കാണേണ്ടതുണ്ട്. അത് നിങ്ങൾ പരസ്യത്തിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് പറഞ്ഞതല്ല. ഇന്ത്യാ മുന്നണിയുടെ ഈ ജയം ഇന്ത്യയെ രക്ഷിച്ചു എന്നുള്ളതാണ്. ഇവിടെ ഞാൻ ഉദ്ദേശിക്കുന്നത് 'ഭാരത(ഇന്ത്യാ രാജ്യം)'മെന്ന് തന്നെയാണ്. എന്തായിരുന്നു നമ്മുടെ സ്ഥിതി? ഒന്നും ഇനി നടക്കില്ല. ഇനിയാർക്കും ഒരു പേടിയും വേണ്ട. കോൺഗ്രസ് അധികാരത്തിൽ വന്നിട്ടില്ല, നൂറ് സീറ്റ് തികച്ചിട്ടേയുള്ളൂ, പക്ഷേ ഇന്ത്യ (മഹാഭാരതം) രക്ഷപ്പെട്ടു. കാരണം, ബി.ജെ.പി. ഉയർത്തിയിരുന്ന ഭീഷണികളിൽ ജുഡീഷ്യറി സംവിധാനം അപകടത്തിലായിരുന്നു. ഇത്തരത്തിൽ മുന്നോട്ടുപോയിരുന്നെങ്കിൽ, ജുഡീഷ്യറിയിൽ നിഷ്പക്ഷതയുണ്ടോ ഇല്ലയോ, ഈ പോക്ക് എവിടേയ്ക്കാണ് എന്ന് പെറ്റീഷനുമായി പോകുന്ന ഓരോരുത്തരും ഭയപ്പെട്ടിരുന്നു. ഇനിയത് നടക്കില്ല, ബി.ജെ.പി.-ക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഇപ്പോൾ CAA (Citizenship (Amendment) Act) മാത്രമാണുള്ളത്. NRC (National Register of Citizens) കാണിച്ചാണ് അവർ

എല്ലാവരെയും പേടിപ്പിച്ചത്. അത് ഇനി നടക്കുമോ? അതിൽ തൊടാൻ കഴിയില്ല. പ്രതിപക്ഷം അത്രയും ശക്തമാണ്. അതിൽ നാമെല്ലാമുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അവിടെ കോൺഗ്രസിന്റെ നൂറ് സീറ്റിലെ വിജയം ചെറുതായി കാണേണ്ടതില്ല. ഇന്ത്യയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസുണ്ടെങ്കിൽ മാത്രമെ നമുക്ക് രക്ഷയുള്ളൂ എന്ന കാര്യം മനസ്സിലാക്കണം. ഇനി NRC നടക്കില്ല. ഏക സിവിൽ കോഡും മറ്റും നടപ്പാക്കുമെന്ന് അവർ പറഞ്ഞിരുന്നു. അതൊന്നും ഇനി എൻ.ഡി.എ.-യ്ക്കോ ബി.ജെ.പി.-ക്കോ നടപ്പാക്കാൻ കഴിയില്ല. ഭരണം ലഭിച്ചില്ലെങ്കിലും തരക്കേടില്ല, ഭരിക്കുന്ന കക്ഷിയേക്കാൾ ഈ തിരഞ്ഞെടുപ്പ് വിജയിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസും ഇന്ത്യാ മുന്നണിയുമാണെന്ന് ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. അതിന്റെ ദൂരവ്യാപകമായ കാര്യങ്ങളാണ് ഞാൻ പറഞ്ഞത്.

കേരളത്തിൽ നിങ്ങൾ എന്തെല്ലാം പരീക്ഷണങ്ങൾ നടത്തി. ഞങ്ങളുടെ കാര്യം പറയാം. പൊന്നാനി പരീക്ഷണംപോലെ ഒരു സമീപനം ഈ ഭൂമിയിൽ ഇനി ബാക്കിയുണ്ടോ? ഓരോ തിരഞ്ഞെടുപ്പ് വരുമ്പോഴും ഓരോ

പരീക്ഷണമാണ്. ഒരു തിരഞ്ഞെടുപ്പിൽ ആരൊക്കെയാണ് സ്റ്റേജിൽ അണിനിരന്നതെന്നുള്ളത് ഞാൻ പറയേണ്ടതില്ലല്ലോ. പേരുകൾ പറയാൻ ഞാൻ മടിക്കുകയാണ്. ആ പരീക്ഷണത്തെ ഞങ്ങൾ നേരിട്ടതാണ്. കുറച്ച് വോട്ടുകൂടി, ഞങ്ങൾ ജയിച്ചു. ഒരു ദിവസം പോലും സ്റ്റേജിൽ കയറിയിട്ടില്ലാത്ത, വൈക്കം കണ്ടിട്ടില്ലാത്ത, ഞങ്ങളുടെ കൂട്ടത്തിൽനിന്ന് പുറത്താക്കിയ ഒരാളെ ഇത്തവണ ചിഹ്നം കൊടുത്ത് മത്സരിപ്പിച്ചു. രണ്ടര ലക്ഷം വോട്ടിനാണ് ആ വ്യക്തി പരാജയപ്പെട്ടത്. പല പരീക്ഷണങ്ങളാണ് നിങ്ങൾ നടത്തിയത്. കഴിഞ്ഞ പൊന്നാനി പരീക്ഷണത്തിൽ വേറെ ചില മാർഗ്ഗങ്ങളായിരുന്നു സ്വീകരിച്ചിരുന്നത്. ഇത്തവണത്തെ പൊന്നാനി പരീക്ഷണത്തിൽ ഞങ്ങളെ ഡിവൈഡ് ചെയ്യാനും മറ്റും കഴിയുമോയെന്നുള്ളതാണ് നോക്കിയത്. ഒരു പഞ്ചായത്തിലേയ്ക്കോ അസംബ്ലിയിലേയ്ക്കോ പോലും മത്സരിച്ചിട്ടില്ലാത്ത, ഞങ്ങൾ പുറത്താക്കിയെന്ന ഏക മഹത്വമുള്ള ഒരാളെ പാർലമെന്റിലേയ്ക്ക് സീറ്റ് കൊടുത്ത് മത്സരിപ്പിക്കുകയാണ് ചെയ്തത്. ആ വ്യക്തി രണ്ടര ലക്ഷം വോട്ടിന് തോൽക്കുകയുണ്ടായി. കേരള രാഷ്ട്രീയത്തിലും ഞങ്ങളുടെ മതേതരത്വം പരീക്ഷിച്ച ഒരു സമയമാണിത്. വടകര, കാസർഗോഡ്, തിരുവനന്തപുരം

തുടങ്ങി എവിടെയുമാകട്ടെ, ജാതിയും മതവും ഉപജാതിയുമൊന്നും നോക്കാതെ വോട്ട് ചെയ്ത് ആരെയാണോ പൊളിറ്റിക്കലായി ജയിപ്പിക്കേണ്ടത്, ആ വ്യക്തിയെ ജയിപ്പിക്കുന്ന പാർട്ടിയാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് എന്നുള്ളത് തെളിഞ്ഞു. ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണി തിരൂരങ്ങാടി നിയമസഭാ മണ്ഡലത്തിൽ മത്സരിച്ചപ്പോൾ അദ്ദേഹത്തിന്റെ സമുദായത്തിൽപ്പെട്ട ഒരു വോട്ടും അന്ന് അവിടെയുണ്ടായിരുന്നില്ല, പക്ഷേ യാതൊരു പ്രശ്നവുമുണ്ടായില്ല. ഇക്കാര്യം ഞങ്ങൾ അഭിമാനപൂർവം എല്ലായിടത്തും പറയാറുണ്ട്. അതുകൊണ്ട് ഈ പ്രാവശ്യത്തെ പാർലമെന്റ് തിരഞ്ഞെടുപ്പിലുണ്ടായ വിജയത്തിൽ ഞങ്ങൾക്ക് വലിയ അഭിമാനമുണ്ട്. ഒരു പാർലമെന്റ് തിരഞ്ഞെടുപ്പിൽ നിങ്ങളുടെ മുദ്രാവാക്യം "ലീഗില്ലാത്ത പാർലമെന്റ്" എന്നായിരുന്നു. ഇപ്പോൾ സത്യത്തിൽ കേരളത്തിൽനിന്ന് സി.പി.ഐ.(എം.)-നേക്കാൾ (സി.പി.ഐ. ഇല്ല) ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് അംഗങ്ങളാണ് കൂടുതലുള്ളത്. അതെല്ലാം ഓരോ ചരിത്ര കാര്യങ്ങളായതിനാൽ ഞാനിവിടെ പരാമർശിച്ചുവെന്ന് മാത്രമേയുള്ളൂ. ഈ നിലയിൽ പോകുകയാണെങ്കിൽ നമ്മുടെ കേരളത്തിൽ വലിയ രാഷ്ട്രീയ

മാറ്റമുണ്ടാകും. തൃശ്ശൂരിലെ ബി.ജെ.പി.-യുടെ വിജയത്തെക്കുറിച്ച് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ പറഞ്ഞു. ഞാൻ ഒരു കാര്യം പറയട്ടെ, അവിടെയും ഞങ്ങൾക്ക് അഭിമാനമുണ്ട്. ശ്രീ. രമേശ് ചെന്നിത്തല സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഹരിപ്പാട് മണ്ഡലത്തെക്കുറിച്ച് പറഞ്ഞതുപോലെ ഞങ്ങൾ മത്സരിച്ച ഗുരുവായൂരിൽ എൽ.ഡി.എഫ്.-ന് ഏഴിൽ ആറ് സീറ്റും നഷ്ടമായി. രണ്ടോ മൂന്നോ സ്ഥലങ്ങളിൽ മൂന്നാം സ്ഥാനത്തായി, ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മണ്ഡലമായ ഇരിഞ്ഞാലക്കുടയിലും എൽ.ഡി.എഫ്. മൂന്നാം സ്ഥാനത്തായി. അങ്ങനെയൊക്കെ സംഭവിച്ചിട്ടും ഞങ്ങൾ മത്സരിച്ച ഗുരുവായൂരിൽ ശ്രീ. കെ. മുരളീധരൻ തന്നെയാണ് ലീഡ് ചെയ്തതെന്ന് എടുത്തുപറയുകയാണ്. വോട്ട് ശോഷണം സംഭവിച്ചത് എവിടെയാണെന്നും എങ്ങനെയാണെന്നും പരിശോധിക്കാൻ ഭരണപക്ഷവും ബാധ്യസ്ഥരാണ്, വർത്തമാനം പറഞ്ഞുപോയിട്ട് കാര്യമൊന്നുമില്ല. ഇന്ത്യയിൽ കോൺഗ്രസ്സ് തിരിച്ചുവന്നിരിക്കുകയാണ്. പക്ഷെ, ഇടതുപക്ഷം ഇപ്പോഴും തിരിച്ചുവന്നിട്ടില്ലെന്നതാണ് വാസ്തവം. പശ്ചിമബംഗാളിലും ത്രിപുരയിലും തിരിച്ചുവന്നിട്ടില്ല, അവിടെയും വോട്ടുകൾ വൻതോതിൽ ബി.ജെ.പി.-ക്ക്

പോകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സമയമായി എന്നുമാത്രമെ എനിക്ക് പറയാനുള്ളൂ. അതുപോലെതന്നെ ഇവിടെ സർക്കാരിനെക്കുറിച്ച് പറയുകയാണെങ്കിൽ ധനം അഭ്യർത്ഥിച്ചിട്ട് കാര്യമില്ലെന്ന് ഞാൻ ധനാഭ്യർത്ഥനയെക്കുറിച്ച് ആലങ്കാരികമായി പറഞ്ഞതാണ്. ഇവിടെ ആരോഗ്യം, വിദ്യാഭ്യാസം എന്നിങ്ങനെ എത്രയോ മേഖലകൾ കേരള മോഡലായി നമ്മളൊക്കെ ലോകം മുഴുവൻ പറഞ്ഞുനടന്നതാണ്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇപ്പോഴും അതിൽ അഭിമാനം കൊണ്ടു. ഞങ്ങൾക്കും അതിൽ അഭിമാനമുണ്ട്. പക്ഷെ, കേരളത്തിലേത് ഒരു നല്ല മോഡലായിരുന്നുവെന്നും കേരളമോഡലും ലോക മോഡലും ആയിരുന്നുവെന്നൊക്കെ പറയേണ്ട സ്ഥിതി നാം ഉണ്ടാക്കരുത് എന്നുമാത്രമെ എനിക്ക് പറയാനുള്ളൂ. കേരളം നല്ല മോഡലൊക്കെതന്നെയാണ്. കാരണമെന്തെന്നാൽ, ഓരോ വകുപ്പും എടുത്ത് നോക്കുകയാണെങ്കിൽ സർക്കാർ കടമെടുത്താണ് കഴിയുന്നത്. അതുപോലെ ആശുപത്രികളുടെ സ്ഥിതി വളരെ ശോചനീയമാണ്. റോഡുകൾ മുഴുവൻ വെട്ടിപ്പൊളിച്ചും പൊട്ടിപ്പൊളിഞ്ഞും കിടക്കുകയാണ്. വൈദ്യുതി വകുപ്പുമന്ത്രി അദ്ദേഹത്തിന് കഴിവിനനുസൃതമായി

ആ വകുപ്പിനെ കാര്യക്ഷമമായി നോക്കുന്നുണ്ട്. പക്ഷെ, അതൊരു പൊതുമേഖലാ സ്ഥാപനമാണ്. ഒരുപാട് പൊതുമേഖലാ സ്ഥാപനങ്ങൾ ഫണ്ടില്ലാത്തതിനാൽ ഇപ്പോൾ അടച്ചുപൂട്ടിയിരിക്കുകയാണ്. രണ്ട് മാസത്തെ ശമ്പളമെങ്കിലും ലഭിച്ചിരുന്നുവെങ്കിൽ നന്നായിരുന്നുവെന്ന് പറഞ്ഞ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ നിവേദനവുമായി ജനപ്രതിനിധികളെ സമീപിക്കുകയാണ്. സാമ്പത്തികപ്രതിസന്ധിമൂലം പൊതുമേഖലാ സ്ഥാപനമായ വൈദ്യുതി ബോർഡിന്റെ പ്രവർത്തനം നിന്നുപോയാൽ എന്താകും ഇവിടത്തെ അവസ്ഥ? അതുകൊണ്ട് സംസ്ഥാനത്തെ വിവിധ മേഖലകൾ പരിശോധിച്ചാൽ പണമില്ലാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ കാണാൻ സാധിക്കും. സർക്കാർ കടമെടുത്താണ് ശമ്പളം, ഡി.എ. ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും നടത്തുന്നത്. ഇതൊക്കെ മുടങ്ങിയാൽ കാര്യങ്ങൾ വളരെ ഗൗരവമുള്ളതാകും. ഇങ്ങനെ സംസ്ഥാനം ഭരിച്ചിട്ട് എന്ത് കാര്യമാണുള്ളത്? ഇന്ന് രാവിലെ അടിയന്തരപ്രമേയാവതരണ വേളയിൽ പ്ലസ് വൺ പ്രവേശനത്തെപ്പറ്റിയും സീറ്റുകളുടെ അപര്യാപ്തതയെപ്പറ്റിയൊക്കെ ഇവിടെ പറഞ്ഞു. തുടർന്ന് പഠനത്തിന് സീറ്റ് ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾ

പഠനം നിർത്തുകയാണ്. ഇങ്ങനെയാണ് മുന്നോട്ടുപോകുന്നതെങ്കിൽ ഭാവിയിൽ കേരള മോഡലുണ്ടാകുന്നത് എങ്ങനെയാണ്? അതുകൊണ്ടുതന്നെ ഈ ഗവൺമെന്റിന്റെ പെർഫോർമൻസ് വളരെ മോശമായതിന്റെ പ്രതിഫലനമാണ് ജനങ്ങൾ സർക്കാരിന് നൽകിയ ശക്തമായ തിരിച്ചടിയെന്ന് പറയാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. പട്ടിണിയുൾപ്പെടെയുള്ള വിവിധ കാര്യങ്ങളെപ്പറ്റി ഇവിടെ പറഞ്ഞു. പല കാരണങ്ങളാലാണ് സംസ്ഥാനത്ത് പട്ടിണി പോലുള്ള അവസ്ഥയിലേയ്ക്ക് പോകാത്തത്. അതിന് പ്രധാനപ്പെട്ടൊരു കാരണം ഗൾഫ് നാടുകളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന വരുമാനമാണ്. എന്നാലിപ്പോൾ ആ വരുമാനവും കുറഞ്ഞുവരികയാണ്. അപ്പോൾ കേരളമോഡലും കേരളത്തിന്റെ ഇതുവരെയുള്ള പെർഫോർമൻസുമൊക്കെ സ്ഥായിയായി നിൽക്കണമെങ്കിൽ ഈ സർക്കാർ സാമ്പത്തികരംഗത്ത് അല്പം പിടിമുറിക്കേണ്ടിവരും. ഒരു സ്ഥലത്തും പണമില്ല. എന്നിട്ടുപോലും ഈ എട്ട് കൊല്ലത്തിനിടയിൽ സർക്കാർ ഒരു economic measure കൊണ്ടുവന്നതായി ഞങ്ങളാരും കണ്ടില്ല. യു.ഡി.എഫ്. ഭരണകാലത്തും സാമ്പത്തിക പ്രതിസന്ധിയുണ്ടായിരുന്നു. ചെലവ് ചുരുക്കാനുള്ള ധാരാളം economic measures ഞങ്ങൾക്കുണ്ടായിരുന്നു. ഈ

സർക്കാർ കഴിഞ്ഞ എട്ടുകൊല്ലത്തിനിടയിൽ ചെലവ് ചുരുക്കാനുള്ള യാതൊരു നടപടിയും കൊണ്ടുവന്നതായി കാണുന്നില്ലെന്ന് മാത്രമല്ല, അതിനെക്കുറിച്ച് ചിന്തിക്കുന്നുപോലുമില്ലെന്നതാണ് പ്രശ്നം. പണമെങ്ങനെ ഉണ്ടാക്കാം; അതിന് ഒരുപാട് മാർഗ്ഗങ്ങളുണ്ട്. ചെലവ് എങ്ങനെ ചുരുക്കാം, അതിനും ഒരുപാട് മാർഗ്ഗങ്ങളുണ്ട്. അതിൽ ഒരു കാര്യം പോലും ചിന്തിക്കുന്നില്ല. എല്ലാം എങ്ങനെയെങ്കിലും നടക്കുമെന്നുള്ള ചിന്തയിലാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ആരോഗ്യം, ആശുപത്രി തുടങ്ങി ജനങ്ങളുടെ നിത്യജീവിതത്തിലുള്ള ഓരോ രംഗത്തെയും അത് ബാധിച്ചുതുടങ്ങിയിരിക്കുകയാണ്. ഫണ്ടില്ലാത്തതുകൊണ്ട് ആശുപത്രികളിൽ ദയനീയ അവസ്ഥയാണ് നിലനിൽക്കുന്നത്. വിദ്യാഭ്യാസരംഗത്ത് കുട്ടികൾ പഠിത്തം നിർത്തുകയാണ്. ഇങ്ങനെ പോയാൽ കേരളം പണ്ട് കേരള മോഡൽ ആയിരുന്നുവെന്ന് പറയേണ്ടിവരും. അതുകൊണ്ട് ഈ സർക്കാരിന്റെ ശേഷിക്കുന്ന കാലമെങ്കിലും ചിന്തിച്ച് പോരായ്മകൾ തിരുത്തിയില്ലെങ്കിൽ വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ഇതിലും വലിയ ശിക്ഷ ജനങ്ങൾ സർക്കാരിന് നൽകുമെന്നതിൽ യാതൊരു സംശയവും വേണ്ട

എന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. കേന്ദ്രത്തിന്റെ അങ്ങേയറ്റത്തെ സാമ്പത്തിക ഉപരോധത്തിന്റെയും പ്രതിപക്ഷവും ബി.ജെ.പി.-യും ചേർന്ന് നടത്തുന്ന വ്യാജ പ്രചരണങ്ങളുടെയുമൊക്കെ അടിസ്ഥാനത്തിൽ വലിയ പ്രയാസമേറിയൊരു കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോഴും ക്ഷേമവികസന പ്രവർത്തനങ്ങൾ വളരെ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ ഈ സർക്കാരിന് കഴിയുന്നുണ്ടെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന സമ്മേളനമായതിനാൽ തെരഞ്ഞെടുപ്പ് വിശകലനം സംബന്ധിച്ച് വലിയ ചർച്ചകളാണ് ഇവിടെ ഉയർന്നുവന്നത്. ഈ ഘട്ടത്തിൽ യു.ഡി.എഫ്. നേടിയ വിജയത്തിലുള്ള മതിമറന്ന ആഹ്ലാദം ആവശ്യമില്ലെന്നും അതിന് അടിസ്ഥാനമില്ലെന്നും നിങ്ങളോട് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിന് ഉപോൽബലകമായ കാര്യങ്ങൾ

ബഹുമാനപ്പെട്ട എം. വി. ഗോവിന്ദൻ മാസ്റ്റർ ഉൾപ്പെടെയുള്ളവർ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. കാരണം 2019-ൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് ഫലവും ഏതാണ്ട് ഇതേ നിലയിൽതന്നെയായിരുന്നു. ആ നിലയിൽനിന്ന് വന്ന പ്രത്യക്ഷവും പ്രകടവും പ്രധാനപ്പെട്ടതുമായ ഏക മാറ്റമെന്നുപറയുന്നത് ബി.ജെ.പി.-ക്ക് ചരിത്രത്തിലാദ്യമായി കേരളത്തിലെ തൃശ്ശൂരിൽനിന്ന് ഒരു പാർലമെന്റ് അംഗമുണ്ടായിരിക്കുന്നു എന്നതാണ്. എന്താണ് അവിടെ സംഭവിച്ചത്? ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. മുമ്പ് യു.ഡി.എഫ്. അംഗമായ ശ്രീ. ടി. എൻ. പ്രതാപൻ മത്സരിച്ച് വിജയിച്ച സീറ്റായിരുന്നു അത്. എന്നാലിപ്പോൾ അവിടെ യു.ഡി.എഫ്.-ന് ഒരു ലക്ഷത്തോളം വോട്ടുകൾ കുറയുകയും ബി.ജെ.പി.-ക്ക് ഏകദേശം ഒരു ലക്ഷത്തിലധികം വോട്ട് വർദ്ധിക്കുകയും ചെയ്തു. അതേസമയം എൽ.ഡി.എഫ്.-ന്റെ വോട്ടുനില എന്താണ്? എൽ.ഡി.എഫ്.-ന് തൃശ്ശൂരിൽ 2019-ലുണ്ടായിരുന്ന വോട്ടുനില വർദ്ധിക്കുകയാണ് ചെയ്തത്. അപ്പോൾ ആരുടെ വോട്ട് മറിഞ്ഞതുകൊണ്ടാണ് തൃശ്ശൂരിൽ ബി.ജെ.പി. വിജയിക്കാനിടയായതെന്നതും ഏത് ഓഫീസിലാണ് വോട്ട് മറിച്ചതിന്റെ പേരിൽ ഇലക്ഷൻ റിസൽട്ടിനുശേഷം

അടിപിടിയുണ്ടായതെന്നതും നാം കാണേണ്ട കാര്യമാണ്. അതുപോലെതന്നെ ഇവിടെ സൂചിപ്പിച്ച, 2019-ൽ എൽ.ഡി.എഫ്.-ന് 16 അസംബ്ലി മണ്ഡലങ്ങളിൽ മാത്രമായിരുന്ന ഭൂരിപക്ഷമുണ്ടായിരുന്നതെങ്കിൽ ഇത്തവണ രണ്ടെണ്ണം കൂടി വർദ്ധിച്ചു. യു.ഡി.എഫ്.-ന് 123 നിയോജകമണ്ഡലങ്ങളിലുണ്ടായിരുന്ന ലീഡ് 111-ലേയ്ക്ക് കുറഞ്ഞു. അതുപോലെ ഇപ്പോൾ കേന്ദ്ര മന്ത്രിസഭ അധികാരത്തിൽ വന്നിരിക്കുകയാണ്. കേരളത്തിൽനിന്നുള്ള രണ്ട് മന്ത്രിമാർ ആ മന്ത്രിസഭയിലുണ്ട്. രണ്ടാമത്തെ മന്ത്രി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ആളല്ല. അദ്ദേഹത്തെക്കൂടി ഈ മന്ത്രിസഭയിലേയ്ക്ക് തെരഞ്ഞെടുക്കാനുള്ള അവസരമാണ് യു.ഡി.എഫ്. ഒരുക്കിയിരിക്കുന്നത്. അതെങ്ങനെയാണ്? ആലപ്പുഴയിൽ ശ്രീ. കെ. സി. വേണുഗോപാൽ എം.പി. ആയപ്പോൾ രാജസ്ഥാനിൽ ഒരു രാജ്യസഭാ സീറ്റ് ഒഴിവ് വരികയാണ്. രാജസ്ഥാനിൽ ബി.ജെ.പി.-ക്കാണ് ഭൂരിപക്ഷം. സ്വാഭാവികമായും ആ അക്കൗണ്ടിലൂടെ ബി.ജെ.പി.-ക്ക് ഒരു രാജ്യസഭാംഗത്തെ നേടിക്കൊടുക്കുന്ന സമീപനമാണ് ഇവിടെ യു.ഡി.എഫും കോൺഗ്രസ്സും അനുവർത്തിച്ചിരിക്കുന്നത്. അതുപോലെതന്നെ ഈ തെരഞ്ഞെടുപ്പിൽ വളരെയധികം തെറ്റായ സമീപനങ്ങളിലൂടെയല്ലേ യു.ഡി.എഫ്. ഈ നേട്ടം

കൈവരിച്ചത്? വടകരയിലടക്കം ന്യൂനപക്ഷ വർഗ്ഗീയതയെ കൂട്ടുപിടിച്ചെങ്കിൽ കോട്ടയത്തും പത്തനംതിട്ടയിലും സവർണ്ണ ഭൂരിപക്ഷ വർഗ്ഗീയതയെ കൂട്ടുപിടിക്കാനാണ് ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. തയ്യാറായതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച് സംസാരിച്ച അവതാരകനും തുടർന്ന് പ്രതിപക്ഷനേതാവുമൊക്കെ യശശ്ശരീരനായ മാണി സാറിനെതിരെ ആ കാലഘട്ടത്തിൽ ഉയർന്നുവന്ന ചില പരാമർശങ്ങൾ അനവസരത്തിൽ ഇവിടെ ഉദ്ധരിച്ചതായി കണ്ടു. എന്താണ് അതിൽ നിന്നും മനസ്സിലാക്കുന്നത്? അന്ന് മാണി സാറിനെ പിന്നിൽനിന്നും കുത്തിയ അതേ മാനസ്സികാവസ്ഥയിൽ ഇന്നും അദ്ദേഹത്തെ വേട്ടയാടാനാണ് കോൺഗ്രസ്സും യു.ഡി.എഫ്.-ഉം നിൽക്കുന്നതെന്നാണ് അതിൽനിന്നും ഞങ്ങൾക്ക് മനസ്സിലാകുന്നത്. രാജ്യസഭാ സീറ്റുമായി ബന്ധപ്പെട്ട് ഇന്നലെ എൽ.ഡി.എഫ്.-ന്റെ ഒരു തീരുമാനം വന്നു. എന്താണത്? ഈ മുന്നണിയെ നയിക്കുന്ന സി.പി.ഐ.(എം) മുന്നണിമര്യാദയുടെ ഉദാത്തമായ മാതൃക കാണിച്ചുകൊണ്ട് സ്വന്തമായി ഒരു സീറ്റ് ജയിപ്പിക്കാനുള്ള അംഗബലം ഈ സഭയിൽ ഉള്ളപ്പോഴും ഞങ്ങളടക്കമുള്ള

ഘടകകക്ഷികൾക്ക് സീറ്റ് തരാനുള്ള മഹാമനസ്കത കാണിച്ചുവെന്നത് ഈ മുന്നണിയുടെ മഹത്വമായി നന്ദിയോടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അത് ഇവിടെ പരാമർശിച്ചതിന് കാരണം ആറ് വർഷം മുമ്പ് യു.ഡി.എഫ്.-ൽ കേരള കോൺഗ്രസ്സ് (എം) നേതാവ് ജോസ് കെ. മാണിക്ക് രാജ്യസഭാ സീറ്റ് നൽകിയ ഒരു സ്ഥിതിയുണ്ടായിരുന്നു. എന്തായിരുന്നു അന്നത്തെ ബഹളങ്ങൾ, പ്രമേയം പാസ്സാക്കുന്നു, പ്രകടനം നടത്തുന്നു, കോലം കത്തിക്കുന്നു, അമ്പും വില്ലും മലപ്പുറം കത്തിയെന്നൊക്കെ പറഞ്ഞ് പ്രക്ഷോഭം നടത്തുന്നു. ഇതാണ് ഈ മുന്നണികൾ തമ്മിലുള്ള വ്യത്യാസമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ഞങ്ങളെ അങ്ങോട്ടേയ്ക്ക് ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. വീക്ഷണം പത്രം വിളിക്കുന്നു, കെ.പി.സി.സി. പ്രസിഡന്റ് വിളിക്കുന്നു, ഞങ്ങൾ ഒരിടത്തോട്ടും വരാനുദ്ദേശിക്കുന്നില്ല എന്ന അസന്ദിഗ്ധമായി വ്യക്തമാക്കാൻ ഈ സഭാവേദിയെ ഞാൻ ഉപയോഗിക്കുകയാണ്. ഞങ്ങൾ എങ്ങോട്ടെങ്കിലും വരുമെന്ന് കരുതി ആരെങ്കിലും അടുപ്പത്ത് വെള്ളം വച്ചിട്ടുണ്ടെങ്കിൽ ആ വെള്ളമങ്ങ് വാങ്ങിവയ്ക്കാൻ മാത്രമാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. അതുകൊണ്ടുതന്നെ

പ്രതിപക്ഷം അനുവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ നയങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ചക്ക വീണ് മുയൽ ചത്തതുപോലെയാണ് തെരഞ്ഞെടുപ്പ് വിജയമെന്ന് പരാമർശിക്കാനും 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം 2020-ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിലും 2021-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിലുമൊക്കെ ഇടതുപക്ഷജനാധിപത്യ മുന്നണി എത്രയോ ശക്തമായിട്ടാണ് തിരിച്ചുവന്നതെന്ന് സൂചിപ്പിക്കാനും ഞാനാഗ്രഹിക്കുകയാണ്. ആ നിലയിൽ അങ്ങനെയുള്ള ഏതെങ്കിലുമൊരു തെരഞ്ഞെടുപ്പ് വിജയം ചക്ക വീണ് മുയൽ ചത്തതിന്റെ അടിസ്ഥാനത്തിലുള്ളതല്ല എന്നുകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തികനയങ്ങളും സംസ്ഥാനത്തോടുള്ള പ്രതികാരമനോഭാവവും സാമ്പത്തികമായി കേരളത്തെ തകർക്കുന്ന എല്ലാ രീതികളും അതിജീവിച്ചുകൊണ്ട് ഈ സർക്കാർ

മുന്നോട്ടുപോകുകയാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇരുപതിൽ പത്തൊൻപത് സീറ്റും നേടിയാണ് യു.ഡി.എഫ്. വിജയിച്ചത്. ഏകദേശം 121 മണ്ഡലങ്ങളിൽ യു.ഡി.എഫ്. മുന്നിലായിരുന്നു. എന്നാൽ 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 99 സീറ്റുകൾ നേടിയാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം പിണറായി സർക്കാർ അധികാരമേറ്റത്. ഇതൊന്നും കണ്ട് പ്രതിപക്ഷം ചാടുകയോ അഹങ്കരിക്കുകയോ വേണ്ട. ഈ തോൽവിയിൽനിന്നും പല കാര്യങ്ങളും ഉൾക്കൊണ്ട് അത് സംഭവിക്കാനുണ്ടായ കാരണങ്ങൾ മനസ്സിലാക്കി വളരെ നല്ല നിലയിൽ കാര്യങ്ങൾ ക്രമപ്പെടുത്തി എൽ.ഡി.എഫ്. മുന്നോട്ടുപോകുമെന്നതിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. ടി. ജെ. വിനോദ്: സർ, (മൈക്ക് ഓഫ്.....)

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ നിങ്ങളോട് കുറച്ച് കാര്യങ്ങൾ രഹസ്യമായി പിന്നീട് പറഞ്ഞുതരാം. നിങ്ങൾക്ക് എങ്ങനെ വേണമെങ്കിലും ചിത്രീകരിക്കാം കുഴപ്പമൊന്നുമില്ല. ഞാൻ സംസാരിച്ചുകഴിഞ്ഞ് നിങ്ങൾ പറഞ്ഞാൽ മതി.

തൃശ്ശൂർ മണ്ഡലത്തിൽ ബി.ജെ.പി. ഒരു സീറ്റിൽ ജയിച്ചുയെന്നതാണ് ഇപ്പോഴത്തെ പ്രധാനപ്പെട്ട വിഷയം. ഇന്നത്തെ വിഷയം ധനാഭ്യർത്ഥനയാണെങ്കിലും ഇവിടെ പ്രസംഗിച്ചതെല്ലാം ബി.ജെ.പി. ജയിച്ചതിനെക്കുറിച്ചും കോൺഗ്രസിന് വോട്ട് കുറഞ്ഞതിനെക്കുറിച്ചുമാണ്. വളരെ നല്ല കാര്യമാണ്, കാരണം പാർട്ടി വേദികളിലാണല്ലോ ഈ കാര്യങ്ങൾ ചർച്ച ചെയ്യേണ്ടത്; എന്തായാലും പല കാര്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുന്നത് വളരെ നല്ല കാര്യമാണ്. സമാനതകളില്ലാതെ വളരെ നല്ല രീതിയിൽ കാര്യങ്ങൾ ക്രമപ്പെടുത്തി മുന്നോട്ടുപോകുന്ന ഒരു സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. അതിന് നേതൃത്വം നൽകുന്നയാളാണ് സഖാവ് പിണറായി വിജയൻ. സാമ്പത്തികമായി ഒരുപാട് ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാർ കേരളത്തിന് നൽകുന്നുണ്ടെന്ന് നമുക്കറിയാം. അതിനെ എതിർക്കാൻ നിങ്ങളാരും തയ്യാറാകുന്നില്ല, പ്രത്യേകിച്ച് യു.ഡി.എഫ്. കുറച്ചുകൂടി മനസ്സുവച്ചിരുന്നുവെങ്കിൽ കേന്ദ്രഭരണം നിങ്ങൾക്ക് പിടിച്ചെടുക്കാമായിരുന്നു. പക്ഷെ, അതിന് നിങ്ങൾ തയ്യാറായില്ല. നിങ്ങൾ കേരളത്തിലാണ് ശ്രദ്ധകേന്ദ്രീകരിക്കുന്നത്. എങ്ങനെ എൽ.ഡി.എഫ്.-നെ തകർക്കാമെന്നും

എങ്ങനെ കേരളത്തിൽ സീറ്റ് നേടാം എന്നതാണ് നിങ്ങളുടെ ചിന്ത. അതിനുപകരം ഡൽഹിയിലോ ഹരിയാനയിലോ മറ്റ് പ്രദേശങ്ങളിലോ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നുവെങ്കിൽ നേരത്തെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞതുപോലെ 238 എന്നുള്ളതിൽ 38 സീറ്റുകൂടി നേടി നിങ്ങൾക്ക് അധികാരത്തിൽ വരാൻ സാധിക്കുമായിരുന്നു. കേന്ദ്രത്തിൽ കോൺഗ്രസ് ഭരിക്കുന്നതാണ് ഞങ്ങൾക്ക് ഏറ്റവും ഇഷ്ടം. കാരണം, കേരളത്തിന് എന്തെങ്കിലും പ്രയോജനം ലഭിക്കണമെങ്കിൽ കോൺഗ്രസ് അധികാരത്തിൽ വരണം. എന്നാൽ കേരളത്തിൽ എൽ.ഡി.എഫ്. ഭരിക്കുന്നതാണ് നല്ലത്. കാരണം, പാവങ്ങളെ സംരക്ഷിക്കുന്ന സംവിധാനം എൽ.ഡി.എഫ്.-ന് മാത്രമേയുള്ളൂ. ആ പ്രതിബദ്ധത യു.ഡി.എഫ്-ന് ഇല്ലാത്തതാണ് പ്രശ്നം. എൽ.ഡി.എഫ്.-ന് ഇപ്പോഴുണ്ടായിരിക്കുന്ന പരാജയം പൂർണ്ണമായും ഞങ്ങൾ ഉൾക്കൊള്ളുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്. എവിടെയൊക്കെയാണ് വീഴ്ച സംഭവിച്ചതെന്ന് വ്യക്തമായി മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. 2026-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ അതിശക്തമായ നിലയിൽ മുന്നോട്ടുവരാനുള്ള സംവിധാനം ആസൂത്രണം ചെയ്ത് അതനുസരിച്ച്

മുന്നോട്ടുവരുമെന്നാണ് എനിക്ക് പറയാനുള്ളത്. കള്ളപ്രചാരണങ്ങളും വ്യാജ വാഗ്ദാനങ്ങളും പ്രതിരോധിച്ച് ഇടതുപക്ഷമുന്നണി അതിന്റെ ശക്തമായ അടിത്തറ നിലനിർത്തിയിരിക്കുകയാണ്. എന്നാൽ ബി.ജെ.പി. ഒരു സീറ്റ് നേടിയെന്നുള്ള യാഥാർത്ഥ്യം വളരെ ഗൗരവതരമായി തന്നെയാണ് എൽ.ഡി.എഫ്. കാണുന്നത്. അവിടെ ബി.ജെ.പി. സീറ്റ് നേടാൻ പാടില്ലായിരുന്നു. ശ്രീ. കെ. മുരളീധരൻ വളരെ ശക്തനാണെന്നും അവിടെ സീറ്റ് നേടുമെന്നും പല ആൾക്കാരും പറഞ്ഞിരുന്നു. എന്നാൽ യു.ഡി.എഫ്. അവിടെ മൂന്നാം സ്ഥാനത്തേയ്ക്കുപോയി. അത് കാണാനുള്ള മനസ്സ് നിങ്ങൾക്കുണ്ടാകണം. അങ്ങനെയുണ്ടായില്ലെങ്കിൽ അതിന്റെ ബുദ്ധിമുട്ട് നിങ്ങളുടെ ജീവിതത്തിലുണ്ടാകുമെന്നാണ് എനിക്ക് പറയാനുള്ളത്. ആദരണീയനായ കെ. കരുണാകരന്റെ മകനും എൻ.സി.പി.-യുടെ മുൻ സംസ്ഥാന പ്രസിഡന്റുമായിരുന്ന ആളാണ് ശ്രീ. കെ. മുരളീധരൻ. അദ്ദേഹം തിരികെ യു.ഡി.എഫ്.-ലേയ്ക്ക് വന്നുവെന്നേയുള്ളൂ. രാഷ്ട്രീയം നിർത്തുന്നുവെന്നും ഞാൻ ഇനി രാഷ്ട്രീയത്തിലേയ്ക്ക് ഇല്ലെന്നും പറയത്തക്ക അവസ്ഥയിലേയ്ക്ക് ശ്രീ. കെ. മുരളീധരനെ എത്തിച്ചതും കാലുവാരിയതും നിങ്ങളാണ്. നിങ്ങളുടെ വോട്ട്

എങ്ങോട്ട് പോയിയെന്ന് ചിന്തിക്കേണ്ട ചുമതല നിങ്ങൾക്കുള്ളതാണ്. അത് നിങ്ങൾ മനസ്സിലാക്കി പ്രവർത്തിച്ചില്ലെങ്കിൽ ഭയങ്കര ബുദ്ധിമുട്ടുണ്ടാകും. എല്ലാവരും ബഹുമാനിക്കുന്ന നിങ്ങളുടെ പ്രിയങ്കരനായ രാഹുൽ ഗാന്ധി വയനാട്ടിലല്ല മത്സരിക്കേണ്ടിയിരുന്നത്. അദ്ദേഹത്തെ തോൽപ്പിച്ച മുൻമന്ത്രിയുടെ മണ്ഡലത്തിൽ മത്സരിച്ചിരുന്നുവെങ്കിൽ ഒന്നര ലക്ഷം വോട്ടിനുപകരം രണ്ടര ലക്ഷം വോട്ടിന് അവിടെ ജയിക്കുമായിരുന്നു. അങ്ങനെ കൂടുതൽ സീറ്റ് നേടാൻ നിങ്ങൾക്ക് സാധിക്കുമായിരുന്നു. കൊച്ചുകേരളത്തിൽ വന്ന് 20 സീറ്റിൽ 18 എണ്ണം പിടിച്ചെടുക്കുന്നതിനുപകരം ഇന്ത്യയുടെ പല ഭാഗങ്ങളിലുമായിരുന്നു നിങ്ങൾ ശ്രദ്ധകേന്ദ്രീകരിക്കേണ്ടിയിരുന്നത്. അത് ചെയ്യാതെ അങ്ങോട്ടുമിങ്ങോട്ടും മാറി നടന്നപ്പോൾ നിങ്ങൾക്ക് പറ്റിയ അബദ്ധമെന്താണ്; കർണ്ണാടകയിൽ നിങ്ങളുടെ സീറ്റ് എങ്ങനെ നഷ്ടമായി? അതുസംബന്ധിച്ച് നിങ്ങളാരും പ്രസംഗത്തിൽ പറഞ്ഞതുമില്ല. കർണ്ണാടകയിൽ കോൺഗ്രസ്സാണ് ഭരിക്കുന്നതെങ്കിലും പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾ ദയനീയമായി പരാജയപ്പെട്ടു. അത് നിങ്ങൾ വിലയിരുത്തേണ്ടതാണ്. കർണ്ണാടകയിൽകൂടി സീറ്റ് പിടിച്ചിരുന്നുവെങ്കിൽ ബാക്കി കുറച്ച് സീറ്റ് മാത്രം

പിടിച്ചാൽമതിയായിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങളല്ല ഇപ്പോൾ ചർച്ച ചെയ്യേണ്ടത്. യു.ഡി.എഫ്. കേന്ദ്രം ഭരിക്കുന്നതാണ് ഞങ്ങൾക്കെല്ലാവർക്കും ഇഷ്ടം. അതുകൊണ്ട് നിങ്ങൾ ആ നിലയിൽതന്നെ വരണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ ഇനിയും ഭരണത്തിലേയ്ക്ക് കടന്നുവരുമ്പോൾ നിങ്ങൾ കേന്ദ്രത്തിലുണ്ടെങ്കിൽ ഞങ്ങൾക്ക് ഒരുപാട് പ്രയോജനമുണ്ടാകും. കാരണം, ഒരുപാട് വർക്കുകൾ കുട്ടനാട്ടിലും നടക്കുന്നുണ്ട്. അതെല്ലാം വളരെ നല്ല രീതിയിൽ ചെയ്യേണ്ടതുമുണ്ട്. ഭരണഘടനയെ തകർക്കാനും ഭരണഘടനാസ്ഥാപനങ്ങളെ ഇല്ലായ്മ ചെയ്യാനുമുള്ള കേന്ദ്രസർക്കാരിന്റെ ശ്രമങ്ങൾക്കുള്ള ശക്തമായ തിരിച്ചടിയാണ് ഇപ്പോഴത്തെ ഈ തെരഞ്ഞെടുപ്പ്. പഴയകാല മോദി സർക്കാരിന്റെ ചിത്രങ്ങളൊക്കെ എടുത്തുനോക്കിയാൽ അതിൽ ശ്രീ. നരേന്ദ്ര മോദി, ശ്രീ. അമിത് ഷാ, ശ്രീ. രാജ് നാഥ് സിങ് എന്നീ മൂന്നുപേർ എപ്പോഴും ചിരിച്ചുകൊണ്ടിരിക്കുന്ന ചിത്രം മാത്രമെ കാണാൻ കഴിയുകയുള്ളൂ. ശ്രീ. ജെ. പി. നദ്ദയെ വല്ലപ്പോഴുമൊക്കെ മാത്രമെ അതിൽ കാണുകയുള്ളൂ. എന്നാൽ ഇപ്പോഴത്തെ ചിത്രമെടുത്തു നോക്കിയാൽ വേറെ മൂന്നുപേരെയാണ് കാണാൻ കഴിയുന്നത്. കാരണം മാറ്റം

സംഭവിച്ചിരിക്കുകയാണ്. ഇന്ന് ശക്തമായ പ്രതിപക്ഷമുണ്ട്, ഇല്ലെന്ന് പറയുന്നില്ല. അത് ഏറ്റവും നല്ല കാര്യമാണ്. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിനെ തകർക്കുന്നതിനുപകരം നിങ്ങൾ കേന്ദ്രത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ച് അധികാരത്തിൽ വരാൻ ശ്രമിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. കേരളത്തിൽ ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട്. ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങൾ വലിയതോതിൽ നടത്തുന്ന സർക്കാരിനെ ദുർബലപ്പെടുത്താനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. അത് നല്ലൊരു രീതിയല്ലെന്ന് മനസ്സിലാക്കി കേരളത്തിലെ സർക്കാരിന് പ്രവർത്തിക്കാനുള്ള സംവിധാനമുണ്ടാക്കി നൽകേണ്ട ചുമതല നിങ്ങൾക്കുണ്ട്. അത് നിങ്ങൾ ചെയ്യണം. വളരെ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്ത് മുന്നോട്ടുപോയെങ്കിൽ മാത്രമേ അതിന് സാധിക്കുകയുള്ളൂ. കാശുണ്ടെങ്കിൽ മാത്രമെ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളു. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയാണ് ഇവിടത്തെ പ്രധാനപ്പെട്ട വിഷയം. കുട്ടനാട് പാക്കേജ്, കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി, എൻ.സി.സി. ട്രെയിനിംഗ് സെന്റർ, പുളിങ്കുന്ന്

താലൂക്കാശുപത്രി എന്നിവ പ്രഖ്യാപിച്ചിട്ടുണ്ട്. നെഹ്റു ട്രോഫിയും ചമ്പക്കുളംമൂലം വള്ളംകളിയും ഏറ്റവും പ്രാധാന്യമർഹിക്കുന്ന ജലോത്സവങ്ങളാണ്. ഇതിനൊക്കെ സമ്പത്ത് ആവശ്യമാണ്. സാമ്പത്തിക ബുദ്ധിമുട്ടാണ് ഇക്കാര്യങ്ങളിലൊക്കെ മുന്നോട്ടുപോകാൻ പ്രയാസമായി നിൽക്കുന്നത്. ഇതിനൊക്കെ കേന്ദ്രത്തിൽനിന്നും ഫണ്ട് വരേണ്ടതാണ്. ഇതൊന്നും നൽകാതെ ഉള്ളതുകൊണ്ട് കാര്യങ്ങൾ ക്രമപ്പെടുത്തിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. നെല്ല് സംഭരിച്ചതിനുള്ള കാശ് സമയബന്ധിതമായി കൊടുക്കണം. അല്ലാത്തപക്ഷം നെൽകർഷകർക്ക് വലിയ പ്രയാസങ്ങൾ നേരിടേണ്ടിവരുന്നതാണ്. കേന്ദ്ര സർക്കാർ നൽകാനുള്ള തുക യഥാസമയം ലഭ്യമായാൽ മാത്രമെ കർഷകർക്ക് നൽകാൻ സാധിക്കുകയുള്ളൂ. ഈ കാര്യങ്ങളിലൊക്കെ സഹായിക്കേണ്ട ചുമതല യു.ഡി.എഫ്.-നുള്ളതാണ്. അതുകൊണ്ട് കേന്ദ്രം പിടിച്ചെടുക്കാനുള്ള സംവിധാനത്തിലേയ്ക്ക് നിങ്ങൾ പോകണം. എൽ.ഡി.എഫ്.-നെ ദുർബലപ്പെടുത്താനുള്ള പ്രവൃത്തികളിൽനിന്ന് പിന്മാറി മറ്റുള്ള രീതിയിൽ പ്രവർത്തിക്കാൻ സാധിക്കട്ടേയെന്നുമാത്രം

പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പൂർണ്ണമായി പിന്താങ്ങിക്കൊണ്ടും നിർത്തുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. എൽ.ഡി.എഫ്. സർക്കാർ അതിന്റെ നാലാം വർഷത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. ഈ സർക്കാരിന്റെ നാലാം വർഷമാണെങ്കിലും തുടർഭരണത്തിന്റെ ഒമ്പതാം വർഷത്തിലേയ്ക്കാണ് ഈ സർക്കാർ കടക്കുന്നത്. കഴിഞ്ഞ എട്ട് വർഷംകൊണ്ട് സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കേരള വികസനത്തിന്റെ അടിസ്ഥാനമായി നിലകൊണ്ട പദ്ധതികൾക്ക് കോട്ടം തട്ടുന്ന അവസ്ഥയായിരുന്നു 2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്നത്. നമ്മുടെ പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടപ്പെടുകയും ആശുപത്രികൾ മതിയായ സൗകര്യങ്ങളില്ലാതെ വിഷമിക്കുകയും പാർപ്പിട പദ്ധതികളെല്ലാം നിലയ്ക്കുകയും ക്ഷേമപെൻഷനുകൾ കുടിശ്ശികയായി തീരുകയും വികസനം മരവിക്കുകയും ചെയ്തിരുന്നു. ആ അവസ്ഥ മാറ്റിയെടുക്കലായിരുന്നു പുതിയ സർക്കാരിന്

മുന്നിലെ പ്രധാന വെല്ലുവിളി. അതിന്റെഭാഗമായി എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച പദ്ധതികളെപ്പറ്റി നമുക്കെല്ലാവർക്കും ഓർമ്മയുണ്ട്. ആ പദ്ധതികളെല്ലാം വിജയകരമായി കേരളത്തിൽ നടപ്പാക്കിയെടുക്കാൻ സർക്കാരിന് കഴിഞ്ഞു. ആശുപത്രികളിൽ നൂതന സൗകര്യങ്ങൾ ലഭ്യമായി. മെഡിക്കൽ കോളേജുകളിൽ മാത്രം ലഭ്യമായിരുന്ന പല ചികിത്സാ രീതികളും താലൂക്കാശുപത്രികളിൽവരെ ലഭ്യമാക്കി. സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിലൂടെ അഞ്ച് ലക്ഷത്തോളം കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള അനുമതി നൽകിയതിൽ നാല് ലക്ഷം കെട്ടിടങ്ങൾ പൂർത്തിയാക്കി. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ ഭവനസമുച്ചയങ്ങളിലായി 806 ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കളെ പുനരധിവസിപ്പിച്ചു. ആ മേഖലയ്ക്കുവേണ്ടി 17,490 കോടി രൂപയാണ് സംസ്ഥാന സർക്കാർ  ചെലവഴിച്ചത്. എന്നാൽ കേന്ദ്രം നമുക്ക് നൽകിയത് 2,081 കോടി രൂപ മാത്രമാണ്. വീടൊന്നിന് ഗ്രാമങ്ങളിൽ 72,000 രൂപയും നഗരങ്ങളിൽ 1.50 ലക്ഷം രൂപയുമാണ് കേന്ദ്രം നൽകിയത്. 2021-22-നുശേഷം കേന്ദ്ര സർക്കാർ ഒരു വീടുപോലും അനുവദിച്ചിട്ടില്ല. ക്ഷേമപെൻഷനുകൾ

1,600 രൂപയായി വർദ്ധിപ്പിക്കുകയും ഏകദേശം 60 ലക്ഷത്തോളം ആളുകൾക്ക് ആ ആനുകൂല്യം ലഭിക്കുകയും ചെയ്യുന്നുണ്ട്. ഏതാനും മാസങ്ങളുടെ കുടിശ്ശികയുണ്ടെങ്കിലും അതിനുള്ള കാരണവും കേരളീയ സമൂഹത്തിനറിയാം. കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി കിഫ്ബിയെ പുനരുജ്ജീവിപ്പിച്ചുവഴി 83,000 കോടി രൂപയാണ് ചെലവഴിച്ചത്. കേരളത്തിൽ വന്ന മാറ്റം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ദേശീയ പാതാ വികസനം, ഗെയിൽ പൈപ്പ് ലൈൻ, പവർ ഹൈവേ, ദേശീയ പാത, കൊച്ചി മെട്രോ, കൊച്ചി വാട്ടർ മെട്രോ തുടങ്ങി നിരവധി പദ്ധതികൾ അതിനുദാഹരണങ്ങളാണ്. കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുകയാണ്. ഭൂരഹിതരില്ലാത്ത കേരളം ലക്ഷ്യംവച്ചുകൊണ്ട് മൂന്നേകാൽ ലക്ഷത്തിലധികം പട്ടയങ്ങൾ ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞു. ആദിവാസികളടക്കം പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരികയാണ്. വ്യവസായമേഖലയിൽ മുന്നേറ്റം കൈവരിക്കുന്നതിനായി നിരവധി പദ്ധതികളാണ് നടപ്പാക്കിവരുന്നത്. ഒരു വർഷംകൊണ്ട് ഒരു ലക്ഷം

സംരംഭങ്ങൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും അതിനെക്കാൾ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കാനും 8,500 കോടിയോളം രൂപയുടെ നിക്ഷേപം കണ്ടെത്താനും കഴിഞ്ഞു. 2016-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ വ്യാവസായിക വളർച്ച 12 ശതമാനമായിരുന്നെങ്കിൽ എൽ.ഡി.എഫ്. ഭരിക്കുന്ന ഇക്കാലത്ത് അത് 17 ശതമാനമായി ഉയർന്നുവെന്നത് ആധികാരികമായി കണക്കുകൾ പരിശോധിക്കുന്ന യു.ഡി.എഫ്. അംഗങ്ങൾ മനസ്സിലാക്കണം. യു.ഡി.എഫ്.-ന്റെ കാലത്ത് ആകെ 82000 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ മാത്രമാണുണ്ടായിരുന്നത്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 235000 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളാണ് യാഥാർത്ഥ്യമാക്കിയത്. യു.ഡി.എഫ്.-ന്റെ കാലത്ത് 10177 തൊഴിൽ സംരംഭങ്ങൾ മാത്രമാണുണ്ടായിരുന്നതെങ്കിൽ The Times Higher Education Ranking-ൽ ഇപ്പോൾ അത് 30176 ആയി ഉയർന്നിട്ടുണ്ട്. NAAC അക്രെഡിറ്റേഷനിൽ കേരള സർവകാലശാല A++ നേടിയത് അഭിമാനകരമാണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് 16 കോളേജുകളാണ് കേരളത്തിൽനിന്നും A++ ഗ്രേഡ് സ്വന്തമാക്കിയത്. 26 കോളേജുകൾ A+

ഗ്രേഡും 53 കോളേജുകൾ A ഗ്രേഡും സ്വന്തമാക്കി. The Times Higher Education Ranking-ൽ മഹാത്മഗാന്ധി സർവകലാശാല 401-500 ബാൻഡിൽ ഇടംപിടിച്ചിട്ടുണ്ട്. കേരളത്തിൽ വന്ന മാറ്റത്തിന്റെ ചെറിയൊരു ഉദാഹരണമാണ് ഞാൻ സൂചിപ്പിച്ചത്. കാർഷികമേഖലയിൽ മൂല്യവർദ്ധനയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള നിക്ഷേപം 23 കോടി രൂപയാണ്. വികസനം, ക്ഷേമം, സേവനം തുടങ്ങിയ മേഖലയിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചു. കേരളം നേടിയ ഇത്തരം പുരോഗതി ജനങ്ങളുടെ കൺമുന്നിലുള്ളപ്പോഴാണ് കേന്ദ്ര സർക്കാർ വികസന-ക്ഷേമ-സേവനരംഗത്ത് മുഖം തിരിഞ്ഞുനിന്ന സമീപനം നാം കണ്ടത്. കേന്ദ്ര സർവ്വീസുകളിൽ, കേന്ദ്ര സേനകളിൽ, റെയിൽവേയിൽ, കേന്ദ്ര പൊതുമേഖലയിൽ തുടങ്ങി രാജ്യത്തെ ഏറ്റവും ഉയർന്ന തൊഴിൽദാതാക്കളായ സ്ഥാപനങ്ങളിൽ ദശലക്ഷകണക്കിന് തസ്തികകൾ ഒഴിഞ്ഞുകിടക്കുകയും നിയമനനിരോധനം നിലനിൽക്കുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ കേരളത്തിലെ പി.എസ്.സി. രാജ്യത്തിനാകെ മാതൃകയാകുന്നത് നാം കാണുകയാണ്. അതിനെ താറടിക്കാനുള്ള ആസൂത്രിത ശ്രമങ്ങൾ ഈ കാലയളവിലുണ്ടായിട്ടുണ്ട്. രണ്ടര ലക്ഷത്തോളം നിയമന

ശിപാർശകളാണ് 2016 ജൂൺ മുതൽ ഇങ്ങോട്ടുള്ള കാലയളവിൽ കേരള പി.എസ്.സി. നൽകിയിട്ടുള്ളത്. ഇക്കാലയളവിൽ മുപ്പതിനായിരത്തോളം അധിക തസ്തികകളാണ് സംസ്ഥാന സർക്കാർ സൃഷ്ടിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി പ്രത്യേക ബോർഡ് രൂപീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ആഭ്യന്തരവരുമാനത്തിന്റെ പത്ത് ശതമാനത്തിലധികം വിനോദസഞ്ചാര മേഖലയുടെ സംഭാവനയാണ്. ടൂറിസം മേഖലയിലും ഈ സർക്കാർ വേണ്ടത്ര ശ്രദ്ധനൽകിയിട്ടുണ്ട്. ഇക്കാലയളവിൽ (2016-ൽ) കേരളത്തിന്റെ തനത് വരുമാനം 26 ശതമാനം മാത്രമായിരുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇപ്പോഴത് 73 ശതമാനമായി ഉയർന്നിരിക്കുന്നു. 2016-ൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം ഏകദേശം 5.6 ലക്ഷം കോടി രൂപയായിരുന്നത് ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് 11.7 ലക്ഷം കോടി രൂപയായി ഉയർന്നിരിക്കുന്നു. നികുതി വരുമാനത്തിൽ 30,000 കോടി രൂപയുടെ വർദ്ധനവുണ്ടായി. കഴിഞ്ഞവർഷങ്ങളിൽ തനതുവരുമാന സ്രോതസ്സുകൾ വഴിയാണ് കേരളം അതിന്റെ ഭൂരിഭാഗം ചെലവുകളും നിർവഹിച്ചതെന്നത് ഈ

നാട്ടിലെ ബഹുജനങ്ങളും പ്രതിപക്ഷവും മനസ്സിലാക്കേണ്ടതാണ്. ഈ കാലയളവിലാണ് തൊഴിലുറപ്പ് പദ്ധതിപോലെയുള്ള ജനനന്മയെ ലക്ഷ്യം വച്ചുകൊണ്ട് 2005-ൽ പാർലമെന്റ് പാസ്സാക്കിയ നിയമത്തിലൂടെ കേരളത്തിൽ ഈ പദ്ധതി നടപ്പാക്കിയത്. എന്നിട്ടുപോലും കേന്ദ്രം സംസ്ഥാനത്തിന് നൽകേണ്ട കൂലി വർദ്ധനവ് നൽകിയില്ലെന്നുള്ള ഒരു വിവേചനം നിലനിർത്തി പോരുന്നുണ്ടെന്ന യാഥാർത്ഥ്യവും മനസ്സിലാക്കാൻ കഴിയണം. ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്, സാധാരണ സാഹിത്യ അഭിരുചിയുള്ളവർ അല്ലെങ്കിൽ സാഹിത്യ നിരൂപകൻമാർ ഉപയോഗിക്കുന്നൊരു രീതി ശാസ്ത്രമുണ്ട്. All Criticism is Partial, Passionate and Political എന്ന ഒരു രീതിശാസ്ത്രമാണ്. ഒരു സാഹിത്യം രചിക്കപ്പെട്ടാൽ ആ രചന വായിക്കുന്നവർ വിമർശനാത്മകമായിട്ടുള്ള നിരൂപണത്തിലേയ്ക്ക് എത്തുമ്പോഴാണ് ആ സാഹിത്യ സൃഷ്ടി സമ്പന്നമാകുന്നത്. അതുപോലെ കേരളത്തിൽ ശരിയായ തോതിൽ ഭരണം നടത്തിപ്പോരുന്ന ഒരു ഗവൺമെന്റിനെ വിമർശനാത്മകമായി നിരൂപിക്കുകയോ വിമർശിക്കുകയോ ചെയ്യുമ്പോഴാണ് കേരളത്തിലെ ഗവൺമെന്റിന്റെ ഭരണനേട്ടം നിങ്ങൾക്ക് ആസ്വദിക്കാൻ കഴിയുന്നത്. അതാണ്

ഇവിടെ നടക്കുന്നത്. അല്ലാതെ ഏതെങ്കിലും തരത്തിൽ കേരളത്തിലെ ഗവൺമെന്റിനെ ആക്രമിക്കാനോ വിജയം നേടാനോ വേണ്ടിയല്ല നിങ്ങൾ പരിശ്രമിക്കേണ്ടത്.

കേരളത്തിലെ ഗവൺമെന്റിന്റെ ഭരണനേട്ടങ്ങളെ ആസ്വദിക്കാൻ വിമർശനാത്മകമായിട്ടുള്ള നിരൂപണത്തിലേയ്ക്കോ ചർച്ചയിലേയ്ക്കോ നിങ്ങൾക്ക് എത്തിച്ചേരേണ്ടതായിട്ടുണ്ട്. അതാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങളുടെ എതിർപ്പിനെയും ഇന്ത്യയുടെ ഭരണകൂട വ്യവസ്ഥയെയും ഭീകര ഭരണകൂടത്തെയും നേരിട്ടുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ എട്ടുവർഷക്കാലം നടത്തിയ ഐതിഹാസികമായ ഭരണത്തിന് പിന്തുണ നൽകണമെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റിനോട് എനിക്ക് പറയാനുള്ളത്. അക്കാര്യം നിങ്ങൾ അറിയണം. എഴുന്നേറ്റുനിന്ന് കൈ കാണിക്കലല്ല. നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ നാട്ടിൽ ഇറങ്ങി നടന്നാൽ, ഞാൻ ചെറുപ്രായം മുതൽ ഇറങ്ങിനടന്ന പ്രദേശമാണ് നിങ്ങളുടേത്. കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റ് വരാതിരുന്നെങ്കിൽ, ഇന്ന് കോവളം മണ്ഡലത്തിൽ കാണുന്ന

വികസനം നിങ്ങൾക്ക് സ്വപ്നം കാണാൻ കഴിയുമായിരുന്നോ? ആ വികസനത്തിന്റെ ചുറ്റുത്തിലാണ് നിങ്ങൾക്ക് വഴിതെളിക്കുന്നത് ഞങ്ങളാണെന്ന് ഇപ്പോഴും പറയുന്നത്. നേരത്തെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞതുപോലെ കേന്ദ്രത്തിൽ ശ്രീ. സീതാറാം യെച്ചൂരിയാണ് പ്രമേയം പാസ്സാക്കുന്നത്. ദേശീയതലത്തിൽ ഇലക്ഷൻ സ്ട്രാറ്റജി അഥവാ ഇന്ത്യാ മുന്നണിക്കാവശ്യമായ സ്ട്രാറ്റജി നൽകിയത് ശ്രീ. സീതാറാം യെച്ചൂരിയടക്കമുള്ളവരാണ്.

<u>ചെയർപേഴ്സൺ:</u> പ്ലീസ്....കൺക്ലൂഡ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, കേരളത്തിൽ പാർലമെന്റ് തിരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ഇത്രമാത്രം സീറ്റുകൾ ലഭ്യമായത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഒരുക്കിയ അടിത്തറയുടെ മുകളിലാണ്. അത് നിങ്ങൾ കാണുന്നില്ല. മതേതരത്വം ഉയർത്തിപ്പിടിച്ചതും ഭരണഘടനയെ സംരക്ഷിക്കാൻ മുന്നോട്ടുവന്നതും ജനാധിപത്യം ശക്തിപ്പെടുത്താൻ നിലകൊണ്ടതും ന്യൂനപക്ഷങ്ങളുടെ താൽപര്യം സംരക്ഷിക്കാൻ നിലകൊണ്ടതും ഞങ്ങളാണ്. അതിന്റെ പേരിൽ ദേശീയതലത്തിൽ ഇന്ത്യാ മുന്നണിയുയർത്തിയ

രാഷ്ട്രീയത്തിൽ അഭിനിവേശംകൊണ്ട് ആളുകൾ അങ്ങോട്ടേയ്ക്ക് പോയിട്ടുണ്ട്. അവർ തിരുത്തും, ഇന്നല്ലെങ്കിൽ നാളെ. ഞങ്ങൾക്ക് ശക്തിയായ അഭിപ്രായമുണ്ട്. അവർ തിരിച്ചുവരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിലെ യു.ഡി.എഫ്.-ന്റെ കപടമുഖം മനസ്സിലാക്കാൻ കഴിയാതെ ചിലർ തെറ്റിദ്ധരിക്കപ്പെട്ട് പോയിട്ടുണ്ടെന്ന യാഥാർത്ഥ്യം ഞങ്ങൾ അംഗീകരിക്കുന്നു. അതുകൊണ്ട് ഞങ്ങൾ ഈ തോൽവി അംഗീകരിക്കുന്നു. ഞങ്ങൾ തിരിച്ചുവരും എന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വളരെ ശ്രദ്ധേയമായ ഭരണനേട്ടങ്ങളുമായാണ് എട്ടാംവർഷത്തിലെ ധനാഭ്യർത്ഥനകൾ ഈ സഭയുടെ പരിഗണനയ്ക്ക് വരുന്നത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങളൊക്കെ നേരത്തെ ഇവിടെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. നാലാംവർഷത്തിലേയ്ക്ക് കടക്കുമ്പോൾ ഈ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച പ്രോഗ്രസ്സ് റിപ്പോർട്ട് ഇന്ന് ജനസമക്ഷം എല്ലാവർക്കും ലഭ്യമായിട്ടുണ്ട്.

ജനാധിപത്യത്തിന്റെ ഉന്നതമായിട്ടുള്ള മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ജനങ്ങൾക്കുവേണ്ടി ഭരിക്കുന്നൊരു ഗവൺമെന്റ് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചുവരുന്നത്. ആ നേട്ടങ്ങളെയെല്ലാം വിലകുറച്ച് കാണിക്കുന്നനിലയിൽ തിരഞ്ഞെടുപ്പിലെ വിധിയെ മുൻനിർത്തിക്കൊണ്ട് കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റ് നിലനിൽക്കാൻ പാടില്ലെന്ന തരത്തിൽ പ്രതിപക്ഷത്തെ വളരെ ബഹുമാന്യരായിട്ടുള്ള അംഗങ്ങൾ വരെ അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷത്തിന് കനത്ത തിരിച്ചടിതന്നെയാണ് കേരളത്തിലുണ്ടായിട്ടുള്ളതെന്ന് നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട അനുഭവങ്ങളിൽനിന്നും നാളെ ഞങ്ങൾ തിരിച്ചുവരുമെന്ന വാക്കുപറഞ്ഞ് അവസാനിപ്പിക്കുന്ന ശീലമല്ല ഇടതുപക്ഷത്തിനും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുമുള്ളത്. ഒരു തിരഞ്ഞെടുപ്പിലെ വിജയത്തിൽ അമിതമായ ആഹ്ലാദമോ തോൽക്കുമ്പോൾ നിരാശയുടെ പടുകുഴിയിൽ വീഴുന്നതോ ആയിട്ടുള്ള സമീപനമല്ല ഞങ്ങൾ സ്വീകരിക്കുന്നത്. 2019-ലെ തിരഞ്ഞെടുപ്പിൽ തിരിച്ചടിയുണ്ടായപ്പോൾ ഞങ്ങൾ നേരെ ജനങ്ങൾക്കരികിലേയ്ക്ക് പോകുകയാണ് ചെയ്തത്. എന്തുകൊണ്ട്

ജനങ്ങൾ ഈ തിരഞ്ഞെടുപ്പിൽ ഞങ്ങളോടൊപ്പം നിന്നില്ല എന്ന കാര്യം അവരുമായി ആശയവിനിമയം നടത്താൻ അന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രവർത്തകർ സന്നദ്ധമായി. അവർ പറഞ്ഞിട്ടുള്ള കാര്യങ്ങൾ, അവരുടെ വിലയിരുത്തലുകൾ, അത് ശരിയായ നിലയിൽ കണ്ടറിഞ്ഞിട്ടാണ് 2020-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ ഞങ്ങൾ ജനങ്ങളെ സമീപിച്ചതും അതിനുശേഷം 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഈ മുന്നണി ജനങ്ങളെ അഭിമുഖീകരിച്ചതും. നമുക്കറിയാം, 2019-ലെ തിരിച്ചടികളിൽനിന്ന് അനുഭവങ്ങൾ ഉൾക്കൊണ്ട് തിരുത്തേണ്ടത് തിരുത്തി, ശരിയായിട്ടുള്ള നിലപാടുകൾ സ്വീകരിച്ചപ്പോൾ 2020-ലും 2021-ലും അഭിമാനകരമായിട്ടുള്ള വിജയം കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി നേടിയിട്ടുണ്ടെന്നുള്ളത് ആരും ചുരുക്കിക്കാണുമെന്ന് ഞങ്ങൾ കരുതുന്നില്ല. ഒരു മതനിരപേക്ഷ ജനാധിപത്യ ഇന്ത്യയെ മതാധിഷ്ഠിത സർവ്വാധിപത്യരാഷ്ട്രമാക്കാനുള്ള സംഘ്പരിവാറിന്റെ പ്രവർത്തനങ്ങൾക്കെതിരായി ഈ രാജ്യത്ത് നടന്നിട്ടുള്ള വലിയ സമരങ്ങൾ കോൺഗ്രസിന്റെമാത്രം നേട്ടമായും ശ്രീ. രാഹുൽ ഗാന്ധിയാണ്

എല്ലാത്തിന്റെയും പൈലറ്റായി നിന്നതെന്നും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് വരെ ഇവിടെ സൂചിപ്പിച്ചു. ശ്രീ. രാഹുൽ ഗാന്ധിയുടെ പങ്കിനെ ഞങ്ങൾ കുറച്ചുകാണാനുദ്ദേശിക്കുന്നില്ല. അദ്ദേഹം ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസിന്റെ പ്രധാനപ്പെട്ട നേതാവാണ്. ദേശീയതലത്തിൽ മാറ്റമുണ്ടായതിനെ സംബന്ധിച്ച് സമീപകാലത്ത് പ്രമുഖ തിരഞ്ഞെടുപ്പ് നിരീക്ഷകർ പങ്കുവച്ചിട്ടുള്ളത് ഇന്ത്യയിൽ 22 സംസ്ഥാനങ്ങളിൽ ഈ കാലയളവിൽ 195 കർഷക സമരങ്ങൾ നടന്നിട്ടുണ്ടെന്നാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, വർഗ്ഗപരമായി ഏറ്റവും കൂടുതൽ അടിച്ചമർത്തലുകൾ നേരിടുന്നൊരു ജനത എങ്ങനെയാണ് അനീതിക്കെതിരായി ഈ രാജ്യത്ത് അതിശക്തമായിട്ടുള്ള പോരാട്ടങ്ങൾ നടത്തിയത്? ആ പോരാട്ടങ്ങളിൽ എവിടെയെങ്കിലും കോൺഗ്രസുണ്ടായിരുന്നുവെന്ന് പറയാൻ സാധിക്കില്ല. എന്നാൽ ഇടതുപക്ഷമുണ്ടായിട്ടുണ്ട്. അതിനോട് താൽപ്പര്യമുള്ള രാഷ്ട്രീയശക്തികൾ ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് അതിന്റെ മുന്നിൽത്തന്നെ നിന്നിട്ടുണ്ട്. ഗുസ്തി താരങ്ങൾക്കെതിരെയുണ്ടായിട്ടുള്ള ഏറ്റവും അപലപനീയമായ കടന്നാക്രമണങ്ങക്കെതിരായി വടക്കേന്ത്യയിൽ നടന്നിട്ടുള്ള

വലിയ ജനകീയ മുന്നേറ്റമുണ്ട്. എവിടെയും ഈ പറയുന്ന വിജയത്തിന്റെ നായകന്മാരെയൊന്നും നമുക്ക് കാണാൻ കഴിഞ്ഞിട്ടില്ല. തിരിച്ചടികളുണ്ടാകുമ്പോൾ ആ തിരിച്ചടികളെ തിരിച്ചറിയുക എന്നുള്ളതാണ് നല്ല രാഷ്ട്രീയ ബോധ്യമുള്ള ഒരു പ്രസ്ഥാനം ചെയ്യേണ്ടത്. കേരളത്തിൽ ഈ തിരിച്ചടികളുടെ പശ്ചാത്തലത്തിൽ ഞങ്ങൾ വിലയിരുത്തുന്നുണ്ട്. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഇപ്പോൾ സഭയിലില്ല. അദ്ദേഹം ആദ്യമായി മത്സരിച്ചത് 1971-ലാണ്. അന്ന് കാസർഗോഡ് മണ്ഡലത്തിൽ അദ്ദേഹം തോൽപ്പിച്ചത് ഇ. കെ. നായനാരെയാണ്. 1971-ലെ ആ തിരഞ്ഞെടുപ്പിൽ ചിലയിടങ്ങളിൽ ഞങ്ങൾ ജയിച്ചു. കാസർഗോഡുപോലുള്ള മണ്ഡലങ്ങൾ ഞങ്ങൾക്കന്ന് നഷ്ടപ്പെട്ടിട്ടുണ്ട്. അന്നത്തെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് 352 സീറ്റുകൾ ലഭിക്കുകയുണ്ടായി. കോൺഗ്രസ് ആലോചിക്കേണ്ടത് ഇനിയും പ്രാസംഗികന്മാരായിട്ടുള്ള പ്രമുഖ നേതാക്കന്മാരുണ്ടല്ലോ; 1977-ലെ അടിയന്തരാവസ്ഥ കാലഘട്ടം കഴിഞ്ഞതിനുശേഷമുള്ള തിരഞ്ഞെടുപ്പിൽ നിങ്ങൾക്ക് 154 സീറ്റുകൾ മാത്രമാണ് കിട്ടിയത്. ഇന്ദിരാഗാന്ധി

തിരഞ്ഞെടുപ്പിൽ തോറ്റിട്ടുണ്ട് എന്നുള്ള യാഥാർത്ഥ്യം കോൺഗ്രസിന് ഒരിക്കലും മറക്കാൻ സാധിക്കില്ല. ഇന്ത്യൻ പാർലമെന്റിൽ കോൺഗ്രസിന് കിട്ടിയിട്ടുള്ള ഏറ്റവും ഉയർന്ന നേട്ടമെന്ന് പറയുന്നത് 1984-ൽ ലഭിച്ച 404 സീറ്റുകളാണ്. 2014-ൽ നിങ്ങൾക്ക് കിട്ടിയത് 44 സീറ്റുകളാണ്. 2019-ൽ അത് 52 സീറ്റായി. 99 സീറ്റാണ് ഈ തിരഞ്ഞെടുപ്പിൽ നിങ്ങൾക്ക് കിട്ടിയത്. ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് നിങ്ങൾ പ്രത്യേകം സ്വീകരണം നൽകി അഭിനന്ദിക്കേണ്ടതാണ്. നൂറാമത്തെയാൾ വന്നത് മഹാരാഷ്ട്രയിൽനിന്നാണ്. ശ്രീ. രമേശ് ചെന്നിത്തല ആയിരുന്നല്ലോ മഹാരാഷ്ട്രയുടെ ചുമതല വഹിച്ചിരുന്ന നേതാവ്. ശ്രീ. രമേശ് ചെന്നിത്തല അതിൽ നല്ല പങ്കുവഹിച്ചു. നൂറ് അംഗങ്ങളുള്ള ഒരു പാർട്ടിയായി ഇപ്പോൾ കോൺഗ്രസ് മാറുന്നതും മൂന്നക്കമുള്ള ഒരു തലത്തിലേയ്ക്ക് കോൺഗ്രസ് മാറിയിട്ടുള്ളതും നമ്മൾ മറന്നുപോകുന്നില്ല. ലീഗ് അമിതമായി ആഹ്ലാദിക്കേണ്ടതില്ല. പൊന്നാനിയിലെ സ്ഥാനാർത്ഥിയെക്കുറിച്ചുള്ള വളരെ മോശമായ ചില പ്രതികരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഞങ്ങൾ അതിനെക്കുറിച്ച് മറുപടി പറയുകയല്ല. നിങ്ങളുടെ കൂട്ടത്തിലിരിക്കുന്ന എല്ലാ അംഗങ്ങളും മുമ്പ് മുസ്ലീം

ലീഗിലുണ്ടായിരുന്നവരാണെന്ന് നെഞ്ചത്ത് തൊട്ടിട്ട് പറയാൻ നിങ്ങൾക്ക് സാധിക്കുമോ? കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കൊടിപിടിച്ചിട്ടുള്ളവരും നിങ്ങളുടെ കൂട്ടത്തിലുള്ള ചിലരുമൊക്കെ ഈ സഭയിൽത്തന്നെ ഇരിന്നിട്ടുള്ളത് ലീഗിന് മറക്കാൻ സാധിക്കുമോ; നിങ്ങളും രാഷ്ട്രീയമായിട്ടുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ആളുകളെ സ്വീകരിക്കുന്നതിൽ ഒട്ടുംമോശമല്ലാത്ത നിലപാട് സ്വീകരിച്ചിട്ടുണ്ടെന്നുള്ളത് മറക്കാൻ പാടില്ല. 2004-ൽ മഞ്ചേരിയിൽ വിജയിച്ചത് ശ്രീ. ടി. കെ. ഹംസയാണ്. അരിവാൾ ചുറ്റിക നക്ഷത്രത്തിൽത്തന്നെയാണ് ഞങ്ങൾ മത്സരിച്ചത്. അന്ന് പരാജയപ്പെട്ട ശ്രീ. കെ. പി. എ. മജീദ് സാഹിബ് ഇവിടെയുണ്ട്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കേരളത്തിലെ തിരഞ്ഞെടുപ്പിൽ തോറ്റിട്ടുണ്ട്. ഇതൊന്നും മറന്നുപോകരുത്. ഞങ്ങളും തോറ്റിട്ടുണ്ട്. തോൽവിയിൽനിന്ന് നിങ്ങളും ഞങ്ങളും തിരിച്ചുവന്നിട്ടുണ്ടെന്നുള്ളതാണ് കേരളത്തിന്റെ ചരിത്രം. 1977 മുതലുള്ള തിരഞ്ഞെടുപ്പിന്റെ ഓരോ ഘട്ടങ്ങളിലെയും അനുഭവങ്ങളുണ്ട്. നിങ്ങളിപ്പോൾ പറയുന്നത് ശ്രീ. പിണറായി വിജയന്റെ ധാർഷ്ട്യവും അഹന്തയുമാണ്, അദ്ദേഹത്തെ തിരുത്താൻ ആരുമില്ലെന്നുള്ള നിലയിൽ കേരളത്തിലെ

മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയനെ കേന്ദ്രീകരിച്ചുകൊണ്ട് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന കടന്നാക്രമണങ്ങളുണ്ട്. നിങ്ങളോടൊപ്പം കേരളത്തിലെ വലിയപറ്റം മാധ്യമങ്ങൾ സജീവമായി ആ ഉത്തരവാദിത്വങ്ങളേറ്റെടുത്ത് നിർവ്വഹിക്കുന്നുണ്ട്. നിങ്ങൾ ഭരിക്കുന്ന ഹിമാചൽപ്രദേശിൽ കോൺഗ്രസ്സിന് എത്ര സീറ്റുണ്ട്? അങ്ങനെ സംഭവിച്ചത് ആരുടെ ധാർഷ്ട്യം കൊണ്ടാണ്; ശ്രീ. പിണറായി വിജയന്റെ ധാർഷ്ട്യം കൊണ്ടാണോ; നിങ്ങൾ ഭരിക്കുന്ന കർണ്ണാടകയിൽ കോൺഗ്രസ്സിന് എത്ര സീറ്റ് കിട്ടി; ഇവിടെനിന്നും ചുമതലയുമായി ചില ആളുകൾ പോയിട്ടില്ലേ; അവിടെ 28-ൽ എത്ര സീറ്റ്?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, (....മൈക്ക് ഓഫ്....ഒൻപത് സീറ്റുകൾ ലഭിച്ചിട്ടുണ്ട്.)

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, നിങ്ങൾ ഏറ്റവും വലിയ വിജയം നേടിയിട്ടുള്ള കർണ്ണാടകയിൽ 28-ൽ, അവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പോയിട്ടുണ്ടോയെന്നറിയില്ല; ശ്രീ. റോജി എം. ജോൺ പോയിട്ടുണ്ടാകും. 28-ൽ 9 സീറ്റാണ് ലഭിച്ചത്. ശ്രീ. ഡി. കെ. ശിവകുമാറിന്റെ അനിയനും തോറ്റു.

ഞാൻ വസ്തുത മാത്രമേ പറഞ്ഞിട്ടുള്ളൂ. വസ്തുതാ വിരുദ്ധമായി ഒരുകാര്യവും പറഞ്ഞിട്ടില്ല. രാഹുൽതരംഗം ആഞ്ഞടിച്ച മധ്യപ്രദേശിൽ 25-ൽ 25-ഉം ബി.ജെ.പി-ക്ക് കൊടുത്തു. ഇക്കാര്യം നിങ്ങൾ ആലോചിച്ചുനോക്കണം. ശ്രീ. രാഹുൽ ഗാന്ധി നേരിട്ട് വോട്ട് ചെയ്തിട്ടുള്ള ഡെൽഹിയിൽ...,ശ്രീമതി സോണിയ ഗാന്ധി, ശ്രീമതി പ്രിയങ്ക ഗാന്ധി, ശ്രീ. റോബർട്ട് വാദ്ര എന്നിവരുണ്ടായിരുന്നു. ഡെൽഹിയിൽ നിങ്ങൾക്ക് എത്ര സീറ്റുകളാണ് ലഭിച്ചത്; നിങ്ങളല്ലേ നയിച്ച് മുന്നോട്ട് വന്നത്; എത്ര സീറ്റ് ലഭിച്ചു? ന്യൂറിന്റെ വലിയ മഹാത്മ്യം പറയുമ്പോൾ ഇതെല്ലാംകൂടി നിങ്ങൾ പറയണം. ഗുജറാത്തിലാണ് ഏറ്റവും വലിയ നിലയിൽ ഭാരത് ജോഡോ ന്യായ് യാത്ര വിജയിച്ചതെന്ന് നിങ്ങൾ പറഞ്ഞിട്ടുണ്ട്. ഒന്നൊഴികെ ബാക്കിയെല്ലാം ബി.ജെ.പി. നേടുന്നത് നമുക്ക് കാണാൻ സാധിച്ചില്ലേ? തെലുങ്കാന, ഒറീസ്സ, അസ്സം എന്നിവിടങ്ങളിൽ ബി.ജെ.പി.-യുമായി നേരിട്ട് മത്സരിച്ചിട്ടുള്ള മണ്ഡലങ്ങളിലെ ചിത്രം, ഞാനതിന്റെ പട്ടികയൊന്നും നിങ്ങളുടെ മുന്നിൽ വയ്ക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. പക്ഷേ, തിരഞ്ഞെടുപ്പിലെ തോൽവികൾ എന്ന് പറയുന്നത് ഓരോ ഘട്ടങ്ങളിലെയും രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങൾ,

പൊതുവിലുള്ള കാര്യങ്ങൾ എന്നിവ എങ്ങനെയാണ് ജനങ്ങൾ വിലയിരുത്തുന്നത് എന്നതിനെ അടിസ്ഥാനപ്പെടുത്തിയിട്ടാണ് ജനങ്ങളുടെ തീരുമാനം വരുന്നത്. ആ തീരുമാനത്തെ അതാത് ഘട്ടങ്ങളിൽ അംഗീകരിക്കുക. തിരുത്തലുകൾ വരുത്തി പോകേണ്ടത് പോകുക. മധ്യപ്രദേശിലും ഗുജറാത്തിലും ഒഡീഷയിലും ഛത്തീസ്ഗഡിലും ഡെൽഹിയിലും ഉത്തരാഖണ്ഡിലും അസ്സമിലും ഝാർഘണ്ഡിലും അരുണാചൽ പ്രദേശിലുമെല്ലാം നിങ്ങൾ ബി.ജെ.പി.-യുമായി നേരിട്ട് ഏറ്റുമുട്ടി ദയനീയമായി പരാജയപ്പെട്ടു. അതുകൊണ്ട് എല്ലാം നേടി എന്നുള്ള നിലയിലേയ്ക്ക് എത്തേണ്ടതില്ല. കേരളത്തിലെ തോൽവി ഞങ്ങൾ അംഗീകരിക്കുന്നു. ജനങ്ങൾ എന്തുകൊണ്ട് ഞങ്ങൾക്ക് വോട്ട് ചെയ്തില്ല എന്നതിന്റെ കാരണങ്ങൾ വിലയിരുത്തി അവരുടെ നിലപാടുകൾ മനസ്സിലാക്കി ശരിയായിട്ടുള്ള സമീപനങ്ങൾ സ്വീകരിച്ചുപോകുക എന്നുള്ളത് തന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ആഗ്രഹിക്കുന്നത്. എല്ലാ ശക്തികളുടെയും യു.ഡി.എഫ്., ബി.ജെ.പി., മാധ്യമങ്ങൾ, കേരളത്തിലെ ബഹുമാനപ്പെട്ട ഗവർണ്ണർ, സാമ്പത്തികമായി കേരളത്തെ ഞെരുക്കുന്ന കേന്ദ്ര നയം, എസ്.ഡി.പി.ഐ.

ജമാഅത്തെ ഇസ്ലാമി..... ചേരാൻ ഇനി ഒരാളുമില്ലല്ലോ. നിങ്ങളെല്ലാവരും ഒന്നായി ഹിമാലയം പോലെ നിവർന്ന് നിൽക്കുമ്പോഴാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ നിലയിൽ തിരഞ്ഞെടുപ്പ് പോരാട്ടത്തിൽ ഏർപ്പെട്ടിട്ടുള്ളത്. ജനങ്ങൾ ഞങ്ങൾക്ക് തിരിച്ചടി നൽകിയിട്ടുണ്ട്. അതിനെ തികഞ്ഞ ബഹുമാനത്തോടുകൂടി സ്വീകരിക്കുകയും തിരുത്തലുകൾ വരുത്തി മുന്നോട്ടുപോകുകയും ചെയ്യുമെന്നുള്ളതാണ് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഇവിടെ സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ സർക്കാർ കഴിഞ്ഞ ആഴ്ചയാണ് സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് പുറത്തിറക്കിയത്. അതിന് വലിയ പ്രചരണമാണ് മാധ്യമങ്ങൾ വഴി നൽകിയത്. ഇന്ന് ചർച്ച തുടങ്ങിയ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പ്രോഗ്രസ്സ് റിപ്പോർട്ടെടുത്തുവച്ചാണ് അദ്ദേഹത്തിന്റെ പ്രസംഗം തുടങ്ങിയത്. ഞാനും ആ പ്രോഗ്രസ്സ് റിപ്പോർട്ട് കയ്യിൽ കിട്ടിയപ്പോൾ ഒന്ന് വായിച്ചു. റബ്ബറിന്റെ സംഭരണവില 250 രൂപയായി ഉയർത്തുമെന്നതായിരുന്നു മാനിഫെസ്റ്റോയിലുള്ളത്. അതിന്റെ പ്രോഗ്രസ്സാണ്

പ്രോഗ്രസ്സ് റിപ്പോർട്ടിലുള്ളത്. അതിൽപ്പറയുന്നത് "റബ്ബറിന്റെ താങ്ങുവില പട്ടികയിലുൾപ്പെടുത്തി കിലോ ഗ്രാമിന് 250 രൂപയാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകി ” എന്നാണ്. രണ്ടാമത്തേത്, 15 ലക്ഷം ഉപജീവന തൊഴിൽ സൃഷ്ടിക്കുമെന്നായിരുന്നു പ്രോമിസ്. പ്രോഗ്രസ്സ് റിപ്പോർട്ടിൽ "അതിനുവേണ്ടി തൊഴിൽ സഭകൾക്ക് രൂപം നൽകി” എന്നാണ്. ഗ്രാമസഭയിൽ തൊഴിൽ സഭയ്ക്ക് രൂപം നൽകി. അതാണ് തൊഴിലിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട്. എന്നുമാത്രമല്ല കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ റിപ്പോർട്ടിൽ ഇന്ത്യയിൽ ഏറ്റവുമുയർന്ന തൊഴിലില്ലായ്മ നിരക്ക് കേരളത്തിലാണെന്ന റിപ്പോർട്ട് കഴിഞ്ഞ മാസമാണ് പുറത്തുവന്നത്. 31.8 ശതമാനമാണ് പിരിയോഡിക്കൽ ലേബർ ഫോർ സർവ്വേയും പറയുന്നത്. അതാണ് പ്രോഗ്രസ്സ് റിപ്പോർട്ട്. മൂന്നാമതായി, പ്രോഗ്രസ്സ് റിപ്പോർട്ടിൽ പറയുന്നത് കെ-ഫോൺ സംബന്ധിച്ചാണ്. 2017-ൽ ഡോ. ടി. എം. തോമസ് ഐസക് ഇത് പ്രഖ്യാപിക്കുന്ന സമയത്ത് അദ്ദേഹം പറഞ്ഞത് 20 ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് നൽകുമെന്നാണ്. “ Free internet connection will be provided to 20 lakh

poor families" ഇത് പ്രോമിസ്. പ്രോഗ്രസ്സ് റിപ്പോർട്ടിൽ പറയുന്നത് " 5685 ബി.പി.എൽ. കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകി" എന്നാണ്. അതായത് 20 ലക്ഷം പ്രോമിസ്, ഇംപ്ലിമെന്റേഷൻ 0.000004 ആണ്. ഇതാണ് പ്രോഗ്രസ്സ് റിപ്പോർട്ടിൽ പറയുന്നത്. അതുപോലെ കൃഷിക്കാരുടെ വരുമാനം 50 ശതമാനം കണ്ട് വർദ്ധിപ്പിക്കുമെന്ന് പറയുന്നു. പക്ഷേ പ്രോഗ്രസ്സ് റിപ്പോർട്ടിൽ അതിനുവേണ്ടിയുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. എട്ട് വർഷമായെന്ന് മനസ്സിലാക്കണം. എട്ട് വർഷമായി 50 ശതമാനം കണ്ട് വർദ്ധിപ്പിക്കാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. സർക്കാർ ഉദ്യോഗസ്ഥരുടെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുമെന്ന് പ്രോമിസ്. പ്രോഗ്രസ്സ് റിപ്പോർട്ടിൽ പറയുന്നത് അതിനെക്കുറിച്ച് പഠിച്ച കമ്മീഷന്റെ റിപ്പോർട്ട് പഠിക്കുന്നതിനായി വേറൊരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നാണ്. ഈ പ്രോഗ്രസ്സ് റിപ്പോർട്ടിലെ തൊള്ളായിരവും വായിക്കാൻ എനിക്ക് അനുവദിച്ചിട്ടുള്ള ഒമ്പത് മിനിട്ട് സമയംകൊണ്ട് സാധിക്കാത്തതുകൊണ്ടാണ് മുഴുവനും വായിക്കാത്തത്. ഈ തിരഞ്ഞെടുപ്പിൽ ഇതുപോലൊരു തോൽവി ജനങ്ങൾ കൊടുത്തിട്ടും ഇതുപോലൊരു തോൽവി

പ്രോഗ്രസ്സ് റിപ്പോർട്ടുമായി വീണ്ടും ജനങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങണമെങ്കിൽ അസാദ്ധ്യമായ ധൈര്യം വേണം. ഇത്തരത്തിലുള്ള പ്രചരണങ്ങൾകൊണ്ട് ഇനി ജനങ്ങളെ സ്വാധീനിക്കാൻ കഴിയില്ലെന്ന സത്യം നിങ്ങൾ മനസ്സിലാക്കണം. സർക്കാർ ഉദ്യോഗസ്ഥർക്ക് ഈ ഗവൺമെന്റ് വന്ന സമയം മുതൽ പരമാനന്ദമാണ്. ലീവ് സറണ്ടർ മരവിപ്പിച്ചു. ഇപ്പോഴത് നാല് വർഷം കഴിഞ്ഞ് കൊടുക്കാമെന്ന് പറയുന്നുണ്ട്. ഡി.എ. 61 തവണ കുടിശ്ശികയായി. 21 ശതമാനമായിരുന്നത് 2 ശതമാനം കൊടുത്തിട്ടുണ്ട്, വീണ്ടും 19 ശതമാനം ഡി.എ. കുടിശ്ശികയായി നിലനിൽക്കുകയാണ്. ഒരു സാധാരണ ഉദ്യോഗസ്ഥന് ഏതാണ്ട് ഒന്നര ലക്ഷം രൂപവരെ ഈ സർക്കാർ ഡി.എ. കുടിശ്ശിക ഇനത്തിൽ ഇപ്പോൾ കൊടുക്കാനുണ്ട്. അതുകഴിഞ്ഞ് മെഡിസെപ് കൊണ്ടുവന്ന് ജീവനക്കാരെ മുഴുവൻ വഞ്ചിച്ചു. അതുകഴിഞ്ഞ് ആശ്രിത നിയമന സംവിധാനത്തെ മുഴുവൻ അട്ടിമറിച്ചു. ഇതെല്ലാം കഴിഞ്ഞ് ഈ പരമാനന്ദത്തിൽ കഴിയുമ്പോഴാണ് അവർക്ക് 'ജീവാനന്ദം' നൽകാമെന്ന് സർക്കാർ പറയുന്നത്. ഇങ്ങനെ ജീവനക്കാരെ ദ്രോഹിക്കുന്നൊരു പദ്ധതിക്ക് ജീവാനന്ദം എന്നൊക്കെ പേരിടുന്നവരെ ഈ സഭയിൽ കൊണ്ടുവന്ന് പൊന്നാട അണിയിച്ച്

ആദരിക്കണം. ഇതുപോലെ ഉപദ്രവിക്കുന്ന പദ്ധതിക്കിട്ടുന്ന പേര് 'ജീവാനന്ദം' . അതുപോലെത്തന്നെയാണ് മറ്റ് മേഖലകളുടെ അവസ്ഥയും. ഞങ്ങളെല്ലാം കൊല്ലത്തുനിന്നും വരുന്നവരാണ്. ബഹുമാനപ്പെട്ട ചെയർമാനും കൊല്ലം ജില്ലയിൽനിന്നുള്ള പ്രതിനിധിയാണ്. കശുവണ്ടി തൊഴിലാളികളുടെ കൂലി 23 ശതമാനം വർദ്ധിപ്പിച്ചെന്ന് ഈ പ്രോഗ്രസ്സ് റിപ്പോർട്ടിൽ പറയുന്നുണ്ട്. ഒരു സ്വകാര്യ കമ്പനിയിലും അത് നൽകുന്നില്ല. ഇടപെടാൻ എന്തെങ്കിലും സംവിധാനമുണ്ടോ? പതിനായിരം പേർക്ക് കാപെക്സിലും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡിലുമായി ജോലി നൽകുമെന്ന് പ്രോമിസുണ്ട്. 786 പേർക്ക് ജോലി നൽകിയെന്നാണ് പ്രോഗ്രസ്സ് റിപ്പോർട്ടിൽ പറയുന്നത്. ഓരോ മേഖലയെടുത്ത് പരിശോധിച്ചുകഴിഞ്ഞാൽ ഈ അവസ്ഥ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇന്ത്യൻ പാർലമെന്റിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് നേരത്തെ ശ്രീ. ടി. ഐ. മധുസൂദനൻ ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട അംഗങ്ങളൊക്കെ പറഞ്ഞു. ഇന്ത്യയിലെ മതേതര ജനാധിപത്യ വിശ്വാസികളെ സംബന്ധിച്ചിടത്തോളം വലിയ പ്രതീക്ഷ നൽകിയ ഒരു തിരഞ്ഞെടുപ്പ് തന്നെയാണ് ഇക്കഴിഞ്ഞത്. ഞാൻ ഒരു കാര്യം

പറയുന്നു. ഈ തിരഞ്ഞെടുപ്പ് കാലത്ത് ശ്രീ. രാഹുൽ ഗാന്ധിയെ നിങ്ങൾ ഒരുപാട് പരിഹസിച്ചു. അസാദ്ധ്യമെന്ന് നിങ്ങൾ വിധിച്ചതിനെ സാധ്യമാക്കിയ രാഷ്ട്രീയ ഭഗീരത പ്രയത്നത്തിന്റെ പേരാണ് ശ്രീ. രാഹുൽ ഗാന്ധി. വെയിലും മഴയും മഞ്ഞുമേറ്റ് കന്യാകുമാരി മുതൽ കശ്മീർ വരെ ആ മനുഷ്യൻ 4000 കിലോ മീറ്റർ കാൽനടയായി കാതങ്ങൾ താണ്ടിയപ്പോൾ അതിനെ പഴംപൊരി പൊറോട്ട യാത്രയെന്ന് പരിഹസിച്ചവരാണ് നിങ്ങൾ. ആ മനുഷ്യനെ ഒരു നോക്ക് കാണാൻ ഒന്ന് കൈകോർക്കാൻ പാതകൾക്കിരുവശവും പുരുഷാരം ഒഴുകി വന്നപ്പോൾ അതിനെ കണ്ടെയ്നർ യാത്രയെന്ന് പരിഹസിച്ചവരാണ് നിങ്ങൾ. ഇന്ത്യയുടെ ആത്മാവ് തിരിച്ച് പിടിക്കാൻ തെക്ക് ശ്രീ. എം. കെ. സ്റ്റാലിൻ മുതൽ വടക്ക് ശ്രീ. ഒമർ അബ്ദുള്ള വരെയുള്ള ജനാധിപത്യ വിശ്വാസികൾ ആ മനുഷ്യനൊപ്പം നടന്നപ്പോൾ നിങ്ങൾ മാത്രമാണ് കളിയാക്കിച്ചിരിക്കുകയും മുഖം തിരിച്ച് നിൽക്കുകയും ചെയ്തത്. ആ മനുഷ്യനെ ബി.ജെ.പി. പോലും മറന്നുപോയ പരിഹാസ പേര് വിളിക്കാൻ കേരളത്തിന്റെ മുഖ്യമന്ത്രി തിരഞ്ഞെടുപ്പ് കാലത്ത് തയ്യാറായി. എന്നാൽ ആ മനുഷ്യന്റെ ഫോട്ടോ വച്ച് രാജസ്ഥാനിലെ സികാറിൽ നിങ്ങളുടെ കേന്ദ്ര കമ്മിറ്റി അംഗം

വോട്ട് പിടിച്ചു. തമിഴ്നാട്ടിൽ അദ്ദേഹത്തിന്റെ പുഞ്ചിരിക്കുന്ന ചിത്രമുള്ള ബാഡ്ജ് ധരിച്ചുകൊണ്ട് നിങ്ങളുടെ ശ്രീ. എസ്. വെങ്കിടേശൻ (ശ്രീ. സു വെങ്കിടേശൻ) വോട്ട് പിടിച്ചു. ആ മനുഷ്യൻമൂലം ഇന്ത്യൻ പാർലമെന്റിൽ കൂടുതൽ കനലുകളുണ്ടായി. ആ മനുഷ്യന്റെ ഫോട്ടോവച്ച് ഫ്ലക്സ് അടിച്ചതുകൊണ്ട് മാത്രം ഈനാംപേച്ചിയിൽനിന്നും മരപ്പട്ടിയിൽനിന്നും നിങ്ങൾ രക്ഷപ്പെട്ടു. ഇനിയെങ്കിലും ആ മനുഷ്യനെ അധിക്ഷേപിക്കുന്നത് നിങ്ങൾ അവസാനിപ്പിക്കണ്ടേ? 'ഇടതില്ലെങ്കിൽ ഇന്ത്യയില്ല' എന്ന മുദ്രാവാക്യം പറഞ്ഞ നിങ്ങളുടെ ഹീറോ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ എവിടെയായിരുന്നു; അദ്ദേഹം ഇന്ത്യയിലുണ്ടായിരുന്നോ; മധുരയിലെ ശ്രീ. എസ്. വെങ്കിടേശനുവേണ്ടി ശ്രീ. പിണറായി വിജയൻ ഒരു മിനിട്ട് പ്രസംഗിക്കാൻ പോയോ; ബംഗാളിലെ സി.പി.ഐ.(എം.)-കാർക്കുവേണ്ടി പോളിറ്റ്ബ്യൂറോ മെമ്പറായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിക്കാൻ പോയോ; സിക്കാറിൽ സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. അമ്രാ റാം മത്സരിച്ചപ്പോൾ ഇന്ത്യയിലെ ഏക സി.പി.ഐ.(എം.)-ന്റെ മുഖ്യമന്ത്രി ഒരു ദിവസം അവിടേയ്ക്ക് പോകേണ്ടതല്ലേ; ആ സഖാവിനുവേണ്ടി പ്രചരണം നടത്തണ്ടേ; അവിടെയെല്ലാം നിങ്ങൾ

പരിഹസിച്ച ആ മനുഷ്യൻ പ്രചരണത്തിന് പോയിരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിനുമുമ്പ് നിങ്ങൾ എന്തൊക്കെ വെല്ലുവിളിയായിരുന്നു നടത്തിയത്; നിയമസഭയിലെ നമ്മുടെ സഹപ്രവർത്തകരായ സി.പി.ഐ.(എം.)-കാർ എന്താണ് പറഞ്ഞത്; 'രങ്ക അണ്ണൻ കാണിക്കുമെന്ന് പറഞ്ഞാൽ കാണിക്കും' എന്ന് വെല്ലുവിളിച്ച് പോയവരുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ഞങ്ങൾക്ക് 111-ഉം നിങ്ങൾക്ക് 19-ഉം ബി.ജെ.പി.ക്ക് 11 സീറ്റുമാണ് ലഭിച്ചത്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് എന്ന ഇന്ത്യയുടെ മതേതരത്വത്തിനുവേണ്ടി ഇന്ത്യയിലും കേരളത്തിലും പോരാട്ടം നടത്തുന്ന രാഷ്ട്രീയ പാർട്ടിയെ മുസ്ലീം ലീഗിൽനിന്ന് അപ്പുറത്തേയ്ക്ക് വന്ന ഒന്നു-രണ്ട് ആളുകൾ എല്ലായിപ്പോഴും പരിഹസിക്കുമായിരുന്നു. ഞങ്ങൾ നിങ്ങളെ പരിഹസിക്കില്ല. ആ ലീഗിന് കേരളത്തിൽനിന്ന് രണ്ട് എം.പി.മാരാണുള്ളത്. നിങ്ങൾക്ക് ഒന്നേയുള്ളൂവെന്ന് വിനയത്തോടെ നിങ്ങൾ തിരിച്ചറിയണം. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് എത്ര അന്തസ്സോടുകൂടിയാണ് ഇവിടെ സംസാരിച്ചത്. അദ്ദേഹം നിങ്ങളെ പരിഹസിച്ചോ; മുസ്ലീംലീഗിൽനിന്ന് രണ്ട് പേരുണ്ട് നിങ്ങൾക്ക് ഒന്നേയുള്ളൂവെന്ന് പറഞ്ഞോ; ഇല്ല. ആ രാഷ്ട്രീയ അന്തസ്സ് നിങ്ങൾ മാനിക്കണം.

അതാണ് സി.പി.ഐ.(എം.)-യുടെ ജില്ലാ കൗൺസിൽ യോഗങ്ങളിൽ പറഞ്ഞുവെന്ന് പത്രങ്ങളിൽ വാർത്ത വന്നത്, 'ധാർഷ്ട്യം അവസാനിപ്പിക്കണം' എന്നത്. അതുതന്നെയാണ് ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയും പറഞ്ഞത്. അത് തന്നെയാണ് എം. പി. വീരേന്ദ്രകുമാർ അനുസ്മരണ പ്രഭാഷണത്തിൽ ശ്രീ. നരേന്ദ്രമോദിയുടെ കേരള പതിപ്പാണ് ശ്രീ. പിണറായി വിജയനെന്ന് ചരിത്രകാരനായ ശ്രീ. രാമചന്ദ്ര ഗുഹ പറഞ്ഞു. ഇത് ഞങ്ങളാരും പറഞ്ഞതല്ല. രണ്ടാം പിണറായി സർക്കാരിന് വികസന നേട്ടങ്ങളില്ലെന്നാണ് നിങ്ങളുടെ പഴയ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരൻ പറഞ്ഞത്. നിങ്ങൾ ഇനിയെങ്കിലും ഈ ധാർഷ്ട്യം താഴെവയ്ക്കണമെന്നാണ് പറയാനുള്ളത്. ഇന്ത്യൻ പാർലമെന്റിൽ 9 ഇടത് എം.പി. മാരാണുള്ളത്. അതിൽ സി.പി.ഐ.(എം.)-4, സി.പി.ഐ.-2 സി.പി.ഐ.(എം.എൽ.)-2 ആർ.എസ്.പി.-1 എന്നിങ്ങനെയാണ്. ഇന്ത്യൻ പാർലമെന്റിൽ 9 ഇടത് എം.പി. മാരുള്ളതിൽ 8 പേരും കോൺഗ്രസ്സ് മുന്നണിയുടെ ഭാഗമായാണ് പാർലമെന്റിലെത്തിയതെന്ന സത്യത്തെ നിങ്ങൾ തിരിച്ചറിയണം. എല്ലാവരും രണ്ടുമൂന്ന് മിനിട്ട് സംസാരിക്കാനായി അധികമെടുത്തു. ഞാനും അത്രയും

സമയമേ എടുക്കുകയുള്ളൂ. ഈ തിരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങളുടെ വോട്ടിലൂടെ 11 സീറ്റിൽ ബി.ജെ.പി. ലീഡ് ചെയ്തയിടത്ത് 11-ഉം ഇടതുപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലത്തിലല്ലേ; 2019-നുശേഷം ഇലക്ഷൻ നടന്നകാര്യം ഇവരാരും പറയുന്നില്ല. ധർമ്മടത്ത് 2000 വോട്ടിന് മാത്രമാണ് ശ്രീ. കെ. സുധാകരൻ പുറകിലായത്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററിന്റെ നിയോജകമണ്ഡലമായ തളിപ്പറമ്പിൽ ശ്രീ. കെ. സുധാകരന് 8000 വോട്ടിന്റെ ലീഡാണ് ലഭിച്ചത്. 50,000 വോട്ട് എപ്പോഴും ഭൂരിപക്ഷം ലഭിക്കുന്ന കല്യാശ്ശേരിയിൽ 1000-ൽ താഴെയാണ്. കള്ളവോട്ട് ചെയ്യാൻപോലും ഇനി ആരെയും വിടരുത്. കാരണം, ശ്രീ. കെ. സുധാകരന് നല്ല വോട്ട് രാവിലെ പോയി ചെയ്ത ഒരാളെ 5 തവണ കള്ള വോട്ട് ചെയ്യിപ്പിച്ചോൾ 6 വോട്ടായി. ഇവൻ ഒരു വോട്ട് മാത്രമാണ് ചെയ്തിരുന്നെങ്കിൽ ആ ഒരു വോട്ട് മാത്രമെ ശ്രീ. കെ. സുധാകരന് ലഭിക്കുമായിരുന്നുള്ളൂ. നല്ല വോട്ട് ചെയ്ത ഒരാളെകൊണ്ടാണ് മരിച്ചവന്റെ വോട്ട് ചെയ്യിപ്പിക്കുന്നത്. മട്ടന്നൂരിലും തളിപ്പറമ്പും ധർമ്മടത്തും കല്യാശ്ശേരിയിലും വോട്ട് കുറഞ്ഞില്ലേ; വടകരയെ സംബന്ധിച്ചാണെങ്കിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. ഷാഫി പറമ്പിൽ

ഇവിടെയുണ്ട്, ഒരു തിരഞ്ഞെടുപ്പിൽ ജയിക്കാനായി നിങ്ങൾ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത്. ഒരു സമുദായത്തെ നിങ്ങൾ ഒറ്റപ്പെടുത്തി ആക്രമിച്ചില്ലേ; ഉത്തരേന്ത്യയിൽ ഇതല്ലേ ബി.ജെ.പി. ചെയ്തുകൊണ്ടിരുന്നത്? അതുതന്നെ നിങ്ങൾ വടകരയിലും ചെയ്തില്ലേ; വ്യാജ സ്ക്രീൻ ഷോർട്ടുണ്ടാക്കിയില്ലേ; ഒരു സീറ്റ് ജയിക്കാൻവേണ്ടി എന്തിനാണ് ഇത്തരത്തിൽ ചെയ്യുന്നത്; എത്ര അപകടകരമായ രാഷ്ട്രീയമാണ് നിങ്ങൾ കളിച്ചത്? 2019-ലെ തിരഞ്ഞെടുപ്പ് ഫലംപോലെ 2026-ൽ നടക്കുമെന്ന് നിങ്ങൾ വിചാരിക്കണ്ട. സംസ്ഥാനത്തിന്റെ ധനമാനേജ്മെന്റ് അതിദയനീയമായ അവസ്ഥയിലാണ്. ആറേഴ് മാസത്തെ സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശികയാണ്. ഉച്ചഭക്ഷണത്തിനായുള്ള തുക കുടിശ്ശികയിലാണ്. കരാറുകൾ ഏറ്റെടുക്കാനായി എം.എൽ.എ.-മാർ കരാറുകാരുടെ പുറകേ നടക്കുകയാണ്. കുടിശ്ശികയുള്ളതിനാൽ കരാറുകൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. പഞ്ചായത്തുകൾക്ക് സർക്കാരിൽനിന്ന് ലഭിക്കേണ്ട വികസന ഗ്രാന്റിന്റെ 3 ഗഡു കുടിശ്ശികയാണ്. നെല്ലിന്റെ സംഭരണ വില നൽകാൻ പണമില്ല. സർക്കാർ അതിദയനീയവും ഗുരുതരവുമായ സാമ്പത്തിക

പ്രതിസന്ധിയിലൂടെ കടന്നുപോകുയാണ്. അതിനാൽ ഇതൊക്കെ ഒരു ചടങ്ങായി മാറുകയാണ്. നമ്മളൊക്കെ എത്ര വാദിച്ചാലും, ഡിപ്പാർട്ടുമെന്റുകൾക്ക് പണം നൽകാൻ കഴിയാത്ത ഗുരുതരമായ സ്ഥിതി വിശേഷമാണ് സംസ്ഥാനത്ത് സംജാതമായിരിക്കുന്നത്. ഇനിയെങ്കിലും ചുവരെഴുത്തുകൾ മാച്ച് കളഞ്ഞ് യാഥാർത്ഥ്യമുൾക്കൊണ്ട് അഹങ്കാരത്തിന്റെ കൊടുമുടിയിൽനിന്നും താഴേയ്ക്കുവരാൻ ഭരണത്തിലിരിക്കുന്നവർ തയ്യാറാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഞാൻ ഈ ധനഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. രാജ്യത്താകമാനം മതനിരപേക്ഷ കക്ഷികൾക്ക് കുറച്ചുകൂടി ആശ്വാസമേകുന്ന ഒരു തിരഞ്ഞെടുപ്പ് ഫലത്തിനുശേഷമാണ് നിയമസഭാ സമ്മേളനം ഇവിടെ വീണ്ടും ചേരുന്നത്. കേരളത്തിലുൾപ്പെടെ ഇടതുപക്ഷത്തിനുണ്ടായ പോരായ്മകളും പരാജയങ്ങളുമെല്ലാം നല്ലരീതിയിൽ പരിശോധന നടത്തി ആവശ്യമായ തിരുത്തലുകൾ വരുത്തി ഞങ്ങൾ വീണ്ടും വരുമെന്നതിൽ തർക്കമൊന്നുമില്ല. ലോക്സഭാ തിരഞ്ഞെടുപ്പ് ചരിത്രത്തിൽ കഴിഞ്ഞ ഇരുപത് വർഷത്തെ അനുഭവമെടുത്താൽ, 2004-ൽ മാത്രമാണ്

വലിയ ഭൂരിപക്ഷത്തോടുകൂടി ഇടതുപക്ഷത്തിന് കേരളത്തിൽ വിജയിക്കാൻ സാധിച്ചിട്ടുള്ളത്. 2004-ൽ 18 സീറ്റിൽ ഇടതുപക്ഷത്തിന് വിജയിക്കാൻ സാധിച്ചു. മലപ്പുറത്ത് ശ്രീ. ടി. കെ. ഹംസ ഉൾപ്പെടെ വിജയിച്ചുവന്ന സാഹചര്യമുണ്ടായി. എന്നാൽ 2009-ൽ അത് 4 സീറ്റായി കുറഞ്ഞ് കോൺഗ്രസ് വിജയിക്കുകയും ചെയ്തു. അന്തരിച്ച സിനിമാ നടൻ ഇന്നസെന്റ് ഉൾപ്പെടെ 2014-ൽ 8 പാർലമെന്റ് സീറ്റുകളിൽ വീണ്ടും വിജയിക്കാൻ ഞങ്ങൾക്ക് സാധിച്ചു. 2019-ലും 2024-ലും ഒരു സീറ്റിലാണ് ഞങ്ങൾക്ക് വിജയിക്കാൻ സാധിച്ചത്. എന്നാൽ ഞങ്ങൾ പൂർണ്ണമായും തകർന്നുവെന്ന നിലയിൽ നിയമസഭയിൽ യു.ഡി.എഫ്. പറഞ്ഞതിന് മറുപടി രണ്ട് വർഷത്തിനുള്ളിൽ കേരളത്തിലെ ജനങ്ങൾ നൽകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകളിൽ 2001-ൽ മാത്രമാണ് 100 സീറ്റിൽ ആന്റണി ഗവൺമെന്റിന് അധികാരത്തിൽ വരാൻ കഴിഞ്ഞത്. 2006-ൽ വി. എസ്. സർക്കാർ 98 സീറ്റിൽ കേരളത്തിൽ അധികാരത്തിൽ വന്നു. 2011-ൽ നിങ്ങളുടെ സീറ്റ് 2 വോട്ടിന്റെ ഭൂരിപക്ഷത്തിൽ 72 സീറ്റായി. ആ 72 സീറ്റ് 2016-ൽ 91 സീറ്റിന്റെ പിൻബലത്തോടുകൂടി ഒന്നാം

പിണറായി സർക്കാർ അധികാരത്തിൽ വരുന്ന സാഹചര്യമുണ്ടായി. 2021-ൽ 91 സീറ്റിൽനിന്ന് 99 സീറ്റായി വർദ്ധിപ്പിക്കുന്ന സാഹചര്യമുണ്ടായി. 2026 വരാൻ പോകുന്നതല്ലേയുള്ളൂ; നമ്മുടെ മുമ്പിൽ ഇനിയും രണ്ട് വർഷമുണ്ട്. ആ രണ്ട് വർഷത്തിനുള്ളിൽ ഇടതുപക്ഷം ലക്ഷ്യം വയ്ക്കുന്ന കേരളത്തിൽ 100 സീറ്റുനേടുകളിൽ അധികാരത്തിൽ വരുന്ന സാഹചര്യം തീർച്ചയായും നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. തൃശ്ശൂർ ലോക്സഭാ മണ്ഡലത്തിൽ എൽ.ഡി.എഫ്.-ന് പരാജയം സംഭവിക്കുകയും ബി.ജെ.പി. വിജയിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ തൃശ്ശൂരിൽ ശ്രീ. കെ. മുരളീധരനെ കൊണ്ടുവരികയാണ് ചെയ്തത്. അതിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് അദ്ദേഹത്തിന്റെ സഹോദരി ശ്രീമതി പത്മജ വേണുഗോപാൽ ബി.ജെ.പി.-യിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടായി. ആ സാഹചര്യത്തെ മറികടക്കാനും, സംസ്ഥാന രാഷ്ട്രീയത്തിൽവന്ന വലിയ തിരിച്ചടി, മുൻമുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയുടെ മകൻ ബി.ജെ.പി.-യിലേയ്ക്ക് പോയതുപോലെ ഇപ്പോൾ കെ. കരുണാകരന്റെ മകൾ പോകുന്ന സാഹചര്യമുണ്ടായി. സഹോദരി പോയപ്പോൾ സഹോദരനിലൂടെ

തൃശ്ശൂർ പാർലമെന്റ് സീറ്റ് പിടിച്ചെടുക്കാമെന്ന രൂപത്തിൽ വടകരയിൽനിന്ന് ശ്രീ. കെ. മുരളീധരനെ തൃശ്ശൂരിലേയ്ക്ക് കൊണ്ടുവരുന്ന സാഹചര്യമുണ്ടായി. തോൽവിക്കുശേഷം കെ.പി.സി.സി. പ്രസിഡന്റായിരുന്ന, നിയമസഭയിലൂൾപ്പെടെ പ്രതിനിധാനം ചെയ്തിരുന്ന ശ്രീ. കെ. മുരളീധരൻ പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട കാര്യം, വടകര വിട്ടത് ഞാൻ ചെയ്ത ഏറ്റവും വലിയ തെറ്റായിപ്പോയി എന്നാണ്. തൃശ്ശൂരിൽ ബി.ജെ.പി.-ക്കുവേണ്ടി കോൺഗ്രസ്സ് പാർട്ടി ശ്രീ. കെ. മുരളീധരനെ ബലിയാടാക്കുന്ന സാഹചര്യമുണ്ടായി. തൃശ്ശൂരിലെ വോട്ടിന്റെ കണക്ക് പരിശോധിച്ചാൽ, 2019-ൽ ശ്രീ. ടി. എൻ. പ്രതാപൻ 415000 വോട്ടിനാണ് ജയിച്ചത്. അന്ന് ഞങ്ങൾക്ക് 321000 വോട്ടുണ്ടായിരുന്നു. എന്നാൽ 2024-ൽ, ഏതാനും ദിവസങ്ങൾക്ക് മുമ്പ് നടന്ന തിരഞ്ഞെടുപ്പിൽ നിങ്ങളുടെ വോട്ട് 328000 ആയി കുറഞ്ഞു. ഞങ്ങൾക്ക് 337000 വോട്ടുണ്ട്. നിങ്ങളുടെ 87000 വോട്ട് എവിടെ പോയി; ആര് കൊണ്ടുപോയി? ഇതാണ് തൃശ്ശൂരിൽ വന്ന ഏറ്റവും വലിയ പരാജയം. ആ പരാജയത്തെ വളരെ കൃത്യമായി കണക്കാക്കി അതിനാവശ്യമായ തിരുത്തൽ നടപടികൾ ചെയ്യുക. കേരളത്തിൽ ബി.ജെ.പി.-യെ വളർത്തുന്നതിലും സീറ്റ്

നേടിക്കൊടുക്കുന്നതിലും നിങ്ങൾക്ക് ഗുരുതരമായ പാളിച്ച വന്നു. 2016-ൽ നേമത്ത് നിങ്ങൾക്ക് ഈ സ്ഥിതി വന്നു. അവിടെ ശ്രീ. വി. സുരേന്ദ്രൻപിള്ള എന്ന ദുർബ്ബലനായ യു.ഡി.എഫ്. സ്ഥാനാർത്ഥിക്ക് അന്ന് കിട്ടിയ വോട്ട് 13860 ആണ്. അങ്ങനെയാണ് 2016-ൽ കേരളത്തിലെ നിയമസഭാ ചരിത്രത്തിലാദ്യമായി 8671 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ബി.ജെ.പി.-യിലൂടെ ഒരു നിയമസഭാ സീറ്റുണ്ടായത്. എന്നാൽ പിന്നീട് ആ അക്കൗണ്ട് ഞങ്ങൾ പൂട്ടിച്ചുവെന്നത് വേറെ കാര്യം. അതുകൊണ്ട് ഇത്തരത്തിൽ വലിയ വാദപ്രതിവാദങ്ങളും അഹങ്കാരവാദങ്ങളുമെല്ലാം നടത്തി ഈ പാർലമെന്റ് തിരഞ്ഞെടുപ്പോടുകൂടി എൽ.ഡി.എഫ്. ദുർബലപ്പെട്ടുവെന്ന നില നിങ്ങൾ സ്വീകരിക്കരുത്. ആ നിലയിലേയ്ക്ക് നിങ്ങൾ താണുപോകരുത്. ഏറ്റവുമൊടുവിൽ ആലപ്പുഴയിലെ നിങ്ങളുടെ സ്ഥാനാർത്ഥിയായി വിജയിച്ച ശ്രീ. കെ. സി. വേണുഗോപാൽ രാജസ്ഥാനിലെ രാജ്യസഭ എം.പി. ആയിരുന്നു. അപ്പോൾ ബി.ജെ.പി.-ക്ക് വീണ്ടും ഒരു രാജ്യസഭാ സീറ്റ് കൊടുക്കുന്ന രൂപത്തിലേയ്ക്ക് മാറുന്ന സാഹചര്യം വരുന്നു. ഇപ്പോൾ പാലക്കാട് ആറ് മാസത്തിനുള്ളിൽ നിയമസഭാ തിരഞ്ഞെടുപ്പ് വരാൻ പോകുന്നു. ഞാൻ ചോദിക്കട്ടെ; മൂന്ന് വർഷം

മുമ്പ് ഒരു ഘട്ടത്തിൽ പാലക്കാട് അസംബ്ലി മണ്ഡലത്തിൽ നഗരപ്രദേശങ്ങളിലെ വോട്ടെണ്ണുമ്പോൾ ശ്രീ. ഇ. ശ്രീധരൻ ഒൻപതിനായിരം-പതിനായിരം വോട്ടിന് മുന്നിലായിരുന്നു. കഷ്ടിച്ച് 3800 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ശ്രീ. ഷാഫി പറമ്പിൽ കടന്നുകൂടിയത്. കേരളത്തിൽ ബി.ജെ.പി.-യുടെ ഗൺപോയിന്റിൽ നിൽക്കുന്ന ഒരു നിയമസഭാ മണ്ഡലത്തിലെ സിറ്റിംഗ് എം.എൽ.എ.-യെ നിങ്ങൾ വടകര കൊണ്ടുപോയി മത്സരിപ്പിച്ചു, അത് നിങ്ങളുടെ കാര്യം; പക്ഷേ അവിടെ ശ്രീ. ടി. സിദ്ദിഖിനെപ്പോലെയുള്ള നേതാക്കന്മാരുണ്ടായിരുന്നല്ലോ? ബി.ജെ.പി.-ക്ക് ചെറുതായെങ്കിലും ഒരു അവസരം കൊടുക്കാൻ സാധിക്കുന്ന രൂപത്തിലേയ്ക്കും രാഷ്ട്രീയമായ ഒരു തിരഞ്ഞെടുപ്പ് ഘട്ടത്തിലെ സ്ഥാനാർത്ഥി നിർണ്ണയത്തിൽ ഗുരുതരമായ പിഴവുകളുൾപ്പെടെ വരുന്ന സാഹചര്യവും ഇതുമായി ബന്ധപ്പെട്ടുണ്ട് എന്നതും ഈ ചർച്ചയുടെ ഭാഗമായി പറയുന്ന പ്രധാനപ്പെട്ട കാര്യമാണ്.

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെടുത്താൽ, നമ്മുടെ കേരളത്തിൽ കഴിഞ്ഞ ഏഴെട്ടു വർഷക്കാലമായി വിദ്യാഭ്യാസമേഖലയിൽ വന്ന മാറ്റം ചെറുതല്ല. കിഫ്ബിയുടെ സാധ്യത ഉപയോഗപ്പെടുത്തി 973

കെട്ടിടങ്ങളാണ് കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ചത്. ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ വിവേചനമോ ഭരണ-പ്രതിപക്ഷ വ്യത്യാസമോ ഇല്ലാതെ എല്ലാ മണ്ഡലങ്ങളിലും വാരിക്കോരി ഫണ്ട് കൊടുക്കുന്ന സാഹചര്യമുണ്ടായി. നാല്പത്തി അയ്യായിരത്തോളം ഹൈടെക് ക്ലാസ് മുറികൾ കേരളത്തിൽ വന്നു. രാജ്യത്താദ്യമായി പ്രൈമറി സ്കൂൾ പാഠപുസ്തകത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പഠനം ഏഴാം ക്ലാസിലൂൾപ്പെടെ കൊണ്ടുവരികയാണ്. ജെൻഡർ ന്യൂട്രാലിറ്റി, അതായത് അടുക്കളയിലെ പണികൾ പങ്കിട്ടെടുക്കേണ്ട തരത്തിൽ ചെറിയ കുട്ടികളെപ്പോലും സമത്വത്തിന്റെയും തുല്യതയുടെയും ബാലപാഠങ്ങൾ അഭ്യസിപ്പിക്കുന്ന രൂപത്തിലേയ്ക്ക് കാര്യങ്ങൾ വരുന്നു. പൊതുവിൽ എല്ലാമേഖലയിലും മാറ്റമുണ്ടാകുകയാണ്. രാജ്യത്ത് 40 ശതമാനം പി.എസ്.സി. നിയമനങ്ങൾ നടന്നത് കേരളത്തിലാണ്. കഴിഞ്ഞ വർഷം കേരളത്തിൽ 34110 നിയമനങ്ങൾ നടന്നു. രാജ്യത്താകമാനം 25 സംസ്ഥാനങ്ങളിൽ 51498 നിയമനങ്ങളാണ് നടന്നത്. കേരളത്തിൽ പി.എസ്.സി. നിയമനങ്ങളുൾപ്പെടെ തകൃതിയായി നടക്കുന്ന സാഹചര്യം നമുക്ക് കാണാൻ കഴിയും.

കഴിഞ്ഞ മൂന്ന് വർഷക്കാലമായി കേരളത്തിന്റെ ടൂറിസം മേഖലയിൽ വലിയ മാറ്റങ്ങൾ വന്നു. കേരളത്തിലേയ്ക്ക് വിദേശത്തുനിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിനോദസഞ്ചാരികൾ വരുന്ന സാഹചര്യമുണ്ടായി. ലോകത്തെ വിനോദസഞ്ചാരികൾ കാണേണ്ട പ്രധാനപ്പെട്ട 50 പ്രദേശങ്ങളിലൊന്നായി കേരളത്തെ തെരഞ്ഞെടുക്കുന്ന സാഹചര്യമുണ്ടായി. കേരളത്തിന്റെ ഭാവി സാധ്യതയായ ടൂറിസം മേഖലയിലുൾപ്പെടെ വലിയ മാറ്റങ്ങൾ വന്നു. വാഗമണ്ണിൽ ഗ്ലാസ് ബ്രിഡ്ജിന്റെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് നൂറുകണക്കിന് വിനോദസഞ്ചാരികളെ ആകർഷിക്കുകയാണ്. പാലക്കാട് ജില്ലയിൽ നെന്മാറ മണ്ഡലത്തിൽ നെല്ലിയാമ്പതി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ അത്തരം സാധ്യതകൾ ഉപയോഗപ്പെടുത്താനുള്ള നടപടികൾ ആരംഭിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

കേരളത്തിൽ നാലുവരി ദേശീയപാത അതിവേഗത്തിൽ വരികയാണ്. അതിദാരിദ്ര്യ നിർമ്മാർജ്ജനം നടത്തി 66000 കുടുംബങ്ങളെ കണ്ടെത്തി ഉയർത്തിക്കൊണ്ടുവരുന്നു. ഈ സമൂഹത്തിൽ ഏറ്റവും അടിത്തട്ടിൽകിടക്കുന്ന

കുടുംബങ്ങളെ കണ്ടെത്തി ഉയർത്തിക്കൊണ്ടുവരുന്ന പദ്ധതികൾ കൊണ്ടുവരുന്നതിനോടൊപ്പംതന്നെ ഏറ്റവും പ്രധാനപ്പെട്ട സാധ്യതകളിലൊന്നായ നാലുവരി ദേശീയപാതയുടെ പണി തകൃതിയായി നടന്നുകൊണ്ടിരിക്കുന്നു. എനിക്ക് ഈയിടെ മലപ്പുറം ജില്ലയിലൂടെ യാത്രചെയ്യേണ്ടി വന്നു. വളാഞ്ചേരിയിലും കോട്ടയ്ക്കലുമുണ്ടായിരുന്ന ഗതാഗതക്കുരുക്കെല്ലാം 2026-ഓടുകൂടി അവസാനിക്കാൻ പോകുകയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ അതിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനാവശ്യമായ ഇച്ഛാശക്തി ആരാണ് എടുത്തത്? നിങ്ങളുടെ ഗവൺമെന്റുകൾ ഒരുപാടുകാലം കേരളവും കേന്ദ്രവും ഭരിച്ചിട്ടുണ്ട്. എന്നാൽ നിങ്ങൾക്ക് അക്കാലത്തൊന്നും നടത്താൻ കഴിയാത്ത ഭൂമിയേറ്റെടുക്കൽ നടപടിയുൾപ്പെടെ കൃത്യമായി നടത്തിക്കൊണ്ട് കേരളം മുന്നോട്ടുകുതിക്കുന്ന കാഴ്ച നമുക്കിവിടെ കാണാൻ സാധിക്കും.

കഴിഞ്ഞ നിയമസഭാ സമ്മേളനം മുതൽ ഈ സമ്മേളനം വരെയുള്ള കാലയളവിൽ ദേവസ്വവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു തീരുമാനം നടന്നത്. സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള

കോളേജുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്ഷേത്രങ്ങളിലും ചരിത്രത്തിലാദ്യമായി സംവരണം ഏർപ്പെടുത്തിയ ചരിത്രപരമായ തീരുമാനം നടന്ന സവിശേഷമായൊരു സാഹചര്യത്തിൽക്കൂടിയാണ് ഈ നിയമസഭാ സമ്മേളനം കടന്നുപോകുന്നത്. ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. പി. പി. സുമോദ് വളരെ വിശദമായി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിച്ചു. പക്ഷേ അതിനുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. അദ്ദേഹം മുസ്ലീംലീഗിന്റെ ഇടപെടലും പിന്തുണയുമൊക്കെ സംബന്ധിച്ചാണ് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത്. സ്വന്തം പ്രസ്ഥാനത്തിന്റെ കൊടി പുറത്തെടുക്കാൻ കഴിയാതെ പുറത്തെടുത്ത സ്ഥലങ്ങളിലെല്ലാം അടി വാങ്ങിയ രാഷ്ട്രീയ പ്രസ്ഥാനമുണ്ടെങ്കിൽ അത് മുസ്ലീംലീഗാണെന്ന് അവരെങ്കിലും ഓർക്കുന്നത് നന്നായിരിക്കും. എന്റെ മണ്ഡലം വയനാട് പാർലമെന്റ് മണ്ഡലമാണ്. വയനാട് പാർലമെന്റ് മണ്ഡലത്തിലെ

കല്പറ്റയിൽ ലീഗുകാരൻ കൊടിയെടുത്തപ്പോൾ അവിടുന്ന് കിട്ടി അടി, നിലമ്പൂര് കൊടിയെടുത്തപ്പോൾ അവിടുന്നും കിട്ടി അടി, ഏറനാട് കൊടിയെടുത്തപ്പോൾ അവിടുന്നും അടി കിട്ടി. ഞങ്ങളുടെ കൊടിയെടുക്കാൻ ഞങ്ങൾ തീരുമാനിച്ചിട്ടില്ലെന്ന് രണ്ടുപേരും പറഞ്ഞു. പക്ഷേ അണികൾ കൊടിയെടുത്താൽ അപ്പോൾ കിട്ടും അടിയെന്ന നിലപാടായിരുന്നു തിരഞ്ഞെടുപ്പിന് മുമ്പുണ്ടായിരുന്നത്. ഈ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടിരുന്നെങ്കിൽ ലീഗ് ഇന്ന് അവിടെയുണ്ടാകുമായിരുന്നോ; ലീഗിന്റെ സ്ഥിതി എന്താകുമായിരുന്നു, അണികൾക്കിടയിലെ അമർഷം എന്താകുമായിരുന്നു? നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, എന്തോ ഭാഗ്യവശാൽ "ചക്ക വീണപ്പോൾ മുയൽ ചത്തു" എന്നുള്ളതുപോലെ വിജയിച്ചതുകൊണ്ട്, അഹങ്കാരത്തോടുകൂടി നിങ്ങൾ മുന്നോട്ടുപോയാൽ 2019-ലെ അനുഭവം നമ്മുടെ മുമ്പിലുണ്ടല്ലോ; 2019-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സമാനമായൊരു സാഹചര്യത്തിലൂടെ കടന്നുപോയപ്പോൾ അതിനെയെല്ലാം മറികടന്ന് 2020-ലും 2021-ലും തിരിച്ചുവന്നാണ് ഞങ്ങൾ ഈ നിയമസഭയിൽ ഇരിക്കുന്നത്. 2019-ൽ നിങ്ങൾക്ക് കിട്ടിയ ആ വലിയ

മേധാവിത്വം നിങ്ങളുടെ അഹങ്കാരത്തിന്റെയും തോന്ന്യവാസത്തിന്റെയും നിലപാടില്ലായ്മയുടെയും ഭാഗമായി സംഭവിച്ചതാണ്. അതുകൊണ്ട് സൂക്ഷിക്കേണ്ടത് നിങ്ങളാണെന്നത് ആമുഖമായി സൂചിപ്പിക്കുകയാണ്.

ഇവിടെ ലീഗ് ഞങ്ങളെ കളിയാക്കിയില്ലല്ലോ; 2004-ൽ കോൺഗ്രസ് വട്ടപ്പൂജ്യമായിരുന്നു. ഞങ്ങൾക്ക് പതിനെട്ടും ലീഗിന് ഒരു സീറ്റുമുണ്ടായിരുന്നു. അന്ന് ഞങ്ങൾ ആരെയും കളിയാക്കാൻ പോയിട്ടില്ല. തിരഞ്ഞെടുപ്പാകുമ്പോൾ പരാജയപ്പെടും വിജയിക്കും. വിജയിക്കുന്നവർ അതിൽ അമിതാഹ്ലാദം പൂണ്ടാൽ അവർക്ക് പരാജയം സംഭവിക്കുമെന്നുള്ള തിരിച്ചറിവ് യു.ഡി.എഫ്.-ന് ഉണ്ടാകുന്നത് നന്നായിരിക്കും. ഇവിടെ തമിഴ്നാടിനെക്കുറിച്ചും ശ്രീ. സീതാറാം യെച്ചൂരിയെക്കുറിച്ചും അവിടെ ഞങ്ങളുടെ സ്ഥാനാർത്ഥി മത്സരിച്ചതിനെക്കുറിച്ചുമൊക്കെ പറയുന്നത് കേട്ടു. വാട്ട്സ് ആപ്പ് യൂണിവേഴ്സിറ്റിയിൽനിന്നും കിട്ടുന്ന കാര്യങ്ങളുമായി നിയമസഭയിൽ വരരുത് പൊന്നു വിഷ്ണുനാഥേ.... അവിടെ ശ്രീ. എം. കെ. സ്റ്റാൻലിന്റെ മുന്നണിയിലാണ് സി.പി.ഐ.(എം)-ഉം ലീഗും കോൺഗ്രസും എല്ലാവരും. അവരെല്ലാവരും വയ്ക്കുന്നത് ശ്രീ. എം. കെ. സ്റ്റാൻലിന്റെ ഫോട്ടോയാണ്. അല്ലാതെ

കോൺഗ്രസിന്റെ മുന്നണിയിൽ പോയി നിൽക്കലല്ല. വാട്ട്സ് ആപ്പ് യൂണിവേഴ്സിറ്റിയിലെ കാര്യങ്ങൾ പറഞ്ഞ് ഞങ്ങളെന്തോ ചെയ്തുവെന്ന നിലയിലേയ്ക്ക് അവതരിപ്പിക്കുന്നത് തെറ്റായ കാര്യമാണ്. ഈ രാജ്യത്ത് ആർക്കാണോ ബി.ജെ.പി.-യെ പരാജയപ്പെടുത്താൻ കഴിയുന്നത് ആ കക്ഷിക്ക് വോട്ട് നൽകണമെന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ച നിലപാട്. അത് ഈ രാജ്യത്ത് മൊത്തം സ്വീകരിച്ച നിലപാടാണ്. എന്നാൽ കേരളത്തിന്റെ സ്ഥിതി വ്യത്യസ്തമാണ്. കേരളത്തിൽ നേമത്ത് ആവർത്തിച്ചത് ആവർത്തിക്കില്ലെന്നാണ് ഞങ്ങൾ കരുതിയത്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, 86664 കോൺഗ്രസിന്റെ വോട്ട് ബി.ജെ.പി.-ക്ക് പോയില്ലായിരുന്നുവെങ്കിൽ ഈ നാട്ടിൽ താമര വിരിയില്ലായിരുന്നുവെന്നുള്ളത് നമ്മുടെ നാടിനറിയാം. ഇവിടെ ഇടതുപക്ഷവും യു.ഡി.എഫ്.-ഉം തമ്മിൽ നേർക്കുനേർ മത്സരമാണ്. അവിടെ ആര് വിജയിച്ചാലും രാജ്യത്തുണ്ടാകുന്ന മതനിരപേക്ഷ കക്ഷിക്കൊപ്പം നിലനിൽക്കുമെന്ന കാര്യത്തിൽ സംശയമില്ല. ആ നിലപാടാണ് ഞങ്ങൾ ഉയർത്തിപ്പിടിച്ചത്. മറ്റ് സംസ്ഥാനങ്ങളിൽ ബി.ജെ.പി.-ക്ക് എതിരായി ആർക്കാണോ വിജയിക്കാൻ സാധിക്കുന്നത്

അവർക്കൊപ്പം നിൽക്കുകയെന്ന നിലപാടാണ് സ്വീകരിച്ചത്. ഞങ്ങൾ ഞങ്ങളുടെ സ്ഥാനാർത്ഥിയെ പിൻവലിച്ചുകൊടുത്തില്ലേ; കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി വന്നപ്പോൾ അവിടെ മതനിരപേക്ഷ വോട്ടിൽ ഭിന്നിപ്പുണ്ടാകരുതെന്നുള്ളതുകൊണ്ട് ഞങ്ങൾ തീരുമാനിച്ച സ്ഥാനാർത്ഥിയെ പിൻവലിച്ചുകൊടുത്ത രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പേരാണ് സി.പി.ഐ(എം). ഇത്തരത്തിലുള്ള നിലപാടാണ് ഞങ്ങൾ ഉയർത്തിപ്പിടിച്ചത്. സർക്കാർ അവതരിപ്പിച്ച പ്രോഗ്രസ്സ് റിപ്പോർട്ടിനെ സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞു. അത് പ്രോഗ്രസ്സ് റിപ്പോർട്ടല്ലേ? പുരോഗമനവും പുരോഗതിയുമല്ലേ വിലയിരുത്തേണ്ടത്. ആ പുരോഗതി വിലയിരുത്തുമ്പോൾ, 20 ലക്ഷം കെ-ഫോണുകൾക്ക് കണക്ഷൻ നൽകുമെന്ന് പറഞ്ഞിരുന്നു. 5000 കണക്ഷനുകൾ മാത്രമെ നൽകിയിട്ടുള്ളൂ. ബാക്കി വരുന്ന 19 ലക്ഷത്തോളം കണക്ഷനുകൾ ഞങ്ങൾ കൊടുക്കും. 2026-ൽ പിണറായി വിജയൻ ഗവൺമെന്റിന്റെ കാലാവധി പൂർത്തീകരിക്കുമ്പോൾ കേരളത്തിലെ 20 ലക്ഷം കുടുംബങ്ങൾക്കും കെ-ഫോൺ കണക്ഷൻ നൽകിയശേഷം മാത്രമെ ഞങ്ങൾ ഇറങ്ങിപ്പോകുകയുള്ളൂവെന്നുള്ളത് ഞങ്ങളുടെ നിലപാടാണ്. അത് ഞങ്ങൾ

പൂർത്തീകരിക്കും. ആസിയാൻ കരാറിനെ സംബന്ധിച്ച് ഇവിടെ പറയാതിരിക്കാൻ സാധിക്കുകയില്ല. റബ്ബർ വിലയിടിവിനെ സംബന്ധിച്ച് അദ്ദേഹം പറയുകയുണ്ടായി. എന്താണ് ആസിയൻ കരാർ; ഞങ്ങളുടെ നിലപാട് ഞങ്ങൾ പറഞ്ഞതാണ്. യു.പി.എ. ഗവൺമെന്റ് ആസിയാൻ കരാറിൽ ഏർപ്പെട്ടപ്പോൾ കേരളമാണ് ഏറ്റവും വലിയ പ്രതിസന്ധിയിലേയ്ക്ക് പോയത്. കാരണം ആസിയാൻ രാജ്യങ്ങൾക്ക് സമാനമായ ഭൂപ്രകൃതിയും കാലാവസ്ഥയുമുള്ള രാജ്യങ്ങൾ, ആ രാജ്യങ്ങളിൽ നമ്മളെക്കാളും ഉൽപ്പാദനക്ഷമത കൂടുതലുള്ള ഉൽപ്പന്നങ്ങൾ, നമ്മളേക്കാൾ ഉൽപ്പാദന ചെലവ് കുറവുള്ള സ്ഥലങ്ങളിൽനിന്നും കേരളത്തിലേയ്ക്കും രാജ്യത്തിലേയ്ക്കും ഇറക്കുമതി വന്നാൽ നമ്മുടെ കാർഷികോൽപ്പന്നങ്ങൾക്ക് വില കുറയുമെന്നത് അന്ന് ഞങ്ങൾ പറഞ്ഞതാണ്. ഇപ്പോൾ താങ്ങുവില 180 രൂപ പ്രഖ്യാപിച്ചതിനെ സംബന്ധിച്ച് പറഞ്ഞു. 250 രൂപ കൊടുക്കണമെന്നുതന്നെയാണ് ഇടതുപക്ഷത്തിന്റെ നിലപാട്. എന്നാൽ കേന്ദ്രം സ്വീകരിക്കുന്ന തെറ്റായ നിലപാടുകളുടെ ഭാഗമായ സാമ്പത്തിക പ്രതിസന്ധി കാരണവും നമുക്കത് നൽകാൻ കഴിയുന്നില്ല. ആരുടെ തെറ്റായ നിലപാടിന്റെ ഭാഗമായാണ് റബ്ബർ

കർഷകർ പ്രതിസന്ധിയിലേയ്ക്ക് പോകുന്നതെന്ന് കോൺഗ്രസ്സ് നെഞ്ചത്ത് കൈവച്ച് ആലോചിക്കേണ്ടൊരു കാര്യമാണ്. അത് നിങ്ങളുടെ തെറ്റായ നിലപാടിന്റെ ഭാഗമായിട്ടാണ്. ഞാൻ കൂടുതൽ കാര്യങ്ങൾ വിശദീകരിക്കുന്നില്ല. മതനിരപേക്ഷ കക്ഷികൾ മാത്രം വിജയിക്കുമെന്ന് കരുതിയിരുന്ന കേരളത്തിൽ തൃശ്ശൂരിൽ ഒരു അസ്വാഭാവികമായ സംഭവമുണ്ടായിരിക്കുന്നു, ബി.ജെ.പി. വിജയിച്ചിരിക്കുന്നു. മതനിരപേക്ഷരത കേരളം വലിയ ദുഃഖത്തോടുകൂടിയാണ് അതിനെ കണ്ടത്. എന്താണ് സംഭവിച്ചത്; നേരത്തെ ഇവിടെ വിശദീകരിച്ചിരുന്നു. കോൺഗ്രസ്സിന് 2019-ൽ ലഭ്യമായിരുന്ന 86884 വോട്ട് ഇത്തവണത്തെ തിരഞ്ഞെടുപ്പിൽ ലഭിച്ചില്ല. ശ്രീ. കെ. മുരളീധരൻ മൂന്നാം സ്ഥാനത്തേയ്ക്ക് പോയി. കോൺഗ്രസ്സിന്റെ വോട്ട് ബി.ജെ.പി.-ക്ക് നൽകി അവരെ വിജയിപ്പിക്കാനാവശ്യമായ നിലപാട് കോൺഗ്രസ്സ് സ്വീകരിച്ചു. ഇടതുപക്ഷത്തിന്റെ വോട്ടുകളിൽ കുറവുണ്ടായില്ല. ഇത്തവണ തൃശ്ശൂരിൽ എൽ.ഡി.എഫ്.-ന് 16196 വോട്ടുകൾ വർദ്ധിക്കുകയാണ് ചെയ്തത്.

ഇപ്പോൾ കേരളത്തിൽ ചർച്ച ചെയ്യുന്നത് രണ്ട് അടികളെക്കുറിച്ചാണ്. തിരുവനന്തപുരത്ത് ഒരു ക്യാമ്പ് നടന്നു. അവിടെ മദ്യക്കുപ്പി കിട്ടാത്തതിനെ

സംബന്ധിച്ചായിരുന്ന അടി. മദ്യക്കുപ്പി കിട്ടാത്തതിനെ സംബന്ധിച്ച് കെ.എസ്.യു.-വിന്റെ ക്യാമ്പിൽ അടിയാണ്. എന്നാൽ ഡി.സി.സി. ഓഫീസിൽ അടി മറ്റൊന്നിനുവേണ്ടിയാണ്. മദ്യക്കുപ്പി കൊടുത്ത കോൺഗ്രസ്സിന്റെ വോട്ടുകൾ ബി.ജെ.പി.-ക്ക് കൊടുത്തതിനെ ചൊല്ലിയാണ് അവിടെ അടി നടന്നത്. ഡി.സി.സി. പ്രസിഡന്റിന്റെ രാജി വാങ്ങി പോക്കറ്റിൽ ഇട്ടിരിക്കുകയാണ്, അവിടുത്തെ യു.ഡി.എഫ്.-ന്റെ ചെയർമാന്റെ രാജി വാങ്ങി പോക്കറ്റിൽ ഇട്ടിരിക്കുകയാണ്. എന്നിട്ട് ഇവിടെ വന്ന് 'ഇതാ ഡി.സി.സി. ഓഫീസിന് തീ പിടിച്ചേ, ഇതാ ഡി.സി.സി. ഓഫീസിന് തീ പിടിച്ചേ' എന്ന് പറഞ്ഞ് നിലവിളിക്കുന്നത് നിങ്ങളുടെ രാഷ്ട്രീയ പാപ്പരത്വം തുറന്ന് കാണിക്കുന്നതിന്റെ ഭാഗമായിട്ടാണ്. നിങ്ങളാണ് വിചാരണ ചെയ്യേണ്ടത്. നിങ്ങളുടെ തെറ്റായ സമീപനത്തിന്റെ ഭാഗമായാണ് ബി.ജെ.പി. അക്കൗണ്ട് തുറന്നത്. കഴിഞ്ഞ നിയമസഭയിൽ എങ്ങനെയാണ് ബി.ജെ.പി. അക്കൗണ്ട് തുറന്നതെന്ന് നമ്മൾ കണ്ടതാണ്. ഇവരുടെ തെറ്റായ സമീപനങ്ങളുടെ ഭാഗമായി ബി.ജെ.പി. അക്കൗണ്ട് തുറക്കുകയാണ് ചെയ്തത്. ഇപ്പോഴത്തെ അവസ്ഥയെന്താണ്? ബി.ജെ.പി.-യുടെ കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ

വരുമ്പോൾ, രാഹുൽ ഗാന്ധി ബ്രിഗേഡിയറിൽ അംഗങ്ങളായുണ്ടായിരുന്ന നാല് കോൺഗ്രസ് നേതാക്കന്മാരാണ് ഇന്ന് ബി.ജെ.പി. മന്ത്രിസഭയിലെ അംഗങ്ങൾ. ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ, ശ്രീ. ജിതിൻ പ്രസാദ, ശ്രീ. റവനീത് സിങ് ബിട്ടു, ശ്രീ. റാവു ഇന്ദർജിത് സിങ് എന്നീ നാലുപേരും മുൻ കോൺഗ്രസ്സ് നേതാക്കന്മാരാണ്. ഇവർ രാഹുലിന്റെ ബ്രിഗേഡിയറിലെ അംഗങ്ങളാണ്. ഈ നാല് മുൻ കോൺഗ്രസ്സ് നേതാക്കന്മാരെയും ബി.ജെ.പി.-ക്ക് സംഭാവന ചെയ്തത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണെന്നുള്ള ധാരണ നിങ്ങൾക്കുണ്ടാകണം. ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ ഒരിടത്തുമാത്രം കോൺഗ്രസ്സ് സ്ഥാനാർത്ഥി പത്രിക പിൻവലിച്ചിരിക്കുന്നു. പത്രിക പിൻവലിക്കാനുണ്ടായ കാരണം എന്താണ്; അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിച്ച മൂന്നാളുകൾ പറഞ്ഞത് ആ ഒപ്പ് ഞങ്ങളുടേതല്ല, അത് കള്ള ഒപ്പാണെന്നാണ്. ഏത് തിരഞ്ഞെടുപ്പിലാണ് ഇങ്ങനെ സംഭവിച്ചത്? രാജ്യം നേരിടുന്ന ഏറ്റവും സുപ്രധാനമായ ഒരു തിരഞ്ഞെടുപ്പിലാണ്. സ്കൂളിലേയ്ക്കോ കോളേജിലേയ്ക്കോ നടക്കുന്ന കുട്ടികളുടെ തിരഞ്ഞെടുപ്പല്ല, ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു തിരഞ്ഞെടുപ്പിൽ

കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശപത്രികയിൽ ഒപ്പിട്ട മൂന്നുപേർ പറയുകയാണ്, ഞങ്ങളുടെ ഒപ്പ് അല്ലായെന്ന്. ബി.ജെ.പി. എതിരില്ലാതെ വിജയിച്ചില്ലേ; എന്താണ് കോൺഗ്രസ്സിന്റെ നിലപാട്; പ്രതിപക്ഷ ഉപനേതാവായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട് തെറ്റാണോയെന്ന് പരിശോധിക്കേണ്ടതാണ്. അദ്ദേഹം കരുതിയിരിക്കുന്നത് കോൺഗ്രസ്സ് എല്ലായിടത്തും ഉജ്ജ്വല പോരാട്ടം നടത്തിയെന്നാണ്. എന്നാൽ അദ്ദേഹം മനസ്സിലാക്കേണ്ടൊരു കാര്യം ഇന്ത്യ മുന്നണിയുടെ ഭാഗമായി ഒന്നിച്ച് മത്സരിച്ച സ്ഥലങ്ങളിലല്ലാതെ മറ്റെല്ലാ സ്ഥലങ്ങളിലും കോൺഗ്രസ്സ് പരാജയപ്പെട്ട സ്ഥിതിയാണ് ഈ തിരഞ്ഞെടുപ്പിലുണ്ടായത്. മധ്യപ്രദേശിൽ ഇരുപത്തിയഞ്ചിൽ ഇരുപത്തിയഞ്ചിലും മത്സരിച്ച് പരാജയപ്പെട്ടത് നമ്മൾ കണ്ടതാണ്. ഈ രാജ്യത്ത് കോൺഗ്രസ് ഭരണം അവശേഷിക്കുന്ന മൂന്ന് സംസ്ഥാനങ്ങളിലൊന്ന് ഹിമാചൽ പ്രദേശാണ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ അവർക്ക് വട്ടപൂജ്യമാണ് ലഭിച്ചത്. ഗുജറാത്തിലും കർണ്ണാടകത്തിലും തെലുങ്കാനയിലും എന്താണ് സ്ഥിതി; ഇവരും ബി.ജെ.പി.-യും നേർക്കുനേർ ഏറ്റുമുട്ടിയ സ്ഥലത്ത്

കോൺഗ്രസ്സിന് പരാജയമാണ് സംഭവിച്ചത്. അത് ഈ തിരഞ്ഞെടുപ്പിന്റെ ഭാഗമായി നമ്മൾ കാണണം. ഇവരുടെ രാഷ്ട്രീയ ലക്ഷ്യം എന്നുപറയുന്നത്, എങ്ങനെയെങ്കിലും ഈ മതനിരപേക്ഷ രാജ്യത്ത് ആ മതനിരപേക്ഷരതയിൽ വിള്ളലുണ്ടാക്കി വോട്ട് പിടിക്കാൻ സാധിക്കുമോയെന്നതാണ്. എന്നാൽ ഞങ്ങളുടെ നിലപാട് അങ്ങനെയല്ല. ഏതുകാലഘട്ടത്തിലും മതന്യൂനപക്ഷങ്ങൾക്കുനേരെ അക്രമണം ഉണ്ടാകുമ്പോൾ അവരെ ചേർത്ത് പിടിക്കുന്ന നിലപാട് സ്വീകരിക്കുന്ന ഒരു ഇടതുപക്ഷ കാഴ്ചപ്പാടാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. 2002-ൽ ഗുജറാത്തിൽ മുസ്ലീം നാമധാരികളായ മുസ്ലീം വിഭാഗത്തിനെതിരെയുണ്ടായ കടുത്ത വർഗ്ഗീയ കലാപത്തെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി അതിനെതിരെ പ്രതിക്ഷേധം സംഘടിപ്പിച്ച പ്രസ്ഥാനങ്ങളിൽ ഇടതുപക്ഷ പ്രസ്ഥാനവുമുണ്ടായിരുന്നു.

പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കുമെന്നുള്ള തീരുമാനം ഈ രാജ്യത്ത് അവതരിപ്പിക്കുമ്പോൾ ഏറ്റവും ആദ്യം നിയമസഭ വിളിച്ചുകൂട്ടി ഈ നാട്ടിൽ അത് നടപ്പിലാക്കാൻ അനുവദിക്കില്ലെന്ന നിലപാട് പറഞ്ഞത് ഇടതുപക്ഷമാണ്. മണിപ്പൂരിൽ കലാപമുണ്ടായപ്പോൾ, രണ്ട് വിഭാഗങ്ങളെ

തമ്മിലടിപ്പിച്ച് ക്രിസ്ത്യൻ വിഭാഗങ്ങൾക്കെതിരെ കൊടിയ പീഡനങ്ങളുണ്ടാകുമ്പോൾ, 'അത് അരുത്' എന്നുപറയുന്ന നിലപാട് സ്വീകരിക്കുന്നത് ഇടതുപക്ഷമാണ്. 2008-ൽ ഒറീസയിലെ കണ്ഡമാലിൽ ക്രിസ്ത്യൻ ദേവാലയങ്ങൾ അടിച്ചുതകർത്ത് കന്യാസ്ത്രീകളെയും പുരോഹിതരെയും അടിച്ചോടിക്കുന്ന ഘട്ടത്തിൽ, യേശുദേവന്റെ ക്രിസ്തീയ രൂപമെടുത്ത് പാർട്ടി ഓഫീസ് തുറന്നുകൊടുത്ത്, നിങ്ങൾക്ക് മുട്ടുകുത്തി പ്രാർത്ഥിക്കാൻ ഇതാ ഞങ്ങളുടെ പാർട്ടി ഓഫീസ് എന്ന നിലപാട് സ്വീകരിച്ചത് ഈ രാജ്യത്തെ ഇടതുപക്ഷമാണ്. മതന്യൂനപക്ഷങ്ങൾ എവിടെ ആക്രമിക്കപ്പെട്ടാലും ആ മതന്യൂനപക്ഷങ്ങൾക്കൊപ്പം ഉറച്ചുനിൽക്കുന്ന നിലപാടാണ് ആ രാജ്യത്തെ ഇടതുപക്ഷം സ്വീകരിക്കുന്നത്. അത് വോട്ടിന് വേണ്ടിയല്ല. ഞങ്ങൾ വോട്ടിനുവേണ്ടി നിലപാട് സ്വീകരിക്കുന്നവരല്ല. എന്നാൽ കോൺഗ്രസിന്റെ സമീപനം വോട്ടിനുവേണ്ടിയാണ് എന്നുള്ള തിരിച്ചറിവ് പുറത്തുവന്നൊരു തിരഞ്ഞെടുപ്പാണ് ഇതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. അഭിവാദ്യങ്ങൾ.

ശ്രീ. എച്ച്. സലാം: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. രാജ്യത്താകെയുള്ള മതനിരപേക്ഷവാദികൾക്ക് വളരെയേറെ ആശ്വാസകരമായ ഒരു അന്തരീക്ഷം രൂപപ്പെട്ടതിനുശേഷമാണ് നമ്മളെല്ലാം ഇതുപോലെ സമ്മേളിക്കുന്നത്. സ്വാഭാവികമായും ഇവിടെ ആ തിരഞ്ഞെടുപ്പിന്റെ രാഷ്ട്രീയ സാഹചര്യങ്ങളെയെല്ലാം രണ്ടുഭാഗത്തുനിന്നും വിലയിരുത്തപ്പെടുന്നുണ്ട്. യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും സംസാരിച്ച പരിണതപ്രജ്ഞനായ ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ്, കർണ്ണാടകയിൽ ചുമതലയുള്ളപോയ ശ്രീ പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ളവർ അതിനെക്കുറിച്ചെല്ലാം വിശകലനം ചെയ്തുവരുമ്പോൾ, അവർക്ക് ബി.ജെ.പി.-യെക്കാൾ ശത്രുതാ മനോഭാവം പുലർത്തുന്നവർ ഇടതുപക്ഷമാണ് എന്ന മട്ടാണ്. പ്രിയപ്പെട്ട ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞത് ഇടതുപക്ഷം രാജ്യത്തേയില്ല എന്നാണ്. രാജ്യത്തിന്റെ പാർലമെന്റിലെയും നിയമസഭയിലെയും അംഗബലം നോക്കിക്കൊണ്ടു മാത്രം നമ്മൾ രാഷ്ട്രീയത്തെ കണ്ടാൽ..... ഞാൻ അദ്ദേഹത്തെ ഉപദേശിക്കാനൊന്നും ആളല്ല, ഞാൻ വളരെ ജൂനിയറാണ്.... ഒരു രാഷ്ട്രീയ

പ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യം അറിയുന്നത് എവിടെയാണെന്നുള്ളത് വളരെ ആഴത്തിൽ മനസ്സിലാക്കാൻ ശേഷിയുള്ള നേതാക്കൾ തന്നെയാണ് ഇവിടെ സംസാരിച്ചവരെല്ലാം. പാർലമെന്റിൽ ഞങ്ങൾക്ക് എണ്ണം കുറവായിരിക്കും, പക്ഷെ ഇന്ത്യയിൽ നരേന്ദ്ര മോദി ഉയർത്തിയ വർഗ്ഗീയ രാഷ്ട്രീയത്തോട് പൊരുതാൻ രാജ്യത്തിന്റെ രാഷ്ട്രീയ അന്തരീക്ഷത്തിൽ ഒരുപക്ഷെ പല സന്ദർഭങ്ങളിലും കോൺഗ്രസിനേക്കാൾ മുന്നിൽ ഇടതുപക്ഷം ഉണ്ടായിരുന്നുവെന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മറന്നുപോകാൻ പാടില്ലായെന്നുള്ളതാണ് സൂചിപ്പിക്കാനുള്ള കാര്യം. ഒരുദിവസംകൊണ്ട് ഇന്ത്യ മുന്നണിയുണ്ടാക്കി മത്സരിച്ചപ്പോൾ ലഭിച്ച സീറ്റല്ലായിത്. രാജ്യത്താകെ വോട്ടർമാരുടെ മനസ്സിലുണ്ടാക്കിയ മാറ്റമുണ്ട്. ആ മാറ്റത്തിൽ ജെ.എൻ.യു.-വിലുണ്ടായ സമരവും രാജ്യത്തെ കാർഷിക സമരവും നാസിക്കിൽനിന്നും ആരംഭിച്ച് ചെങ്കൊടിയേന്തി ലക്ഷക്കണക്കായ കൃഷിക്കാർ ഒരു എം.എൽ.എ.-യോ എം.പി.-യോ കൂടെയില്ലാതെ വന്ന് മാർച്ച് ചെയ്തതിന്റെ അന്തരീക്ഷവുമുണ്ട്. ഇതെല്ലാം കാണാൻ കഴിയും. രാജ്യത്ത് ഏറ്റവും വലിയ അഴിമതിയായി സമീപകാലത്ത് ഉയർന്നുവന്ന പ്രധാന പ്രശ്നം ഇലക്ടറൽ ബോണ്ടാണ്.

അതിലൂടെ സമാഹരിക്കുന്ന കള്ളപ്പണംകൂടി ചേർത്ത് വർഗ്ഗീയതയ്ക്കുപുറമെ പണം ഒഴുക്കി വിജയം വരിക്കാൻ കഴിയുമെന്നാണ് ശ്രീ. നരേന്ദ്ര മോദി കരുതിയത്. പക്ഷേ, അതിനൊരു ബ്രേക്ക് കൊടുക്കാൻ രാജ്യത്ത് ഇടതുപക്ഷമാണുണ്ടായിരുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ച് ആ ഇലക്ടറൽ ബോണ്ട് റദ്ദ് ചെയ്യിപ്പിക്കാനാവശ്യമായ വിധി സമ്പാദിച്ചത് സഖാവ് സീതാറാം യെച്ചൂരിയാണ്. നിങ്ങൾക്കിതുപോലെ പറയാൻ പറ്റില്ല. കാരണം നിങ്ങളതിന്റെ പങ്ക് പറ്റിയവരാണ്. രാജ്യത്ത് ബി.ജെ.പി.-യും കോൺഗ്രസ്സും ഒരുപോലെ അതിന്റെ പങ്ക് പറ്റിയവരാണ്. പക്ഷെ, ആ കള്ളപ്പണത്തിന്റെ ചില്ലിക്കാശുപോലും കൈവശപ്പെടുത്താത്ത രാഷ്ട്രീയ പ്രസ്ഥാനം ഇന്ത്യക്കകത്തുണ്ടെങ്കിൽ അത് സി.പി.ഐ.(എം.)-ഉം സി.പി.ഐ.-ഉം മാണ്, ഇടതുപക്ഷമാണെന്ന് അഭിമാനത്തോടെ ഞങ്ങൾക്ക് പറയാൻ സാധിക്കും. ഏറ്റവും ക്രൂരമായ അനുഭവമായി രാജ്യം വിങ്ങലോടെ കേട്ട വാർത്തയായിരുന്നു ബിൽകിസ് ബാനു കേസ്. പൈശാചികമെന്നൊരു വാക്കിനപ്പുറമൊരു വാക്കുണ്ടെങ്കിൽ അതിനെ ചേർത്ത് നമുക്കിപ്പോഴും പറയാൻ പറ്റുന്ന കാര്യം. അതിലെ പ്രതികളെ വിട്ടയയ്ക്കാൻ ശ്രീ. നരേന്ദ്ര മോദി

തീരുമാനിച്ചപ്പോൾ കേസുകൊടുത്ത് അവരെ തിരിച്ച് ജയിലിലേയ്ക്കയച്ചത് സി.പി.ഐ.(എം.)-ന്റെ പോളിറ്റ് ബ്യൂറോ അംഗം സഖാവ് സുഭാഷിണി അലിയാണ്. നിങ്ങൾ നോക്കൂ. ജമ്മു-കാശ്മീരിൽ പോയി നിയമമുണ്ടാക്കി. എല്ലാം ബാൻ ചെയ്തു. ഒരാൾപോലും അവിടേയ്ക്കെത്താൻ പാടില്ലെന്ന് തീരുമാനിച്ചു. സഖാവ് സീതാറാം യെച്ചൂരി സുപ്രീംകോടതിയെ സമീപിച്ച് വിധി സമ്പാദിച്ചു. നിങ്ങൾ മടങ്ങിപ്പോയി, നിങ്ങളുടെ പ്രധാന നേതാക്കൻമാർക്ക് അവിടെ കടക്കാൻ കഴിയാതെ മടങ്ങിപ്പോയ സമയത്ത്, കോൺഗ്രസ് മടങ്ങിയ സമയത്ത് സി.പി.ഐ.(എം.)-ന്റെ ജനറൽ സെക്രട്ടറി സഖാവ് സീതാറാം യെച്ചൂരിയാണ് കാശ്മീരിൽ ആദ്യമായി കാലുകുത്തിയ നേതാവെന്ന കാര്യം നിങ്ങൾ മറന്നുപോകാൻ പാടില്ല. ഇങ്ങനെ നിങ്ങൾ നോക്കിയാൽ, എവിടെയാണ് ഇടതുപക്ഷമെന്ന് നിങ്ങൾ ചോദിക്കുന്ന ചോദ്യത്തിനുത്തരം ഇതുപോലെ ഒരുപാട് ഇടങ്ങളിൽ നമുക്ക് കാണാൻ കഴിയും. രാജ്യത്ത് പാവപ്പെട്ട മനുഷ്യൻ ജീവിക്കുന്ന തെരുവുകളിലെ കുടിലുകളെല്ലാം ചാമ്പലാക്കാൻ, ഇല്ലായ്മ ചെയ്യാൻ ബുൾഡോസർ കടന്നുവന്നപ്പോൾ അതിന്റെ മുമ്പിൽപോയി വിരൽ ചൂണ്ടിനിൽക്കാനുണ്ടായിരുന്ന നേതാവ് സഖാവ് ബൃന്ദാ

കാരാട്ടാണ്, ശ്രീ. രാഹുൽ ഗാന്ധി ഉണ്ടായിരുന്നില്ലെന്ന കാര്യം മറന്നുപോകരുത്. ഇതല്ലേ രാജ്യത്തിന്റെ രാഷ്ട്രീയ സാഹചര്യം; പിന്നെ വോട്ടിന്റെ കണക്ക്, ഇവിടെ പറഞ്ഞുപറഞ്ഞുവന്നപ്പോൾ തമിഴ്നാട്ടിൽ കോൺഗ്രസിന്റെ സഖ്യകക്ഷിയാണ് സി.പി.ഐ.(എം.) എന്ന മട്ടിൽപ്പോലും പറഞ്ഞു. ഇവിടെ പറഞ്ഞകാര്യം വീണ്ടും ആവർത്തിക്കേണ്ടതായിട്ടില്ല. അവിടെ ഡി.എം.കെ. നയിക്കുന്ന മുന്നണിയല്ലേ; ആ മുന്നണിയിൽ നിങ്ങളും ഒരു ഘടകകക്ഷിയാണ്. നിങ്ങളുടെ ഘടകകക്ഷിയാണ് ഞങ്ങൾ. കേരളം വിട്ട് പുറത്ത് നമ്മൾ ഒരുമിച്ച് ഇന്ത്യ മുന്നണിയുടെ ഭാഗമായി മത്സരിച്ചിട്ട് ഇവിടെ വന്ന് വേറെ വർത്തമാനം പറയേണ്ട കാര്യമുണ്ടോ; ഡി.എം.കെ. മുന്നണിയുടെ ഭാഗമല്ലെങ്കിൽ നിങ്ങൾ തമിഴ്നാട്ടിൽ എത്ര സീറ്റ് ജയിക്കും; പൂജ്യമല്ലേയുണ്ടാകൂ. കോൺഗ്രസും ബി.ജെ.പി.-യും നേർക്കുനേർ മത്സരിക്കുന്ന സംസ്ഥാനം നോക്കൂ. നിങ്ങളുടെ കഴിവുകേടിൽ, അതാണ് ഇന്നിവിടെ രാവിലെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ സംസാരിച്ചത്. നിങ്ങളുടെ വിന്നിംഗ് റേറ്റ് നോക്കൂ. മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ഹിമാചൽ, ഗുജറാത്ത്, കർണാടകം, ഉത്തരാഖണ്ഡ് എന്നിവ ബി.ജെ.പി.-യും കോൺഗ്രസും നേർക്കുനേരെ മത്സരിച്ച

സംസ്ഥാനങ്ങളാണ്. എത്ര സീറ്റ് കിട്ടി; ഈ സംസ്ഥാനങ്ങളിൽനിന്നാണ് ബി.ജെ.പി. സീറ്റുകൾ വാരിക്കൂട്ടിയത്. ഇന്ത്യാ മുന്നണി നേടിയ ആകെ സീറ്റിന്റെ നാൽപ്പത് ശതമാനം മാത്രമേയുള്ളൂ കോൺഗ്രസിനെന്ന വിചാരം നിങ്ങൾക്ക് വേണം. പഴയതുപോലെ അഞ്ചിൽ നാലും നാലിൽ മൂന്നും ഭൂരിപക്ഷത്തോടെ ജയിച്ചിരിക്കുകയാണെന്ന ഭാവത്തിലാണ് സംസാരിക്കുന്നത്. ഇപ്പോൾ അത്രയും അഹങ്കാരം കയറിയിരിക്കുകയാണ്. നാൽപ്പത് ശതമാനം സീറ്റേയുള്ളൂ. എൻ.ഡി.എ. മുന്നണിയിൽ ബി.ജെ.പി.-ക്ക് 80 ശതമാനം സീറ്റുണ്ട്. എന്നുപറഞ്ഞാൽ ഇന്ത്യാ മുന്നണി നേടിയ സീറ്റിന്റെ 60 ശതമാനം പ്രാദേശിക പാർട്ടികൾ, ഇടതുപക്ഷം എല്ലാപേരുംകൂടി ചേർന്നുണ്ടാക്കിയ സീറ്റാണ്. കോൺഗ്രസിന്റെ മിടുക്കുകൊണ്ടുമാത്രമുണ്ടായ സീറ്റാണെന്ന് വിചാരിക്കണ്ട. ഞങ്ങളിത് പറയുന്നത്, നിങ്ങൾ തകർന്നുപോകണമെന്നൊന്നും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. നിങ്ങൾ നേർക്കുനേരെ മത്സരിക്കുന്നിടത്താണ് കൂടുതൽ സീറ്റ് നഷ്ടം സംഭവിച്ചത്. പ്രാദേശിക പാർട്ടിയുള്ളിടത്ത്, മറ്റ് പാർട്ടി സഹായമുള്ളിടത്തെല്ലാം നമുക്ക് വിജയിക്കാൻ സാധിച്ചു. നമുക്കെന്നാണ് ഞാൻ പറഞ്ഞത്. ബി.ജെ.പി.-യെ തോൽപ്പിക്കാൻ കഴിഞ്ഞു. പക്ഷേ ഇവിടെവന്ന്

ഇങ്ങനെ അഹങ്കാര വർത്തമാനം പറയാൻ പാടില്ല. കേരളത്തിലെ വോട്ടിംഗ് സീറ്റ് നോക്കുമ്പോൾ, ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല വളരെ വാചാലമായി സി.പി.ഐ.(എം.)-ന്റെ തകർച്ചയെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്മൾ രണ്ടുപേരും ഒരേ ജില്ലക്കാരാണ്. അവിടത്തെ വോട്ടുകളുടെ കണക്ക് നമുക്ക് അറിയാവുന്നതാണ്. കേരളത്തിൽ മത്സരിച്ചവരിൽ ശ്രീ. രാഹുൽ ഗാന്ധി കഴിഞ്ഞാൽ നിങ്ങളുടെ പ്രധാനപ്പെട്ട നേതാവ് ശ്രീ. കെ. സി. വേണുഗോപാലല്ലേ. എത്ര വോട്ട് കുറഞ്ഞു; ആലപ്പുഴയിൽ ശ്രീ. കെ. സി. വേണുഗോപാലിന് ശ്രീമതി ഷാനിമോൾ ഉസ്മാൻ നേടിയ വോട്ടിനേക്കാളും 31000 വോട്ട് കുറഞ്ഞു. അതല്ലേ യാഥാർത്ഥ്യം. ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല സി.പി.ഐ.(എം.)-നെ ആക്ഷേപിച്ച് വളരെ വാചാലമായി സംസാരിച്ചു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പിണറായി വിജയന്റെ ധാർഷ്ട്യത്തെക്കുറിച്ച് പറഞ്ഞു. അതുകൊണ്ട് കേരളത്തിൽ ഇടതുപക്ഷത്തിന് വോട്ട് കുറഞ്ഞിരിക്കുന്നുവെന്നല്ലേ പറഞ്ഞത്. ശ്രീ. രമേശ് ചെന്നിത്തലയോട് ചോദിക്കുകയാണ്, അങ്ങനെയാണെങ്കിൽ

ഹരിപ്പാട് യു.ഡി.എഫ്.-ന് വോട്ട് കുറഞ്ഞുപോയത് നിങ്ങളുടെ ധാർഷ്ട്യംകൊണ്ടാണോ? ആണെങ്കിൽ നിങ്ങൾ പറയൂ. എത്ര വോട്ട് പോയി? 2021-ൽ അദ്ദേഹത്തിന് ലഭിച്ചത് 72768 വോട്ടാണ് ഇപ്പോൾ ശ്രീ. കെ. സി. വേണുഗോപാൽ പിടിച്ച വോട്ട് 48466. കുറവ് എത്രയാണ്? 24302 വോട്ടിന്റെ കുറവ്. ഹരിപ്പാട് മണ്ഡലത്തിൽ യു.ഡി.എഫ്.-ന്റെ വോട്ട് പോയ പോക്ക് അങ്ങനെയാണ്. ഞങ്ങൾ ചോദിക്കുന്നത്, കേരളത്തിൽ വോട്ട് വ്യത്യാസമുണ്ടായത്, ഇവിടെ പറയപ്പെട്ടപോലെ കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രിയുടെ ധാർഷ്ട്യത്തിന്റെ ഭാഗമായിട്ടാണെങ്കിൽ, ഹരിപ്പാട് നിങ്ങൾക്ക് വോട്ട് കുറഞ്ഞത് ശ്രീ. രമേശ് ചെന്നിത്തലയുടെ ധാർഷ്ട്യം കൊണ്ടുപോയ വോട്ടാണോ? അതുകൂടി ചേർത്തുപറഞ്ഞാൽ നമുക്ക് മനസ്സിലാകും. കേരളത്തിലേയ്ക്ക് നിങ്ങൾ നോക്കൂ, ഞങ്ങൾ തോറ്റുവെന്ന കാര്യം ശരിയാണ്. ഭാഷയുടെ പ്രശ്നമാണോ; ഒരു ഭരണാധികാരിയെ ഭാഷകൊണ്ടാണോ വിലയിരുത്തുന്നത്; അങ്ങനെയാണെങ്കിൽ ശ്രീ. കെ. സുധാകരന്റെ ഭാഷയെന്താണ്? അതും ആലപ്പുഴയിൽ വന്നാണ് അദ്ദേഹം സംസാരിച്ചത്. ഒരു ജാഥാ സമയത്ത്, വലത് വശത്ത് ശ്രീമതി ഷാനിമോൾ ഉസ്മാൻ, ഇടതുവശത്ത്

അഡ്വ. ബി. ബാബു പ്രസാദ് പറഞ്ഞ ഭാഷയെന്താണ്; അൺപാർലമെന്ററിയായതുകൊണ്ട് ഞാൻ സഭയിൽ പറയുന്നില്ല. 'മൈ ഡിയർ' എന്നല്ലേ വിളിച്ചത്. അദ്ദേഹം വിളിച്ചത് മനോഹരം. അതിനേക്കാൾ മനോഹരമാണ് വിളികേട്ട ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത്, 'ഞങ്ങളൊക്കെ സംസാരിക്കുന്നത് കേട്ടാൽ ഇതിനേക്കാൾ എത്രയോ വലുതാണ് എന്നാണ്. മനസ്സിലായില്ലേ; ശ്രീ. കെ. സുധാകരൻ പറഞ്ഞതിലും എത്രയോ വലിയ അശ്ലീലമാണ് ഞങ്ങളൊക്കെ തമ്മിൽത്തമ്മിൽ സംസാരിക്കുന്നതെന്നല്ലേ അദ്ദേഹം പറഞ്ഞത്. അതുകൊണ്ട് ഭാഷയാണോ ഒരു നേതാവിനെ അളക്കുന്ന കാര്യം. ഒരു ഭരണാധികാരി നാടിനുവേണ്ടി എങ്ങനെ നിലപാടെടുക്കുന്നുവെന്ന കാര്യം പ്രധാനപ്പെട്ടതാണ്. നാടിനെ എങ്ങനെ നയിക്കുന്നുവെന്ന കാര്യം പ്രധാനപ്പെട്ടതാണ്. ഇവിടെ അതെല്ലാം ആവർത്തിക്കുന്നില്ല. തൃശ്ശൂരിനെക്കുറിച്ച് ഇവിടെ പറഞ്ഞു. തോറ്റിട്ട് അടിയോടടി നടന്നുകൊണ്ടിരിക്കുകയാണ്. അതെല്ലാം വിശദമായി പറയേണ്ടതില്ല. വോട്ട് കുറഞ്ഞ കണക്ക് പറഞ്ഞ്.....

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്...

<u>ശ്രീ. എച്ച്. സലാം</u>: സർ, ഒരു മിനിട്ട്, കേരളത്തിൽ കുറഞ്ഞതെത്രയാ; നിങ്ങൾക്ക് 2.18 ശതമാനം കുറഞ്ഞു. ഞങ്ങൾക്ക് 1.81 ശതമാനം മാത്രമാണ് വോട്ട് കുറഞ്ഞത്. ഞങ്ങളേക്കാൾ വോട്ട് പോയത് നിങ്ങൾക്കാണ്. തൃശ്ശൂരിലെ അടിയോടടിയെക്കുറിച്ച് ഇവിടെ പറഞ്ഞു. 'താങ്കൾ പറയുന്ന കാര്യം ശ്രദ്ധിക്കുന്നില്ലെങ്കിൽ ആദ്യം ചെരുപ്പൂരി കരണത്തൊന്നടിക്കുക, എന്നിട്ട് പറയുക' എന്ന് ബെർണാഡ് ഷാ പറഞ്ഞതുപോലെയാണ് തൃശ്ശൂർ ഡി.സി.സി.-യിൽ ഇപ്പോൾ എല്ലാ ദിവസവും നടന്നുകൊണ്ടിരിക്കുന്ന കാര്യം എന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തോറ്റാൽ തോറ്റുവെന്ന് അംഗീകരിക്കുക. ജയിച്ചാൽ മാത്രമേ എം.പി.-യും എം.എൽ.എ.-യും ആകാൻ സാധിക്കുകയുള്ളൂ. ഇങ്ങനെ വെറുതെ അതുമിതും പറഞ്ഞിട്ടെന്താ കാര്യം. തെരഞ്ഞെടുപ്പിലുണ്ടായ പരാജയത്തിന്റെ കാരണമെന്താണെന്ന് നിങ്ങളാദ്യം മനസ്സിലാക്കണം. ഞാൻ മനസ്സിലാക്കിയത്, നിങ്ങളുടെ സാമ്പത്തിക നയങ്ങളിലുണ്ടായ പരാജയം, അച്ചടക്കമില്ലായ്മ,

ധൂർത്ത്, വളരെ മോശമായ പോലീസ് നയങ്ങൾ, മാധ്യമ വേട്ട, സഹകരണ ബാങ്കുകളിലുണ്ടാകുന്ന അഴിമതികൾ, പെൻഷൻ മുടങ്ങിയതടക്കം പാവപ്പെട്ടവരെ അവഗണിച്ചുകൊണ്ടുള്ള നീക്കങ്ങൾ, എസ്.എഫ്.ഐ.-യുടെ അക്രമാസക്ത രാഷ്ട്രീയം, സിദ്ധാർത്ഥന്റെ കൊലപാതകം, വിമർശനങ്ങളോടുള്ള അസഹിഷ്ണുത, മത-സാമുദായിക സംഘടനകളെ അതിരുവിട്ട് പ്രീണിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഇതൊക്കെയാണ് തോൽക്കാനുള്ള കാരണം. അടുത്ത പാർട്ടി സ്റ്റേറ്റ് കമ്മിറ്റി കൂടുമ്പോൾ ഞാൻ പറഞ്ഞ ഈ പോയിന്റുകളെടുത്ത് ശ്രീ. ലിന്റോ ജോസഫും ശ്രീ. പി. പി. സുമോദും അതുപോലെ ശ്രീ. എം. രാജഗോപാലനുമൊക്കെ പറയണം. ഇതാണ് പഠിക്കേണ്ടത്. വോട്ടിന്റെ കണക്ക് വെറുതെയാണ് പറയുന്നത്. ഞാൻ ചോദിക്കട്ടെ, 75 കൊല്ലം ഭരിച്ച കോൺഗ്രസ് ഒന്നാകെ തോറ്റുപോയി. 50 സീറ്റ് പോയി. 100 സീറ്റിൽ കോൺഗ്രസ് തിരിച്ചുവന്നു. നിങ്ങളോ; നിങ്ങൾ പറഞ്ഞു, ഇടതുണ്ടെങ്കിലേ ഇന്ത്യയുള്ളൂ എന്ന്. എന്റെ നാട്ടിൽ രണ്ടുമൂന്ന് സഖാക്കളുണ്ട്. അവർ പറഞ്ഞു ഞങ്ങൾ ഇന്ത്യ മുഴുവൻ ഒന്ന് കറങ്ങാൻ പോകുകയാണെന്ന്. എന്താണെന്ന് ചോദിച്ചപ്പോൾ, ഞങ്ങളുണ്ടെങ്കിലെ ഇന്ത്യ ഉണ്ടാകുകയുള്ളൂ.

ഒന്നുപോയി കാണട്ടെയെന്ന്. മടങ്ങിവന്നപ്പോൾ, തിരഞ്ഞെടുപ്പായപ്പോൾ ഈ സഖാക്കൾക്ക് ബോധ്യമായി കോൺഗ്രസുണ്ടെങ്കിലേ ഇന്ത്യയുണ്ടാകുവെന്ന്. ഇവർ ടൂർ പോകുകയാണ്. കോൺഗ്രസുണ്ടെങ്കിലേ ഇന്ത്യയുണ്ടാകൂ. നിങ്ങളുണ്ടായിട്ട് എവിടെയുണ്ടാകാനാണ്. നിങ്ങൾ കോൺഗ്രസിനെ പറയുന്നുണ്ടല്ലോ; നിങ്ങളുടെ തറവാടായിരുന്നല്ലോ ബംഗാളും ത്രിപുരയും. അവിടെ 15 കൊല്ലമായി ഒരു സീറ്റ് അസംബ്ലിയിലേയ്ക്കോ ലോകസഭയിലേയ്ക്കോ കിട്ടിയിട്ടുണ്ടോ; സി.പി.ഐ.(എം.) എന്താണ് മനസ്സിലാക്കിയത്; സി.പി.ഐ.-യുടെ ബുദ്ധി നിങ്ങൾക്കില്ലല്ലോ; നിങ്ങൾ ശ്രീ. പിണറായി വിജയന് കിണ്ണം മുട്ടുകയല്ലേ ചെയ്യുന്നത്. മുഖസ്തുതിയല്ലാതെ നിങ്ങളുടെ പാർട്ടിക്ക് എന്തെങ്കിലും പറയാനുണ്ടോ; നവകേരള സദസ് പാർട്ടി വിലയിരുത്തി, സംതൃപ്തി. ജനങ്ങളുമായി സംവാദം. അതാണ് നിങ്ങൾക്ക് ലഭിച്ച ഒരൊറ്റ സീറ്റ്. മന്ത്രി ശ്രീ. കെ. രാധാകൃഷ്ണന്റെ വ്യക്തിപ്രഭാവം കാരണമാണ് 20000 വോട്ടിന് ജയിച്ചത്. ബാക്കിയുള്ളതെല്ലാം പോയില്ലേ; അതാണ് നവകേരള സദസ്സ്. അതും ശരിയാണ്. ഞങ്ങൾ അധികാരത്തിൽ വന്നാൽ ഇടതുപക്ഷത്തിന്റെ അന്തകനായ ആ ബസ്സ് മ്യൂസിയത്തിൽ വയ്ക്കും. അല്ലാതെ

എന്താണ് പറയുക; കുറച്ചുമുമ്പ് എന്റെ യുവ സുഹൃത്ത് ഞങ്ങളുടെ കൊടിയെക്കുറിച്ച് പറഞ്ഞു. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. ഷാഫി പറമ്പിൽ വടകരയിൽ മത്സരിക്കുമ്പോൾ എൽ.ഡി.എഫ്.-ന്റെ സൈബറുകൾ മുസ്ലീംലീഗിന്റെ കൊടിയും ശ്രീ. ഷാഫി പറമ്പിലിന്റെ ഫോട്ടോയും വച്ച് ഫ്ലക്സുണ്ടാക്കി  ഇയാൾ പാകിസ്ഥാനിയാണോ എന്നുചോദിച്ച നാണമില്ലാത്ത, ഉളുപ്പില്ലാത്ത വർഗ്ഗമല്ലേ നിങ്ങൾ?

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്... അൺപാർലമെന്ററി വാക്കുകൾ ഉപയോഗിക്കരുത്.

ശ്രീ. പി. കെ. ബഷീർ: സർ, 'ഉളുപ്പ്' എന്നത് മലയാളത്തിലെ വാക്കല്ലേ; ഞാൻ ഉണ്ടാക്കിയ വാക്കല്ല.

മി. സ്പീക്കർ: അൺപാർലമെന്ററിയായിട്ടുള്ള വാക്കുകളൊന്നും സഭാരേഖയിൽ ഉണ്ടാകില്ല.

ശ്രീ. പി. കെ. ബഷീർ: സർ, ഞങ്ങളുടെ പാർട്ടിയിൽനിന്ന് ആരെങ്കിലും പോകുമ്പോൾ നിങ്ങളെന്തിനാണ് മുസ്ലിയാർമാരുടെ പിറകെ പോകുന്നത്; നിങ്ങളൊരു പാർട്ടിയല്ലേ; ഏതെങ്കിലും രണ്ട് മുസ്ലിയാർമാർ പോയാൽ അവരെ

പോയി നിങ്ങളെന്തിനാണ് തൊക്കുന്നത്. സി.പി.ഐ.(എം) ഒരു പാർട്ടിയല്ലേ, ഒരു അന്തസ്സ് വേണ്ടേ; ഏറ്റവും കൂടുതൽ ഹിന്ദു സമുദായത്തിൽപ്പെട്ട ആളുകളുള്ള ഒരു പാർട്ടിയല്ലേ; ഔലിയമാരെ തക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ എന്താണ് പോയി ചെയ്തത്; മൂപ്പര് പള്ളിയിലെ ഖത്തീബാണോ അവിടെ പോയിരിക്കാൻ. എല്ലായിടത്തും പോയി പ്രസംഗിച്ചിട്ട്, മുസ്ലീം സമുദായത്തിലെ ആളുകളുടെ അടുത്തുപോയി പൗരത്വ നിയമം നടപ്പിലാക്കില്ലെന്ന് പറയുകയാണ്. അത് കേന്ദ്ര സർക്കാരല്ലേ നടപ്പിലാക്കേണ്ടത്; അതിൽ നിങ്ങൾക്ക് എങ്ങനെയാണ് കഴിയുന്നത്; പള്ളിയിലെ ഖത്തീബുമാർ പറഞ്ഞിരിക്കുന്നത്, മുസ്ലീം സമുദായത്തിന്റെ വക്താക്കളായി പ്രസംഗിക്കുകയാണ്. ഒരൊറ്റ വോട്ട് നിങ്ങൾക്ക് ലഭിച്ചോ? പൊന്നാനിയിൽ നിങ്ങൾ സ്ഥാനാർത്ഥിയെ നിർത്തിയല്ലോ, അവിടെ എന്താണുണ്ടായത്; കണ്ണൂർ ജില്ലക്കാർ അത് മനസ്സിലാക്കണം. കണ്ണൂർ ജില്ലയുടെ സി.പി.ഐ.(എം.) സെക്രട്ടറി ബഹുമാന്യനായ എം. വി. ജയരാജൻ നമ്മുടെ സുഹൃത്താണ്. പക്ഷെ എന്താണ് ചെയ്യുന്നത്; ഈ തിരഞ്ഞെടുപ്പിൽ സഹായിച്ചതിന് നന്ദി പറയാനായി തിരുവമ്പാടി നിയോജകമണ്ഡലത്തിലെ

മുക്കത്തെ ഒരു മുസ്ലിയാരുടെ വീട്ടിലേയ്ക്ക് വന്നപ്പോൾ റൂട്ട് തെറ്റിയ അവസരത്തിൽ അവിടേയ്ക്കുള്ള വഴി അറിയാനായി റൂട്ട് ചോദിച്ചത് ഒരു മുസ്ലീംലീഗുകാരനോടാണ്. അവർ ഫോട്ടോ എടുത്തു. നിങ്ങൾ എന്തിനാണ് ഇതിനൊക്കെ പോണേ; നിങ്ങൾ ഇങ്ങനെ നടക്കണം എന്നാലെ ഞങ്ങൾ ഉഷാറാകുകയുള്ളൂ. ഞങ്ങളുടെ കൗമിൽ ഇതൊക്കെ അറിയാൻ സാധിക്കും. നിങ്ങളുടെ ഈ ഇരട്ടത്താപ്പ് ഞങ്ങൾക്കറിയാം. നിങ്ങൾ എവിടെയാണ് പോകാത്തത്; ശ്രീ. എളമരം കരീം - കോഴിക്കോട് സ്ഥാനാർത്ഥി. കരീംക്ക. വേറെ പണിയൊന്നുമില്ലേ നിങ്ങൾക്ക്. എളമരം കരീം എന്ന് പറഞ്ഞാൽ പോരേ; ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ഒന്നുപറയണം, അവിടെ എല്ലാവരുമായി ബന്ധമുള്ള മനുഷ്യനല്ലേ നിങ്ങൾ; ഒന്നുമില്ലെങ്കിൽ ഒരു തമ്പുരാനല്ലേ; നിങ്ങൾ ഒന്നാലോചിച്ചുനോക്കിയേ, ഹിന്ദുക്കളുടെ അടുത്തുപോകുമ്പോൾ എളമരം കരീം എന്നുപറയുകയാണ്. വേറെ പണിയൊന്നുമില്ലേ നിങ്ങൾക്ക്; എന്നിട്ടാണ് പാർട്ടി, പാർട്ടി എന്നുപറയുന്നത്. എവിടെയാണ് നിങ്ങൾ നന്നാകുന്നത്; നിങ്ങൾ നന്നാകണം. നിങ്ങൾ ആലോചിച്ചുനോക്കൂ, ലോകസഭ തിരഞ്ഞെടുപ്പിൽ കോൺഗ്രസിന് 100 സീറ്റ് ലഭിച്ചു. ഇടതുപക്ഷത്തിന്റെ 52

ആളുകൾ പാർലമെന്റിൽ ഉണ്ടായിരുന്നതല്ലേ, ഇപ്പോൾ എത്രയുണ്ട്; നിങ്ങൾ ജയിച്ചത് എവിടെയാണ്? ഇവിടെ നമ്മൾ തമ്മിൽ ഫൈറ്റാണ്. ഇവിടെ നമ്മൾ രാഷ്ട്രീയ എതിരാളികളാണ്. നിങ്ങൾ മെലിയുന്നതിൽ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. നിങ്ങൾക്കുള്ള തകരാറെന്താണെന്നുവച്ചാൽ ഒരു പക്വതയില്ലെന്നുള്ളതാണ്. നിങ്ങൾക്ക് എന്നെപ്പോലെയുള്ള പക്വതയുണ്ടാകണം. നിങ്ങൾ ഒരു കാര്യവും പഠിക്കുന്നില്ല. സി.പി.ഐ.(എം)-ന്റെ ഒരു കമ്മിറ്റിയെന്ന് മുമ്പൊക്കെ പറഞ്ഞാൽ 72 മണിക്കൂർ, കാര്യങ്ങൾ ചർച്ച ചെയ്യുമായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് എന്താണുള്ളത്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റിപ്പോർട്ട് ചെയ്യും ബാക്കിയുള്ളവർ തലകുലുക്കി ഇറങ്ങിപ്പോരും. രണ്ട് ദിവസം മീറ്റിംഗ് കാണും പിറ്റെ ദിവസം പത്രത്തിൽ വരും വൈകുന്നേരം നാലുമണിക്ക് പിരിഞ്ഞുവെന്ന്. ചർച്ചയില്ല. നിങ്ങൾ റിയാലിറ്റിയിലേയ്ക്ക് വരണം. നിങ്ങൾ പരാജയപ്പെട്ടതിൽ ഞങ്ങൾക്ക് സങ്കടമുണ്ട്. കുറച്ച് അത്യാവശ്യ കുഴപ്പങ്ങളൊക്കെയുണ്ട്. പകുതി നിങ്ങൾ മോശമാണ്. അതാണ് നിങ്ങൾക്കുള്ള തകരാറ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി- നിങ്ങൾ എസ്.എഫ്.ഐ.-യെ ഒന്ന് നിലയ്ക്ക് നിർത്തണം. നിങ്ങൾക്ക് പരാജയമാണ്. സിദ്ധാർത്ഥന്റെ

കാര്യം... നിങ്ങൾ എന്തിനാണ് എല്ലാ ക്രിമിനലുകളേയും ഇങ്ങനെ താങ്ങുന്നത്; നിങ്ങളുടെ പാർട്ടിക്ക് ഒരു തകരാറുണ്ട്. മന്ത്രിമാരെ ഒരു പരിപാടിക്ക് വിളിച്ചാൽ ഡി.സി.-യോട് ചോദിക്കട്ടെ, എൽ.സി.-യോട് ചോദിക്കട്ടെ, ബ്രാഞ്ചിനോട് ചോദിക്കട്ടെ എന്നൊക്കെ പറയും. സ്വകാര്യ സംഭാഷണത്തിൽ പറഞ്ഞാൽ നിങ്ങളുടെ വില്ലേജ് ഓഫീസർമാർ -ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറി എൽ.സി.- ഒരു ജനാധിപത്യമല്ലേ, എല്ലാം ഓനോട് ചോദിക്കട്ടേ എന്നാണ് പറയുന്നത്, ഓന് പാർട്ടിമാത്രമല്ലേയുള്ളൂ, ഓന് ജനങ്ങളുമായിട്ട് ബന്ധമുണ്ടോ? എം.എൽ.എ.-മാർ എന്തെങ്കിലും പറഞ്ഞാൽ നിങ്ങൾ കേൾക്കണ്ടേ? നമ്മൾ മന്ത്രിമാരോടും എം.എൽ.എ.-മാരോടും എന്തെങ്കിലും പറഞ്ഞാൽ പാർട്ടി സെക്രട്ടറിയോട് ചോദിക്കട്ടെയെന്ന് പറയും. ഇത് എന്തൊരു കഥയാണ്! കാലം മാറിയത് മനസ്സിലാക്കണം. പാർട്ടി വേണം. പക്ഷെ അവനവനും ഒരു അധികാരവും അന്തസ്സും വേണം. ജനങ്ങൾ തിരഞ്ഞെടുത്തതല്ലേ; ബഹുമാനപ്പെട്ട വി. ശിവൻകുട്ടി മിനിസ്റ്ററെയൊക്കെ കംപ്ലീറ്റായി കൺട്രോൾ ചെയ്യാൻ സാധിക്കുമോ; അദ്ദേഹത്തിന്റെ ഒരു നയം കൊണ്ടല്ലേ അവിടെനിന്ന് ജയിച്ചുപോന്നത്. അതൊക്കെയൊന്ന് മനസ്സിലാക്കണ്ടേ; പ്രായോഗിക

സമീപനമുള്ള മന്ത്രിയാണ്. നിങ്ങളെമാതിരിയല്ല. ബാക്ക് റോയിലുള്ളവർ ഒന്ന് നിർത്തണം, എല്ലാം ഇങ്ങനെ കടകടയെന്ന് പറയാൻ നിൽക്കണ്ട. നിങ്ങൾ രാജസ്ഥാനിലെ സിക്കാറിൽ ജയിച്ചത് എങ്ങനെയാണ്? 39462 വോട്ടാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ലഭിച്ചത്. 474948 വോട്ടാണ് കോൺഗ്രസിന് ലഭിച്ചത്. 772104 വോട്ടാണ് ബി.ജെ.പി.-ക്ക് ലഭിച്ചത്. 297186 വോട്ടിന് ജയിച്ചപ്പോൾ ശ്രീ. രാഹുൽ ഗാന്ധിക്ക്, പാരമ്പര്യമുള്ള നെഹ്റു കുടുംബത്തിന്, ഒരു sympathy തോന്നിയതുകൊണ്ട് ആ സിക്കാർ സീറ്റ് നിങ്ങൾക്ക് തന്നു. അതുകൊണ്ട് നിങ്ങൾ 74000-80000 വോട്ടിന് നിങ്ങൾ ജയിച്ചു. അയാൾ ശ്രീ. രാഹുൽ ഗാന്ധിയോട് കൂട്ടുചേർന്നു. അവിടെ മത്സരിച്ച ആൾ ഏഴ് തവണ തോറ്റ മനുഷ്യനല്ലേ. ഒരു സീറ്റുകൊടുത്ത് അയാളെ ജയിപ്പിക്കാമെന്ന് വിചാരിച്ചു. നിങ്ങൾ അത് മനസ്സിലാക്കണ്ടേ; ശ്രീ. രാഹുൽ ഗാന്ധിയുടെ ഏഴയലത്ത് നിങ്ങൾക്ക് നിൽക്കാൻ പറ്റുമോ; നിങ്ങൾ ഞങ്ങളുടെ കൊടിയെപ്പറ്റി പറഞ്ഞു. നിങ്ങളുടെ കൊടി എവിടെയാണുള്ളത്; ഒരു തിരഞ്ഞെടുപ്പിന് ഞങ്ങൾക്ക് എന്താണുണ്ടായത്; മുന്തിയ ചരക്കുകളാണ്, സി.പി.ഐ.-ക്കാരെ എത്ര പ്രാവശ്യം നിങ്ങൾ അടിച്ചിട്ടുണ്ട്; വടകര, കണ്ണൂർ, കാസർഗോഡ്, പൊന്നാനി,

മലപ്പുറം എന്നീ നിയോജകമണ്ഡലങ്ങളെക്കുറിച്ച് നിങ്ങളൊന്ന് ചിന്തിക്കണം. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയോട് ഒരു കാര്യം പറയാനുണ്ട്. നിങ്ങൾ നിലവാരമുള്ള മനുഷ്യനാണ്. മന്ത്രിയുടെ ഓഫീസിൽനിന്ന് താഴത്തേയ്ക്ക് ഇറങ്ങിവരുമ്പോൾ മന്ത്രിയുടെ രണ്ടുമൂന്ന് സ്റ്റാഫുകൾ- പാർട്ടിയുടെ പോളിറ്റ് ബ്യൂറോ അംഗങ്ങളോ മറ്റാരെങ്കിലുമോ ആയിരിക്കുമെന്ന് ഞാൻ വിചാരിച്ചു. അപ്പോൾ രണ്ട് മുസ്ലിയാർമാരാണ് വന്നത്. അവരെ ലിഫ്റ്റിൽ കയറ്റി കൊണ്ടുപോകുന്നു. ഞാൻ മെല്ലെ പുറകെ പോയിനോക്കി. അവരെ മന്ത്രിയുടെ പ്രൈവറ്റ് റൂമിലേയ്ക്ക് കൊണ്ടുപോകുന്നു. എന്തിനാണിതൊക്കെ; What happened to you? എന്തുപറ്റി; നിങ്ങൾ ആലോചിച്ച് നോക്കിയോ; എന്താണ് നിങ്ങൾക്കൊക്കെ പറ്റിയത്? നിങ്ങളുടെ സി.എം. ഓരോന്ന് പറയുമ്പോൾ, നിങ്ങൾ ആലോചിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിങ്ങൾ ഉഷാറായിരുന്നോളൂ. നിങ്ങൾ ഞങ്ങളെയൊന്ന് സഹായിക്കണം. ഒരു പ്രതിപക്ഷ ബഹുമാനം അങ്ങേയ്ക്കും വേണം. കിഫ്ബി ഫണ്ടനുവദിക്കുമ്പോൾ ഞങ്ങളുടെ ഫയൽ വരുമ്പോൾ അവിടെ വയ്ക്കുകയാണ്. കിഫ്ബിയിൽ ഒൻപത് ഫയൽ വന്നാൽ ഇടതുപക്ഷത്തിന്റെ ഏഴ് ഫയൽ

നിങ്ങൾ ഒപ്പിടും. രണ്ട് ഫയൽ പ്രതിപക്ഷത്തിന്റെയാണെങ്കിൽ നിങ്ങൾ ഒപ്പിടില്ല. എന്തൊരു പരിപാടിയാണ്. അതുപോലെ പ്ലാൻ ഫണ്ട്- പി.ഡബ്ല്യൂ.ഡി. ഡിപ്പാർട്ടുമെന്റിൽ, ഒരു ബേപ്പൂർ നിയോജകമണ്ഡലം മാത്രമാണോ കേരളത്തിലുള്ളത്; പ്ലാൻ മുഴുവൻ അങ്ങോട്ടാണ് നൽകുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി നിങ്ങളുടെ കുത്തകയായിരുന്നു. നിങ്ങൾ എന്തൊക്കെയാണ് ചെയ്തത്. എം.എസ്.എഫ്.-ഉം കെ.എസ്.യു.-ഉം ചേർന്ന് യൂണിവേഴ്സിറ്റി യൂണിയൻ പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ, കുട്ടികൾ വോട്ട് ചെയ്തിട്ടാണ്. അത് നിങ്ങൾ മനസ്സിലാക്കണം. എല്ലാമൊന്ന് പഠിക്കണം. വെറുതെ പ്രസംഗിക്കാതെ നെഞ്ചത്ത് കൈവച്ച് എന്റെ പാർട്ടിക്ക് എന്താണ് സംഭവിച്ചതെന്നും ആരാണ് ഇതിന് കാരണക്കാരെന്നുമൊക്കെ പഠിച്ച് മനസ്സിലാക്കണം. ബഹുമാനപ്പെട്ട സ്പീക്കറോടും പറയാനുണ്ട്. നിങ്ങൾക്ക് ഇതിലൊന്നും ഇടപെടാൻ പറ്റാത്തതിന്റെ ബുദ്ധിമുട്ടുണ്ട്. സ്വകാര്യ സംഭാഷണത്തിലെങ്കിലും ഈ ഉപദേശം നൽകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്താങ്ങുകയാണ്. ശ്രീ. പി. കെ. ബഷീർ ഇടതുപക്ഷം എങ്ങനെയായാലും ജയിക്കണമെന്നും അത് എങ്ങനെ ജയിക്കണമെന്നതും സംബന്ധിച്ച് വളരെ വിശദമായി പറഞ്ഞു. ഞാൻ ഈ പ്രസംഗം കേട്ടപ്പോൾ ആലോചിച്ചത് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിനുമുൾപ്പെടെ ഇടതുപക്ഷ പ്രസ്ഥാനം ഇവിടെ ഉണ്ടാകണമെന്ന നല്ല ആഗ്രഹമാണ് അതിന്റെ പിന്നിൽ പ്രതിഫലിച്ചതെന്നാണ്. ഏതെങ്കിലും തരത്തിലുള്ള ആവശ്യം പൊതുവായി കേരളത്തിലുയർന്നുവരുമ്പോൾ അതിന്റെ മുമ്പിൽനിന്ന് കൊടിപിടിക്കാൻ കഴിയുന്നത് ഇടതുപക്ഷത്തിന് തന്നെയാണെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗം കൂടുതൽ ആവർത്തിച്ച് പറയുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. രണ്ടാം പിണറായി സർക്കാർ മുന്നോട്ട് പോകുമ്പോൾ കേരളത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത ഒരുപാട് വികസന പ്രവർത്തന മാതൃകകളാണ് പുതുതായി സൃഷ്ടിക്കപ്പെടുന്നത്. നാം നേരത്തെ ചർച്ച ചെയ്തതുപോലെ ദേശീയപാത, മലയോര ഹൈവേ, തീരദേശ പാത, ഗെയിൽ പൈപ്പ് ലൈൻ, ലൈഫ് പദ്ധതിയിൽ വീടുകൾ നൽകിയതും ഒന്നര ലക്ഷം

പേർക്ക് പട്ടയം നൽകിയതുമെല്ലാം കേരളത്തിന്റെ വികസന ചരിത്രത്തെ സംബന്ധിച്ചിടത്തോളം ഒരു നവ്യമായ അനുഭവങ്ങളാണ്. കേരളത്തിൽ 15146 പേർക്ക് പി.എസ്.സി. നിയമനം നൽകിയപ്പോൾ മറ്റ് 26 സംസ്ഥാനങ്ങളിലുംകൂടി 19646 നിയമനങ്ങളാണ് നടന്നതെന്ന് UPSC റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ ആക്രിവിലയ്ക്ക് വിറ്റഴിക്കാൻ ശ്രമിച്ച പൊതുമേഖലാ സ്ഥാപനങ്ങളായ വെള്ളൂരിലെ HNL, കാസർഗോഡ് പ്രവർത്തിക്കുന്ന Bharat Heavy Electricals Ltd. എന്നിവ ഏറ്റെടുത്ത് പുനരുദ്ധരിച്ചത് ഈ സർക്കാരാണ്. ലോകത്ത് ഏറ്റവും കൂടുതൽ മനുഷ്യർ പട്ടിണി കിടക്കുന്ന രാജ്യമായി ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഭരണകൂടം ഇന്ത്യയെ മാറ്റിയപ്പോൾ, കേരളം അതിദാരിദ്ര്യമില്ലാത്ത സംസ്ഥാനമെന്ന നിലയിൽ നടന്നടുക്കുകയാണ്. വളരെ താമസിക്കാതെ നാം ലക്ഷ്യത്തിലേയ്ക്കെത്തും. 5 വയസ്സിന് താഴെയുള്ള ആയിരം കുട്ടികളിൽ 32 പേർ മരണപ്പെടുന്നുവെന്നാണ് ഇന്ത്യയിലെ ദേശീയ അടിസ്ഥാനത്തിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ഇക്കാര്യം കേരളത്തിൽ എങ്ങനെയാണെന്നും നമുക്ക് കാണാൻ കഴിയും. ഇത്തരത്തിലൊരു പ്രദേശത്തിലെ സമൂഹത്തേയും

അവിടത്തെ സമ്പദ് വ്യവസ്ഥയേയും ക്രിയാത്മകമായി പരിവർത്തനം ചെയ്യുന്ന ഒരു സർക്കാരിന്റെ ചെലവുകൾ എടുത്തുപറയേണ്ട കാര്യമാണ്. വിദ്യാഭ്യാസം, ആരോഗ്യം, മറ്റ് സാമൂഹ്യക്ഷേമ മേഖലകൾ തുടങ്ങി എല്ലാ മേഖലകളുടെ പുരോഗതിക്കുംവേണ്ടി ബഡ്ജറ്റിൽ നല്ലൊരു സംഖ്യ മാറ്റാൻ ശ്രമിക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ സാമൂഹിക സേവനങ്ങൾക്കായുള്ള, സർക്കാർ സേവനങ്ങളുടെ ഒരു ഭാഗം റവന്യൂ കണക്കിൽ ശമ്പളമായും ദൈനംദിന ചെലവുകൾ നടത്തുകയും ചെയ്യുമ്പോൾ അതിനോടനുബന്ധിച്ച് ഉണ്ടാകാവുന്ന സാമ്പത്തിക ബാധ്യതകൾ മാനേജ് ചെയ്യേണ്ടി വരും. അത്തരത്തിൽ സാമ്പത്തിക ബാധ്യതയുണ്ടാകുന്ന സംസ്ഥാനങ്ങളുടെ പട്ടികയിലേയ്ക്ക് കേരളം എത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇന്ത്യയിൽ ആദ്യമായി ടെക്നോപാർക്ക് സ്ഥാപിച്ചും ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചും രാജ്യത്തിന് മാതൃകയായ കേരളം ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്കിനും തുടക്കം കുറിക്കുകയാണ്. നമ്മുടെ സംസ്ഥാനം സാധ്യതകൾക്കനുസരിച്ച് അതിവേഗം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ് ചെയ്യുന്നത്. ശാസ്ത്രത്തേയും സാങ്കേതിക വിദ്യയേയും മനുഷ്യ

പുരോഗതിക്ക് വിനിയോഗിക്കുകയെന്നതാണ് സർക്കാർ നിലപാട്. സംസ്ഥാനത്ത് സ്ഥാപിക്കുന്ന നാല് സയൻസ് പാർക്കുകളിലൊന്നാണ് ഡിജിറ്റൽ സയൻസ് പാർക്ക്. നിലവിലെ സാങ്കേതിക അറിവുകൾ ഗവേഷണത്തിലൂടെ നവീകരിക്കാൻ കേരളത്തിന്റെ ഉയർന്ന നിലവാരത്തിലുള്ള മാനവവിഭവശേഷി ഉപയോഗിക്കുന്നതിൽ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. രണ്ട് വർഷം മുമ്പ് രാജ്യത്തെ ആദ്യ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് തുടക്കം കുറിച്ചുകൊണ്ട് ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കേരളം രാജ്യത്തിനാകെ മാതൃക സൃഷ്ടിക്കുകയാണ്. കേരളത്തിന്റെ മാത്രമല്ല രാജ്യത്തിന്റെയാകെ സമ്പദ്ഘടനയ്ക്കും സമ്പദ്‌വ്യവസ്ഥയ്ക്കും സാമൂഹ്യമേഖലയ്ക്കുമെല്ലാം വലിയ സംഭാവനകൾ നൽകുന്നവരാണ് പ്രവാസികൾ. 2005-ൽ നമ്മുടെ രാജ്യത്തേയ്ക്ക് 2213 കോടി യു.എസ്. ഡോളറിന് തുല്യമായ സംഖ്യ നൽകിയവരാണ്. 2020-ൽ അത് 8315 കോടി യു.എസ്. ഡോളറിലേയ്ക്ക് ഉയർന്നിരുന്നു. ഈ വലിയ വിഭാഗം ജനങ്ങളെ സഹായിക്കാനുള്ള സമഗ്ര പദ്ധതികളൊന്നും കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലെന്നത് ഖേദകരമാണ്. ഈ സന്ദർഭത്തിലാണ് പ്രവാസി

ക്ഷേമത്തിനും അവരെ സഹായിക്കുന്നതിനും വേണ്ടി നിരവധി പദ്ധതികൾ കേരളം ആവിഷ്കരിച്ച് നടപ്പാക്കുന്നത്. അടുത്ത ദിവസങ്ങളിൽ സംഘടിപ്പിക്കുന്ന 'ലോക കേരള സഭ' എന്ന പരിപാടി അവരുടെ പ്രശ്നങ്ങൾ പഠിക്കാനും അവിടത്തെ സാധ്യതകളെക്കുറിച്ച് ആരായാനും നമുക്ക് ലഭിക്കുന്ന ഒരു അപൂർവ്വ നിമിഷമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രവാസി കാര്യാലയവും നോർക്ക റൂട്ട്സും ആയിരക്കണക്കിന് പ്രവാസികളുടെ ആശ്രയവും പ്രതീക്ഷയുമാണെന്ന കാര്യം മറക്കാൻ കഴിയില്ല. ഭരണ നിർവ്വഹണത്തിന്റെ കാര്യത്തിലും ഇന്ത്യയിലെ പൊതുവേയുള്ള നിലപാടല്ല കേരളം സ്വീകരിക്കുന്നത്. രാജ്യത്ത് പട്ടാളക്കാരെപ്പോലും കരാർ നിയമനം നടത്തുന്ന കാലത്ത് പരമാവധി സ്ഥിരം തൊഴിൽ നിയമനം നൽകിയാണ് സംസ്ഥാനം ഭരണനിർവ്വഹണ സംവിധാനം കാര്യക്ഷമമാക്കുന്നത്. 2016 മുതൽ മൂവായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞു. കോവിഡ് കാലഘട്ടത്തിൽപ്പോലും സർക്കാരിന് ഇക്കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞെന്നത് അഭിമാനകരമാണ്. സേവന വിതരണത്തിൽ കാലതാമസം ഒഴിവാക്കി ഇനിയും മെച്ചപ്പെടേണ്ട ഒരുപാട്

മേഖലകളുണ്ട്. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ അതിവേഗം സേവനം ലഭ്യമാക്കാനുള്ള ദൗത്യങ്ങൾക്കിടയിൽ തീരുമാനം എടുക്കുന്നതിനും സേവനം എത്തിക്കുന്നതിലും കാലതാമസം വരുത്താതിരിക്കാൻ നാം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. നിലവിൽ വാതിൽപ്പടി സേവനം സർക്കാർ ലഭ്യമാക്കുന്നുണ്ടെങ്കിലും ഉദ്യോഗസ്ഥർ നേരിട്ട് ആവശ്യക്കാരുടെ അടുത്തേയ്ക്കെത്തുന്ന രീതിയിൽ സേവനവിതരണം മെച്ചപ്പെടുത്താനുള്ള ശ്രമത്തിലാണ് നമ്മുടെ സർക്കാർ. രാജ്യം സ്വാതന്ത്ര്യം നേടിയതുമുതൽ കേട്ടിരുന്ന പൊതുമേഖല, പൊതുഉടമസ്ഥത എന്ന വാക്കുകളെല്ലാം ഇപ്പോൾ കേന്ദ്രസർക്കാരിനെ സംബന്ധിച്ചിടത്തോളം പാഴ്‌വാക്കുകളായി മാറിയിരിക്കുന്നു. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന ഉത്തരവാദിത്വത്തിൽ നിന്ന് ഭരണകൂടം പിൻവലിയുന്ന സാഹചര്യമാണ്. അത് മുതലാളിത്ത ധനകാര്യ സാമ്രാജ്യത്വ സ്ഥാപനങ്ങളായ IMF, ലോകബാങ്ക് എന്നിവ നിഷ്കർഷിക്കുന്ന സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുകയും ചെയ്യുന്ന ആഗോളീകരണത്തിന്റെ കാര്യത്തിൽ ബദൽ ഉയർത്താൻ കേരളത്തിന് കഴിയുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. എല്ലാവർക്കും വീട്, മികച്ച

ആരോഗ്യ പരിരക്ഷ, മെച്ചപ്പെട്ട വിദ്യാഭ്യാസം, ശുദ്ധജലം, ഗതാഗത സൗകര്യങ്ങൾ എന്നിവയെല്ലാം ഉറപ്പാക്കുന്നതിൽ ഈ സർക്കാർ വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലത്ത് പ്രതിപക്ഷവും കേന്ദ്രസർക്കാരും എന്തൊക്കെ കാര്യങ്ങളിലൂടെയാണ് കേരളത്തിലെ വികസന മാതൃകയെ ഇകഴ്ത്തിക്കാണാൻ ശ്രമിച്ചതെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. കേരളത്തിന്റെ വികസനത്തിന് ഏതെങ്കിലും തരത്തിലുള്ള പോരായ്മയുണ്ടായാൽ അതിന് കാരണം കേന്ദ്രനയമാണ്. നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം നൽകുന്നില്ലെന്ന വസ്തുത ഉറക്കെപ്പറയാൻ ഇവിടത്തെ പ്രതിപക്ഷ കക്ഷികൾക്ക് കഴിയുന്നില്ല. സംസ്ഥാനത്തിന്റെ ഭരണം സംബന്ധിച്ചും എൽ.ഡി.എഫ്.-ന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തെ സംബന്ധിച്ചും അദ്ദേഹത്തിന്റെ പെരുമാറ്റത്തെ സംബന്ധിച്ചും ഒക്കെയുള്ള വളരെ ചെറിയ കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് അവർ സൂചിപ്പിച്ചുകൊണ്ടിരിക്കുന്നത്. തിരഞ്ഞെടുപ്പ് നടക്കുന്ന സന്ദർഭത്തിൽ ഒരുപാട് സ്ഥലങ്ങളിൽ ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കുന്നുണ്ട്. ഡൽഹിയിൽ സംഭവിച്ചതെന്താണ്; ഇതുപോലുള്ള സംഭവങ്ങൾ

കൊണ്ടാണ് ഒറ്റ സീറ്റുപോലും കിട്ടാതിരുന്നത്. തെലങ്കാന, ഒറീസ, ആസാം, കർണ്ണാടക തുടങ്ങി കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിലുൾപ്പെടെ തിരിച്ചടിയുണ്ടായി. ടി സ്ഥലങ്ങളിലെല്ലാം മുഖ്യമന്ത്രിമാരോ മറ്റ് വിഷയങ്ങളോ അല്ല പ്രശ്നം. അവിടെ വേറെ കാരണങ്ങളാണ്. ഭരണവിരുദ്ധ വികാരം എന്ന പുതിയ വസ്തുത ഇവിടെ മാത്രമാണുള്ളത്. യഥാർത്ഥത്തിൽ ഭരണ വിരുദ്ധ വികാരമുണ്ടാകേണ്ട സാധ്യതയുണ്ടോ; ഒന്ന് നന്നായി പരിശോധിക്കപ്പെടേണ്ട സംഗതിയാണ്. എല്ലാ അർത്ഥത്തിലും സംസ്ഥാനം ആഗ്രഹിക്കുന്ന തരത്തിലുള്ള വികസനപദ്ധതികളാണ് നടപ്പാക്കുന്നത്. ഭരണവിരുദ്ധ തരംഗം എന്ന് പറയുന്നത് ശരിക്കും സൂചിപ്പിക്കാൻ പോലും കഴിയാത്ത വസ്തുതയാണെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. എന്തായാലും നമുക്കുണ്ടായ ചെറിയ ചെറിയ പരാജയങ്ങളെ തിരിച്ചറിയാനും അത് അനുസരിച്ചുള്ള പരിപാടികൾ ആവിഷ്കരിച്ച് തിരുത്താനും ഇടതുപക്ഷ ജനാധിപത്യമുന്നണിയും ബന്ധപ്പെട്ടവരും ശ്രമിക്കുമെന്നത് ഉറപ്പാണ്. അതിനുവേണ്ടിയുള്ള ചെറിയൊരു വിധിയെഴുത്തായി മാത്രം ഇതിനെക്കാണുന്നു. കൂടുതൽ വേഗത്തിൽ ഏറ്റവും നന്നായി കേരളത്തിന്റെ വികസന

പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുമെന്ന് മാത്രമാണ് സൂചിപ്പിക്കാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി സവിനയം പിന്താങ്ങുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ സാധാരണയായി കണ്ടുവരുന്ന പ്രവണതയാണ് താളമൊരുക്കുമ്പോൾ സ്വരം വരില്ല, സ്വരം ശരിയാകുമ്പോൾ താളം വരില്ല എന്നത്. താളവും സ്വരവും ഒത്തുവരുമ്പോൾ അവസരവും വരില്ല. രാഷ്ട്രീയപാർട്ടികൾ ഏതായാലും അതൊക്കെത്തന്നെയാണ് ഇവിടെയും സംഭവിക്കുന്നത്. എൽ.ഡി.എഫ്.-നുണ്ടായ പരാജയം സംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിൽ, ഇടത്-വലത് പരാജയങ്ങളെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ നേരത്തെ സംസാരിക്കുകയുണ്ടായി. തോൽവിയുടെ നീണ്ട ചരിത്രം ഇരുഭാഗങ്ങളിലുമുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെതന്നെ അതെല്ലാം അതത് രാഷ്ട്രീയ സാമൂഹിക യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. 1977-ലെ പാർലമെന്റ് ഇലക്ഷന് സമാനമായ മറ്റ് രീതിയിലുള്ള സാഹചര്യമായിരുന്നു ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉണ്ടായിരുന്നത്.

1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ വേട്ടയാടപ്പെട്ടവരുടെ ദിനരാത്രങ്ങൾ നാടിന് സമ്മാനിച്ച കോൺഗ്രസ് പാർട്ടിയുടെ നിന്ദ്യമായ സ്വേച്ഛാധിപത്യത്തിനെതിരെ ഇന്ത്യയിലെ പ്രതികരണ ശേഷിയുള്ള ജനങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒന്നിച്ചുനിന്ന് തിരഞ്ഞെടുപ്പിനെ നേരിട്ട വർഷമായിരുന്നു 1977. അത് ചരിത്രത്തിൽ ആദ്യമായി കോൺഗ്രസ്സിന്റെ ഏകകകക്ഷി ഭരണം അവസാനിക്കുന്ന തിരഞ്ഞെടുപ്പായിരുന്നു. ഏകകക്ഷി ഭരണം അവസാനിക്കുകയും ചെയ്തു. ദേശീയ രാഷ്ട്രീയത്തിൽ അന്ന് കോൺഗ്രസ്സിനെതിരായ വികാരം വലിയ രീതിയിലേയ്ക്ക് മാറിയപ്പോൾ അതിന് അനുസൃതമായൊരു മാറ്റങ്ങൾ കേരളത്തിനുണ്ടായില്ല. അന്ന് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന് വലിയ തിരിച്ചടിയാണുണ്ടായത്. പക്ഷെ അന്നത്തെ സാഹചര്യവും ഇന്നത്തെ കേരള രാഷ്ട്രീയ സാഹചര്യവും നമുക്ക് താരതമ്യം ചെയ്യാൻ കഴിയില്ല. കാരണം അന്ന് കേരളത്തിലെ സംസ്ഥാന സർക്കാർ വളരെ ദുർബലമായിരുന്നു. 1977 മാർച്ച് 25-നാണ് ഏഴാം മന്ത്രിസഭ രൂപീകരിക്കുന്നത്. കെ. കരുണാകരനായിരുന്നു മുഖ്യമന്ത്രി. എട്ടാം മന്ത്രിസഭ 1977 ഏപ്രിൽ 27-ന് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ

അധികാരത്തിൽ വന്നു. മന്ത്രിസഭ മാറാനിടയായ അന്നത്തെ രാഷ്ട്രീയ സാഹചര്യവും മറ്റുസാഹചര്യങ്ങളും നമുക്കറിയാം. പി. കെ. വാസുദേവൻ നായർ 1978 ഒക്ടോബർ 29-നും സി. എച്ച്. മുഹമ്മദ് കോയ 1979 ഒക്ടോബർ 12-നും മുഖ്യമന്ത്രിയായി അധികാരമേറ്റു. ഒരേ കാലഘട്ടത്തിൽ മൂന്നോ നാലോ മുഖ്യമന്ത്രിമാർ മാറിവന്നിരുന്ന സാഹചര്യമായിരുന്നു അത്. അന്നത്തെ രാഷ്ട്രീയ സാഹചര്യം വളരെ ദുർബലവുമായിരുന്നു. ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ്സിന് തിരിച്ചടി നേരിട്ടപ്പോഴും കേരളത്തിൽ 1977-ൽ ഒരു സീറ്റ് പോലും കിട്ടാത്തപ്പോഴും പ്രതിസന്ധികളെ പ്രതിരോധിച്ചുകൊണ്ട് 1980-ൽ പൂർവ്വാധികം ശക്തമായ തിരിച്ചുവരവാണ് ഇ. കെ. നായനാർ-ന്റെ നേതൃത്വത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി നടത്തിയത്. 1987-ൽ വീണ്ടും ഇ. കെ. നായനാർ-ന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരത്തിൽ വരികയുണ്ടായി. അതുകൊണ്ടുതന്നെ ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിലും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭദ്രമാണ്. ഇവിടെ പറഞ്ഞു 99-ഓളം എം.എൽ.എ.-മാർ, കൂട്ടുത്തരവാദിത്വമുള്ള സർക്കാർ, ജനക്ഷേമ പദ്ധതികൾ, വികസന പ്രവർത്തനങ്ങൾ അങ്ങനെ കക്ഷി രാഷ്ട്രീയത്തിലും

ജാതി-മത ചിന്തകൾക്ക് അതീതമായി എല്ലാ ജനങ്ങളുടെയും അംഗീകാരം പിടിച്ചുപറ്റികൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരാണിത്. തിരഞ്ഞെടുപ്പ് തോൽവി എന്നത് ഒരു വികാരമല്ല. ഇവിടെ പ്രതിപക്ഷത്തിന്റെ റോളെന്താണ്? ദേശീയ രാഷ്ട്രീയത്തിൽ സംസ്ഥാനങ്ങളുടെ വിജയത്തെക്കുറിച്ച് പറഞ്ഞു. പ്രതിപക്ഷം ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാതെ നിയമനിർമ്മാണ പ്രക്രിയയിൽ പങ്കെടുക്കാതെ തലയില്ലാത്ത തെങ്ങിന്മേൽ കയറി സമയം കളയുന്ന ഒരു സമീപനമാണ് ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്താണ് ഇവർക്ക് വേണ്ടത്. മുഖ്യമന്ത്രിയെ സംസ്ഥാന ഗവൺമെന്റിന്റെ ഭരണതലവൻ എന്നുള്ള നിലയിൽ ശത്രുപക്ഷത്തു നിർത്തി വേട്ടയാടി അദ്ദേഹത്തിന്റെ മനോധൈര്യത്തെ ദുർബലപ്പെടുത്തി അതുവഴി മുന്നണിയെയും ഗവൺമെന്റിനെയും തളർത്താൻ കഴിയുമോയെന്നാണ് പ്രതിപക്ഷം നോക്കുന്നത്. കായ്ക്കുന്ന മരത്തിലേ കല്ലേറിയാറുള്ളൂ, കായ് ഫലം ഇല്ലാത്ത മാവിൽ ആരും കല്ലേറിയില്ല. ഏതു പ്രതിസന്ധിയിലും രാഷ്ട്രീയത്തിലാണെങ്കിലും വർഗ്ഗീയ ഫാസിസത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് ഇന്ത്യയിലെ ആകെയുള്ള ഇടതുപക്ഷ

മതനിരപേക്ഷ പ്രസ്ഥാനങ്ങളെ ആകർഷിക്കാൻ കഴിയുന്ന വിധത്തിലുള്ള ലീഡർഷിപ്പായി കേരളത്തിന്റെ മുഖ്യമന്ത്രി മാറി. കേരളത്തിൽ ഏത് പ്രതികൂല സാഹചര്യത്തിലും പ്രകൃതി ദുരന്തങ്ങളിലും ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് അതിനെ അതിജീവിക്കാൻ ഈ നാടിനെ മുന്നോട്ടുനയിച്ച ഭരണാധികാരി ഇന്ന് കേരളം ഭരിക്കുന്ന മുഖ്യമന്ത്രിയല്ലേ. തിരഞ്ഞെടുപ്പിൽ പരാജയം സംഭവിച്ചതുകാരണം മുഖ്യമന്ത്രിയെ ഒറ്റപ്പെടുത്തി അദ്ദേഹത്തിനെതിരെ അപവാദ പ്രചരണത്തിന് കൊടുങ്കാറ്റ് അഴിച്ചുവിടാൻ വലതുപക്ഷ മാധ്യമങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്ന കാര്യം ഞങ്ങൾ മറക്കുന്നില്ല. നാട് അഭിമുഖീകരിക്കുന്ന പ്രതിസന്ധി ഘട്ടങ്ങളിൽ, ഉത്കണ്ഠയുടെ മുൾമുനയിൽ കേരളീയ സമൂഹം കഴിയുമ്പോൾ അവരെയെല്ലാം രക്ഷിക്കാനും ചേർത്തുപിടിക്കാനും സന്നദ്ധ കാണിച്ചവരാണ് കേരളത്തിന്റെ മുഖ്യമന്ത്രിയും ഇടതുപക്ഷ ഗവൺമെന്റും.

ഇവിടെ പ്രോഗ്രസ് റിപ്പോർട്ടിനെക്കുറിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിക്കുകയുണ്ടായി. പ്രോഗ്രസ് റിപ്പോർട്ടിന്റെ കോപ്പിയാണ് എന്റെ കൈയിലുള്ളത്. അദ്ദേഹം രണ്ടോ മൂന്നോ പേജുകൾ മാത്രമെ വായിച്ചുള്ളൂ.

അദ്ദേഹം അത് വായിക്കാൻ കാരണം ഇന്നത്തെ മലയാള മനോരമ പത്രമാണ്. അതിലെ എഡിറ്റോറിയലിൽ 'നേട്ടപ്പട്ടികയിലെ പൊള്ള വാദങ്ങൾ' എന്നാണ് തലക്കെട്ട് കൊടുത്തിരിക്കുന്നത്. ഞാനത് തിരുത്തി; മലയാള മനോരമയുടെ കണ്ണിൽ നോട്ടപ്പട്ടികയിലെ കള്ള വാദങ്ങളാണ് ജനങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചതെന്ന് പറയുന്നു. എന്തൊരു അസഹിഷ്ണുതയാണ്. അതിൽ പറയുന്നത് ഇപ്രകാരമാണ്, 'മത്സരിച്ച 20 സീറ്റിൽ ഒരു സീറ്റ് മാത്രം നേടി എൽ.ഡി.എഫ്. ദയനീയ തോൽവി ഏറ്റുവാങ്ങിയിട്ടും പ്രോഗ്രസ് റിപ്പോർട്ട് അച്ചടിച്ച് ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാൻ സർക്കാർ കാട്ടിയ ധൈര്യത്തെ അഭിനന്ദിച്ചേ മതിയാകൂയെന്നാണ് . ജനകീയ പ്രശ്നങ്ങൾ പരിഹരിച്ചിട്ടില്ലാത്ത, ലൈഫ് പദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, അഭ്യസ്തവിദ്യരായ തൊഴിൽരഹിത സമൂഹത്തിന് ജോലി, അങ്ങനെ എല്ലാ വിഭാഗങ്ങളിലെ ജനങ്ങളെയും ചേർത്ത് പിടിച്ച് അവരുടെ അവകാശങ്ങൾ, താൽപര്യങ്ങൾ സംരക്ഷിച്ച് അവരോടൊപ്പം നിന്ന ഗവൺമെന്റ്. ആ ഗവൺമെന്റ് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചിട്ടില്ലെന്നാണ് ചൂണ്ടികാണിക്കുന്നത്. കേരളത്തിലെ മുഖ്യമന്ത്രിയും മന്ത്രിമാരും ജനങ്ങൾ

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നേരിലറിയുന്നതിനും സംവദിക്കുന്നതിനുമായി നവകേരളയാത്ര നടത്തി. കേരളത്തിൽ ഇതിനുമുമ്പ് ഇങ്ങനെയൊരു യാത്രയോ സദസ്സോ സംഘടിപ്പിച്ചിട്ടുണ്ടോ. ഒരു കൊല്ലത്തിനുള്ളിൽ മുഖ്യമന്ത്രി ഭരണക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ ഉദ്യോഗസ്ഥന്മാരുടെ മേഖലായോഗം വിളിച്ചുകൊണ്ട് കേരളമാകെ നവകേരള യാത്രയുമായി 140 മണ്ഡലങ്ങളിൽ പര്യടനം നടത്തി. എന്തിനധികം, മതന്യൂനപക്ഷങ്ങൾക്കെതിരായി വേട്ട ആരംഭിച്ച് പൗരത്വഭേദഗതി ബില്ലിൽ വിവാദങ്ങൾ ഉയർന്നുവന്നപ്പോൾ അതിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങൾ രാജ്യത്തിലെ മതന്യൂനപക്ഷ വിഭാഗങ്ങളുൾപ്പെടെ അവരുമായി സംവദിക്കാൻ കേരളത്തിലെ പതിനാല് ജില്ലകളിലും മുഖ്യമന്ത്രിയല്ലേ പോയത്. അവിടെയെല്ലാം പതിനായിരങ്ങൾ തടിച്ചുകൂടി. ഏറ്റവും വലിയ ഭവിഷ്യത്തും ഗുരുതരമായ വിപത്തും ജനങ്ങളെയും മതന്യൂനപക്ഷങ്ങളെയും ബോധ്യപ്പെടുത്താൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതിന്റെ തെളിവാണ് മുസ്ലീം മതന്യൂനപക്ഷവിഭാഗങ്ങൾ ഞങ്ങൾക്ക് വോട്ട് ചെയ്തില്ലെങ്കിലും കോൺഗ്രസിന് വോട്ട് ചെയ്തത്. അത് പരിശോധിക്കേണ്ട കാര്യമാണ്. ഇടതുപക്ഷത്തെ കുറിച്ച്

പറയുമ്പോൾ നേരത്തെ പരിഹാസ ചിരികൾ ഉയർന്നു. ചിരിക്കുന്നവർ ഭീകരമായ വർത്തമാനങ്ങൾ കേൾക്കാൻ ഇരിക്കുന്നതേയുള്ളൂ. നിങ്ങൾക്ക് ഒരു സംശയവും വേണ്ട. അടുത്തക്കാലത്തായി വന്ന വാർത്ത നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. ഇന്ത്യൻ ജനത മതപരമായ വിഭാഗീയതയ്ക്ക് അതിവേഗം കീഴ്പ്പെടുന്ന കാഴ്ചയാണ് സമീപകാലത്ത് കാണാൻ കഴിയുന്നതെന്ന്. ധനികനായ മുസ്ലീം കുടുംബനാഥൻ അദ്ദേഹത്തിന്റെ ഒരനുഭവം പങ്കുവയ്ക്കുകയുണ്ടായി. വർഷങ്ങളായി അദ്ദേഹത്തിന്റെ വീട്ടിൽ ജോലിക്കുവരുന്നത് തൊട്ടടുത്ത ഗ്രാമത്തിലെ ഹിന്ദു കുടുംബമാണ്. ഭാര്യ അടുക്കളജോലിയും ഭർത്താവ് പുറം പണികളും ചെയ്യും. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നത് ഈ മുസ്ലീം കുടുംബമാണ്. ഒരു കുടുംബംപോലെ വലിയ സൗഹൃദത്തിലാണ് ഇവർ ജീവിച്ചുവരുന്നത്. കഴിഞ്ഞ ദിവസം വീട്ടുജോലിക്കാരൻ മുറ്റത്തു ചെടി നനച്ചുകൊണ്ടിരിക്കുന്നതിനിടയിൽ കുടുംബനാഥനോട് ഒരു ചോദ്യം ചോദിച്ചു 'സാബ്, ഉടനെ പാകിസ്ഥാനിലേയ്ക്ക് പോകുമല്ലോ, നിങ്ങൾ പോകുമ്പോൾ ടി.വി.-യും ഒരു കസേരയും എനിക്കു തരണമെന്നായിരുന്നു ആവശ്യം' .

മുസ്ലീമുകളെല്ലാം പാകിസ്ഥാനിൽ പോകേണ്ടവരാണെന്ന് നിരക്ഷരരായ ഹിന്ദുക്കൾക്കിടയിൽ പൊതുബോധം സൃഷ്ടിക്കുന്നതിന് സംഘപരിവാറിന് കഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം. നിഷ്ക്കളങ്കനായ ഗ്രാമീണന്റെ മനസ്സിൽപോലും ഇത്തരമൊരു ദുഷിച്ച ചിന്ത കയറ്റിവിടാൻ ഇവർക്ക് കഴിയുന്നുയെന്നത് അപകടകരമാണ്. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് കോ-ലീ-ബി എന്ന അവിശുദ്ധ ബാന്ധവത്തിനു വേദിയായിട്ടുള്ള വടകര നമ്മൾ ആരും മറന്നിട്ടില്ല. തൃശ്ശൂരിലെ വോട്ട് എവിടെ പോയെന്ന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചോദിച്ചില്ലേ. കോ-ലീ-ബി എന്ന അവിശുദ്ധ ബന്ധത്തിന് വേദിയായ വടകരയിൽ യു.ഡി.എഫ്. തന്നെയായിരുന്നു ഇത്തവണ സമാനതകളില്ലാത്ത വർഗ്ഗീയ പ്രചരണങ്ങൾ നടത്തിയത്. കോൺഗ്രസ്സ്, ലീഗ്, ബി.ജെ.പി. ഇക്കുറി പഴയതിലും വ്യത്യസ്തമായാണ് കോ-ലീ-ബി അവതരിപ്പിച്ചത്. എല്ലാതരത്തിലുമുള്ള വർഗ്ഗീയതയും ചേർത്തുനിർത്തി ഏതുവിധേനയും ഇടതുപക്ഷത്തെ തോൽപ്പിക്കുകയെന്ന ലക്ഷ്യമായിരുന്നു ഈ മുന്നണിക്ക്. SDPI മുതൽ RSS വരെ അതിൽ കൈ കോർത്തു. SDPI പരസ്യമായാണ് കേരളത്തിൽ യു.ഡി.എഫ്.-ന് പിന്തുണ പ്രഖ്യാപിച്ചത്.

പ്രതികരിച്ചോ നിങ്ങളാരെങ്കിലും; ബി.ജെ.പി.-യെ തോൽപ്പിക്കാൻ ഇന്ത്യ മുന്നണിക്കുള്ള പിന്തുണയെന്നായിരുന്നു നൽകിയ വിശദീകരണം. തൊട്ടപ്പുറത്ത് തമിഴ്നാട്ടിൽ DMK നയിക്കുന്ന ഇന്ത്യാ മുന്നണിക്കെതിരെ മത്സരിച്ച AIADMK മുന്നണിക്കായിരുന്നു SDPI-യുടെ പിന്തുണ. Dindigul-ൽ സി.പി.ഐ.(എം) സ്ഥാനാർത്ഥിക്കെതിരെ AIADMK മുന്നണിയിൽനിന്നും മത്സരിച്ചതും SDPI ആയിരുന്നു. SDPI നിലപാട് ഇന്ത്യ മുന്നണിക്ക് അനുകൂലമായിരുന്നുവെങ്കിൽ ഇത് നടക്കുമായിരുന്നോ? ദേശീയതലത്തിൽ കോൺഗ്രസ് പാർട്ടി മൃദുഹിന്ദുത്വം കളിക്കുമ്പോൾ കേരളത്തിൽ ഒരേ സമയം ഭൂരിപക്ഷ ന്യൂനപക്ഷ വർഗ്ഗീയതകളെ തലോടി വോട്ട് ഉറപ്പിക്കുന്നതാണ് നമ്മൾ ഇവിടെ കണ്ടത്. വടകരയിൽ അസത്യ പ്രചരണങ്ങളുടെ കുത്തൊഴുക്കായിരുന്നു നടന്നത്. എൽ.ഡി.എഫ്. സ്ഥാനാർത്ഥിയെ കടന്നാക്രമിക്കാൻ പച്ചകള്ളങ്ങളും വ്യാജ ടേപ്പുകളും കെട്ടഴിച്ചുവിട്ടു. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മുസ്ലീം വിരോധിയാണെന്ന് വരുത്തി തീർക്കാനായിരുന്നു ശ്രമം. ടീച്ചർ നബിയെ അപമാനിക്കുന്ന പ്രസംഗം നടത്തി എന്നായിരുന്നു വ്യാജ പ്രചരണം. ഇത്തരത്തിൽ തെറ്റിദ്ധരിപ്പിക്കാൻ എഡിറ്റ് ചെയ്ത വീഡിയോ പ്രചരിപ്പിച്ചത് യു.ഡി.എഫ്. അണികളായിരുന്നു.

മുസ്ലീങ്ങൾ മുഴുവൻ വർഗ്ഗീയ വാദികളാണെന്ന് ടീച്ചർ പറഞ്ഞെന്നായിരുന്നു യു.ഡി.എഫ്. അണികൾ എഡിറ്റ് ചെയ്ത് പ്രചരിപ്പിച്ചത്. റിപ്പോർട്ടർ ചാനലിലെ ടീച്ചറിന്റെ ഇന്റർവ്യൂവിലെ ഒരു ഭാഗം അടർത്തിമാറ്റി വിദ്വേഷ പ്രചരണം നടത്തിയതിനെതിരെ പ്രസ്തുത പരിപാടി അവതരിപ്പിച്ച ഡോ. അരുൺ കുമാർ തന്നെ രംഗത്തെത്തുന്ന സ്ഥിതി വരെയുണ്ടായി. ഇത്തരം അപവാദ പ്രചരണങ്ങൾ അഴിച്ചുവിടുന്ന വർഗ്ഗീയ ശക്തികൾക്കെതിരെ മതനിരപേക്ഷ സംരക്ഷിക്കാനും വർഗ്ഗീയ ശക്തികൾക്കെതിരെ പോരാടാനും ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ് ചില കാര്യങ്ങൾ പറയുമ്പോൾ ഇവിടെ കേരളത്തിൽ എന്ത് നിലപാടാണ് അവർ സ്വീകരിച്ചത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പോയ കാലങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ചും വരും നാളുകളിൽ സാമൂഹ്യ നീതിയിലധിഷ്ഠിതമായ സമഗ്രമായ വികസനത്തിന് ഉജ്ജ്വലമായ നേതൃത്വം നൽകികൊണ്ടുതന്നെ മുന്നോട്ടുപോകും. ഈ ലോകസഭ തിരഞ്ഞെടുപ്പ് പരാജയത്തിനുള്ള കാരണം അടിസ്ഥാനപരമായി പരിശോധിച്ച് തെറ്റുകൾ തിരുത്തി മുന്നോട്ടുപോകാനുള്ള ആർജ്ജവം കേരളത്തിലെ ഇടതുപക്ഷ

ജനാധിപത്യമുന്നണിക്കും അതിന്റെ സംഘടനാ സംവിധാനത്തിനുമുണ്ടെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. കിഫ്ബിയിലൂടെ ഏറ്റവും ശ്രദ്ധേയമായ നിരവധി പദ്ധതികളാണ് കേരളത്തിന് ലഭിച്ചിരിക്കുന്നത്. ആകാശ കുസുമങ്ങളെന്ന വാദം ഉയർത്തിയ യു.ഡി.എഫ്.-കാരും വലതുപക്ഷ മാധ്യമങ്ങളും ഇപ്പോൾ എവിടെ പോയാലും കിഫ്ബിയെക്കുറിച്ച് എഴുതേണ്ടിവരുന്നു. നാടിന്റെ നാളേയ്ക്കായി കിഫ്ബി ഇരുപത്തിയൊന്ന് പദ്ധതികൾക്ക് അറുപതിനായിരം കോടി രൂപ ഓരോ ദിവസവും...... ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഒരു വലിയ പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ചേരുന്ന നിയമസഭാ സമ്മേളനത്തിന്റെ ആദ്യ ദിവസം നടക്കുന്ന പൊതുഭരണത്തെക്കുറിച്ചുള്ള ചർച്ചയിൽ സ്വഭാവികമായും രാഷ്ട്രീയം കടന്നുവരുന്നത് സാധാരണയാണ്. ജയിച്ചവർ അഭിമാനത്തോടെ പറയുകയും തോറ്റവർ അതിനെ ന്യായീകരിക്കാൻ ശ്രമിക്കുകയും ചെയ്യും. ഞങ്ങൾക്ക് അഭിമാനകരമായ വിജയമുണ്ടായിട്ടുണ്ട്. അതിൽ ഞങ്ങൾക്ക് സന്തോഷവും

വോട്ടർമാരോട് നന്ദിയുമുണ്ട്. ഈ അഭിമാനബോധം അഹങ്കാരത്തിലേക്ക് പോകില്ലെന്നത് കേരളത്തിലെ ജനങ്ങളോടുള്ള ഞങ്ങളുടെ വാക്കാണ്. രാഷ്ട്രീയ പാർട്ടികൾക്ക് തെരഞ്ഞെടുപ്പിൽ വിജയവും തോൽവിയും ഉണ്ടാകാറുണ്ട്. എപ്പോഴും ഒരേ രാഷ്ട്രീയ പാർട്ടിക്ക് വിജയവും തോൽവിയും ആയിരിക്കില്ല. ഇപ്പോൾ നമുക്ക് വിജയമുണ്ടായി; വിജയിച്ചാലും പരാജയപ്പെട്ടാലും അതിന്റെ കാരണങ്ങളെന്താണെന്ന് പഠിക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. പഠിക്കുമ്പോഴാണ് മനസ്സിലാകുന്നത്. ഈ തെരഞ്ഞെടുപ്പ് പഠിപ്പിക്കുന്ന ചില അനുഭവ പാഠങ്ങളും ചില അപകടകരമായ സൂചനകളും നമ്മൾ മനസ്സിലാക്കണം. നിങ്ങൾ അധികാരത്തിൽ വരുന്നതുപോലെ ഞങ്ങളും അധികാരത്തിൽ വരാറുണ്ട്. നമ്മൾ മാത്രമാണ് കേരളത്തിൽ അധികാരത്തിൽ വരാറുള്ളത്. ഈ രാഷ്ട്രീയ പശ്ചാത്തലത്തിലുണ്ടാകുന്ന confidence നഷ്ടപ്പെടുന്ന നിലയിലേക്ക് കേരള രാഷ്ട്രീയം പോകരുത്. നമ്മൾ പരസ്പരം ആക്രമിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നതിന്റെ ഇടയിൽ ഈ തെരഞ്ഞെടുപ്പ് നൽകുന്ന അപകടകരമായ സൂചനകൾ കാണാതെ പോകരുത്. ഈ തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം) എന്ന രാഷ്ട്രീയപാർട്ടിക്കുണ്ടായ ജീർണ്ണതയും degeneration-ഉം ഈ വോട്ടിംഗിൽ പ്രതിഫലിച്ചിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ വോട്ടിംഗ് പാറ്റേൺ

പരിശോധിച്ചാൽ അതുമനസ്സിലാകും. പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഒരു ബൂത്ത് ഞാൻ പരിശോധിച്ചു. ഞങ്ങൾക്ക് 26 വോട്ട് മാത്രമുള്ള ബൂത്താണ്; എൽ.ഡി.എഫ്.-ന്റെ പാർട്ടിഗ്രാമമെന്ന് അറിയപ്പെടുന്ന ആ സ്ഥലത്തെ ബൂത്തിൽ ഇരിക്കാൻപോലും ആളില്ലാത്ത അവസ്ഥയാണുള്ളത്. അവിടെ ഞങ്ങൾക്ക് ലഭിച്ചത് 440 വോട്ടാണ്; 26 വോട്ട് മാത്രമുള്ള ഞങ്ങൾക്ക് 140 വോട്ടിന്റെ ഭൂരിപക്ഷമാണ് ലഭിച്ചത്. ഇതൊക്കെ അങ്ങോട്ടുമിങ്ങോട്ടും മാറിമറിഞ്ഞ് പല സന്ദർഭങ്ങളിലും വരാം. പക്ഷേ നിങ്ങളുടെ പരമ്പരാഗതമായ സ്ഥലങ്ങളിലുണ്ടായ ഒരു erosion ചില സ്ഥലങ്ങളിൽ യു.ഡി.എഫ്-ന് ലഭിച്ചിട്ടുണ്ട്; എന്നാൽ ചില സ്ഥലത്ത് ബി.ജെ.പി.-യിലേക്ക് ഒഴുകിപ്പോയിട്ടുമുണ്ട്. ഞങ്ങളുടെ ഏതെങ്കിലും സ്ഥലത്ത് അങ്ങനെ വോട്ട് കുറഞ്ഞ് എൽ.ഡി.എഫ്.-ലേക്കോ ബി.ജെ.പി.-യിലേക്കോ പോയിട്ടുണ്ടെങ്കിൽ ഞങ്ങളത് പഠിക്കും. പക്ഷേ കേരളത്തിൽ ഞങ്ങൾക്ക് തെരഞ്ഞെടുപ്പ് എന്ന ഒരു narrative ഉണ്ടായിരുന്നു; വളരെ ഭംഗിയായി ഞങ്ങൾ അത് അവതരിപ്പിച്ചു. ഞങ്ങൾ പറഞ്ഞത് എന്താണ്? കേരളത്തിലെ ജനങ്ങൾ secular ആണെന്ന ഒരു confidence ഞങ്ങൾക്ക് ഉണ്ടായിരുന്നു. കേരളത്തിലെ ന്യൂനപക്ഷങ്ങൾ മാത്രമല്ല കേരളത്തിലെ ഭൂരിപക്ഷ സമുദായത്തിലെ ഭൂരിപക്ഷ ആളുകളും secular ആണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഡൽഹിയിൽ ഒരു anti-communal

anti-fascist political platform ഉണ്ടാകണം; അതാണ് ഇന്ത്യാമുന്നണി. ആ ഇന്ത്യാമുന്നണി മൈനസ് കോൺഗ്രസ് എന്നത് സീറോയാണ്. ആ പൊളിറ്റിക്കൽ പ്ലാറ്റ്ഫോം ഇല്ല എന്ന കാര്യം ഞങ്ങൾ കേരളത്തിലെ ജനങ്ങളോട് പറഞ്ഞു. ഡൽഹിയിൽ ഒരു സെക്യുലർ പൊളിറ്റിക്കൽ പ്ലാറ്റ്ഫോം ഉണ്ടാകാൻ കോൺഗ്രസ് വേണം; അതിന് ഇവിടെ യു.ഡി.എഫ്. വേണമെന്ന ഒരു ധാരണ secular ആയ ആളുകളുടെ മനസ്സിലുണ്ട്; ഈ ഫാസിസ്റ്റ് ഗവൺമെന്റിനെക്കുറിച്ച്, സംഘപരിവാർ ഗവൺമെന്റിനെക്കുറിച്ച് ഭയത്തോടുകൂടി നോക്കികാണുന്ന കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുമുണ്ട്.

രണ്ടാമത്തെ ഞങ്ങളുടെ narrative; ഈ സംസ്ഥാന ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്ന് വർഷക്കാലം ഉൾപ്പെടെ അതിന് മുമ്പുള്ള പിന്നീട് പുറത്ത് വന്ന കാര്യങ്ങളുൾപ്പെടെ ഈ ഗവൺമെന്റിന്റെ ജനവിരുദ്ധമായ നടപടികൾ ഒന്നൊന്നായി ഞങ്ങൾ പറഞ്ഞു. ഓരോ വീട്ടിൽ ചെന്നാലും നിങ്ങളുടെ സർക്കാരിന്റെ തെറ്റായ നടപടികൾകൊണ്ടുണ്ടായ ഒരു ഇര എല്ലാ വീട്ടിലുമുണ്ടാകും. അങ്ങനെ ഉണ്ടാകുമെന്നാണ് ഞങ്ങൾ പറഞ്ഞത്, രാഷ്ട്രീയമല്ലേ. എന്നാൽ നവകേരള സദസ്സ് നടത്തി വേറെ ഒരു narrative ഉണ്ടാക്കാനാണ് നിങ്ങൾ ശ്രമിച്ചത്. നവകേരള സദസ്സും നിങ്ങൾ പറഞ്ഞ കാര്യങ്ങളും പൊളിഞ്ഞു പാളീസായി. അതൊന്നും

ജനങ്ങൾ വിശ്വസിച്ചില്ല; അതൊരു നാടകമായാണ് ജനങ്ങൾ കരുതിയത്. നിങ്ങളും ബി.ജെ.പി.-യും തമ്മിൽ ഒരു അവിശുദ്ധമായ ബാന്ധവമുണ്ട് എന്നതാണ് ഞങ്ങൾ പറഞ്ഞ മൂന്നാമത്തെ narrative. തെരഞ്ഞെടുപ്പിന്റെ ഇടയിൽത്തന്നെ അതുമുഴുവൻ തെളിയിക്കപ്പെട്ടു. നിങ്ങളുടെ നേതാക്കളും ബി.ജെ.പി.-യുടെ കേന്ദ്രമന്ത്രിയും തമ്മിൽ ഒരുമിച്ച് ബിസിനസ്സ് നടത്തുകയാണ്. അക്കാര്യം നിങ്ങളുടെ പാർട്ടി സമ്മതിക്കുമോ? ആദ്യം നിഷേധിച്ചു; എന്നാൽ ഞങ്ങളുടെ കൈയിൽ എല്ലാ തെളിവുകളുമുണ്ട്. ആ നിലയിലേക്ക്, ഒരുമിച്ച് ബിസിനസ്സ് നടത്തുന്ന തലത്തിലേക്ക് നിങ്ങളുടെ ബി.ജെ.പി. നേതാക്കളും സി.പി.ഐ.(എം) നേതാക്കളും മാറി. കേരളത്തിൽ ബി.ജെ.പി.-യുടെ ചുമതല വഹിക്കുന്ന (പ്രഭാരി) മുൻ കേന്ദ്രമന്ത്രി ശ്രീ. പ്രകാശ് ജാവ്ദേക്കറിനെ എന്തുപറയാനാണ് എൽ.ഡി.എഫ്. കൺവീനർ പോയി കണ്ടത്; അങ്ങോട്ടുപോയി കണ്ടാലും ഇങ്ങോട്ടുവന്ന് കണ്ടാലും ഒരുപോലെയല്ലേ? കൊച്ചി എയർപോർട്ടിലേക്ക് പോകുന്ന വഴിയാണ് ഞാൻ താമസിക്കുന്നത്. കൊച്ചി എയർപോർട്ടിലേക്ക് പോകുന്നവഴി വി. ഡി. സതീശനെ കാണാമെന്ന് കരുതി എന്റെ വീട്ടിലേക്ക് ശ്രീ. പ്രകാശ് ജാവ്ദേക്കർ വന്നില്ലല്ലോ? ശ്രീ. പ്രകാശ് ജാവ്ദേക്കറിനെ കണ്ടാൽ എന്താണ് കുഴപ്പമെന്നും ഞാൻ എത്രയോ പ്രാവശ്യം കണ്ടിട്ടുണ്ടെന്നും മുഖ്യമന്ത്രി അതിനെ ന്യായീകരിച്ചു. എന്തിനാണ് കേരളത്തിലെ

മുഖ്യമന്ത്രിയെ ശ്രീ. പ്രകാശ് ജാവ്ദേക്കർ കാണുന്നത്? കേന്ദ്രമന്ത്രിയായിരുന്നപ്പോൾ കാണുന്നത് ശരിയാണ്; കേരളത്തിന്റെ ബി.ജെ.പി.-യുടെ ചുമതലയുള്ള പ്രഭാരിയെ എന്തിന് കാണണം? കാണേണ്ട കാര്യമില്ലെന്ന് ഞങ്ങൾ ജനങ്ങളോട് പറഞ്ഞു. നിങ്ങൾക്ക് ഒരുപാട് പ്രശ്നങ്ങളുണ്ടെന്ന് അവർക്ക് മനസ്സിലായി. കരുവന്നൂരിൽ ഇ.ഡി.-യെ ഉപയോഗിച്ച് കേന്ദ്ര ഗവൺമെന്റ് നിങ്ങളെ വിരട്ടിയല്ലേ നിർത്തിയത്. നിങ്ങളുടെ ആളുകളെ മൊഴി കൊടുക്കാൻ വിളിക്കും; എന്നിട്ട് ഇപ്പോൾ അറസ്റ്റ് ചെയ്യുമെന്ന് വിചാരിക്കും, എന്നാൽ അറസ്റ്റ് ചെയ്യില്ല. അടുത്താഴ്ച വരാൻ പറയും; അങ്ങനെ മൂന്നാഴ്ചയും നാലാഴ്ചയും നിങ്ങളുടെ ജില്ലാ സെക്രട്ടറി അടക്കമുള്ള ആളുകളെ ഇ.ഡി. വിളിച്ചുവരുത്തുകയും എത് സമയവും നിങ്ങൾ അറസ്റ്റ് ചെയ്യപ്പെട്ടേക്കാമെന്ന ഭീതിയുണ്ടാക്കുകയും ചെയ്തു. ഡെമോക്ലീസിന്റെ വാളുപോലെ അറസ്റ്റ് ഭീഷണിയുണ്ടാക്കി നിങ്ങളുടെ ലീഡർഷിപ്പിനെ മുഴുവൻ വിരട്ടി നിർത്തിയില്ലേ; സത്യത്തിൽ നിങ്ങൾ പേടിച്ചുപോയില്ലേ? എല്ലാ സ്ഥലങ്ങളിലും പിടിമുറുക്കുകയാണ് അവർ ചെയ്തത്. അവർക്ക് ഒരു അജണ്ടയുണ്ടായിരുന്നു; അതിൽ നിങ്ങൾ ഭയന്ന് വിറച്ചുപോയി എന്നതാണ് യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യങ്ങൾ നമ്മൾ അറിയണം. നിങ്ങൾക്കുണ്ടായ തോൽവിയിൽ ഞങ്ങൾക്ക് നല്ല സന്തോഷമുണ്ട്; കാരണം, നമ്മൾ പൊളിറ്റിക്കലായി ഫൈറ്റ് ചെയ്യുന്നവരാണ്. സത്യസന്ധമായി പറയുകയാണെങ്കിൽ

നിങ്ങളുടെ അടിത്തറ ഇളകിപ്പോകുന്നതിനോട് അത്രയും താൽപ്പര്യമൊന്നും ഞങ്ങൾക്കില്ല. കാരണം നിങ്ങൾക്ക് ബംഗാളിലും ത്രിപുരയിലും ഉണ്ടായതുപോലെ നിങ്ങളുടെ അടിത്തറ ഇളകിപ്പോയാൽ അവിടെ replace ചെയ്യാൻ പോകുന്നത് ബി.ജെ.പി.-യാണ്; അത് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഞങ്ങൾ ദേശീയ തലത്തിൽ സംഘപരിവാറിനോടും അവരുടെ ആശയങ്ങളോടും അവരുടെ ideology-യോടും വീട്ടുവിഴ്ചയില്ലാത്ത പോരാട്ടം നടത്തുന്നവരാണ്. അതുകൊണ്ടാണ് പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത് നിങ്ങൾ അങ്ങനെയങ്ങ് തകർന്ന് തരിപ്പണമാകണമെന്ന് ഞങ്ങൾക്ക് ആഗ്രഹമില്ലെന്ന്. ഈ തെരഞ്ഞെടുപ്പിന് മുമ്പ് പറഞ്ഞ കാപ്ഷനുകൾ അല്ലേ നിങ്ങളിപ്പോഴും പറയുന്നത്; അത് ജനങ്ങൾ സ്വീകരിച്ചില്ല. കോൺഗ്രസിന് മൃദു ഹിന്ദുത്വമുണ്ടെന്ന കാര്യം കേരളത്തിൽ ആര് വിശ്വസിക്കാനാണ്; ഈ രാജ്യത്ത് ആര് വിശ്വസിക്കാനാണ്. അത് പഴയ കാപ്സ്യൂളാണ്; തോറ്റ് കഴിഞ്ഞിട്ടും അത് മനസ്സിലാകാതെ നിങ്ങളിപ്പോഴും അതുതന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്; അതാണ് വ്യത്യാസം. നിങ്ങളുടെ സർക്കാരിനെതിരായ അതിശക്തമായ പ്രതിഷേധം ജനാധിപത്യ വിശ്വാസികളായ ജനങ്ങളിലുണ്ടായിരുന്നു. അതിനെക്കാൾ നിങ്ങൾ മനസ്സിലാക്കേണ്ടത്, നിങ്ങളുടെ സ്വന്തം പാർട്ടിക്കാരുടെ ഇടയിലുമുണ്ടായിരുന്നു എന്നതാണ്. നാട്ടിലെ നല്ല കമ്മ്യൂണിസ്റ്റുകാർ ഞങ്ങൾക്കാണ് വോട്ട്

ചെയ്തിരിക്കുന്നത്; ഒരു സംശയവുമില്ല. അതിനുകാരണം ഞങ്ങൾ ജയിക്കാൻ വേണ്ടിയിട്ടല്ല; നിങ്ങൾ നന്നാവാൻ വേണ്ടിയാണ്. നിങ്ങൾ വലിയ തിരുത്തലൊന്നും വരുത്തണമെന്ന് എനിക്ക് അഭിപ്രായമില്ല. ഇങ്ങനെയൊക്കെ പോകുന്നതാണ് ഞങ്ങൾക്ക് നല്ലത്. പക്ഷേ അപകടം വരുന്ന രീതിയിലേക്ക് നിങ്ങൾ പോയാൽ കേരളത്തിന്റെ രാഷ്ട്രീയം മാറും.

ജനങ്ങളുടെ വിഷയങ്ങൾ നിങ്ങൾ അഡ്രസ്സ് ചെയ്യുന്നുണ്ടോ? കേരളം അപകടകരമായ സ്ഥലത്താണെന്ന് പറഞ്ഞ് ഞങ്ങൾ പണ്ട് 195 രാജ്യങ്ങളിൽനിന്നും ആഗോള താപനത്തെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും ഐ.പി.സി.സി. റിപ്പോർട്ട് കൊണ്ടുവന്നു. ഇപ്പോൾ എന്താണ് സംഭവിക്കുന്നത് ഇന്ന് രാത്രി മുഴുവൻ മഴ പെയ്താൽ ഈ തലസ്ഥാന നഗരിയിലോ കൊച്ചിയിലോ കോഴിക്കോടോ ഏതെങ്കിലും ജില്ലയിൽ പുറത്തിറങ്ങാൻ സാധിക്കുമോ? അങ്ങനെയുള്ള സംഭവങ്ങൾ വരുമ്പോൾ മഴക്കെടുതിയെ അഡ്രസ്സ് ചെയ്യാൻപ്പോലും കഴിയുന്നില്ല. ഒരു മൺസൂൺ വന്നാൽ സംഭവിക്കാൻ പോകുന്ന അപകടങ്ങളെന്താണെന്ന് മൺസൂൺ വന്ന് കഴിഞ്ഞിട്ടാണോ ആലോചിക്കേണ്ടത്? ഒരു പ്രീ മൺസൂൺ വന്ന് രണ്ട് രാത്രി മഴ പെയ്തപ്പോൾ കേരളം വെള്ളത്തിലായി. നിങ്ങൾക്ക് ഒരു ബദൽ പദ്ധതിയുണ്ടോ;

നിങ്ങളുടെ കൈയിൽ എന്തുണ്ട്? ഇപ്രാവശ്യം കാനകൾപോലും വൃത്തിയാക്കിയില്ല. നിങ്ങൾക്ക് ഒരു പദ്ധതിയുമില്ല, ഒരു വിഷയം അഡ്രസ്സ് ചെയ്യാനുമില്ല. ഓരോ വിഷയവും എടുത്താൽ അതാണ് പ്രശ്നം.

പൊതുജനാരോഗ്യത്തെക്കുറിച്ച് പറയുകാണെങ്കിൽ; കേരളത്തിൽ എത്രയോ ആളുകളാണ് മരിക്കുന്നത്. കോവിഡ് കഴിഞ്ഞതിനുശേഷം വാക്സിനേഷന്റെ പ്രശ്നം കൊണ്ടാണോ ആളുകൾ മരിക്കുന്നത്? നിങ്ങളുടെ സർക്കാരിന്റെ പ്രശ്നമാണെന്നല്ല ഞാൻ പറയുന്നത്; വാക്സിനേഷന്റെ പ്രശ്നം മൂലമാണോ അതോ വേറെ എന്തെങ്കിലും പോസ്റ്റ് കോവിഡ് ഇഫക്ട് കൊണ്ടാണോ ആളുകൾ മരിക്കുന്നത്. എല്ലാ എം.എൽ.എ.-മാരും മരിച്ച വീടുകളിൽ പോകുന്നവരാണ്. ചെറുപ്പക്കാർപ്പോലും കുഴഞ്ഞുവീണ് മരിക്കുകയാണ്. വ്യാപകമായി സ്ട്രോക്കും കാർഡിയാക് പ്രശ്നങ്ങളും ഉണ്ടാവുകയാണ്. കേരളത്തിൽ മരണനിരക്ക് കൂടിക്കൊണ്ടിരിക്കുകയാണ്. ഒരു ജനപ്രതിനിധിയെന്ന നിലയിലുള്ള എന്റെ അനുഭവങ്ങളാണ് പറയുകയും മറ്റുള്ളവരുമായി ഷെയർ ചെയ്യുകയും ചെയ്യുന്നത്. അപകടകരമായ രീതിയിൽ കേരളത്തിന്റെ പൊതുജനാരോഗ്യം മാറുന്നു. നിങ്ങളുടെ കൈയിൽ എന്ത് ഡാറ്റയാണുള്ളത്?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആഗോളതലത്തിൽത്തന്നെ വൈദ്യശാസ്ത്ര ലോകം ചർച്ച ചെയ്യുന്ന ഒരു വിഷയത്തെക്കുറിച്ചാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞത്. അതായത്, കോവിഡാനന്തരം ലോകത്ത് ആരോഗ്യമേഖലയിൽ സംഭവിച്ചിരിക്കുന്ന മാറ്റങ്ങൾ. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ കൃത്യമായിത്തന്നെ ഇതിന്റെ ഒരു ഡാറ്റാ തയ്യാറാക്കിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾക്ക് ആഗോളതലത്തിൽ scientific evidence ഇല്ല. പക്ഷേ നമ്മൾ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. കോവിഡ് വന്നയാളുകൾക്ക് cardiac arrest ഉൾപ്പെടെ ഉണ്ടാകുന്നുണ്ടോയെന്നത് സംബന്ധിച്ച് കൃത്യമായ ഡാറ്റയുണ്ട്. ഇതുസംബന്ധിച്ച കൃത്യമായ അവലോകനം State Health എന്ന നിലയിൽ നമ്മൾ നടത്തുന്നുമുണ്ട്. അതുകൊണ്ട് ആശങ്ക ജനിപ്പിക്കുന്ന തരത്തിലുള്ളതും മരണനിരക്ക് കൂടുകയാണെന്നുമുള്ള അദ്ദേഹത്തിന്റെ statement-ന് ശാസ്ത്രീയമായ ഒരു അടിത്തറയുമില്ലെന്നുള്ളത് ഈ സഭയിൽ പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ശാസ്ത്രീയമായ അടിത്തറയില്ലാതെയാണ് ഞാൻ സംസാരിക്കുന്നതെന്ന് അങ്ങ് പറയുമെന്ന് എനിക്ക് അറിയാമായിരുന്നു. ശാസ്ത്രീയമായ അടിത്തറയുണ്ടെന്ന് ഞാൻ പറഞ്ഞിട്ടില്ല. ജീവിതാനുഭവങ്ങളും നമ്മുടെ ചുറ്റുപാടും സംഭവിക്കുന്ന കാര്യങ്ങളും അപകടകരമായ കാര്യങ്ങളുമൊക്കെയാണ് ഞാൻ പറഞ്ഞത്. പണ്ട് നിയമസഭയിലും ഞാൻ ഇതുപോലെ പറഞ്ഞിട്ടുള്ളതാണ്, കോവിഡ് ബാധിച്ച് മരിച്ച 25000 ആളുകളുടെ പേര് നിങ്ങൾ ഒളിപ്പിച്ചു വച്ചിരിക്കുകയാണെന്ന് പറഞ്ഞിട്ടുണ്ട്. അവസാനം കണക്ക് പുറത്തുവന്നപ്പോൾ അത് 28000 ആളുകളായി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ കോവിഡ് ബാധമൂലം മരിച്ച ഒന്നാമത്തെ സംസ്ഥാനം മഹാരാഷ്ട്രയും രണ്ടാമത്തെ സംസ്ഥാനം കേരളവുമാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി അവിടെയിരിക്കൂ, ഞാൻ സംസാരിക്കട്ടെ. I am not yielding, please... Let me complete my points. ഞാൻ പറഞ്ഞുകഴിഞ്ഞിട്ടില്ല; പിന്നെയെന്തിനാണ് അങ്ങ് ചോദിക്കുന്നത്. കേരളത്തിന്റെ പോപ്പുലേഷന്റെ മൂന്നിരട്ടിയാണ് മഹാരാഷ്ട്രയുടെ പോപ്പുലേഷൻ. കേരളം കോവിഡിനെ അഡ്രസ്സ് ചെയ്തത് failure ആയിരുന്നു. പോസ്റ്റ്

കോവിഡ് പീരിയഡിനെക്കുറിച്ചുള്ള ഒരു ഹെൽത്ത് ഡാറ്റയും സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ കൈവശമില്ല... സർ, I am not yielding.

മി. സ്പീക്കർ: അദ്ദേഹം yield ചെയ്യാൻ തയ്യാറല്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനുശേഷം മറുപടി പറയാം.

ശ്രീ. വി. ഡി. സതീശൻ: സർ, മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും മറുപടി പറയാനുള്ള അവസരമുണ്ട്; അപ്പോൾ പറഞ്ഞാൽ മതി; എന്നെ ശല്യപ്പെടുത്തരുത്.

കേരളത്തിന്റെ Public Health വളരെ സീരിയസാണ്. ഞാൻ ആരെയും ഭയപ്പെടുത്തുകയും പേടിപ്പിക്കുകയുമല്ല. ഇതുമായി ബന്ധപ്പെട്ട ഒരു ഡാറ്റയുമില്ല, ഉണ്ടെങ്കിൽ നിങ്ങൾ റിലീസ് ചെയ്യൂ. കഴിഞ്ഞ ഒരു വർഷക്കാലം കേരളത്തിൽ നടക്കുന്ന മരണങ്ങളെക്കുറിച്ചും അപകടങ്ങളെക്കുറിച്ചും ഡാറ്റയുണ്ടെങ്കിൽ നിങ്ങൾ റിലീസ് ചെയ്യണം. ഒരു ഡാറ്റയുമില്ല, ഒരു സ്ഥലത്തും ഒരു പരിശോധനയും നടത്തിയിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് പ്രതിപക്ഷനേതാവ് പറഞ്ഞുകഴിഞ്ഞതിനുശേഷം സംസാരിക്കാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇവരെന്താണ് ഇത്ര അസ്വസ്ഥരാകുന്നത്. കേരളത്തിൽ ഒരു ഡാറ്റയുമില്ല; കേരളത്തിന്റെ Public Health അപകടകരമാണ്. ഞങ്ങളുടെ ആരോപണമാണിത്; നിങ്ങൾ മറുപടി പറയണം. നിങ്ങൾ ഒരു വിഷയവും address ചെയ്യുന്നില്ല. ഒരു സംഭവം നടക്കുമ്പോൾ ഒരു കമ്മിറ്റിയുണ്ടാക്കി റിപ്പോർട്ട് ചോദിക്കുന്നതാണ് ആരോഗ്യരംഗത്ത് നിങ്ങൾ ആകെ ചെയ്യുന്നത്. ഇതുവരെ ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളെല്ലാം കൂട്ടിച്ചേർത്ത് 3-4 വാല്യമുള്ള വലിയ ഒരു ബുക്ക് നിങ്ങൾക്ക് പബ്ലിഷ് ചെയ്യണം; അതല്ലാതെ ഒരു നടപടിയുമെടുക്കില്ല. ഇതെല്ലാം നമ്മൾ ശ്രദ്ധിക്കണമെന്നാണ് ഞാൻ പറയുന്നത്. ഇപ്പോൾ വെൽഫെയർ ആക്ടിവിറ്റീസ് ഒന്നുമില്ല. ആറ് മാസക്കാലത്തെ പെൻഷൻ എവിടെ; നിങ്ങൾ ആറുമാസം പെൻഷൻ നൽകാതിരുന്നത് 55 ലക്ഷം ആളുകൾക്കാണ്. അഗതികൾക്ക്, വിധവകൾക്ക്, പ്രായമായവർക്ക്, ഭിന്നശേഷിക്കാർക്ക്, ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ നിവൃത്തിയില്ലാത്തവർക്ക്, മരുന്ന് വാങ്ങാൻ നിവൃത്തിയില്ലാത്തവർക്ക്. എന്തിനാണ് ഇക്കാലമത്രയും നിങ്ങൾ ബുദ്ധിമുട്ടിയത്? അത് 55 ലക്ഷമാണെങ്കിൽ, ക്ഷേമനിധി പെൻഷൻ നൽകാനുള്ളത് 45 ലക്ഷം

ആളുകൾക്കാണ്. കേരളത്തിൽ ഇനി ഏത് ക്ഷേമനിധി ബാക്കിയുണ്ട്; എത്ര ക്ഷേമനിധി പൊളിഞ്ഞു? കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി കൊടുത്തിട്ട് 16 മാസമായി. ഇക്കാര്യം പഞ്ചായത്ത് എടുക്കണോ അതോ ലേബർ ഡിപ്പാർട്ടുമെന്റ് എടുക്കണമോയെന്നുള്ളതിനെക്കുറിച്ച് ചർച്ചയാണെന്ന് മന്ത്രി പറയുന്നു. അവർക്ക് 16 മാസമായി നിങ്ങൾ ഒരു ആനുകൂല്യവും കൊടുക്കുന്നില്ല. എല്ലാ ക്ഷേമനിധികളുടെയും അവസ്ഥ എടുത്തുനോക്കൂ; അങ്കണവാടി ജീവനക്കാരുടെ ക്ഷേമനിധി, തയ്യൽത്തൊഴിലാളി ക്ഷേമനിധി എന്നിവയൊക്കെ തകർന്നു തരിപ്പണമായി. അത് 45 ലക്ഷവും മറ്റേത് 55 ലക്ഷവും. ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾകൊണ്ട് ഇരകളായി മാറിയ ഒരാളെങ്കിലും ഓരോ വീട്ടിലുമുണ്ട്. Karunya Benevolent Fund Scheme എവിടെ? ഏതെങ്കിലും സ്വകാര്യ ആശുപത്രിയിൽ ....

മി. സ്പീക്കർ: യെസ്... പ്ലീസ്....

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് കുറച്ചുസമയംകൂടി വേണം.

മി. സ്പീക്കർ: ഇപ്പോൾത്തന്നെ Two times exceed ചെയ്തു.

ശ്രീ. വി. ഡി. സതീശൻ: സർ, അത് അറിയാമല്ലോ; പൊതുഭരണത്തെക്കുറിച്ച് സംസാരിക്കാം. ഇത് കീഴ്വഴക്കമൊന്നുമല്ല; ബഹുമാനപ്പെട്ട ചെയറിന് അതറിയാം.

ഏതെങ്കിലും സ്വകാര്യ ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)-യുടെ കാർഡ് എടുക്കുമോ; എത്ര കോടി രൂപയാണ് നിങ്ങൾ അവർക്ക് കൊടുക്കാനുള്ളത്? സർക്കാർ ജീവനക്കാരുടെ 19 ശതമാനം ഡി.എ. കുടിശ്ശികയും പെൻഷൻകാരുടെ ഡി.എ. കുടിശ്ശികയും നൽകാനില്ലേ; പെൻഷന്റെ പരിഷ്കരണ കുടിശ്ശിക നൽകാനില്ലേ? അടുത്ത ശമ്പള കമ്മീഷന്റെ റിപ്പോർട്ട് പ്രകാരമുള്ള ശിപാർശ നടപ്പാക്കേണ്ടത് 01-07-2024-ലാണ്. ഇതുവരെയും പേ റിവിഷൻ കമ്മീഷൻ പോലും വച്ചിട്ടില്ല; കഴിഞ്ഞ പേ റിവിഷൻ കമ്മീഷന്റെ ശമ്പള പരിഷ്കരണ കുടിശ്ശികപോലും നൽകിയിട്ടില്ല. നാല്പതിനായിരം കോടി രൂപയോളമാണ് നൽകാനുള്ളത്. അതുപോലെ മാവേലി സ്റ്റോറുകളിൽ ഒരു സാധനവുമില്ലെന്ന് ഞങ്ങൾ എത്ര പ്രാവശ്യം പറഞ്ഞു. വിതരണക്കാർക്ക് പണം കൊടുക്കാൻ കഴിയുന്നില്ല. എത്ര ആയിരം കോടി രൂപയാണ് നിങ്ങൾ സപ്ലൈകോയ്ക്ക് നൽകാനുള്ളത്?

മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ മരുന്നുവിതരണം നടത്തിയവർക്ക് പണം നൽകിയോ; കൃത്യമായി അവർക്ക് മരുന്നുവിതരണം നടത്താൻ സാധിക്കുന്നുണ്ടോ?

കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി എന്താണ്; അത് brim-ലാണ്. ഞങ്ങൾ ഭരണത്തിൽ നിന്നിറങ്ങുമ്പോൾ അതായത് ഇത്രയും വർഷക്കാലത്തെ cumulative loss, 1083 കോടി രൂപയുടെ നഷ്ടം മാത്രമുണ്ടായിരുന്ന വൈദ്യുതി ബോർഡിന്റെ ഇപ്പോഴത്തെ നഷ്ടം  നാല്പതിനായിരം കോടി രൂപയാണ്. ഒരു യൂണിറ്റ് വൈദ്യുതി വാങ്ങാൻ 4.29 രൂപയ്ക്ക് 25 വർഷക്കാലത്തേയ്ക്ക് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഉണ്ടാക്കിയ കരാർ അഴിമതിയാണെന്നുപറഞ്ഞ് നിങ്ങൾ റദ്ദ് ചെയ്തു. എന്നിട്ട് ഈ വേനൽക്കാലത്ത് നിങ്ങൾ വാങ്ങിയ വൈദ്യുതിയുടെ വില 8/- രൂപ മുതൽ 12/- രൂപ വരെയാണ്. ഒരു ദിവസം 10 മുതൽ 15 കോടി രൂപയുടെ നഷ്ടമാണ് വൈദ്യുതി ബോർഡിനുള്ളത്. ആരാണ് ഭരിക്കുന്നത്; അങ്ങനെയൊരു ഭരണമുണ്ടോ എന്നത് ക്ലീഷേ ചോദ്യമാണ്, ഞാൻ അതൊന്നും ചോദിക്കുന്നില്ല.

കാർഷിക മേഖലയുടെ progress report-ൽ കർഷകർക്ക് 50 ശതമാനം വരുമാന വർദ്ധനവ് ഉണ്ടാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. റബ്ബറിന് 250/- രൂപയാക്കണമെന്ന് പറഞ്ഞ് കേന്ദ്രത്തിലേക്ക് കത്തെഴുതി. ഏതെങ്കിലും ഒരു കർഷകന്റെ വരുമാനം കുറഞ്ഞതല്ലാതെ കൂടിയോ? Human animal conflict, വന്യജീവിശല്യം എന്നിവയിൽ വലിയ വിഷയമുണ്ടായി; വനാതിർത്തികളിൽ മുപ്പതുലക്ഷത്തോളം ആളുകൾ ഭീതിയിലാണ്. ഇത് പരിഹരിക്കാനുള്ള ശാസ്ത്രീയമാർഗ്ഗങ്ങൾ നിങ്ങൾ അന്വേഷിച്ചോ?

തൊഴിലില്ലായ്മ നിങ്ങൾ പരിഹരിച്ചുവെന്നുപറയുന്നു; നിലവിലുള്ള റിസൾട്ട് അനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ നിരക്കുള്ള സംസ്ഥാനം കേരളമാണ്; 31 ശതമാനം. സമീപകാലത്തൊന്നുമില്ലാത്ത രൂക്ഷമായ തൊഴിലില്ലായ്മയിലേക്ക് കേരളം പോകുകയാണ്. തീരപ്രദേശത്തെ ജനങ്ങളുടെ വറുതി, മണ്ണെണ്ണ നൽകാത്തതിലുള്ള വിഷയം, അവിടെയുള്ള ജനങ്ങളുടെ ഏറ്റവും ബുദ്ധിമുട്ടേറിയ കാര്യങ്ങൾ ഇവയൊക്കെ ആരാണ് address ചെയ്യുന്നത്? ആദിവാസികളുടെ ഭവനനിർമ്മാണ പദ്ധതി ലൈഫ് പദ്ധതിയിലേക്ക് ചേർത്തതോടുകൂടി മത്സ്യത്തൊഴിലാളികളുടെയും

പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ഭവനനിർമ്മാണ പദ്ധതി പൊളിഞ്ഞു. സാധാരണഗതിയിൽ ഒരു വർഷംകൊണ്ട് ആ വകുപ്പുകൾ നിർമ്മിച്ച പകുതി വീടുകൾ നിർമ്മിക്കാൻ നിങ്ങളുടെ ലൈഫ് പദ്ധതിവഴി സാധിക്കുന്നുണ്ടോ? നിങ്ങൾ ലൈഫ് പദ്ധതിക്കായി നൽകുന്ന എത്ര ശതമാനമാണ് കഴിഞ്ഞ വർഷത്തെ Plan expenditure; കഴിഞ്ഞ വർഷത്തെ പ്ലാൻ എന്തായിരുന്നു? തദ്ദേശസ്ഥാപനങ്ങൾക്ക് നിങ്ങൾ പണം നൽകാനില്ലേ? ഒന്നാമത്തെ ഗഡു കൊടുത്തു; ആഗസ്റ്റ് മാസം കൊടുക്കാനുള്ള രണ്ടാമത്തെ ഗഡു ഡിസംബർ മാസമാണ് കൊടുത്തത്. രണ്ടാമത്തെ ഗഡു കൊടുത്തതോടുകൂടി ട്രഷറിയിൽ പേയ്മെന്റ് ബ്ലോക്ക് ചെയ്തതുകൊണ്ട് അത് ലഭിക്കാതെയായി. മൂന്നാമത്തെ ഗഡു കൊടുത്തില്ല; ഏതെങ്കിലും കാലത്ത് ഒരു ഗഡു മാത്രമായി തദ്ദേശസ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ടോ? തദ്ദേശസ്ഥാപനങ്ങളെ നിങ്ങൾ കഴുത്തുഞെരിച്ചുകൊല്ലുകയാണ് ചെയ്യുന്നത്. നിങ്ങളുടെ കൈയിൽ പണമില്ല. കേരളം ഇതുവരെ കാണാത്ത അതിരൂക്ഷമായ ധനപ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം പോകുന്നത്. അത്രമാത്രം കടക്കെണിയിലാണ് നിങ്ങൾ. അത് മറികടക്കാൻ ചെലവുചുരുക്കി വരുമാനം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള

എന്തെങ്കിലും നടപടിയുണ്ടോ; ഒരു വർഷം 5000 കോടി രൂപവീതം 25000 കോടി രൂപ ഐ.ജി.എസ്.ടി.-യിൽനിന്നും നഷ്ടപ്പെട്ടുവെന്ന് ഒരു വർഷം മുമ്പ് ഈ നിയമസഭയിൽ ഞാൻ പറഞ്ഞപ്പോൾ അത് ശരിയാണെന്നും നടപടിയെടുക്കാമെന്നും പറഞ്ഞു. ഒരു വർഷമായി ഈ ഐ.ജി.എസ്.ടി. തിരിച്ചുപിടിക്കാനുള്ള എന്തെങ്കിലും നടപടിയെടുത്തോ? ഇപ്പോൾ 30000 കോടി രൂപയായി. 5000 കോടി രൂപയോ എന്ന് ചോദിച്ച് ആദ്യം എന്നെ കളിയാക്കി. എന്നാൽ മൂന്നുമാസം കഴിഞ്ഞപ്പോൾ ഇത്രയും പണം നഷ്ടമായെന്ന് Gulati Institute of Finance and Taxation-ന്റെ റിപ്പോർട്ട് വന്നു. ഇപ്പോൾ 30000 കോടി രൂപ ഐ.ജി.എസ്.ടി.-യുടെ സെൻട്രൽ പൂളിൽ കിടക്കുന്നത് തിരിച്ചുപിടിക്കാനുള്ള വഴി നോക്കിയിട്ടുണ്ടോ; വരുമാനം വർദ്ധിപ്പിക്കാനുള്ള എന്ത് നടപടിയാണെടുത്തത്? ഇപ്പോൾ ജി.എസ്.ടി. പുനഃസംഘടിപ്പിച്ചുവെന്നുപറയുന്നു. എന്നാൽ ജി.എസ്.ടി.-യുടെ structure ഇപ്പോഴും function ചെയ്യുന്നില്ല. ഇന്ത്യയിൽ മൊത്തം ഇങ്ങനെയാണെന്നാണ് പറയുന്നത്; എന്നാൽ ഇന്ത്യയിലാകെ ഇങ്ങനെയല്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളെക്കുറിച്ചും ഞാൻ സംസാരിക്കുന്നില്ല. എന്നാൽ, 30000 കോടി രൂപ ഐ.ജി.എസ്.ടി.-യുടെ സെൻട്രൽ പൂളിൽ കിടക്കുന്നത് തിരിച്ചുപിടിക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചോയെന്ന് അങ്ങ് ചോദിച്ചല്ലോ; സെൻട്രൽ പൂളിൽ കിടക്കുക എന്നൊരു സമ്പ്രദായം തന്നെയില്ല. മന്ത്രിയായി ചുമതല ഏറ്റെടുത്തശേഷം ഐ.ജി.എസ്.ടി. ഇനത്തിൽ കിട്ടാനുള്ള പണത്തെ സംബന്ധിച്ച് ഒരു പഠനം നടത്താൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിനോട് ആവശ്യപ്പെട്ടതിൻപ്രകാരം hypothetical ആയി ഇങ്ങനെ വരാം എന്ന ഒരു കണക്ക് അവർ കണ്ടെത്തിയിട്ടുണ്ട്; അതൊരു കണക്കാണ്. ഐ.ജി.എസ്.ടി.-യുടെ ഭാഗമായി സംസ്ഥാനത്ത് 10% വരുമാന വർദ്ധനവ് വരുമ്പോൾ ഐ.ജി.എസ്.ടി. വരുമാന വർദ്ധനവ് 3% മാത്രമേ വരുന്നുള്ളൂ. നേരത്തേ അൺക്ലെയിംഡ് പോർഷൻ ആയിട്ട് ഒരു ഭാഗമുണ്ടായിരുന്നത് ഇപ്പോൾ കുറഞ്ഞുവരുന്നുണ്ടെങ്കിൽപ്പോലും നമുക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നില്ലെന്നാണ് കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുത്തി ജി.എസ്.ടി. കൗൺസിലിൽ ഞാൻ പറഞ്ഞത്. കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയിലെ പല

സംസ്ഥാനങ്ങളിലും ഈ പ്രശ്നമുണ്ട്. ഞാൻ കേരളത്തിന്റെ കാര്യം മാത്രമാണ് ജി.എസ്.ടി. കൗൺസിലിൽ പറഞ്ഞത്. സെൻട്രൽ പൂളിലെ പണം കേരളത്തിലേക്ക് വരണമെന്ന് പറയുന്നതിൽ അർത്ഥമില്ല. ഇത് അങ്ങയുടെ ധാരണക്കുറവുകൊണ്ട് പറയുന്നതാണെന്ന് ഞാൻ പറയുന്നില്ല. ഐ.ജി.എസ്.ടി.-യുടെ സമ്പ്രദായം എങ്ങനെയാണെന്ന് അങ്ങേയ്ക്കറിയാം. ഐ.ജി.എസ്.ടി.-യുടെ പൂളിൽനിന്ന് സംസ്ഥാനത്തിന് പണം വരാത്തതല്ല പ്രശ്നം, മറിച്ച് ജി.എസ്.ടി. സമ്പ്രദായത്തിലുള്ള പോരായ്മ കാരണം നമ്മളെപ്പോലുള്ള സംസ്ഥാനങ്ങൾക്ക് ലഭിക്കാനുള്ള ആനുകൂല്യം ലഭിക്കുന്നില്ല എന്നതാണ്. ഈ പ്രശ്നം ഇത്തരം സംസ്ഥാനങ്ങൾ കൗൺസിലിൽ ഉന്നയിക്കുന്നുണ്ട്. പക്ഷേ എത്ര തുകയാണെന്നത് സംബന്ധിച്ച് കൃത്യമായ കണക്കില്ല. കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങളിൽ വ്യാജമായ ബില്ലുകളും മറ്റും വരുന്നതിന്റെ പ്രശ്നമുണ്ട്. കേന്ദ്ര ഗവൺമെന്റ് സിസ്റ്റത്തിന് പ്രശ്നമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം പറഞ്ഞത് ഒരു കണക്കാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് വരുന്നതിനുമുൻപ് ഞാൻ എന്റെ കണക്ക്

സഭയിൽ പറഞ്ഞതാണ്. എക്സ്പെൻഡിച്ചർ കമ്മിറ്റി റിപ്പോർട്ട് നിങ്ങൾ കാണിച്ചിട്ടില്ല. അതിലും ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം.

സെൻട്രൽ പൂളിലേക്കാണ് ഈ പണം പോകുന്നത്. അതിന് ഒരു നടപടിക്രമമുണ്ട്; ആ നടപടിക്രമം പാലിച്ചാൽ മാത്രമാണ് സെൻട്രൽ പൂളിലേക്ക് പോകുന്ന പണം ക്ലെയിം ചെയ്ത് റീ-ഇംബേഴ്സ് ചെയ്യാൻ സാധിക്കുന്നത്. ആ പണം ലഭിക്കാൻ ഏറ്റവും അർഹത കേരളത്തിനാണ്. ഇന്റർ-സ്റ്റേറ്റ് ട്രേഡ് ബിസിനസ്സുകൾ നടക്കുന്ന ഏറ്റവും വലിയ കൺസ്യൂമർ സ്റ്റേറ്റാണ് കേരളം. പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾ ഇവിടെ കൊണ്ടുവന്ന് കൺസ്യൂമർ പോയിന്റിൽ വിൽക്കുന്ന സംസ്ഥാനമാണ് കേരളം. ആ സാധനങ്ങൾക്ക് അവിടെ ഏർപ്പെടുത്തിയിരിക്കുന്ന നികുതി നിരക്കിൽത്തന്നെ നമ്മുടെ സംസ്ഥാനത്തും വിറ്റെന്ന് തെളിയിച്ചാൽ, അവിടെ അടച്ച നികുതി തുക നമുക്ക് റീ-ഇംബേഴ്സ് ചെയ്യാവുന്നതാണ്. അതിന് ഒരു ഡിക്ലറേഷൻ വേണം. യാതൊരു പ്രൊസീജ്യറൽ ഫോർമാലിറ്റീസും ഇപ്പോഴും നിങ്ങളുടെ കൈവശമില്ല. ഇക്കാര്യം ഇ.എസ്.ഐ. കൗൺസിലിലാണോ പോയി പറയേണ്ടത്; ഇതിന് കൃത്യമായ നടപടിക്രമമുണ്ട്, അത് നിങ്ങൾ

പാലിച്ചേ മതിയാകൂ. നിങ്ങൾ അത് ചെയ്തിട്ടില്ല. ആ നടപടിക്രമങ്ങൾ പാലിച്ചാൽ റീ-ഇംബേഴ്സ് ചെയ്ത പണം നമുക്ക് ലഭിക്കും. ജി.എസ്.ടി. വകുപ്പ് പ്രവർത്തനക്ഷമമല്ലെന്നത് ഞങ്ങളുടെ ഗുരുതരമായ ഒരു ആരോപണമാണ്. വളരെ ഉത്തരവാദിത്വബോധത്തോടെയാണ് ഞാൻ ഇത് പറയുന്നത്. കേരളത്തിന് ന്യായമായി ലഭിക്കാനുള്ള പണം നേടിയെടുക്കാനുള്ള ഒരു നടപടികളും നിങ്ങൾ ചെയ്യുന്നില്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാൻ ഇനി എത്ര സമയം വേണം?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രണ്ട് മണിക്കൂർ നാൽപത് മിനിട്ട് ദൈർഘ്യമുള്ള പ്രസംഗം ഞങ്ങൾ ക്ഷമയോടെ കേട്ടിരുന്നു. ഞാൻ രണ്ട് മിനിറ്റുകൂടി സംസാരിക്കട്ടെ. ഇത് എല്ലാവർക്കും ഗുണകരമായ കാര്യമല്ലേ; ഇതിൽനിന്നൊക്കെ നമുക്ക് മറികടക്കേണ്ടേ; ഇക്കാര്യങ്ങളെല്ലാം ഞങ്ങൾ നേരത്തേതന്നെ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്; ഡോക്യുമെന്റ് പബ്ലിഷ് ചെയ്തിട്ടുമുണ്ട്. കിഫ്ബിയുടെ പേരിൽ എന്തൊക്കെ ബഹളങ്ങളായിരുന്നു. 85000 കോടി രൂപയുടെ കിഫ്ബി പദ്ധതി എവിടെപ്പോയി? 14500 കോടി

രൂപയോ 15000 കോടി രൂപയോ മുടക്കി പ്രോജക്ടിലേക്ക് കടന്നതാണ്. നിങ്ങൾ പെൻഷൻ ഫണ്ട് ഉണ്ടാക്കി കഴിഞ്ഞ തെരഞ്ഞെടുപ്പിന് മുമ്പായി പെൻഷൻ വിതരണം ചെയ്തു. ഇതിന്റെയെല്ലാം ബാധ്യത ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ തലയിലാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി പണി തന്നിട്ടാണ് പോയത്. ആൾട്ടർനേറ്റീവ് ഗവൺമെന്റ് ഭരണം വന്നാൽ ഈ ബാധ്യതയെല്ലാം യു.ഡി.എഫ്. സർക്കാരിന്റെ തലയിലാകുമെന്നാണ് അദ്ദേഹം കരുതിയത്. എന്നാൽ അത് നിങ്ങളുടെ തലയിൽത്തന്നെ വന്നു. കിഫ്ബിയുടെ ബാധ്യതയും പുറത്തുനിന്നെടുത്ത കടവും പെൻഷൻ ഫണ്ടിനുവേണ്ടി എടുത്ത കടവുമെല്ലാം നിങ്ങളെ പണം കടമെടുപ്പിന്റെ പരിധിയിലെത്തിച്ചു. കിഫ്ബി പദ്ധതി കൊണ്ടുവന്നപ്പോൾ ഞങ്ങൾ എതിർത്തിരുന്നു. എക്സ്ട്രാ ബഡ്ജറ്ററി പർപ്പസിൽ ഇത് ചെയ്താലും അവസാനം അത് ബഡ്ജറ്റിലേക്ക് തിരിച്ചുവരുമെന്നും നിങ്ങൾക്കത് ബാധ്യതയാകുമെന്നും ഞങ്ങൾ പറഞ്ഞിരുന്നു. ഇപ്പോൾ ആ ബാധ്യതകൊണ്ട് നിങ്ങൾ പ്രയാസപ്പെടുകയാണ്. 57400 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ടെന്ന് കേരളത്തിലെ എല്ലാ നവകേരള സദസ്സിലും നിങ്ങൾ പ്രസംഗിച്ചു. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ

കൊടുത്ത റിട്ട് പെറ്റീഷൻ ഞാൻ വായിച്ചു. അതിൽ ഒരിടത്തും നിങ്ങൾക്ക് 57400 കോടി രൂപ ലഭിക്കാനുണ്ടെന്ന കാര്യം പറയുന്നില്ല. അങ്ങനെയൊരു സംഭവമില്ല. ഇതൊക്കെ നിങ്ങൾ ക്രിയേറ്റ് ചെയ്യുന്നതാണ്. പാർലമെന്റ് പാസ്സാക്കിയ നിയമപ്രകാരം അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. നഷ്ടപരിഹാരം നൽകാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വാറ്റിനും (VAT) ഇത് ബാധകമായിരുന്നു. അഞ്ച് വർഷം കഴിഞ്ഞിട്ടും നഷ്ടപരിഹാരം കിട്ടുമായിരുന്നെങ്കിൽ പന്തീരായിരം കോടി രൂപ ലഭിക്കാവുന്നതാണ് എന്നൊക്കെയാണ് കണക്ക് എഴുതിയിട്ടുള്ളത്. പാർലമെന്റ് പാസ്സാക്കിയ നിയമം പ്രാബല്യത്തിലുള്ളപ്പോൾ എങ്ങനെയാണ് പണം ലഭിക്കുന്നത്. നമുക്കൊരു പ്ലാൻ വേണം, ഒരു ആൾട്ടർനേറ്റീവ് വേണം, സമീപനം വേണം, അഡ്രസ്സ് ചെയ്യണം. നിർഭാഗ്യവശാൽ നിങ്ങളത് ചെയ്യുന്നില്ല. ' The most inefficient team Kerala has ever seen' എന്നാണ് നിങ്ങളെക്കുറിച്ച് ഞങ്ങൾ ജനങ്ങളോട് പറഞ്ഞത്. കേരളം കണ്ട ഏറ്റവും കാര്യപ്രാപ്തി കുറഞ്ഞ ഒരു ടീമാണ് നിങ്ങളെന്ന് തെരഞ്ഞെടുപ്പ് സമയത്ത് ഞങ്ങൾ ജനങ്ങളോട് പറഞ്ഞു. ഓരോ വകുപ്പിനെക്കുറിച്ചും ഞങ്ങൾ ജനങ്ങളോട്

സംസാരിച്ചു. നിങ്ങൾക്ക് അത്ഭുതങ്ങളും വിസ്മയങ്ങളും ഉണ്ടാക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽപോലും കൈയിൽ പണമില്ല. ഒന്നും ചെയ്യാൻ പറ്റാത്ത, inefficiency to the core അതാണ് നിങ്ങളുടെ സർക്കാരിന്റെ മുഖമുദ്ര. നിങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് വായിച്ചാൽ ജനങ്ങൾ ചിരിക്കും. ഇങ്ങനെ ചിരിപ്പിച്ച് ചിരിപ്പിച്ച് ഞങ്ങളെ മണ്ണ് കപ്പിക്കരുതെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. നിങ്ങൾ വലതുപക്ഷ ചിന്താഗതിക്കാരാണ്. റൈറ്റ് എക്സ്ട്രീമിലേക്കാണ് നിങ്ങൾ പോകുന്നത്. കേരളത്തിന് വർഷങ്ങളായി ഒരു പ്രയോറിറ്റിയുണ്ട്. അതിൽനിന്നും നിങ്ങൾ മാറിപ്പോകുകയാണ്. തത്ഫലമായി നമ്മുടെ സംസ്ഥാനം അപകടകരമായ നിലയിലേക്കാണ് പോകുന്നത്. ഓരോ വകുപ്പും നേരിടുന്ന പ്രതിസന്ധി ഞാൻ പറഞ്ഞുതരാം. ലംപ്സം ഗ്രാന്റിന്റെ പ്രശ്നം ബഹുമാനപ്പെട്ട പട്ടികജാതി വകുപ്പുമന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾക്ക് ഇത്തരമൊരു കാലതാമസം മുമ്പ് ഉണ്ടായിട്ടുണ്ടോ; കാരണം അക്കാലത്ത് അത് കേരളത്തിന്റെ പ്രയോറിറ്റിയായിരുന്നു. അവർക്ക് അർഹമായ ആനുകൂല്യങ്ങൾ കൊടുത്തിട്ടേ

മറ്റെന്തിനെക്കുറിച്ചും ചിന്തിക്കുകയുള്ളൂ. സമൂഹത്തിലെ ഏറ്റവും ദുർബ്ബല വിഭാഗക്കാരാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ. അവർക്ക് സംസ്ഥാന സർക്കാർ കൊടുക്കേണ്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുക്കാതെ വൈകിപ്പിക്കുകയാണ്. ഇപ്പോൾ നിങ്ങളുടെ പ്രയോറിറ്റി അതല്ല. നിങ്ങൾ ഇവിടെ കേരളീയം നടത്തി ആർഭാടം കാണിച്ചു, തുലാവർഷക്കാലത്ത് ചെളിയിൽ ഉത്സവം നടത്തി, നവകേരള സദസ്സ് നടത്തി ആഘോഷിച്ചു. ഈ സർക്കാരിന്റെ പ്രയോറിറ്റി മാറിപ്പോയതിലാണ് ഞങ്ങളുടെ ആശങ്ക. ഒരു ഇടതുപക്ഷ സർക്കാർ ഒരിക്കലും ചെയ്യാൻ പാടില്ലാത്ത പ്രയോറിറ്റികളിലേക്ക് നിങ്ങൾ പോകുന്നുവെന്നതാണ് ഞങ്ങളുന്നയിക്കുന്ന വിഷയം. പൊതുഭരണത്തെയും മറ്റ് വകുപ്പുകളെയും സംബന്ധിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് സഭയിൽ പറഞ്ഞ ഒരു കാര്യം വസ്തുതാപരമല്ല. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ഇന്ത്യാ മഹാരാജ്യത്ത് 47 ലക്ഷം ആളുകൾ കോവിഡ് മഹാമാരിമൂലം മരിച്ചുവെന്നാണ്

പറഞ്ഞിരിക്കുന്നത്. എന്നാൽ, ഇന്ത്യയിലെ കണക്ക് 470000 ആളുകൾ മരിച്ചുവെന്നാണ്. ഓരോ കോവിഡ് കേസും കോവിഡ് മരണവും വളരെ കൃത്യമായി അടയാളപ്പെടുത്തിയിട്ടുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ എഴുപത്തിരണ്ടായിരത്തോളം കോവിഡ് മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. അത് വളരെ കൃത്യമായ ഡാറ്റയാണ്. ഇന്ന് ഈ സഭയിലിരിക്കുന്നവരും നമുക്ക് മുമ്പേ നടന്നവരും എത്രയോ വർഷങ്ങളായി കെട്ടിപ്പടുത്തുകൊണ്ടുവന്നിട്ടുള്ളതാണ് കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനം. അതുകൊണ്ട് ഒരു മഹാമാരിയെ സംബന്ധിച്ചും രോഗത്തെ സംബന്ധിച്ചും ജനങ്ങളുടെ ആരോഗ്യത്തെ സംബന്ധിച്ചും രാഷ്ട്രീയ വിരോധംമൂലം സഭയിൽ എന്തും പറയാമെന്നുള്ള നിലയുണ്ടാകരുത്. അദ്ദേഹം അത് കറക്ട് ചെയ്യണം. കേരളം വളരെ കൃത്യമായിത്തന്നെ ഡാറ്റാ ഡോക്യുമെന്റ് ചെയ്തിട്ടുള്ള സംസ്ഥാനമാണ്. നിലവിൽ ഇവിടെയുള്ള ഓരോ കോവിഡ് കേസും മരണനിരക്കും കൃത്യമായി അടയാളപ്പെടുത്തിയിട്ടുണ്ട്. പ്രതിപക്ഷത്തുനിന്നുള്ള ഏത് ബഹുമാനപ്പെട്ട അംഗത്തിനും അത് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 57400 കോടി രൂപയുടെ കാര്യമോ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിന്റെ കാര്യമോ സ്റ്റേറ്റിന്റെ ഡിവിസീവ് പൂളിന്റെ കാര്യമോ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കൊടുത്ത പെറ്റീഷനിൽ പ്രതിപാദിച്ചിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. പ്രധാനമായും ബോറോയിംഗ് സ്പേസുമായി ബന്ധപ്പെട്ട കാര്യമാണ് അതിൽ പറയുന്നത്. ഭരണഘടനാപരമായി അപ്പോയിന്റ് ചെയ്യുന്ന ബോഡി തന്നെയാണ് ഡിവിസീവ് പൂളും മറ്റും തീരുമാനിക്കുന്നത്. 57400 കോടി രൂപയുടെ കാര്യങ്ങളല്ല അവിടെ പറയേണ്ടത്. ബഹുമാനപ്പെട്ട സുപ്രീം കോടതി തന്നെ അക്കാര്യങ്ങൾ മുഖവുരയ്ക്കെടുക്കുകയും 13608 കോടി രൂപ ആ കേസിനുശേഷം ഫെബ്രുവരി മാസത്തിൽ അനുവദിച്ചുതരികയും ചെയ്തുവെന്നുള്ളത് നേരത്തേ പറഞ്ഞ കാര്യമാണ്. കേസ് ഒരു ഭരണഘടനാ ബെഞ്ചിനു വിടണമെന്ന സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം ഒരു രണ്ടംഗ ബെഞ്ചിന് അയച്ചിട്ടുണ്ട്. മറ്റുകാര്യങ്ങളൊന്നും പറയുന്നില്ല; പ്രതിപക്ഷനേതാവ് പറഞ്ഞ അക്കാര്യം വസ്തുതാപരമല്ലാത്തതുകൊണ്ട് ഞാൻ ചൂണ്ടിക്കാണിച്ചതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഏതായാലും പൊതുഭരണത്തിന്റെ ചർച്ചയിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് അവസാനം സംസ്ഥാനത്തിന്റെ പൊതുഭരണവുമായി ബന്ധപ്പെട്ട കുറേ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത് നന്നായി. അദ്ദേഹം പറഞ്ഞതുപോലെ തെരഞ്ഞെടുപ്പിന് ശേഷമുള്ള സ്ഥിതിഗതികളിൽ പൊതുവേ രാഷ്ട്രീയ കാര്യങ്ങൾക്കാണ് ചർച്ചയിൽ മുൻതൂക്കമുണ്ടായത്. പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിന്റെ അവസാന ഭാഗത്തിന്റെ തുടക്കമാകാമെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ നമ്മുടെ സംസ്ഥാനം ഭരണനിർവ്വഹണ കാര്യങ്ങളിലും പൊതുവേയുള്ള പ്രശ്നങ്ങളിലും രാജ്യത്തുതന്നെയുള്ള മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വേറിട്ട് നിൽക്കുകയാണ്. നിയമനകാര്യങ്ങൾ എടുത്താൽ, കേരളത്തിലെ പബ്ലിക് സർവ്വീസ് കമ്മീഷനാണ് രാജ്യത്തുതന്നെ ഏറ്റവുമധികം നിയമനം നടത്തുന്നത്. 2021 മേയ് 21 മുതൽ 31-05-2024 വരെ വിവിധ തസ്തികകളിലെ നിയമനത്തിനായി 2808 റാങ്ക് ലിസ്റ്റുകളാണ് പി.എസ്.സി. പ്രസിദ്ധീകരിച്ചത്. ഈ കാലയളവിൽ 88852 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശയും നൽകിയിട്ടുണ്ട്. കഴിഞ്ഞ

എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 161268 പേർക്ക് നിയമന ശിപാർശ നൽകി. 2016 മേയ് മാസം മുതൽ ഇതേവരെയുള്ള നിയമന ശിപാർശ നോക്കിയാൽ 250120 ആണ്. ഇപ്പോൾ ഒരു വാർഷിക കലണ്ടർ തയ്യാറാക്കി പരീക്ഷകളുടെ വിജ്ഞാപനവും തുടർനടപടികളും സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടിയാണ് സ്വീകരിച്ചുകഴിഞ്ഞിട്ടുള്ളത്. അതോടൊപ്പംതന്നെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാനുള്ള ഓൺലൈൻ സംവിധാനവും ഒരുക്കിക്കഴിഞ്ഞിട്ടുണ്ട്. നാം നമ്മുടെ സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ്ഘടനയാക്കി മാറ്റുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനുവേണ്ടിയാണ് Kerala Development and Innovation Strategic Council (K-DISC) രൂപീകരിക്കുകയും അതിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നത്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം, ഇതുവഴി 1,10,000 ഉദ്യോഗാർത്ഥികളെ നിയമിക്കാൻ ഇതുവരെ കഴിഞ്ഞിട്ടുണ്ട്. പൊതുഭരണ രംഗത്ത് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇവയിലെല്ലാം ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കൃത്യമായി

നൽകുന്നതിനായി ഓൺലൈനായി അവ ലഭ്യമാക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. സർക്കാർ അധികാരികളെ നേരിട്ട് സമീപിക്കാതെ തന്നെ സർക്കാർ സേവനങ്ങൾ ലഭ്യമാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുകഴിഞ്ഞിട്ടുള്ളത്. അതോടൊപ്പംതന്നെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിന് നടപ്പാക്കിയ ഇ-ഓഫീസ് സംവിധാനം സെക്രട്ടേറിയറ്റിന് പുറമേ വകുപ്പ് മേധാവികളുടെയും ജില്ലാ മേധാവികളുടെയും ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതെല്ലാം ഭരണനിർവ്വഹണം വേഗത്തിൽത്തന്നെ ജനങ്ങൾക്ക് അനുഭവവേദ്യമാക്കാൻ വേണ്ടി സ്വീകരിച്ച നടപടികളാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ ജനുവരി ഒന്ന് മുതൽ നടപ്പാക്കിയ കെ-സ്മാർട്ട് പദ്ധതി അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനിലൂടെ അതിവേഗതയിലും സുതാര്യമായും ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. നവംബർ ഒന്ന് മുതൽ 152 ബ്ലോക്ക് പഞ്ചായത്തുകളിലും 941 പഞ്ചായത്തുകളിലും കൂടി കെ-സ്മാർട്ട് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നാളിതുവരെ പതിനാല് ലക്ഷത്തോളം അപേക്ഷകളാണ്

ലഭിച്ചിട്ടുള്ളത്. കെ-സ്മാർട്ട് പദ്ധതി വഴി പത്ത് ലക്ഷത്തോളം അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള നമ്മുടെ സഹോദരങ്ങളിൽ നല്ലൊരു ഭാഗം പ്രവാസികളായി ജീവിതം നയിക്കുന്നവരാണ്. ആ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ലോക കേരള സഭയ്ക്ക് നമ്മൾ രൂപം നൽകിയത്. അതിപ്പോൾ ലോകത്തിന്റെ വിവിധ മേഖലകളിലുള്ള മലയാളികളുടെ ഒരു ക്രിയാത്മക കൂട്ടായ്മയായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ജൂൺ 13 മുതൽ 15 വരെ നാലാം ലോക കേരള സഭ ഈ നിയമസഭയിൽ, നടക്കാൻ പോകുകയാണ്. 103 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലെ പ്രതിനിധികളും ഇതിൽ പങ്കെടുക്കുകയാണ്.

ഏറ്റവും നല്ല രീതിയിൽ നമുക്ക് അഭിമാനിക്കാൻ കഴിയുന്നൊരു കാര്യമാണ് അതിദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബങ്ങളുടെ എണ്ണത്തിൽ വൻവേഗതയിൽ നമ്മുടെ സംസ്ഥാനത്ത് കുറവ് വരുന്നത്. അതിനിടയാക്കിയത് സംസ്ഥാന സർക്കാർ ബോധപൂർവ്വം സ്വീകരിച്ച നടപടികൾ മൂലമാണ്. 64006 കുടുംബങ്ങളിൽപ്പെട്ട 103099 വ്യക്തികളാണ് അതിദാരിദ്ര്യമുള്ളവരായി നമ്മുടെ

സംസ്ഥാനത്ത് കണ്ടെത്തിയിരിക്കുന്നത്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്താകെയുള്ള ഇടപെടലിന്റെ ഭാഗമായി 30923 കുടുംബങ്ങൾ; 64006 കുടുംബങ്ങളിൽ 30923 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്നും മോചിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2025 നവംബർ ഒന്നോടെ നമ്മുടെ സംസ്ഥാനത്ത് പൂർണ്ണമായും അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുവാൻ കഴിയും. ഈ അറുപത്തി നാലായിരത്തിൽ, മുപ്പതിനായിരം കഴിഞ്ഞ് ബാക്കിയുള്ള മുപ്പത്തിനാലായിരം, ഈ വർഷം നല്ലൊരു ഭാഗം അതിൽ കുറവുവരും. അടുത്ത വർഷമാണ് നമ്മൾ പൂർണ്ണമായി അവസാനിപ്പിക്കാൻ കണക്കാക്കുന്നത്. അത് നമുക്ക് നേടാൻ കഴിയുന്നൊരു ലക്ഷ്യമായിരിക്കുമെന്നുതന്നെയാണ് കാണേണ്ടത്. ഇത് നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം വളരെ അഭിമാനകരമായൊരു കാര്യമായിരിക്കും. നമ്മുടെ രാജ്യത്ത് മറ്റൊരു സംസ്ഥാനത്തിനും ഇപ്പോൾ ഇത്തരമൊരു പരിപാടി ആലോചിക്കാൻ പോലും കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ലൈഫ് പദ്ധതിയെക്കുറിച്ച് എടുത്തു പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് എല്ലാവർക്കും അടച്ചുറപ്പുള്ള വീട്

ഉറപ്പുവരുത്തുകയെന്നുള്ളതാണ് ലൈഫ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നമുക്ക് പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നത് 262131 വീടുകളാണ്. ഇപ്പോൾ 141680 എണ്ണം പൂർത്തീകരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതായത് 2016-നുശേഷം ഈ ലൈഫ് പദ്ധതിയുടെ ഭാഗമായി 404278 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. 102780 വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം, ഈ നിർമ്മാണം പൂർത്തീകരിക്കുന്ന വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇതുകൂടാതെ ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസത്തിനായി വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയും ഫ്ലാറ്റുകളുടെ നിർമ്മാണവും പുരോഗമിച്ചുവരുന്നുണ്ട്. ഫ്ലാറ്റുകളിൽ ആറ് എണ്ണത്തിന്റെ നിർമ്മാണം ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് വീട് നിർമ്മിക്കുന്നതിനുള്ള സ്ഥലം 'മനസ്സോടിത്തിരി മണ്ണ്' എന്നൊരു പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചത്. അത് കൂടുതൽ

നല്ലരീതിയിൽ വ്യാപകമായി പ്രചരിപ്പിക്കണമെന്നും അതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സമാഹരിക്കാൻ കഴിയുന്നത്ര ഭൂമി ഈ പദ്ധതിക്കായി സമാഹരിക്കാൻ സാധിക്കണമെന്നും സർക്കാർ കണ്ടിട്ടുണ്ട്. അതും നല്ലരീതിയിൽ ആരംഭിക്കാൻതന്നെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിനുപുറമെ നമ്മുടെ തീരദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ പ്രത്യേകിച്ച് മത്സ്യതൊഴിലാളികൾ അവരുടെ 'പുനർഗേഹം' എന്ന പദ്ധതിയിൽ 2,246 കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ 390 കുടുംബങ്ങൾക്ക് ഫ്ലാറ്റുകളും നിർമ്മിച്ച് കൈമാറിയിട്ടുണ്ട്. 752 കുടുംബങ്ങൾക്കുള്ള വീടുകളുടെയും 1,712 കുടുംബങ്ങൾക്കുള്ള ഫ്ലാറ്റുകളുടെയും നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഇതൊക്കെ സമയബന്ധിതമായി പൂർത്തിയാക്കാൻ തന്നെയാണ് സർക്കാർ നടപടികൾ എടുത്തുവരുന്നത്. നമ്മുടെ സംസ്ഥാനം സ്റ്റാർട്ടപ്പുകളുടെ കാര്യത്തിലും ഐ.ടി. മേഖലയിലും നല്ല പുരോഗതിയാണ് ഇതിനകം നേടി കഴിഞ്ഞിട്ടുള്ളത്. 2016-നുശേഷമുള്ള സ്ഥിതിയെടുത്താൽ 5443 സ്റ്റാർട്ടപ്പുകൾ ഇവിടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 2662 എണ്ണം കഴിഞ്ഞ രണ്ടുവർഷക്കാലയളവിൽ പ്രവർത്തനം

ആരംഭിച്ചവയാണ്. നമ്മുടെ സംസ്ഥാനത്ത് നേരത്തെ 2016-വരെ 300 സ്റ്റാർട്ടപ്പുകളാണുണ്ടായിരുന്നത്. 2016-നുശേഷം സ്റ്റാർട്ടപ്പുകളിൽ 5,600 കോടി രൂപയുടെ നിക്ഷേപമുണ്ടായിരുന്നു. കഴിഞ്ഞ രണ്ട് വർഷങ്ങളിലെ നിക്ഷേപം 1200 കോടി രൂപയായിരുന്നു. 2016-വരെ 270 കോടി രൂപ മാത്രമായിരുന്നു നിക്ഷേപം. ഈ മേഖലയിൽ വലിയ കുതിച്ചുചാട്ടമാണ് നമുക്കുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. ടെക്നോപാർക്കിലെ 2016-നുശേഷമുള്ള കണക്കെടുത്താൽ 490 പുതിയ കമ്പനികൾക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2016-നുശേഷം 75,000 തൊഴിലവസരങ്ങൾ ഇവിടെ പുതുതായി സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. അതുപോലെ 2016-നുശേഷം ഇൻഫോപാർക്കിൽ 553 പുതിയ കമ്പനികളാണ് പ്രവർത്തനം ആരംഭിച്ചത്. ഇവിടെയും 70,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുവെ നല്ലമാറ്റമാണ് ഐ.ടി. രംഗത്തുണ്ടാകുന്നത്. സൈബർ പാർക്കിൽ 2016-നുശേഷം 83 പുതിയ കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയും 2,200 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന '**Institute of Advanced Virology**' ഇതിൽ അന്തർദേശീയ നിലവാരത്തിലുള്ള

സംവിധാനങ്ങൾ ഒരുക്കികഴിഞ്ഞു. നിപ്പ, കോവിഡ്, സിക്കാ, ചിക്കൻഗുനിയ തുടങ്ങിയ എൺപതിലേറെ വൈറസുകളെ പരിശോധനയിലൂടെ കണ്ടെത്തുന്നതിന് ഈ ഇൻസ്റ്റിറ്റ്യൂട്ട് സജ്ജമായിക്കൊണ്ടിരിക്കുകയാണ്. രോഗപ്രതിരോധത്തിനോപ്പം വാക്സിൻ വികസിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾക്കും ഇവിടെ സൗകര്യം ഒരുക്കി. അതോടൊപ്പം Microbiome ഗവേഷണത്തിനായി സംസ്ഥാനത്ത് 'Centre of Excellence in Microbiome' സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു പരിതസ്ഥിതിയിൽ പ്രവർത്തിക്കുന്ന ഫംഗസ്, ബാക്ടീരിയ, വൈറസ് ഇവയുടെ സൂക്ഷ്മാണുവ്യവസ്ഥയെക്കുറിച്ചുള്ള ഗവേഷണത്തിന് ഇതിലൂടെ കഴിയുമെന്നാണ് ഏറ്റവും വലിയ പ്രത്യേകത. അതുപോലെ നമ്മുടെ സംസ്ഥാനത്ത് അതിവേഗ ഇന്റർനെറ്റ് സംവിധാനം ഒരുക്കുന്നതിന് ആരംഭിച്ച 'കെ-ഫോൺ' പദ്ധതിയിൽ ഇതുവരെ 10080 വീടുകൾക്കുള്ള വാണിജ്യ കണക്ഷനുകളുൾപ്പെടെ 15753 ഉം 21506 സർക്കാർ ഓഫീസുകൾപ്പെടെ 37259 കണക്ഷനുകളും നൽകാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5856 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സാമൂഹികവും

സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന അഗളി, അട്ടപ്പാടി, കോട്ടൂർ തുടങ്ങിയ ആദിവാസി ഊരുകളിലും 'കെ-ഫോൺ' സേവനം ഇപ്പോൾ ലഭ്യമാണ്. വാണിജ്യ അടിസ്ഥാനത്തിലുള്ള പുതിയ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിന് 'എന്റെ കെ-ഫോൺ' എന്ന മൊബൈൽ ആപ്ലിക്കേഷനും സജ്ജമായി കഴിഞ്ഞിട്ടുണ്ട്. സിംഗപ്പൂർ കേന്ദ്രമായുള്ള ഏഷ്യൻ ടെലികോമിന്റെ 2024-ലെ 'Infrastructure Initiative of the Year - India' പുരസ്കാരം ഇക്കൊല്ലം കെ-ഫോണിനാണ് ലഭിച്ചത്. പൊതുജനാരോഗ്യ രംഗത്ത് ആർദ്രം മിഷന്റെ ഭാഗമായി താലൂക്ക് തലംവരെയുള്ള ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള നടപടികൾ തുടർന്നുവരികയാണ്. ഈ സർക്കാരിന്റെ കാലത്ത് ആരോഗ്യമേഖലയിലെ 1005 അധിക തസ്തികകൾ നേരത്തെതന്നെ സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ട്. കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതി വഴി 5,00,000 രൂപ വരെയുള്ള സൗജന്യ ചികിത്സ 425000-ത്തോളം വരുന്ന കുടുംബങ്ങളിൽപ്പെട്ട ഗുണഭോക്താകൾക്ക്

നൽകിവരുന്നുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാരമുൾപ്പെടെ നിരവധി ദേശീയ പുരസ്കാരങ്ങളാണ് ഈ പദ്ധതിയുടെ നടത്തിപ്പിന് ലഭിച്ചിട്ടുള്ളത്. മലയോര തീരദേശ ഹൈവേകളുടെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ പുരോഗമിച്ചുവരികയാണ്. ദേശീയപാത വികസനത്തിന്റെ പ്രവർത്തനങ്ങളുടെ നാല് റീച്ചുകൾ പൂർത്തീകരിച്ചു. മറ്റ് റീച്ചുകൾ അതിവേഗം പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കലിന് 25 ശതമാനം സാമ്പത്തിക വിഹിതം ഉൾപ്പെടെ സംസ്ഥാന സർക്കാർ നൽകിയ കാര്യം നേരത്തെതന്നെ എല്ലാവർക്കും അറിയാവുന്നതാണ്. കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെ നീളുന്ന 793 കിലോമീറ്റർ മലയോര ഹൈവേയുടെ 149 കിലോമീറ്റർ പ്രവൃത്തി പൂർത്തിയാക്കുകയും 297 കിലോമീറ്റർ റോഡിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. അത് സമയബന്ധിതമായി പൂർത്തികരിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്. തീരദേശ ഹൈവേയുടെ കാര്യത്തിൽ 474 കിലോമീറ്റർ ദൈർഘ്യമാണ്. ഇതിന് സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ തുടർന്നുവരികയാണ്. പുനരധിവാസ പാക്കേജിന്

194 കോടി രൂപയുടെ ധനാനുമതി ഇതിനകം നൽകികഴിഞ്ഞിട്ടുണ്ട്. അടുത്ത വർഷം ഡിസംബറോടെ 150 കിലോമീറ്റർ ദൈർഘ്യത്തിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പംതന്നെ വളരെ പ്രധാനപ്പെട്ട ഒന്നാണ് വയനാട് തുരങ്കപാത. ആ തുരങ്കപാതയുടെ ഭൂമിയേറ്റെടുക്കൽ നടപടി അവസാനഘട്ടത്തിലാണ്. ഒന്നാംഘട്ടത്തിന് വനം മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനം പൂർത്തിയായി ടെണ്ടർ നടപടികൾ ഉടനെ പൂർത്തിയാക്കാനാകും. കോവളം മുതൽ കാസർഗോഡ് ബേക്കൽ വരെ 616 കിലോമീറ്റർ ദൈർഘ്യമുള്ള പശ്ചിമതീര കനാലിന്റെ വികസനത്തിനുള്ള പ്രവർത്തനങ്ങൾ അതിവേഗതയിൽ നടന്നുവരികയാണ്. 36 ബോട്ടുജെട്ടികളുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയായി. രണ്ട് പാലങ്ങളുടെയും ഒരു ലോക്കിന്റെയും നിർമ്മാണം 5 റീച്ചുകളിലായി നടന്നുവരുന്ന വടകര മാഹി കനാലിന്റെ മൂന്ന് റീച്ചുകളിലെ പ്രവൃത്തികളും പൂർത്തിയാക്കാൻ കഴിഞ്ഞു. വിവിധ വകുപ്പുകളുടെ പ്രവർത്തനപുരോഗതിയുടെ വിശദവിവരങ്ങൾ പ്രോഗ്രസ്സ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതുകൊണ്ട് അതുമുഴുവൻ ഇവിടെ

ആവർത്തിക്കുന്നില്ല. എറണാകുളം ജില്ലയിലെ ഗതാഗതവും ടൂറിസവും മെച്ചപ്പെടുത്തുന്നതിന് വിഭാവന ചെയ്തിട്ടുള്ള 'കൊച്ചി വാട്ടർ മെട്രോ' പദ്ധതിയുടെ 10 ടെർമിനലുകൾ പ്രവർത്തിച്ചുവരികയാണ്. നാല് ടെർമിനലുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. 24 ടെർമിനലുകളുടെ നിർമ്മാണത്തിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ 7 ബോട്ടുകൾ സർവീസ് നടത്തിവരുന്നു. കൊച്ചി മെട്രോ ഫേസ് 1-ന്റെ അവസാന ഘട്ടമായ എസ്. എൻ. ജംഗ്ഷൻ തൃപ്പൂണിത്തുറ സ്ട്രെച്ച് പൂർത്തിയാക്കി സർവ്വീസ് ആരംഭിച്ചു. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോ പാർക്കുവരെയുള്ള രണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രശ്നങ്ങൾ രാവിലെ പരാമർശിക്കുകയുണ്ടായി. ഇതിന്റെ കൊമേഴ്സ്യൽ ഓപ്പറേഷൻ ട്രയൽ പുരോഗമിക്കുകയാണ്. തുറമുഖത്തിന്റെ ഒന്നാം ഘട്ടം 2024 സെപ്റ്റംബറോടെ പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതിയുടെ ഭാഗമായി 3,050 മീറ്റർ ബ്രേക്ക് വാട്ടർ നിർമ്മാണമാണ് പൂർത്തിയാക്കാനുള്ളത്. ഇതിൽ 2,975 മീറ്റർ പൂർണ്ണമായും പൂർത്തിയാക്കാൻ

ഇതിനകം കഴിഞ്ഞിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കേണ്ട 800 മീറ്റർ ബർത്തിൽ 760 മീറ്റർ ബർത്ത് നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹരിത കേരളം മിഷന്റെ പ്രവർത്തനം വളരെ നല്ല നിലയ്ക്ക് കേരളീയ സമൂഹംതന്നെ നേരത്തെ ഏറ്റെടുത്ത് നടത്തിയതാണ്. ഈ പ്രവർത്തനത്തിലൂടെ ഇതുവരെ 30953 കിലോമീറ്റർ നീർച്ചാലുകളും 3234 കുളങ്ങളും പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 4844 കുളങ്ങളാണ് പുതുതായി നിർമ്മിച്ചത്. 16815 തടയണകൾ നിർമ്മിച്ചു. മാലിന്യ സംസ്കരണത്തിന് ഹരിത കർമ്മ സേനയുടെ സേവനം സംസ്ഥാന വ്യാപകമാക്കി. യാത്രക്കാരുടെ സൗകര്യത്തിനായി 'Take a Break' ടോയ്‌ലറ്റുകൾ 1013 എണ്ണം സ്ഥാപിച്ചു. കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിന്റെ ഭാഗമായുള്ള 2950 പച്ചത്തുരുത്തുകൾ സ്ഥാപിക്കാൻ കഴിഞ്ഞു. ഈ പ്രവർത്തനങ്ങൾ കൂടുതൽ നല്ല രീതിയിൽ വേഗതയിലും കൂടുതൽ ജനപങ്കാളിത്തത്തോടെയും തുടരേണ്ടതുണ്ടെന്നാണ് കാണുന്നത്. അതുപോലെതന്നെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് പുറത്തിറക്കിയ 'സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പരിപ്രേഷ്യം' , കേന്ദ്ര പരിസ്ഥിതി വനം

കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. കേരള ഗവൺമെന്റിന്റെ കാർബൺ ന്യൂട്രൽ ഇനിഷ്യേറ്റീവിന്റെ ഭാഗമായി സംസ്ഥാനത്തെ ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം നിർണ്ണയിക്കൽ പൂർത്തിയാക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വെബ് പോർട്ടലും തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ പരിസ്ഥിതി സംവേദ പ്രദേശങ്ങളുടെ പുനർ നിർണ്ണയിച്ച കരട് നിർദ്ദേശം കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 2019-ലെ കേരള തീരദേശ പരിപാലന പ്ലാൻ നോട്ടിഫിക്കേഷൻ 2024-ൽ തന്നെ നിലവിൽ വരുന്ന രീതിയിൽ ആയതിന്റെ നടപടികൾ പൂർത്തീകരിച്ച് കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് അയച്ചിട്ടുള്ളതും ആയത് NCSEM (National Centre for Sustainable Coastal Management) ചെന്നൈയുടെ പരിഗണനയിലുമാണ്. കേരളത്തിലെ പത്ത് തീരദേശ ജില്ലകളിലെ ജനങ്ങൾക്ക് ഇതിന്റെ സേവനങ്ങൾ ലഭ്യമാകുന്നതാണ്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉയർന്നുവരുന്ന വെല്ലുവിളികളുണ്ട്. അത് കണക്കിലെടുത്ത് കാലാവസ്ഥാ വ്യതിയാന കാര്യങ്ങൾ

നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനം കാർബൺ ന്യൂട്രലാക്കുന്നതിന് ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും ഹരിത തൊഴിലുകളെ അടിസ്ഥാനമാക്കിയുള്ള ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയായി മാറുന്നതിനെല്ലാമുള്ള കാഴ്ചപ്പാട് പ്രാവർത്തികമാക്കാനുള്ള ലക്ഷ്യത്തോടെയാണ് ഈ രംഗത്ത് ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്.

നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ രംഗത്ത് സുപ്രധാനമായ പങ്കാണ് സപ്ലൈകോ വഹിച്ചുവരുന്നത്. ആ സപ്ലൈകോയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സർക്കാർ അതിനാവശ്യമായ ഫണ്ട് നൽകുന്ന നടപടിതന്നെയാണ് സ്വീകരിക്കുന്നത്. സബ്സിഡി ഇനത്തിൽ സപ്ലൈകോയ്ക്ക് 232 കോടി രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 575 കോടി രൂപയാണ് സബ്സിഡി ഇനത്തിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത്. അതുപോലെതന്നെ സംസ്ഥാനത്തെ ജനങ്ങൾക്ക് ഉച്ച ഭക്ഷണത്തിന് ഉപയോഗിക്കാൻ കഴിയുന്ന നല്ലയിനം അരി വിതരണം ചെയ്യുകയെന്ന പദ്ധതിയാണ് 'കെ-റൈസ്' പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. ഇതിന്റെ ഭാഗമായി 41-42 രൂപ നിരക്കിൽ പൊതുവിപണിയിൽനിന്നും അരി

സംഭരിച്ച് 12 രൂപയുടെ ബാധ്യത സപ്ലൈകോ ഏറ്റെടുത്താണ് കെ-റൈസ് വിതരണം പുരോഗമിക്കുന്നത്. സാമൂഹിക ക്ഷേമ പെൻഷൻ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനമാണ് 2016-ൽ അധികാരത്തിൽവന്ന സർക്കാർ ഏർപ്പെടുത്തിയിരുന്നത്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി അതിന് ചില തടസ്സങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമമുണ്ടായി. ആ ശ്രമങ്ങളുടെ ഇടയിലും അതിന്റെ ഫലമായുണ്ടായ സാമ്പത്തിക ഞെരുക്കത്തിനിടയിലും ക്ഷേമ പെൻഷനുകളുടെ വിതരണം ഉറപ്പുവരുത്താനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചില ആശങ്കകൾ പ്രകടിപ്പിക്കുകയുണ്ടായി, ഒരു ആശങ്കയും ഉണ്ടാകേണ്ടതില്ല. ഇനി നമ്മുടെ സംസ്ഥാനത്ത് ക്ഷേമ പെൻഷൻ ലഭിക്കേണ്ട മുഴുവൻ ആളുകൾക്കും മാസംതോറും ക്ഷേമ പെൻഷൻ നൽകുകയെന്നുമാത്രമല്ല, അതോടൊപ്പംതന്നെ സർക്കാർ ഈ സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും ആലോചിക്കുന്ന കാര്യം, കുറച്ച് കുടിശ്ശിക അവർക്കുണ്ട്, ആ കുടിശ്ശികയും കൊടുത്തുതീർക്കുകയെന്നുള്ളതാണ്. അതിനുള്ള നടപടികൾ സർക്കാർ

സ്വീകരിക്കുകതന്നെചെയ്യും. ദേശീയ തലത്തിൽ കേന്ദ്ര സർക്കാർ പഞ്ചവൽത്സര പദ്ധതികൾ നിർത്തലാക്കിയതിനുശേഷവും കേരളത്തിലെ പഞ്ചവത്സര പദ്ധതി ഫലപ്രദമായി നടപ്പാക്കിവരുന്നു. 2023-24 സാമ്പത്തിക വർഷം അസാധാരണ സാമ്പത്തിക ഞെരുക്കമാണ് നമ്മുടെ സംസ്ഥാനം നേരിടുന്നത്. അതിനിടയിലും പദ്ധതിയടങ്കലിന്റെ 81.66 ശതമാനം ചെലവാക്കാൻ കഴിഞ്ഞത് ഒരു നേട്ടമായിത്തന്നെ നാം കാണേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തെ കാർഷിക രംഗത്ത് നല്ല പുരോഗതി ഈ ഘട്ടത്തിൽ ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതുതായി ആരംഭിച്ച 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി 2024 മെയ് വരെയെടുത്താൽ 236344 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ കർഷകരുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ വിപണിയിൽ എത്തിക്കുന്നതിന് 'കേരള ഗ്രോ' എന്നൊരു ബ്രാൻഡ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. നാളികേരത്തിന്റെ വിലയിടിവ് തടയാൻ കിലോയ്ക്ക് 34 രൂപ നിരക്കിൽ 17026 ടൺ പച്ചത്തേങ്ങ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നാളികേരത്തിന്റെ ഉൽപ്പാദന വർദ്ധനയ്ക്കായി 232 കേര ഗ്രാമങ്ങൾ ആരംഭിക്കാനും കഴിഞ്ഞു. കർഷകർക്ക് സ്മാർട്ട് ഐ.ഡി. കാർഡ്

ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. കർഷകർ ഇപ്പോൾ നേരിട്ട ദുരന്തങ്ങളുണ്ട്. കൊട്ടും വരൾച്ചയുടെ ഭാഗമായി ഏലം കൃഷിക്കും മറ്റുമുണ്ടായ ദുരന്തങ്ങൾ, അതിനുള്ള സഹായം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമാകേണ്ടതാണ്,അത് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തിന്റെ ഈ പ്രയാസത്തിനിടയ്ക്കും എന്താണ് ചെയ്യാൻ കഴിയുകയെന്നത് പ്രത്യേകം ആലോചിക്കുന്നതാണ്. റബ്ബർ മേഖലയിൽ സംസ്ഥാനം ഇതിനോടകംതന്നെ സ്വീകരിച്ച നടപടി എല്ലാവർക്കും അറിയാവുന്നതുമാണ്. 'ഒരു വർഷം ഒരു ലക്ഷം സംരംഭം' എന്ന പദ്ധതി വ്യാവസായിക മേഖലയിൽ ആരംഭിച്ചപ്പോൾ 2022 ഏപ്രിൽ 1 മുതൽ ഇതുവരെ 250029 പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 15964 കോടി രൂപയുടെ നിക്ഷേപവും 532089 പുതിയ തൊഴിലവസങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 20 പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന് 'Kerala Public Enterprises Selection and Recruitment Board' രൂപീകരിച്ചു. പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി

ആവിഷ്കരിച്ച് നടപ്പിലാക്കിയതുവഴി കൂടുതൽ വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. അതുപോലെത്തന്നെ പാൽ ഉൽപ്പാദനം സ്വയംപര്യാപ്തതയുടെ അടുത്തെത്തി നിൽക്കുകയാണ്. ഭൂമി കൈവശമുണ്ട്, എന്നാൽ അവകാശം കിട്ടിയില്ല. അവർക്ക് പട്ടയം ലഭ്യമാക്കും. ഇതിനകം മൂന്ന് ലക്ഷത്തിലധികം പട്ടയങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി പട്ടയങ്ങളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതോടൊപ്പംതന്നെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അതിവേഗതയിൽ പരിഹരിക്കുന്നതിനുള്ള നടപടികളും റവന്യൂ വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇങ്ങനെ നോക്കിയാൽ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടത്തിയ പ്രവർത്തനങ്ങൾ വളരെ മികവാർന്നതാണെന്ന് കാണാൻ സാധിക്കും. ഓരോന്നും ചർച്ച ചെയ്യാൻ പോകുന്നതുകൊണ്ട് അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല.

നമ്മുടെ സംസ്ഥാനത്തിന്റെ രാഷ്ട്രീയ പ്രശ്നങ്ങൾ വലിയ തോതിലാണ് ഇവിടെ ചർച്ച ചെയ്യപ്പെട്ടത്. കേരളത്തിൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഒട്ടേറെ പ്രശ്നങ്ങൾ ഉന്നയിച്ചുകഴിഞ്ഞിട്ടുണ്ട്. 2024-ലെ തിരഞ്ഞെടുപ്പുഫലം സംബന്ധിച്ച് സ്വാഭാവികമായും അൽപ്പം ആവേശം അപ്പുറത്തുണ്ടാകുന്നത് നമുക്ക് പ്രതീക്ഷിക്കാൻ കഴിയുന്ന കാര്യമാണ്. പക്ഷേ, കൃത്യമായി പരിശോധിച്ചാൽ ഇവിടെ പ്രകടിപ്പിച്ച രീതിയിലുള്ള ആവേശമാണോ ഉണ്ടാകുകയെന്നുള്ളത് നമുക്ക് കാര്യങ്ങൾ പരിശോധിക്കുമ്പോൾ നോക്കാം. ലോക്സഭാ തിരഞ്ഞെടുപ്പിനെക്കുറിച്ച് ഈ സഭയിൽ നേരത്തെതന്നെ വ്യക്തമാക്കിയൊരു കാര്യമുണ്ടായിരുന്നു. അത് സംസ്ഥാനങ്ങളിലെ രാഷ്ട്രീയ കക്ഷികൾ ഒന്നിച്ചുനിന്നുള്ളൊരു പോരാട്ടം, ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതകൾ വച്ചുകൊണ്ടുള്ള യോജിപ്പ്. ഇതാണ് ലോക്സഭാ തിരഞ്ഞെടുപ്പിലെ ജനവിധി ഫലപ്രദമായി നിർണ്ണയിക്കുകയുണ്ടായത്. 2024-ലെ തിരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് എതിരായി നടന്ന പോരാട്ടത്തിൽ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിക്ക് പ്രത്യേകമായി അപ്രമാദിത്വം അവകാശപ്പെടാൻ കഴിയില്ല. ഇവിടെ നാം കാണേണ്ടത്, എല്ലാവരുംകൂടിയുള്ള

ഒരു യോജിച്ച പോരാട്ടം നടക്കുമ്പോഴാണ് അതിന് ഫലമുണ്ടാക്കാൻ കഴിയുന്നത്. ലോക്‌സഭയിലേയ്ക്ക് 80 എം.പി.-മാരെ തിരഞ്ഞെടുത്ത് അയയ്ക്കാൻ കഴിയുന്ന സംസ്ഥാനമാണ് ഉത്തർപ്രദേശ്. അവിടെ ബി.ജെ.പി.-ക്ക് എതിരായ പോരാട്ടത്തിന്റെ നേതൃസ്ഥാനം സമാജ്‌വാദി പാർട്ടിക്കായിരുന്നു. ഉത്തർപ്രദേശ് കഴിഞ്ഞാൽ മഹാരാഷ്ട്രയാണ് മികച്ച ഫലം സൃഷ്ടിച്ച മറ്റൊരു സംസ്ഥാനം. അവിടെ ശ്രീ. ഉദ്ദവ് താക്കറെ നയിക്കുന്ന ശിവസേനയും ശ്രീ. ശരദ് പവാർ നയിക്കുന്ന എൻ.സി.പി.-യുമാണ് ഗണ്യമായ പങ്കുവഹിച്ചത്. പശ്ചിമബംഗാളിൽ തൃണമൂൽ കോൺഗ്രസ്, ബീഹാറിൽ ആർ.ജെ.ഡി., തമിഴ്നാട്ടിൽ ഡി.എം.കെ. ഇവരെല്ലാമാണ് ഈ തിരഞ്ഞെടുപ്പിൽ വിവിധ സംസ്ഥാനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തിയത്.

ഇപ്പോൾ ഇടതുപക്ഷത്തിന്റെ സാന്നിധ്യത്തെക്കുറിച്ചാണ് അപ്പുറത്ത് വലിയതോതിൽ ആവേശപൂർവ്വം ഉന്നയിക്കുന്നതായി കണ്ടത്. പാർലമെന്ററി സാന്നിധ്യം എത്ര ആയാലും രാജ്യത്ത് ബി.ജെ.പി.-യും സംഘ്പരിവാർ ശക്തികളും മുഖ്യ ശത്രുവായി കാണുന്നത് ഇടതുപക്ഷത്തെയാണ് എന്നത് മറക്കേണ്ട. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ വേരറുക്കാനും നമ്മുടെ രാജ്യത്തുള്ള

മതന്യൂനപക്ഷങ്ങളെ ഒറ്റപ്പെടുത്താനും സംഘ്പരിവാർ നടത്തുന്ന ശ്രമങ്ങൾ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അവർ ജന്മംകൊണ്ട നാൾ മുതൽ തുടങ്ങിയതാണ്. ഈ വെല്ലുവിളികളെയും ഭീഷണികളെയും നേരിട്ടുകൊണ്ട് തന്നെയാണ് കേരളത്തിലായാലും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലായാലും ഇടതുപക്ഷം പ്രവർത്തിച്ചുവരുന്നത്. ലോക്സഭാ തിരഞ്ഞെടുപ്പിൽ 'നമ്മുടെ രാജ്യത്തിന്റെ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുക'യെന്നതാണ് പ്രധാന മുദ്രാവാക്യമായി ഉയർന്നത്. അതുതന്നെയാണ് കേരളത്തിലും ഞങ്ങൾ സ്വീകരിച്ചത്. നമ്മുടെ രാജ്യത്തെ ഹിന്ദുത്വ വർഗ്ഗീയ ശക്തികളിൽനിന്ന് ന്യൂനപക്ഷങ്ങളും മണ്ണിൽ പണിയെടുക്കുന്നവരും തൊഴിലാളികളും തൊഴിലില്ലാത്ത ചെറുപ്പക്കാരും ഇടത്തരക്കാരും നേരിടുന്ന ഭീഷണിയും അവഗണനയും അവസാനിപ്പിക്കണമെന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചാണ് ഈ തിരഞ്ഞെടുപ്പിൽ ഞങ്ങൾ മത്സരിച്ചത്.

ഇവിടെ നാം ഓർക്കേണ്ടൊരു കാര്യം, രാജ്യത്ത് കേന്ദ്ര അന്വേഷണ ഏജൻസികളുടെ അത്യന്തം വിവേചനപരമായ ഇടപെടൽ നാം പൊതുവെ കണ്ടതാണ്. ഇടതുപക്ഷം ഇത്തരം കാര്യങ്ങളിൽ സ്വീകരിച്ച നിലയെന്താണ്;

നാഷണൽ ഹെറാൾഡ് കേസിൽ കോൺഗ്രസിന്റെ സമുന്നത നേതാക്കളായ ശ്രീമതി സോണിയ ഗാന്ധിക്കും ശ്രീ. രാഹുൽ ഗാന്ധിക്കുമെതിരെ ഇ.ഡി. നീക്കങ്ങൾ നടത്തിയപ്പോൾ അതിനെതിരെ ശബ്ദമുയർത്തുന്നതിൽ ഇടതുപക്ഷവും ഉണ്ടായിരുന്നു. ജാർഖണ്ഡ് മുഖ്യമന്ത്രി ശ്രീ. ഹേമന്ത് സോറനും ഡൽഹി മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കേജരിവാളും കേന്ദ്ര ഭരണകക്ഷിയുടെ പ്രതികാര ദാഹത്തിനിരയായി ജയിലിൽ അടക്കപ്പെട്ടു. നമ്മളെല്ലാവരും ഒരുമിച്ചാണ് അതിനെതിരെ പ്രതികരിച്ചത്. പക്ഷേ, നിർഭാഗ്യകരമായൊരു സാഹചര്യം ഈ സംസ്ഥാനത്തുണ്ടായത് ഓർക്കേണ്ടതല്ലേ; കേരളത്തിൽ ഞങ്ങൾക്കെതിരെ ആക്രമണങ്ങളും വ്യാജ നിർമ്മിതികളും ഉണ്ടാകുമ്പോൾ കേരളത്തിലെ പ്രതിപക്ഷം എവിടെയാണ് നിന്നത്; മുമ്പൊരിക്കൽ പറഞ്ഞതുപോലെ, വാളയാർ ചുരത്തിനിപ്പുറം കേന്ദ്ര ഏജൻസികൾ ചെയ്യുന്നതെല്ലാം ശരി. അതിനപ്പുറം അവർ ചെയ്യുന്നതെല്ലാം തെറ്റ്. ഈ ഇരട്ടത്താപ്പല്ലേ കാണിച്ചത്. ആ ഇരട്ടത്താപ്പ് ഞങ്ങൾക്ക് ഒരു ഘട്ടത്തിലും ഉണ്ടായിട്ടില്ല. എന്തുകൊണ്ടാണ് ഇത്തരത്തിൽ പരസ്പര വിരുദ്ധമായ നിലപാട് സ്വീകരിച്ചതെന്ന് പ്രതിപക്ഷമാണ് ആലോചിക്കേണ്ടത്.

ജനാധിപത്യവും മതനിരപേക്ഷതയും സംരക്ഷിക്കുവാനുള്ള പോരാട്ടത്തിലാണ് ഞങ്ങൾ അതിശക്തമായി പങ്കെടുത്തത്. ആ പോരാട്ടത്തിൽ പങ്കെടുക്കുമ്പോൾ ഇവിടത്തെ പ്രതിപക്ഷം ഞങ്ങൾക്ക് ബി.ജെ.പി.-യുമായി അന്തർധാരയുണ്ട് എന്ന ആക്ഷേപവുമായി മുന്നോട്ടുവരാനാണ് തയ്യാറായത്. ഇപ്പോഴും ആ തരത്തിലുള്ള ചില പരാമർശങ്ങൾ കേൾക്കാൻ നമുക്ക് സാധിച്ചു. കേരളത്തിന്റെ മുഖ്യമന്ത്രിയെ എന്തുകൊണ്ടാണ് കേന്ദ്ര ഏജൻസി അറസ്റ്റ് ചെയ്യാത്തത് എന്നചോദ്യം ഇവിടെയുള്ള പ്രതിപക്ഷനേതാവോ കോൺഗ്രസിന്റെ മറ്റേതെങ്കിലും നേതാവോ അല്ല ചോദിച്ചത്. കോൺഗ്രസിന്റെ സമുന്നതനായ നേതാവാണ് ഇവിടെവന്ന് അത് ചോദിച്ചത്. ഇത്തരത്തിലുള്ള വ്യാജ ആരോപണങ്ങളും ചെളിവാരി എറിയലും നിരന്തരം നടന്നു എന്നല്ലാതെ ഈ സർക്കാരിനെതിരെ എന്തെങ്കിലും ഒരു ആരോപണം തെളിവോടുകൂടി ഉന്നയിക്കാൻ ഇതുവരെ കഴിഞ്ഞിട്ടുണ്ടോ; അങ്ങനെ കഴിയാത്ത പ്രതിപക്ഷം നിർണ്ണായകമായ തിരഞ്ഞെടുപ്പുവേളയിൽ ബി.ജെ.പി.-ക്ക് അഖിലേന്ത്യാ തലത്തിൽ പ്രതിപക്ഷ നിരയ്ക്കെതിരെ പ്രചരണം നടത്താൻ ആയുധം എറിഞ്ഞുകൊടുക്കുന്ന നിലയല്ലേ സ്വീകരിച്ചത്; ബി.ജെ.പി.-യുടെ

നേതാക്കളും ശ്രീ. രാഹുൽ ഗാന്ധിയും ഒരേ ഭാഷയിൽ ഒരേ വികാരത്തോടെ ഞങ്ങളെ അധിക്ഷേപിക്കുമ്പോൾ ആ തിരഞ്ഞെടുപ്പ് വേളയിൽ മറുപടി പറയുന്നത് സ്വാഭാവികമല്ലേ; നിങ്ങൾ സൃഷ്ടിച്ച പ്രകോപനമാണ് ബി.ജെ.പി. രാജ്യവ്യാപകമായി പ്രചരണത്തിനായി ഏറ്റെടുത്തത് എന്നത് മറക്കേണ്ടതില്ല.

വർഗ്ഗീയതയുടെ വിഷ സർപ്പം ഫണം വിടർത്തി ആടുമ്പോൾ അതിന്റെ ശക്തികേന്ദ്രത്തിൽ നിന്നുകൊണ്ട് അതിനെ എതിർക്കുക എന്നതല്ലേ സാധാരണ നിലയ്ക്ക് ചെയ്യേണ്ടത്; കോൺഗ്രസിന്റെ അഖിലേന്ത്യാ നേതാക്കൾ ഇവിടെവന്ന് ഇടതുപക്ഷത്തോട് പോരടിക്കുന്നതിന്റെ യുക്തിയെ ഞങ്ങൾ ചോദ്യം ചെയ്തിട്ടുണ്ട്. ഞങ്ങൾ ഉയർത്തിയ ആ ചോദ്യത്തിൽ യുക്തിയും ന്യായവുമുണ്ടെന്ന് കണ്ടപ്പോൾ ഒടുവിൽ അവർക്കുതന്നെ അത് അംഗീകരിക്കേണ്ടിവന്നു എന്നതാണ് വസ്തുത.

ഇവിടെ പ്രധാനപ്പെട്ടൊരു ചോദ്യം ബാക്കി നിൽക്കുകയാണ്. സംഘ്പരിവാർ ശക്തികൾ ഭരണഘടനയെ അട്ടിമറിക്കാൻ പാർലമെന്റിലെ ഇരുസഭകളിലും ഏതുവിധത്തിൽ അംഗസംഖ്യ വർദ്ധിപ്പിക്കാമെന്നാണ് നോക്കിക്കൊണ്ടിരിക്കുന്നത്. ഒരാളെങ്കിൽ ഒരാൾ. എന്തിനാണ് ആ

ബി.ജെ.പി.-ക്ക് ഒരാളെ അധികം നൽകുന്ന നിലപാട് നിങ്ങൾ സ്വീകരിച്ചത്. നിലവിൽ എ.ഐ.സി.സി.-യുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ബഹുമാന്യനായ വ്യക്തി നമ്മുടെ നാട്ടുകാരനാണല്ലോ, അദ്ദേഹം രാജസ്ഥാനിൽ നിന്നുള്ള രാജ്യസഭാംഗമായിരുന്നു. അദ്ദേഹത്തെയാണ് കേരളത്തിലെ ഒരു മണ്ഡലത്തിൽനിന്നും ലോക്സഭയിലേയ്ക്ക് അയച്ചത്. അപ്പോൾ സംഭവിച്ചത് എന്താണ്; അങ്ങനെ ചെയ്തതിന്റെ ഫലമായി ഒരാളെ രാജ്യസഭയിലേയ്ക്ക് അയയ്ക്കാൻ ബി.ജെ.പി.-ക്ക് അവസരം ലഭിച്ചു. ഇതിനെല്ലാം സ്വാഭാവികമായും നിങ്ങൾ വിശദീകരണം നൽകേണ്ടതുണ്ട്. ഇപ്പോഴത്തെ ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരളത്തിലെ യു.ഡി.എഫ്.-ന് 18 സീറ്റാണ് ലഭിച്ചത്. തിരഞ്ഞെടുപ്പ് കഴിഞ്ഞയുടനെ വിജയിയായ ഒരു കോൺഗ്രസ് നേതാവ് പറഞ്ഞത്, പരാജയത്തിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാണ്. നിങ്ങൾ ഭരിക്കുന്ന കുറച്ച് സംസ്ഥാനങ്ങൾ ഉണ്ടല്ലോ, ആ ഉപദേശം ഞങ്ങൾക്ക് നൽകുന്നതിനുമുമ്പ് അവർക്ക് നൽകാമായിരുന്നില്ലേ? ഹിമാചൽപ്രദേശ് മുഖ്യമന്ത്രിക്ക് പ്രസ്തുത ഉപദേശം നൽകുന്നത് കൂടുതൽ ഉചിതമാകും. 2022-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഹിമാചൽപ്രദേശിൽ

ആകെയുള്ള 68 സീറ്റിൽ 40 സീറ്റ് നേടി അധികാരത്തിൽവന്ന കോൺഗ്രസിന് രണ്ടുവർഷം കഴിഞ്ഞ് 2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ അവിടെ ഒരു സീറ്റ് പോലും നേടാൻ കഴിഞ്ഞില്ല, ഉപദേശം അവിടെ കൊടുക്കാമായിരുന്നില്ലേ? നമ്മുടെ തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന സംസ്ഥാനമായ കർണ്ണാടകയോട് നമുക്ക് നല്ല ജൈവ ബന്ധമുണ്ടല്ലോ. അവിടെ 2023-ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ആകെയുള്ള 224 സീറ്റിൽ 135 സീറ്റ് നേടിക്കൊണ്ട് കോൺഗ്രസ് ഒറ്റയ്ക്ക് ഭരിക്കാനുള്ള ഭൂരിപക്ഷത്തോടെ അധികാരത്തിൽവന്നു. എന്നാൽ ഈ ലോക്സഭാ തിരഞ്ഞെടുപ്പിൽ ആകെയുള്ള 28 സീറ്റിൽ 19 സീറ്റ് ബി.ജെ.പി.-യും സഖ്യകക്ഷികളും നേടിക്കഴിഞ്ഞു. ആ സംസ്ഥാനത്തിലെ മുഖ്യമന്ത്രി ശ്രീ. സിദ്ധാരാമയ്യയ്ക്കും ഇതേ ഉപദേശം നിങ്ങൾ നൽകുമോ? തെലുങ്കാനയിൽ 6 മാസം മുമ്പാണ് നിയമസഭാ തിരഞ്ഞെടുപ്പ് നടന്നത്. ആകെയുള്ള 119 നിയമസഭാ സീറ്റിൽ 64 സീറ്റുകൾ നേടി കോൺഗ്രസ് അധികാരത്തിൽവന്നു. ഇപ്പോഴത്തെ ലോക്സഭാ തിരഞ്ഞെടുപ്പിൽ സഖ്യകക്ഷികൾ ഇല്ലാതെതന്നെ ആകെയുള്ള 17 സീറ്റിൽ ബി.ജെ.പി.-ക്ക് 8 സീറ്റ് ലഭിച്ചു. അവിടെയും ഈ ഉപദേശം

നൽകേണ്ടിവരുമോ? ഈ പറഞ്ഞ സംസ്ഥാനങ്ങളിലൊക്കെ ബി.ജെ.പി.-യുമായി കോൺഗ്രസിന് അന്തർധാരയുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ; നമ്മുടെ രാജ്യത്തെ സമ്മതിദായകർ ലോക്സഭാ/നിയമസഭാ തിരഞ്ഞെടുപ്പുകളിൽ സമ്മതിദാനാവകാശം വിനിയോഗിക്കുന്നത് ഒരുപോലെയാണോ? നമ്മുടെ രാജ്യത്തിനും സംസ്ഥാനങ്ങൾക്കുതന്നെയും ഇക്കാര്യത്തിൽ മുൻകാലചരിത്രമുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ സമ്മതിദാനാവകാശം ഉപയോഗിക്കുന്നതിൽ സമ്മതിദായകരുടെ വിവേചന ബുദ്ധി വളരെ കൃത്യമായി നാം തിരിച്ചറിയേണ്ടതുണ്ട്. 1980 ജനുവരി മാസം ലോക്സഭാ തിരഞ്ഞെടുപ്പ് നടന്നപ്പോൾ തമിഴ്നാട്ടിലെ ഭരണകക്ഷി എ.ഐ.എ.ഡി.എം.കെ. ആയിരുന്നു, ആ തിരഞ്ഞെടുപ്പിൽ അവർക്ക് വലിയ പരാജയമാണുണ്ടായത്. ആകെയുള്ള 39 സീറ്റിൽ 1 സീറ്റ് മാത്രമാണ് നേടാൻ കഴിഞ്ഞത്. ഇന്ദിരാ ഗാന്ധിയുടെ നേതൃത്വത്തിൽ അധികാരത്തിൽവന്ന കേന്ദ്രസർക്കാർ മറ്റുചില സംസ്ഥാനങ്ങൾക്കൊപ്പം ലോക്സഭാ തെരഞ്ഞെടുപ്പിലെ പരാജയം കാരണമാക്കി കാണിച്ചുകൊണ്ട് എം.ജി.ആർ.-ന്റെ നേതൃത്വത്തിലുള്ള തമിഴ്നാട് സർക്കാരിനെ പിരിച്ചുവിട്ടു. ആറ്

മാസത്തിനുള്ളിൽ 1980 ജൂണിൽ അവിടെ നിയമസഭാ തിരഞ്ഞെടുപ്പ് നടന്നു. ലോക്സഭാ തിരഞ്ഞെടുപ്പിൽ അമ്പേ പരാജയപ്പെട്ട എം.ജി.ആർ.-ന്റെ നേതൃത്വത്തിലുള്ള അഖിലേന്ത്യാ അണ്ണാ ഡി.എം.കെ. വമ്പിച്ച ഭൂരിപക്ഷത്തോടെയാണ് ആ തിരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്നത്. മറ്റൊരു ഉദാഹരണം കർണ്ണാടകത്തിന്റേതാണ്. 1984-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഭരണകക്ഷിയായിരുന്ന ജനതാ പാർട്ടി വലിയ പരാജയം ഏറ്റുവാങ്ങി. സ്വന്തമായി ഭൂരിപക്ഷം ഇല്ലാതിരുന്ന അന്നത്തെ മുഖ്യമന്ത്രി രാമകൃഷ്ണ ഹെഗ്ഡെ രാജിവച്ച് നിയമസഭ പിരിച്ചുവിടാൻ ഗവർണ്ണർക്ക് ശിപാർശ ചെയ്തു. തുടർന്ന് നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ 135 സീറ്റുകൾ നേടി ഒറ്റയ്ക്ക് ഭരിക്കാനുള്ള ഭൂരിപക്ഷം രാമകൃഷ്ണ ഹെഗ്ഡെയുടെ നേതൃത്വത്തിലുള്ള ജനതാപാർട്ടി നേടുകയും വീണ്ടും അധികാരത്തിൽ വരികയുംചെയ്തു. കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ലെന്ന് നാം ഓർക്കണം. രാഷ്ട്രീയത്തിന്റെ ഭാഗമായി നിൽക്കുന്നവരായതുകൊണ്ട് എല്ലാവർക്കും എല്ലാ കാര്യങ്ങളും ഓർമ്മയുണ്ടാകുമല്ലോ? 2014-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് 12 സീറ്റുകളാണ് ലഭിച്ചത്. 2011-ലെ നിയമസഭാ

തിരഞ്ഞെടുപ്പിൽ 72 സീറ്റുകൾ മാത്രം ലഭിച്ച യു.ഡി.എഫ്.-ന് 2014-ലെ ലോക്സഭാ സീറ്റുകളിലെ വിജയത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ നിയമസഭാ സീറ്റുകളിൽ അതിലേറെ ഭൂരിപക്ഷം ഉണ്ടായിരുന്നു. തൊട്ടുപിന്നാലെ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിലും അതിനുശേഷം വന്ന നിയമസഭാ തിരഞ്ഞെടുപ്പിലും ആ വിജയം യു.ഡി.എഫ്.-ന് നിലനിർത്താൻ കഴിഞ്ഞോ? അവിടെയെല്ലാം യു.ഡി.എഫ്.-ന് പരാജയമാണ് ഏറ്റുവാങ്ങേണ്ടിവന്നത്. ഇതിന്റെ ആവർത്തനം 2019-ലും ഉണ്ടായില്ലേ? 2019-ലെ ലോക്സഭാ തിരഞ്ഞെടുപ്പിലെ സീറ്റുകളുടെ കണക്ക് ഞാൻ പറയുന്നില്ല, നല്ല വിജയം യു.ഡി.എഫ്. നേടിയല്ലോ. എന്നാൽ അതിനുശേഷം നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിലും നിയമസഭാ തിരഞ്ഞെടുപ്പിലും യു.ഡി.എഫ്.-ന് പരാജയം ഏറ്റുവാങ്ങേണ്ടി വന്നില്ലേ? ലോക്സഭാ തിരഞ്ഞെടുപ്പിൽ സീറ്റുകൾ കുറഞ്ഞുപോയതിനാൽ സംസ്ഥാന സർക്കാർ രാജിവയ്ക്കണം എന്നുപറയുന്നത് ഏത് യുക്തിയുടെ അടിസ്ഥാനത്തിലാണ്? മുമ്പ് 2004-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിപദം രാജിവച്ചത് സീറ്റ് കുറഞ്ഞതുകൊണ്ടല്ല, മറിച്ച്

കോൺഗ്രസിന് അകത്തുള്ള സംഘടനാ പ്രശ്നങ്ങൾ കാരണമായിരുന്നെന്ന് നിങ്ങൾക്കെല്ലാവർക്കും നല്ലതുപോലെ അറിയാമല്ലോ. അതിനെ ഉദാഹരണമാക്കി സംസ്ഥാന സർക്കാരിന്റെ രാജി ആവശ്യപ്പെടാൻ പുറപ്പെടേണ്ടതില്ലെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

നിങ്ങൾ ഉന്നയിക്കുന്ന ഒരു കാര്യം സംബന്ധിച്ച് പറയുകയാണെങ്കിൽ, സ്വാഭാവികമായും അത് നിങ്ങൾക്ക് ഉന്നയിക്കാനുള്ള അവകാശമുള്ളതാണ്, കേരളത്തിൽ ഞങ്ങൾക്ക് എതിരായ ജനവിധി ഉണ്ടായിരിക്കുന്നു. ആ ജനവിധി സംസ്ഥാന ഭരണത്തിന് എതിരായ വിധിയാണെന്നാണ് നിങ്ങൾ ഉന്നയിക്കുന്ന ഒരു പ്രശ്നം. ഈ തിരഞ്ഞെടുപ്പിനെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം ഓർക്കേണ്ടതായ ഒരു കാര്യമുണ്ട്, അത് നമ്മുടെ രാജ്യം നേരിട്ടിരുന്ന ഒരു വലിയ പ്രശ്നത്തെക്കുറിച്ചുള്ളതാണ്. രാജ്യത്ത് ബി.ജെ.പി.-യുണ്ടാക്കിയ ഭീതിജനകമായ അന്തരീക്ഷത്തിന്റെ ഫലമായി ഇനി ഇവിടെ ജീവിക്കാൻ കഴിയുമോ? അങ്ങനെ ചിന്തിക്കുന്ന ധാരാളം വ്യക്തികളും കുടുംബങ്ങളും നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. അത്തരം ആളുകൾക്ക് ബി.ജെ.പി. അധികാരത്തിൽനിന്നും പോകണമെന്നും ശ്രീ. നരേന്ദ്ര മോദി ഏതുവിധേനയും

അധികാരത്തിൽനിന്ന് ഒഴിയണമെന്നുമുള്ള വികാരം നമ്മളെല്ലാം ആഗ്രഹിക്കുന്നതിനപ്പുറം തീവ്രമായിട്ടുണ്ട്. കാരണം അത് അവരുടെ ജീവൽ പ്രശ്നമാണ്. അവർക്ക് ഇടതുപക്ഷത്തോട് ഒരു വിരോധവുമില്ലെന്ന് ആദ്യം മനസ്സിലാക്കണം. ഇടതുപക്ഷത്തോടുള്ള വിരോധത്തിന്റെ ഭാഗമായി ഇവിടെ ഒരു നിലപാട് സ്വീകരിക്കുക എന്നല്ല, രാജ്യത്ത് ശ്രീ. നരേന്ദ്ര മോദിയുടെ ഭരണം ഒഴിവാക്കി പുതിയൊരു ഗവൺമെന്റിനെ കൊണ്ടുവരാനാണ് അവർ ആഗ്രഹിക്കുന്നത്. ഇന്ത്യയിൽ ഇന്നത്തെ നിലയിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിനാണ് അതിന് സാധ്യതയുള്ളത്. അപ്പോൾ കേരളത്തിൽ ഞങ്ങൾ എന്ത് നിലപാട് സ്വീകരിക്കണമെന്നാണ് ആ വിഭാഗത്തിലുള്ളവർ ചിന്തിക്കുന്നത്? കോൺഗ്രസ് വിജയിച്ചുവരുന്നത് നല്ലതെന്ന് അവർ ചിന്തിക്കും. നിങ്ങളുടെ താൽക്കാലിക ലാഭത്തിനുവേണ്ടി ഞങ്ങൾക്കെതിരായ ഒരു വികാരമാണ് ഉയർന്നുവന്നത് എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. ഞങ്ങൾക്കെതിരായല്ല, ബി.ജെ.പി.-യെയും ശ്രീ. നരേന്ദ്ര മോദിയെയും പരാജയപ്പെടുത്തി ഭരണത്തിൽനിന്നും ഒഴിവാക്കുന്നതിന് കോൺഗ്രസ് അടക്കമുള്ള സംവിധാനമാണ് രാജ്യത്ത് നല്ലത് എന്ന ചിന്ത

അവർക്കുണ്ടാകും. ഇതാണ് സംഭവിച്ചത്. ഞാൻ പറയുന്നത് ആദ്യം മനസ്സിലാക്കണം. വെറുതെ ഒച്ചയുണ്ടാക്കിക്കൊണ്ടിരിക്കരുത്.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്......

ശ്രീ. പിണറായി വിജയൻ: സർ, ഇതാണ് നമ്മുടെ നാട്ടിൽ സംഭവിക്കുന്നത്. അത് ഇപ്പോൾ മാത്രമുണ്ടായതല്ല, ഇതാണ് 2019-ലുണ്ടായത്. 2019-ൽ ശ്രീ. രാഹുൽ ഗാന്ധി വന്നപ്പോൾ പ്രധാനമന്ത്രി സ്ഥാനാർത്ഥിയാണെന്ന ചിത്രം ഉയർന്നുവന്നു, സ്വാഭാവികമായ ഒഴുക്കുണ്ടായി. ഞങ്ങൾക്കെതിരായ വല്ലാത്ത വികാരമാണ് അതിന് അവരെ നയിച്ചതെന്ന് തെറ്റായി ധരിക്കേണ്ട. ഞങ്ങൾ അതിനെ അങ്ങനെ കാണുന്നില്ല. അതാണ് ഒരു ഭാഗം. ഞാൻ കാണുന്നതാണ് പറയുന്നത്. ഇവിടെ ഇരുന്ന് പറയുന്ന ആൾ കാണുന്നതല്ലല്ലോ ഞാൻ പറയുന്നത്. അതിൽ എന്തെങ്കിലും കാര്യമുണ്ടോയെന്ന് മനസ്സിലാകണമെങ്കിൽ കേട്ടുവച്ച് ആലോചിക്കാൻ തയ്യാറാകണം. അന്നേരം തന്നെ ബ...ബ്ബ...ബ്ബ... എന്നുപറഞ്ഞാൽ അതൊരു മറുപടിയാകില്ല. പറയുന്നതിൽ എന്തെങ്കിലും വസ്തുതയുണ്ടോയെന്ന് പരിശോധിക്കണം.

വേറൊരു വിഭാഗമുള്ളത്, ഞങ്ങളുമായി യാതൊരു തരത്തിലുള്ള വിപ്രതിപത്തിയുമില്ല. പക്ഷേ ബദൽ സംവിധാനം കോൺഗ്രസിന്റെ നേതൃത്വത്തിൽ വരുന്നതാണ് നല്ലതെന്നാണ് അവർ ആഗ്രഹിക്കുന്നത്. അതുകൊണ്ട് കോൺഗ്രസ് സ്ഥാനാർത്ഥികളെ, യു.ഡി.എഫ്. സ്ഥാനാർത്ഥികളെ ലോക്സഭയിൽ വിജയിപ്പിക്കുന്നതാണ് നല്ലതെന്ന് അവർ കാണുന്നു. ആ വിഭാഗത്തിൽ സമ്മർദ്ദം ചെലുത്താനും ഇടപെടാനും കഴിയുന്ന മേധാവികൾ തന്നെ ആ നിലപാട് സ്വീകരിച്ച് അത് പറയാൻ കഴിയുന്ന ആളുകളോട് പറയുകയും ചെയ്തു. ഇതാണ് നടന്നത്, ഇതൊക്കെയാണ് സംഭവിക്കുന്ന കാര്യം. സ്വാഭാവികമായും അവരും നിങ്ങൾക്ക് വോട്ട് ചെയ്യും. നിങ്ങൾ വോട്ട് വാങ്ങിയതിലോ തൽക്കാലം ജയിച്ചതിലോ ഒന്നും ഞങ്ങൾ വല്ലാതെ വേവലാതിപ്പെടുന്നില്ല. കാരണം അതൊന്നും ഞങ്ങൾക്ക് നഷ്ടമാകുന്ന കാര്യമല്ല. ഞങ്ങളും നിങ്ങളും ഗൗരവമായി കാണേണ്ട കാര്യം കേരളത്തിലെ ഒരു മണ്ഡലത്തിൽ ബി.ജെ.പി. എങ്ങനെ ജയിച്ചുവെന്നുള്ളതാണ്? നിങ്ങൾ പറഞ്ഞുവന്നത് ഞങ്ങളുടെ പരാജയത്തെക്കുറിച്ചാണല്ലോ. നിങ്ങൾ പരിശോധിക്കാൻവേണ്ടി ഒരു കാര്യം ഞാൻ പറയുകയാണ്. 2019-ലെ

ലോക്സഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് 7156000 വോട്ടാണ് ലഭിച്ചത്. ഇപ്പോൾ 6664000 വോട്ടാണ് ലഭിച്ചത്. അതായത് 492000 വോട്ടിന്റെ കുറവുണ്ടായി എന്നതാണ് വസ്തുത. 2019-ലെ തിരഞ്ഞെടുപ്പിൽ ലഭിച്ചതിൽനിന്നും 492000 വോട്ട് ഞങ്ങൾക്ക് കുറഞ്ഞു. എല്ലാ ആനുകൂല്യവും ലഭിച്ച നിങ്ങളുടെ സ്ഥിതിയോ? അതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. 2019-ൽ 9629000 വോട്ടാണ് യു.ഡി.എഫ്.-ന് ലഭിച്ചത്. ഇപ്പോൾ യു.ഡി.എഫ്.-ന് 9017000 വോട്ടാണ് ലഭിച്ചത്. 611000 വോട്ടിന്റെ കുറവുണ്ടായി. കൃത്യമായി പറഞ്ഞാൽ 611840 ആണ്. 492000 വോട്ട് കുറഞ്ഞത് എൽ.ഡി.എഫ്.-നും 611000 വോട്ട് കുറഞ്ഞത് യു.ഡി.എഫ്.-നുമാണ്. ആരുടെ കുറവാണ് വലുത്, ഇതല്ലേ പരിശോധിക്കേണ്ടത്? നിങ്ങൾ തോറ്റുവെന്നല്ല ഞാൻ പറയുന്നത്. നിങ്ങൾ മഹാവിജയം നേടി. ആ മഹാ വിജയം നേടിയ നിങ്ങൾക്ക് എങ്ങനെ വോട്ട് കുറഞ്ഞു? നിങ്ങൾ അക്കാര്യം പരിശോധിക്കാൻ തയ്യാറാകണം. അതാണ് ഞാൻ പറഞ്ഞുവരുന്നത്. അതേസമയം ശതമാനം പരിശോധിച്ചാൽ 1.75% വോട്ട് എൽ.ഡി.എഫ്.-ന് കുറഞ്ഞു. 2.11% വോട്ട് യു.ഡി.എഫ്.-ന് കുറഞ്ഞു. വോട്ടിംഗ് നിലയിൽ വന്ന

ഈ കുറവ് കാണാതിരിക്കരുത്. 2019-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഒരു നിയമസഭാ മണ്ഡലത്തിൽ മാത്രമാണ് ബി.ജെ.പി.-ക്ക് ലീഡുണ്ടായിരുന്നത്. അന്ന് യു.ഡി.എഫ്.-ന് 123 മണ്ഡലങ്ങളിൽ ലീഡ് നേടാൻ കഴിഞ്ഞു. 16 മണ്ഡലങ്ങളിൽ മാത്രമേ എൽ.ഡി.എഫ്.-ന് ലീഡുണ്ടായിരുന്നുള്ളൂ. 2024 ആയപ്പോൾ 11 മണ്ഡലങ്ങളിലാണ് ബി.ജെ.പി. ലീഡ് നേടിയത്. 111 മണ്ഡലങ്ങളിൽ യു.ഡി.എഫ്. ലീഡ് നേടി. അപ്പോൾ യു.ഡി.എഫ്.-ന്റെ ലീഡ് 123-ൽനിന്ന് 111-ലേയ്ക്ക് എത്തി. എൽ.ഡി.എഫ്.-ന്റെ ലീഡ് മെച്ചപ്പെട്ടതായി കാണുന്നില്ല, പക്ഷേ 16-ൽനിന്ന് 18-ലേയ്ക്ക് പോയി. അതൊരു മെച്ചപ്പെട്ട എണ്ണമായി ഞാൻ പറയുന്നതല്ല. ഈ കണക്ക് നാം കാണണം.

ഇവിടെ നാം ഗൗരവമായി കാണേണ്ട കാര്യം തൃശ്ശൂരിന്റെ വോട്ടിംഗ് നിലയാണ്. എന്തുകൊണ്ടാണ് തൃശ്ശൂരിൽ ബി.ജെ.പി.-ക്ക് വിജയിക്കാൻ സാധിച്ചത്? നാം തമ്മിലുള്ള തർക്കവിതർക്കങ്ങൾക്കിടയിൽ എന്തുകൊണ്ട് അത് സംഭവിച്ചുവെന്നുള്ളത് എല്ലാവരും ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. പല ന്യായവാദങ്ങളും പരസ്യമായി ഉന്നയിക്കാനുണ്ടാകും. നിങ്ങളുടെ ഇടയിൽ അതുണ്ടാക്കിയ പ്രശ്നങ്ങൾ എത്ര വലുതാണെന്ന്

ഞങ്ങളെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. നിങ്ങളും അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കൃത്യമായി പറഞ്ഞാൽ 2019-ലെ തിരഞ്ഞെടുപ്പിൽ ലഭിച്ചതിൽനിന്ന് 9.8% വോട്ട് യു.ഡി.എഫ്.-ന് കുറയുകയാണ് ചെയ്തത്. തൃശ്ശൂരിലെ നിങ്ങളുടെ വോട്ടിംഗ് നിലയുടെ അവസ്ഥ എന്താണ്? തൃശ്ശൂരിലെ നിയമസഭാമണ്ഡലങ്ങൾ പരിശോധിച്ചാൽ നിങ്ങൾക്ക് 2019-ലെ വോട്ട് നിലനിർത്താൻ അവിടത്തെ 7 മണ്ഡലങ്ങളിൽ എവിടെ സാധിച്ചു? 2019-ലെ തിരഞ്ഞെടുപ്പിൽ ഗുരുവായൂരിൽ 65160 വോട്ട് യു.ഡി.എഫ്.-നുണ്ടായിരുന്നു. എന്നാൽ 2024-ലെ തിരഞ്ഞെടുപ്പിൽ 57925 വോട്ടാണ് ലഭിച്ചത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എൽ.ഡി.എഫ്.-ന് എത്ര വോട്ടായിരുന്നു ലഭിച്ചത്?

ശ്രീ. പിണറായി വിജയൻ: സർ, എൽ.ഡി.എഫ്. തോറ്റവരാണല്ലോ. നിങ്ങളല്ലേ ജയിച്ചവർ, ജയിച്ചവർ എവിടെ കിടക്കുന്നുവെന്നുള്ളത് നിങ്ങൾ കാണണമെന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. ബാക്കി നിങ്ങൾക്ക് നേരത്തെ പറയാമായിരുന്നല്ലോ. നിങ്ങൾക്ക് ഇത് പറഞ്ഞു കേൾക്കുന്നതിൽ

അസ്വസ്ഥത വേണ്ട. ഞാൻ പറയാനുള്ളത് പറയുമല്ലോ, അതിൽ വല്ലാതെ അസ്വസ്ഥതയുണ്ടായിട്ട് കാര്യമില്ല. തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ ശ്രീ. ശശി തരൂരിന്റെയും തൃശ്ശൂർ ലോക്സഭാ മണ്ഡലത്തിൽ ശ്രീ. സുരേഷ് ഗോപിയുടെയും വിജയങ്ങൾ ഒരുപോലെയല്ല നാം കാണേണ്ടത്. ഇനിയെങ്കിലും അവ രണ്ടും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനുള്ള വിവേചനം ഇനിയെങ്കിലും യു.ഡി.എഫ്-ന് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് 63420 വോട്ട് ലഭിച്ച മണലൂർ നിയമസഭാ മണ്ഡലത്തിൽ ഇപ്പോൾ 50897 വോട്ടാണ് ലഭിച്ചത്. ഇതാണ് നിലവിലെ അവസ്ഥ. ഒല്ലൂർ നിയോജകമണ്ഡലത്തെക്കുറിച്ച് എല്ലാവർക്കും അറിയാമല്ലോ, പ്രത്യേകിച്ച് ഓർക്കേണ്ടൊരു സ്ഥലമാണത്. അതുസംബന്ധിച്ച് ഞാൻ അവസാനം പറയാം. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ മണ്ഡലമായതുകൊണ്ടുമാത്രമല്ല, നാമെല്ലാവരും പ്രത്യേകമായി കാണേണ്ടൊരു സ്ഥലമായതുകൊണ്ട് പറയുന്നതാണ്. ഒല്ലൂർ മണ്ഡലത്തിൽ 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് 63000 വോട്ടുകളാണ് ലഭിച്ചതെങ്കിൽ ഇപ്പോഴത് 47000-മായി കുറഞ്ഞുവെന്നതാണ് വസ്തുത. തൃശ്ശൂർ

മണ്ഡലത്തിൽ 2019-ൽ 55000 വോട്ടുകൾ ലഭിച്ചെങ്കിൽ ഇപ്പോഴത് 40000 ആയും നാട്ടിക മണ്ഡലത്തിൽ 52000 വോട്ടുകൾ ലഭിച്ചിടത്ത് 38000 വോട്ടുകളായും ഇരിഞ്ഞാലക്കുട മണ്ഡലത്തിൽ 57000 വോട്ടുകൾ ലഭിച്ചിടത്ത് 46000 ആയും പുതുക്കാട് മണ്ഡലത്തിൽ 56000 വോട്ടുകൾ ലഭിച്ചിടത്ത് 42000 ആയും 2024-ലെ തെരഞ്ഞെടുപ്പിൽ കുറയുകയുണ്ടായി. ഇത് നാം ശ്രദ്ധിക്കേണ്ട കാര്യമാണ്. അങ്ങനെയാണ് 415000-ൽനിന്ന് 328000-ലേയ്ക്ക് വോട്ടുനില താഴ്ന്ന അവസ്ഥയുണ്ടായത്. ഇത്തരത്തിൽ യു.ഡി.എഫ്. പുറകിലേയ്ക്ക് പോകാനും വോട്ടുകൾ മാറിപ്പോകാനുമിടയായത് എങ്ങനെയാണെന്നുള്ളത് ഗൗരവമായി ശ്രദ്ധിക്കേണ്ട കാര്യമാണ്. മറ്റെല്ലാ സ്ഥലങ്ങളിലും യു.ഡി.എഫ്.-നോടൊപ്പം നിന്ന ചില ശക്തികളുടെ മേധാവികളെ മറ്റൊരു തരത്തിൽ കൂടെ നിർത്താൻ അവർക്ക് സാധിച്ചുവെന്നതാണ് ഇവിടെ ഗൗരവമായി കാണേണ്ടൊരു കാര്യം. ഇതൊക്കെ കേരളത്തിൽ നടക്കുന്ന ചില യാഥാർത്ഥ്യങ്ങളാണ്, അതൊന്നും കാണാതിരിക്കരുത്. അതിന്റെ ഭാഗമായുള്ള ചില മാറ്റങ്ങളുണ്ടായെന്നത് യാഥാർത്ഥ്യമാണ്. ഈ സാഹചര്യം എല്ലാക്കാലത്തും നിലനിൽക്കുമെന്നോ ഇതേ അവസ്ഥയായിരിക്കുമെന്നോ

കരുതരുത്. ആസൂത്രിതമായ നീക്കങ്ങൾ നേരത്തെതന്നെ നടക്കുകയുണ്ടായി. ചെറിയ ചെറിയ തർക്കങ്ങൾ നടക്കുമ്പോഴും ഇത്തരം വസ്തുതകൾ മനസ്സിലാക്കാനും ഉൾക്കൊള്ളാനും നാം തയ്യാറാകേണ്ടതുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പണ്ട് ഇ.എം.എസ്. നമ്പൂതിരിപ്പാട് ചെയ്യുന്നതുപോലെയാണ് അങ്ങിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. വലിയ തോൽവികളുണ്ടാകുമ്പോൾ ഇതേ രീതിയിൽ കണക്കുകൾ പറയുന്നൊരു രീതി സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിനുണ്ടായിരുന്നു. അങ്ങ് പറയുന്ന കാര്യങ്ങൾ വളരെ ഗൗരവത്തോടെ ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങ് മൂന്ന് കാര്യങ്ങളാണ് പറഞ്ഞത്. യു.ഡി.എഫ്-ന് ഗംഭീരമായ വിജയം ലഭിച്ചെങ്കിലും ഞങ്ങളുടെ ആറ് ലക്ഷം വോട്ടുകളും നിങ്ങളുടെ അഞ്ച് ലക്ഷം വോട്ടുകളും കുറഞ്ഞുവെന്ന് അങ്ങ് പറഞ്ഞു. 2019-ലെ തെരഞ്ഞെടുപ്പിലെ വോട്ടുനിലയുമായാണ് ഇവിടെ താരതമ്യപ്പെടുത്തിയത്. 2019-ലെ രാഷ്ട്രീയ സാഹചര്യമെന്തായിരുന്നു? അങ്ങ് പറഞ്ഞത് ശരിയാണ്. ശ്രീ. രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകുകയും യു.പി.എ. അധികാരത്തിൽ വരികയും

ചെയ്യുമായിരുന്നു. മധ്യതിരുവിതാംകൂറിൽ ശബരിമല വിഷയം ഇടതുപക്ഷത്തിനെതിരെ വളരെ രൂക്ഷമായി നിൽക്കുന്നുമുണ്ടായിരുന്നു. ഈ രണ്ട് വിഷയങ്ങളാണ് യു.ഡി.എഫ്.-ന്റെ അന്നത്തെ വമ്പിച്ച വിജയത്തിനുള്ള കാരണം. ഇത്തവണത്തെ തെരഞ്ഞെടുപ്പിലെ അന്തരീക്ഷമെന്താണ്? ഇപ്പോൾ ശബരിമല പ്രവേശന വിഷയമില്ലല്ലോ; ഇല്ല. 2019-ലെ തെരഞ്ഞെടുപ്പിൽ ദേശീയതലത്തിൽ ഞങ്ങൾക്ക് അനുകൂലമായുണ്ടായിരുന്ന മറ്റൊരു ഘടകം പറയാം. രണ്ടാം ഘട്ടത്തിലാണ് കേരളത്തിലെ ഇലക്ഷൻ നടന്നത്. ആ സമയം നാനൂറ് സീറ്റുകളോടുകൂടി ശ്രീ. നരേന്ദ്ര മോദി വീണ്ടും അധികാരത്തിൽ വരുമെന്ന് ഇന്ത്യയിലെ മാധ്യമങ്ങൾ പ്രചരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാവരും അത് വിശ്വസിച്ചിരുന്നു. എന്നാൽ തെരഞ്ഞെടുപ്പിന്റെ നാലാമത്തെ ഘട്ടമായപ്പോഴാണ് ഇന്ത്യാ മുന്നണി മുന്നിലേയ്ക്ക് കയറിവരുന്നുണ്ടെന്നുള്ള തോന്നലുണ്ടായത്. ഈ തോന്നൽ കേരളത്തിലെ തെരഞ്ഞെടുപ്പ് നടക്കുന്ന ഘട്ടത്തിലായിരുന്നുവെങ്കിൽ യു.ഡി.എഫ്. ഇവിടെ 20 സീറ്റുകളിലും വിജയിക്കുമായിരുന്നു, ഒരിടത്തും തോൽക്കില്ലായിരുന്നു. ആ വ്യത്യാസം മനസ്സിലാക്കണം. തൃശ്ശൂർ ജില്ലയിലെ എല്ലാ നിയോജകമണ്ഡലങ്ങളെക്കുറിച്ചും

അങ്ങ് പറഞ്ഞു. അക്കാര്യങ്ങളെല്ലാം പരിശോധിക്കണമെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി പറഞ്ഞതിനാൽ ഞങ്ങൾ അവ ഉറപ്പായും പരിശോധിക്കും. കണ്ണൂർ ജില്ലയിലെ അങ്ങയുടെ നിയോജകമണ്ഡലമായ ധർമ്മടം, അറുപതിനായിരം വോട്ടിന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ വിജയിച്ച മട്ടന്നൂർ, കല്ല്യാശ്ശേരി, പയ്യന്നൂർ, തൃക്കരിപ്പൂർ, ഉദുമ, തളിപ്പറമ്പ് തുടങ്ങിയ സ്ഥലങ്ങളിലെല്ലാം എങ്ങനെയാണ് വോട്ട് ചോർച്ച സംഭവിച്ചതെന്ന് അങ്ങുകൂടി ഒന്ന് പരിശോധിക്കണമെന്നൊരു അഭ്യർത്ഥന ഞങ്ങൾക്കുണ്ട്. തൃശ്ശൂരിലെ കാര്യം അങ്ങ് പറഞ്ഞപ്പോൾ, ശ്രീ. വി. എസ്. സുനിൽ കുമാറിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം,.......... അങ്ങ് പറഞ്ഞത് ശരിയാണ്. അങ്ങ് പറഞ്ഞത് ശരിയാണ്. മുൻകാലങ്ങളിൽ ഞങ്ങൾക്ക് പത്തൊൻപത് മണ്ഡലങ്ങളിലുംനിന്ന ലഭിച്ച വോട്ടുകളിൽ രണ്ട് വിഭാഗങ്ങളുടെ വോട്ട് ഇത്തവണ ഞങ്ങളിൽനിന്ന് പോയിട്ടുണ്ട്. അതിലൊരു വിഭാഗത്തിന്റെ വോട്ട് ലഭിച്ചത് എൽ.ഡി.എഫ്-നാണ്. പക്ഷേ, ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ വോട്ടിൽ അങ്ങനെ അധികമായി കിട്ടിയ അൻപതിനായിരത്തോളം വോട്ട് (അദ്ദേഹത്തിന് ആ വോട്ടുകൾ കിട്ടാൻ വേറെ കാരണമുണ്ട്) റിഫ്ലെക്ട് ചെയ്യാത്തത്

എന്തുകൊണ്ടാണ്; ആ 50000 വോട്ടുകൾ നിങ്ങൾ കാണാത്തത് എന്തുകൊണ്ടാണ്? ശ്രീ. വി. എസ്. സുനിൽ കുമാറിന് കിട്ടേണ്ട സി.പി.ഐ.(എം)-ന്റെ വോട്ട് ബി.ജെ.പി.-യിലേയ്ക്ക് ചോർന്നു. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ സ്ഥലമായ മാളയുടെ തൊട്ടടുത്തുള്ള അന്തിക്കാട് പ്രദേശത്തെ കണക്ക് എൽ.ഡി.എഫ്. പരിശോധിക്കണം. അവിടെ ഇന്നുവരെ വോട്ടിന്റെ കാര്യത്തിൽ ഇടതുപക്ഷം പുറകിലേയ്ക്ക് പോയിട്ടില്ല. അന്തിക്കാട് ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെ ഇടതുപക്ഷത്തിന്റെ വോട്ട് മുഴുവൻ ബി.ജെ.പി.-യിലേയ്ക്കാണ് പോയത്. ഇക്കാര്യം ബഹുമാനപ്പെട്ട റവന്യൂ, ഭവനനിർമ്മാണ വകുപ്പുമന്ത്രിക്ക് അറിയാം. സി.പി.ഐ.(എം.)-ന്റെ വോട്ടുകൾ ബി.ജെ.പി.-യിലേയ്ക്ക് ചോർന്നതുകൊണ്ടാണ് ശ്രീ. വി. എസ്. സുനിൽ കുമാറിന് അധികമായി കിട്ടിയ വോട്ട് റിഫ്ലെക്ട് ചെയ്യാത്തത്. തൃശ്ശൂരിൽ വോട്ട് ലഭിച്ചത് സംബന്ധിച്ച് ഇങ്ങനെയുമൊരു കണക്കുണ്ട്. ഇക്കാര്യം പരിശോധിക്കുന്നത് നല്ലതായിരിക്കും.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഒരു കാര്യം അങ്ങയെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏത്

കണക്കാണ് അങ്ങ് പറഞ്ഞത് എന്നെനിക്ക് മനസ്സിലായില്ല. 2009, 2014, 2019, 2024 തുടങ്ങിയ വർഷങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ (അവസാനം നടന്ന നാല് തെരഞ്ഞെടുപ്പുകളിലും) കോൺഗ്രസിന് ലഭിച്ച ഏറ്റവും കൂടുതൽ വോട്ട് ശ്രീ. ടി. എൻ. പ്രതാപന് ലഭിച്ച 414541 വോട്ടും ഏറ്റവും കുറഞ്ഞത് ശ്രീ. കെ. പി. ധനപാലന് ലഭിച്ച 350000 വോട്ടുമാണ്. അതിൽനിന്ന് വോട്ട് വർധനയുണ്ടായിട്ടും 327000 വോട്ടായി കോൺഗ്രസ് ഈ ലോക്സഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. നാല് തെരഞ്ഞെടുപ്പുകൾക്കിടയിൽ 350000 മുതൽ 414000 വരെ വോട്ട് നേടിയ കോൺഗ്രസ് പാർട്ടി/യു.ഡി.എഫ്./ഐക്യ ജനാധിപത്യ മുന്നണി 327000 വോട്ടായി താഴേയ്ക്ക് പോയതിന്റെ കണക്കാണിത്. ഞങ്ങൾ അങ്ങനെയായിരുന്നില്ല. ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾ ഒരേ പാറ്റേണിലല്ല കാണേണ്ടത്. നിങ്ങൾ പറഞ്ഞ ഗുരുവായൂരിലെ തെരഞ്ഞെടുപ്പിൽ കഴിഞ്ഞ തവണ സംഭവിച്ചതെന്താണ്? ഇത്തവണ പൊന്നാനിയിൽ മത്സരിച്ച ബി.ജെ.പി.-യുടെ സ്ഥാനാർത്ഥി അവിടെ നോമിനേഷൻ കൊടുത്തപ്പോൾ അത് തള്ളിപ്പോയി. പുറത്തുള്ള ഒരു സ്ഥാനാർത്ഥിയെ മത്സരിപ്പിച്ച സമയത്ത്

രണ്ടുപേർക്ക് ലഭിച്ച വോട്ടിന്റെ കണക്കാണ് നിങ്ങൾ നേരത്തെ പറഞ്ഞത്. ഏറ്റവും മോശമായി നാല് തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുമ്പോൾ ഞങ്ങൾക്ക് ലഭിച്ച ഏറ്റവും കുറഞ്ഞ വോട്ട് 320000 ആണ്. ഇത്തവണ അതിനേക്കാൾ വർദ്ധനവുണ്ടാക്കിയ കാര്യം മണ്ഡലങ്ങൾ തിരിച്ച് നോക്കിയാൽ മനസ്സിലാകും. ആ കാര്യം മാത്രം മനസ്സിലാക്കിയാൽ മതി. 92000-ലേറെ വോട്ടുകളുടെ അപകടകരമായ കുറവ് കോൺഗ്രസിനുണ്ടായി എന്നുള്ള യാഥാർത്ഥ്യമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയാൻ ശ്രമിച്ചതെന്നാണ് എന്റെ ധാരണ. കഴിഞ്ഞ തവണ ലഭിച്ച 414000 വോട്ട് മാത്രമല്ല, ഇതിനുമുമ്പ് ഒരിക്കൽപ്പോലും 327000 എന്ന വോട്ട് നിലയിലേയ്ക്ക് പോകാത്ത, ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ എല്ലാ കാലത്തും കോൺഗ്രസിന് കുറച്ച് ഭൂരിപക്ഷം നേടാൻ കഴിയാറുള്ള തൃശ്ശൂർ പോലുള്ള ഒരു ലോക്സഭാ മണ്ഡലത്തിൽ യു.ഡി.എഫ്. പുറകിലേയ്ക്കുപോയി എന്നാണ് ഞങ്ങളുടെ കണക്ക്. ആ കണക്ക് തന്നെ കോൺഗ്രസിനുള്ളതുകൊണ്ടാണ് കോൺഗ്രസ് പ്രസിഡന്റും യു.ഡി.എഫ്. ചെയർമാനും രാജിവച്ചത് എന്നാണെന്റെ വിശ്വാസം. എല്ലാ കണക്കുകളും പറയേണ്ട എന്ന് വിചാരിച്ച് ഞാൻ പറയാതിരുന്നതാണ്. എൽ.ഡി.എഫ്.-ന്

വോട്ട് വല്ലാതെ കുറഞ്ഞുപോയി എന്നാണ് പ്രതിപക്ഷനേതാവ് ധരിക്കുന്നതെങ്കിൽ ആ കണക്ക് എന്താണെന്നുള്ളത് ഞാൻ പറയാം. ഗുരുവായൂരിൽ എൽ.ഡി.എഫ്.-ന് 2019-ൽ 44695 വോട്ടാണ് കിട്ടിയത്. ഇത്തവണ അത് 50519 ആയി. അവിടെ കുറവല്ല വർദ്ധനവാണുണ്ടായത്. മണലൂരിൽ 2019-ൽ 50482 വോട്ടാണ് കിട്ടിയതെങ്കിൽ ഇത്തവണ 53183 ആയി. ഒല്ലൂരിൽ 2019-ൽ 47372 വോട്ട് കിട്ടിയ സ്ഥാനത്ത് ഇത്തവണ 48633 വോട്ട് ലഭിച്ചു. എല്ലാ കണക്കുകളും വായിക്കണമെങ്കിൽ ഞാൻ വായിക്കാം. ഇത്തവണ എൽ.ഡി.എഫ്.-ന് വോട്ട് കുറഞ്ഞുവെന്നാണ് പ്രതിപക്ഷം പറഞ്ഞത്. എന്നാൽ ഞങ്ങളുടെ വോട്ട് ഓരോ മണ്ഡലത്തിലും വർദ്ധിച്ചുവരികയാണ് ചെയ്തത്. ഞങ്ങൾ പരിശോധിക്കേണ്ട മറ്റ് കാര്യങ്ങളൊക്കെ ഞങ്ങൾ പരിശോധിക്കുക തന്നെചെയ്യും, അത് വേറെ. കേരളത്തിലെ ചില മാധ്യമങ്ങൾ സൃഷ്ടിക്കുന്ന വാർത്തകളുടെ ചുവടുപിടിച്ച് അതേരീതിയിൽ ഇവിടെ വന്ന് പറയുന്ന നില ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സ്വീകരിക്കരുത്. ബഹുമാനപ്പെട്ട ശ്രീ. വി. എസ്. സുനിൽകുമാറിന് അത്തരമൊരു അഭിപ്രായമേ ഉണ്ടാകാനിടയില്ല. കാരണം

അദ്ദേഹവും അവിടെയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകരും ഒന്നിച്ചാണ് കാര്യങ്ങൾ നീക്കിയത്. ഒരു സാധാരണ എൽ.ഡി.എഫ്. പ്രവർത്തകന്റെ രീതിയിൽ പ്രവർത്തിക്കുന്ന, നേതാവെന്ന നിലയിൽ മാറിനിൽക്കാതെ പ്രവർത്തകരോടൊപ്പം ഇഴുകിച്ചേർന്ന് പ്രവർത്തിക്കുന്ന ഒരു നേതാവാണ് അദ്ദേഹം. മണ്ഡലത്തിന്റെ നാഡീമിടിപ്പുകളെല്ലാം ശരിയായ രീതിയിൽ മനസ്സിലാക്കുന്ന ആളാണ്. നല്ല സ്ഥാനാർത്ഥിയായിരുന്നു ഞങ്ങൾക്ക് അവിടെയുണ്ടായിരുന്നത്, അദ്ദേഹം ജയിക്കുമെന്ന് ഞങ്ങൾ കണക്കാക്കിയതുമാണ്. പക്ഷെ ഈയൊരു ഒഴുക്കിൽ, പ്രതിപക്ഷത്തിന്റെ 86000-ലധികം വോട്ട് ബി.ജെ.പി.-യിലേയ്ക്ക് ഒഴുകിപ്പോകുന്ന അവസ്ഥ വന്നപ്പോഴാണ് ശ്രീ. സുരേഷ് ഗോപി വിജയിച്ചത്. അതിന്റെ കാരണങ്ങളാണ് ഞാൻ പറയാൻ ശ്രമിച്ചത്. അത് പ്രതിപക്ഷം പരിശോധിക്കേണ്ടതാണ് എന്നുമാത്രമാണ് എനിക്ക് അതുസംബന്ധിച്ച് വ്യക്തമാക്കാനുള്ളത്.

ഇതിനോടൊപ്പം പറയാനുള്ളൊരു കാര്യം, പ്രതിപക്ഷത്തിനുണ്ടായ വിജയത്തിൽ വല്ലാതെ അഹങ്കരിക്കരുതെന്നാണ്, അത് ഗുണം ചെയ്യുന്നൊരു കാര്യമല്ല. കോൺഗ്രസ്സും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും മറ്റ് ചില

പാർട്ടികളുമെല്ലാം ചേർന്നതാണ് യു.ഡി.എഫ്. സ്വാഭാവികമായും നേതൃത്വം വഹിക്കുന്ന കോൺഗ്രസ്സിനെ നല്ല രീതിയിൽ പിന്താങ്ങിക്കൊണ്ട് സംസാരിക്കുകയെന്നത് മറ്റ് പാർട്ടികൾ സ്വീകരിക്കുന്ന മര്യാദയാണ്, നല്ലതുതന്നെ. പക്ഷെ, അതിന്റെ ഭാഗമായി ഇതുവരെയില്ലാത്ത ഒരു രീതി ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതായാണ് ഈ നിയമസഭയിലെ ഇന്നത്തെ പ്രകടനങ്ങൾ കാണിക്കുന്നത്. ബഹുമാന്യനായ എൻ. ഷംസുദ്ദീൻ അങ്ങേയറ്റം സംസ്കാരസമ്പന്നമായ രീതിയിൽ ഈ സഭയിൽ ഇടപെടുന്ന ഒരാളാണ്. പക്ഷെ, ഈ വിജയത്തിന്റെ ഒരു മത്ത് ലീഗിനെ എങ്ങനെ ബാധിച്ചുവെന്നതിനുദാഹരണമാണ് 'പട്ടി' എന്ന് വിളിക്കാതെ ഞങ്ങളെല്ലാവരെയും പട്ടികളായി ചിത്രീകരിക്കുന്നതരത്തിലുള്ള ഒരു പദപ്രയോഗം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. പിന്നീടത് പിൻവലിച്ചത് നല്ല കാര്യം തന്നെയാണ്, പക്ഷെ പറഞ്ഞത് മനസ്സിലുള്ളൊരു വികാരമാണല്ലോ, എന്തുകൊണ്ടാണ് അങ്ങനെ പറയാനിടയായത്?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, .....

ശ്രീ. പിണറായി വിജയൻ: ബഹുമാനപ്പെട്ട അംഗം പറയേണ്ട കാര്യം പറഞ്ഞല്ലോ; നിങ്ങൾ അത് പിൻവലിച്ചുവെന്നും പറഞ്ഞല്ലോ; അതിന്മേൽ ബഹുമാനപ്പെട്ട അംഗത്തിന്റെ വിശദീകരണം ഇപ്പോൾ ആവശ്യമില്ലല്ലോ; സാധാരണഗതിയിൽ സംസ്കാരസമ്പന്നനായ ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാഗത്തുനിന്നും അങ്ങനെയൊരു കാര്യം ആരെങ്കിലും പ്രതീക്ഷിക്കുമോ? അപ്പോൾ വിജയത്തിന്റെ മത്ത് ഏതുരീതിയിൽ ലീഗിനെ ബാധിച്ചുവെന്നതാണ് ഇതിലൂടെ വ്യക്തമാകുന്നത്. അതോടൊപ്പംതന്നെ ബഹുമാന്യനായ പി. കെ. ബഷീർ ഞങ്ങളോട് ‘ നാണവും ഉളുപ്പും ഉണ്ടോ’ എന്നാണ് ചോദിച്ചത്. അദ്ദേഹത്തെ ഇപ്പോൾ സഭയിൽ കാണുന്നില്ല. ഞങ്ങൾക്ക് നാണവും ഉളുപ്പും ഇല്ലാതിരിക്കേണ്ട ഒരു കാര്യവുമില്ല.

പ്രതിപക്ഷനേതാവ്, (ശ്രീ. വി. ഡി. സതീശൻ): സർ, ‘ What happened to you’ എന്നാണ് അദ്ദേഹം ചോദിച്ചത്.

ശ്രീ. പിണറായി വിജയൻ: സർ, ഇംഗ്ലീഷിലൊന്നുമല്ല, നാണവും ഉളുപ്പും ഉണ്ടോ എന്നുതന്നെയാണ് അദ്ദേഹം ചോദിച്ചത്. ഞാൻ സഭയിലില്ലായിരുന്നെങ്കിലും കൃത്യമായി കേൾക്കുന്നുണ്ടായിരുന്നു. അപ്പോൾ

ഇതൊക്കെ ലീഗിന് വരുന്ന മാറ്റത്തെയാണ് കാണിക്കുന്നത്. തെരഞ്ഞെടുപ്പ് വിജയത്തിന്റെ പേരിൽ വലിയ തോതിലുണ്ടായിട്ടുള്ള മത്തുപിടിത്തം വേണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. ഞങ്ങൾ ഈ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടുവെന്നുള്ളത് ശരിയാണ്. അതിനിടയായ കാരണങ്ങൾ ഞങ്ങൾ വിശദമായി പരിശോധിച്ച് അതിൽ തിരുത്തേണ്ട കാര്യങ്ങളുണ്ടെങ്കിൽ തിരുത്തുകയും ചെയ്യും. അതൊക്കെ സാധാരണഗതിയിൽ ഞങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികളാണ്. പക്ഷെ, ഈ പരാജയം ആത്യന്തികമായൊരു പരാജയമായി ഞങ്ങൾ കാണുന്നില്ല. നേരത്തെ പറഞ്ഞ ഘടകങ്ങളൊക്കെയാണ് അതിലുണ്ടായിരിക്കുന്നത്. യാതൊരു സംശയവും വേണ്ട, നല്ല രീതിയിൽതന്നെ ജനങ്ങളോടൊപ്പംനിന്ന് ജനങ്ങളുടെ പിന്തുണയോടെ ഞങ്ങൾ വീണ്ടുമുണ്ടാകും എന്നുമാത്രമാണ് പറയാനുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്ക് കൂടുതൽ ഞാൻ കടക്കുന്നില്ല. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

**ധനാഭ്യർത്ഥന നമ്പർ II**
**സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ**

മി. സ്പീക്കർ: സർവ്വശ്രീ പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി എന്നീ അംഗങ്ങൾ II-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

**ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.**

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ

കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക്, പോളിംഗിന് ബെൽ മുഴങ്ങിക്കഴിഞ്ഞാൽ ചെയറിൽനിന്നും നിർദ്ദേശം വരുന്നതാണ്. അതിനുശേഷം 'സ്റ്റാർട്ട് പോളിംഗ്' എന്ന് ചെയർ അറിയിക്കുമ്പോൾ മാത്രമെ ബഹുമാനപ്പെട്ട അംഗങ്ങൾ വോട്ട് രേഖപ്പെടുത്താൻ പാടുള്ളൂ.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

**അനുകൂലിക്കുന്നവർ**:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. കെ. ആൻസലൻ

5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. പി. വി. അൻവർ
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീമതി ജെ. ചിഞ്ചുറാണി
12. ശ്രീ. പി. പി. ചിത്തരഞ്ജൻ
13. ശ്രീമതി ദെലീമ
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ശ്രീമതി കാനത്തിൽ ജമീല
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. കെ. യു. ജനീഷ് കുമാർ
19. ശ്രീ. ഒ. ആർ. കേളു
20. ശ്രീ. കെ. കൃഷ്ണൻകുട്ടി
21. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

22. ശ്രീ. ലിന്റോ ജോസഫ്

23. ശ്രീ. ടി. ഐ. മധുസൂദനൻ

24. ശ്രീ. പി. മമ്മിക്കുട്ടി

25. ശ്രീ. എം. എം. മണി

26. ശ്രീ. മാത്യു. ടി. തോമസ്

27. ശ്രീ. കെ. ജെ. മാക്സി

28. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

29. ശ്രീ. കെ. പി. മോഹനൻ

30. ശ്രീ. എ. സി. മൊയ്തീൻ

31. ശ്രീ. മുഹമ്മദ് മുഹസിൻ

32. ശ്രീ. സി. സി. മുകുന്ദൻ

33. ശ്രീ. ഡി. കെ. മുരളി

34. ശ്രീ. മുരളി പെരുനെല്ലി

35. ശ്രീ. പി. നന്ദകുമാർ

36. ശ്രീ. എം. നൗഷാദ്

37. ശ്രീ. എ. പ്രഭാകരൻ

38. ശ്രീ. പ്രമോദ് നാരായൺ

39. ശ്രീ. വി. കെ. പ്രശാന്ത്

40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീ. കെ. പ്രേംകുമാർ

42. ശ്രീ. കെ. രാധാകൃഷ്ണൻ

43. ശ്രീ. എ. രാജ

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. പി. രാജീവ്

47. ശ്രീ. എം. ബി. രാജേഷ്

48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

49. ശ്രീ. ടി. പി. രാമകൃഷ്ണൻ

50. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

51. ശ്രീ. കെ. എം. സച്ചിൻദേവ്

52. ശ്രീ. സജി ചെറിയാൻ

53. ശ്രീ. എച്ച്. സലാം

54. ശ്രീമതി ശാന്തകുമാരി കെ.

55. ശ്രീ. ഐ. ബി. സതീഷ്

56. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

57. ശ്രീ. വി. ശിവൻകുട്ടി

58. ശ്രീ. വാഴൂർ സോമൻ

59. ശ്രീ. പി. വി. ശ്രീനിജിൻ

60. ശ്രീ. പി. എസ്. സുപാൽ

61. ശ്രീ. ജി. സ്റ്റീഫൻ

62. ഡോ. സുജിത് വിജയൻപിള്ള

63. ശ്രീ. കെ. വി. സുമേഷ്

64. ശ്രീ. പി. പി. സുമോദ്

65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

66. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

67. ശ്രീ. തോമസ് കെ. തോമസ്

68. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

69. ശ്രീ. വി. എൻ. വാസവൻ

70. ശ്രീമതി വീണാ ജോർജ്

71. ശ്രീ. ഇ. കെ. വിജയൻ

72. ശ്രീ. പിണറായി വിജയൻ

73. ശ്രീ. എം. വിജിൻ

74. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**പ്രതികൂലിക്കുന്നവർ**:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. അനൂപ് ജേക്കബ്

3. ശ്രീ. അൻവർ സാദത്ത്

4. ശ്രീ. എ. കെ. എം. അഷ്റഫ്

5. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

7. ശ്രീ. ടി. വി. ഇബ്രാഹിം

8. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

9. ശ്രീ. യു. എ. ലത്തീഫ്

10. ശ്രീ. സി. ആർ. മഹേഷ്

11. ശ്രീ. കെ. പി. എ. മജീദ്

12. ഡോ. മാത്യു കുഴൽനാടൻ

13. ശ്രീ. കുറുക്കോളി മൊയ്തീൻ

14. ശ്രീ. മോൻസ് ജോസഫ്

15. ഡോ. എം. കെ. മുനീർ

16. ശ്രീ. നജീബ് കാന്തപുരം

17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

18. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

19. ശ്രീമതി കെ. കെ. രമ

20. ശ്രീ. റോജി എം. ജോൺ

21. ശ്രീ. സജീവ് ജോസഫ്

22. ശ്രീ. എൻ. ഷംസുദ്ദീൻ

23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. ഷാഫി പറമ്പിൽ

25. ശ്രീ. സണ്ണി ജോസഫ്

26. ശ്രീമതി ഉമ തോമസ്

27. ശ്രീ. എം. വിൻസെന്റ്

28. ശ്രീ. ടി. ജെ. വിനോദ്

29. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - **74**

പ്രതികൂലിക്കുന്നവർ **-** **29**

നിഷ്പക്ഷത പാലിക്കുന്നവർ - 0

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ- III
## നീതിന്യായ നിർവ്വഹണം

സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, കെ. പി. എ. മജീദ്, പി. അബ്ദുൽ ഹമീദ്, പി. കെ. ബഷീർ, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, എ. കെ. എം. അഷ്റഫ്, മഞ്ഞളാംകുഴി അലി എന്നീ അംഗങ്ങൾ III-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

**ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.**

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

**അനുകൂലിക്കുന്നവർ**:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. കെ. ആൻസലൻ

5. ശ്രീ. ആന്റണി ജോൺ

6. ശ്രീ. ആന്റണി രാജു

7. ശ്രീ. പി. വി. അൻവർ

8. ശ്രീ. എം. എസ്. അരുൺ കുമാർ

9. ശ്രീമതി സി. കെ. ആശ

10. ശ്രീ. കെ. ബാബു (നെന്മാറ)

11. ശ്രീമതി ജെ. ചിഞ്ചുറാണി

12. ശ്രീ. പി. പി. ചിത്തരഞ്ജൻ

13. ശ്രീമതി ദെലീമ

14. ശ്രീ. കെ. ബി. ഗണേഷ് കുമാർ

15. ശ്രീ. സി. കെ. ഹരീന്ദ്രൻ

16. ശ്രീമതി കാനത്തിൽ ജമീല

17. ശ്രീ. ജി. എസ്. ജയലാൽ

18. ശ്രീ. കെ. യു. ജനീഷ് കുമാർ

19. ശ്രീ. ഒ. ആർ. കേളു

20. ശ്രീ. കെ. കൃഷ്ണൻകുട്ടി

21. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

22. ശ്രീ. ലിന്റോ ജോസഫ്

23. ശ്രീ. ടി. ഐ. മധുസൂദനൻ

24. ശ്രീ. പി. മമ്മിക്കുട്ടി

25. ശ്രീ. എം. എം. മണി

26. ശ്രീ. മാത്യു. ടി. തോമസ്

27. ശ്രീ. കെ. ജെ. മാക്സി

28. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

29. ശ്രീ. കെ. പി. മോഹനൻ

30. ശ്രീ. എ. സി. മൊയ്തീൻ

31. ശ്രീ. മുഹമ്മദ് മുഹസിൻ

32. ശ്രീ. സി. സി. മുകുന്ദൻ

33. ശ്രീ. ഡി. കെ. മുരളി

34. ശ്രീ. മുരളി പെരുനെല്ലി

35. ശ്രീ. പി. നന്ദകുമാർ

36. ശ്രീ. എം. നൗഷാദ്

37. ശ്രീ. എ. പ്രഭാകരൻ

38. ശ്രീ. പ്രമോദ് നാരായൺ

39. ശ്രീ. വി. കെ. പ്രശാന്ത്

40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീ. കെ. പ്രേംകുമാർ

42. ശ്രീ. കെ. രാധാകൃഷ്ണൻ

43. ശ്രീ. എ. രാജ

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. പി. രാജീവ്

47. ശ്രീ. എം. ബി. രാജേഷ്

48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

49. ശ്രീ. ടി. പി. രാമകൃഷ്ണൻ

50. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

51. ശ്രീ. കെ. എം. സച്ചിൻദേവ്

52. ശ്രീ. സജി ചെറിയാൻ

53. ശ്രീ. എച്ച്. സലാം

54. ശ്രീമതി ശാന്തകുമാരി കെ.

55. ശ്രീ. ഐ. ബി. സതീഷ്

56. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

57. ശ്രീ. വി. ശിവൻകുട്ടി

58. ശ്രീ. വാഴൂർ സോമൻ

59. ശ്രീ. പി. വി. ശ്രീനിജിൻ

60. ശ്രീ. പി. എസ്. സുപാൽ

61. ശ്രീ. ജി. സ്റ്റീഫൻ

62. ഡോ. സുജിത് വിജയൻപിള്ള

63. ശ്രീ. കെ. വി. സുമേഷ്

64. ശ്രീ. പി. പി. സുമോദ്

65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

66. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

67. ശ്രീ. തോമസ് കെ. തോമസ്

68. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

69. ശ്രീ. വി. എൻ. വാസവൻ

70. ശ്രീമതി വീണാ ജോർജ്

71. ശ്രീ. ഇ. കെ. വിജയൻ

72. ശ്രീ. പിണറായി വിജയൻ

73. ശ്രീ. എം. വിജിൻ

74. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**പ്രതികൂലിക്കുന്നവർ** :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. അനൂപ് ജേക്കബ്

3. ശ്രീ. അൻവർ സാദത്ത്

4. ശ്രീ. എ. കെ. എം. അഷ്റഫ്

5. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

7. ശ്രീ. ടി. വി. ഇബ്രാഹിം

8. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

9. ശ്രീ. യു. എ. ലത്തീഫ്

10. ശ്രീ. സി. ആർ. മഹേഷ്

11. ശ്രീ. കെ. പി. എ. മജീദ്

12. ഡോ. മാത്യു കുഴൽനാടൻ

13. ശ്രീ. കുറുക്കോളി മൊയ്തീൻ

14. ശ്രീ. മോൻസ് ജോസഫ്

15. ഡോ. എം. കെ. മുനീർ

16. ശ്രീ. നജീബ് കാന്തപുരം

17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

18. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

19. ശ്രീമതി കെ. കെ. രമ

20. ശ്രീ. റോജി എം. ജോൺ

21. ശ്രീ. സജീവ് ജോസഫ്

22. ശ്രീ. എൻ. ഷംസുദ്ദീൻ

23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. ഷാഫി പറമ്പിൽ

25. ശ്രീ. സണ്ണി ജോസഫ്

26. ശ്രീമതി ഉമ തോമസ്

27. ശ്രീ. എം. വിൻസെന്റ്

28. ശ്രീ. ടി. ജെ. വിനോദ്

29. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 74

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - 0

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും 2024 ജൂൺ 12 ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂൺ മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.51-ന് പിരിഞ്ഞു.)

*********